1ക. 8ണ.

ദക്ഷിണഭാഷാഗ്രന്ഥമണ്ഡലത്തിൻെറ
ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്നത്

# ചേരമാൻ പെരുമാൾ

ഒരു ചരിത്രനോവലിൻെറ
സംക്ഷേപപ്പതിപ്പ്

കപ്പനകൃഷ്ണമേനോൻ

6570

മാതൃഭൂമി

SOUTHERN LANGUAGES BOOK TRUST
6570
LIBRARY.
MADRAS.

Cheraman Perumal.

# ചേരമാൻ പെരുമാൾ

(കേരളത്തിൻെറ പുരാതനചരിത്രത്തെസ്സംബന്ധിച്ച
ഒരു പുതിയ ആഖ്യായിക)

ഒരു ചരിത്രനോവലിൻെറ സംക്ഷേപപ്പതിപ്പ്

ഗ്രന്ഥകർത്താ:

**കപ്പന കൃഷ്ണമേനോൻ,** ബി. ഏ., ബി. എൽ.

('കേരളവർമ്മ പഴശ്ശിരാജാ' എന്ന ഗദ്യനാടകത്തിൻെറ കർത്താവ്)

SOUTHERN LANGUAGES BOOK TRUST
LIBRARY.
★ MADRAS. ★

പ്രകാശകന്മാർ:

മാതൃഭൂമി പ്രിൻറിംഗ് ആൻഡ് പബ്ലിഷിംഗ്
കമ്പനി, ലിമിററഡ്. കോഴിക്കോട്.

1957 വില ക. 1.50 ന.പ.

*All Rights Reserved*

*Author: Kappana Krishna Menon, B. A., B. L.*

*Printed by Kurur Neelakandhan Nambudiripad*
*at the Mathrubhumi Press, Kozhikode.*

*Published by*
*The Mathrubumi Printing & Publishing Co., Ltd, Kozhikode*
*Under the auspices of The Southern Languages Book Trust.*

*December 1957*

# മുഖവുര

ഈ പുസ്തകത്തിലെ കഥ ഏകദേശം 1200 കൊല്ലങ്ങൾക്കു മുമ്പുള്ള കേരളചരിത്രത്തിലെ ചില ഭാഗങ്ങളെ അടിസ്ഥാനമാക്കി എഴുതിയതാണ്. ആ ചരിത്രഭാഗങ്ങളെസ്സംബന്ധിച്ചുതന്നെ വളരെ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടെന്ന് എനിക്കറിയാം. ഞാൻ അങ്ങിനെയുള്ള അഭിപ്രായങ്ങളിലൊന്ന് ഈ കഥയ്ക്കു വേണ്ടി സ്വീകരിച്ചു എന്നേ ഉള്ളു.

കേരളപ്പെരുമാക്കന്മാരിൽ ഒടുവിലത്തെ പെരുമാളായ ചേരമാൻപെരുമാൾ മൂന്നു പന്തീരാണ്ടുകാലം കേരളത്തെ പരിപാലിച്ചുവെന്നും, അതിൻെറ അവസാനഘട്ടത്തിൽ എന്തോ ചില കാരണങ്ങൾകൊണ്ടു തൻെറ പ്രധാനോദ്യോഗസ്ഥന്മാരിൽ ഒരാളെ തൂക്കിക്കൊല്ലുവാൻ കല്പിച്ചുവെന്നും, ആ കാരണങ്ങൾകൊണ്ടും മററും രാജ്യത്തിൽ അന്തഃഛിദ്രങ്ങൾ പുറപ്പെട്ടുവെന്നും, അതേ കാലത്തു പാണ്ഡ്യരാജാവു കേരളപ്പെരുമാക്കന്മാരുടെ മേൽ തനിക്കുണ്ടെന്നു നടിച്ചുവന്ന മേല്ക്കോയ്മസ്ഥാനം ചേരമാൻപെരുമാൾ സമ്മതിച്ചില്ലെന്ന കാരണത്താൽ കേരളത്തെ രണ്ടുവഴിയായി ആക്രമിച്ചുവെന്നും, യോഗ്യന്മാരായ ചില യുവാക്കന്മാരുടെ സാഹായ്യത്താൽ പെരുമാൾക്കു പാണ്ഡ്യസൈന്യത്തെ തോല്പിക്കുവാനും പോയ്പോയ തൻെറ സ്വാതന്ത്ര്യത്തെ വീണ്ടെടുക്കുവാനും സാധിച്ചുവെന്നും, അതിന്നുശേഷം കേരളത്തിലിരിക്കുവാൻ ഇഷ്ടപ്പെടാതെ രാജ്യം തൻെറ കീഴിലുള്ള നാട്ടുരാജാക്കന്മാൎക്കും മററും പകുത്തുകൊടുത്തു രാജ്യം വിട്ടുപോയിയെന്നും, മക്കത്തു പോയി ഇസ്ലാംമതം ആചരിച്ചുവെന്നും, മററുമുള്ള ഐതിഹ്യങ്ങളും ചരിത്രശകലങ്ങളുമാണ് ഈ കഥയുടെ അടിസ്ഥാനം. ശങ്കരാചാര്യസ്വാമികളും ഈ കാലത്തുതന്നെയാണ് ജീവിച്ചിരുന്നതെന്നും ചരിത്രത്തിൽ പ്രസ്താവിച്ചുകാണുന്നുണ്ട്. അതുകൊണ്ടു ശങ്കരാചാര്യസ്വാമികളെയും ഇതിൽ ഒരു കഥാപാത്രമാക്കുവാൻ സ്വാതന്ത്ര്യമെടുത്തിട്ടുണ്ട്.

ഈ കഥയിലെ കഥാപാത്രങ്ങൾ മിക്കവയും വെറും കൃത്രിമസൃഷ്ടികളാണ്. ചരിത്രത്തിൽ പേരുകേട്ടിട്ടുള്ളവർപോലും, അവ

രുടെ സ്വഭാവത്തെസ്സംബന്ധിച്ചേടത്തോളം വെറും കൃത്രിമസൃഷ്ടി കളാണെന്നു പറയാം. അങ്ങിനെയുള്ള കഥാപാത്രങ്ങൾ ഇപ്പോഴു ള്ളതോ, മുമ്പുണ്ടായിരുന്നതോ ആയ യാതൊരാളേയും ഉദ്ദേശിച്ചെ ഴുതിയതല്ലെന്നും ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. 'കേരളവർമ്മ പഴശിരാജാ' എന്ന പുസ്തകം ഞാൻ പ്രസിദ്ധീകരിച്ചതിൽ ചില ആളുകൾക്ക് അതിലുള്ള കഥാപാത്രങ്ങളെസ്സംബന്ധിച്ച് അല്പം നീരസമുണ്ടായി എന്നറിഞ്ഞതുകൊണ്ടാണ് ഇങ്ങിനെ പ്രസ്താവി ക്കുന്നത്.

ഈ പുസ്തകം അച്ചടിച്ചു പ്രസിദ്ധീകരിപ്പാൻ ഏററ മാതൃഭൂമി കമ്പനിക്കാരോടും, ഈ പുസ്തകത്തിന്റെ കയ്യെഴുത്തുദശയിൽ അതിന്റെ കടലാസ്സുകൾ വളരെ ക്ഷമയോടേ വായിച്ചു തെററു തീർത്തുതന്ന് എന്നെ സഹായിച്ച മിസിസ്സ് പാട്ടത്തിൽ രാധാകൃ ഷ്ണമേനോനോടും എന്റെ സ്നേഹിതന്മാരോടും എനിക്കുള്ള നന്ദിയെ ഇവിടെ രേഖപ്പെടുത്തുന്നു.

കോഴിക്കോട്

കൃഷ്ണമേനോൻ

# ആമുഖം

ദക്ഷിണഭാഷാഗ്രന്ഥമണ്ഡലത്തിൻെറ ആഭിമുഖ്യത്തിൽ പുറത്തുവരുന്ന ആദ്യത്തെ പ്രസിദ്ധീകരണങ്ങളെ ദക്ഷിണേന്ത്യക്കാക്കു പരിചയപ്പെടുത്തുകയാണ് ഈ ആമുഖത്തിൻെറ ഉദ്ദേശം. "ഫോർഡ് ഫൌണ്ടേഷൻെറ" ഔദാര്യത്തിൻെറയും ദീർഘദൃഷ്ടിയുടേയും ഫലമായിട്ടാണ് ഈ ഗ്രന്ഥമണ്ഡലം ആവിർഭവിച്ചത്.

തമിഴ്, തെലുങ്ക്, മലയാളം, കന്നാടകം എന്നീ ദാക്ഷിണാത്യഭാഷകളിൽ നല്ല പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിന്നു വേണ്ട പ്രോത്സാഹനം നൽകുവാൻ ഫോർഡ്ഫൌണ്ടേഷൻ തീരുമാനിച്ചു. സാംസ്കാരികമായും വിദ്യാഭ്യാസപരമായും ഗുണമേറിയവയും, സാമാന്യേന വിലകുറഞ്ഞവയുമായ പുസ്തകങ്ങളെയാണ് നല്ല പുസ്തകങ്ങൾ എന്നതുകൊണ്ടിവിടെ വിവക്ഷിച്ചിട്ടുള്ളത്. ഫോർഡ് ഫൌണ്ടേഷൻെറ പ്രതിനിധികളും ദക്ഷിണേന്ത്യയിലെ എട്ടു യൂനിവേഴ്സിററികളുടെ വൈസ്ചാൻസലർമാരും കൂടിയാലോചനകൾ നടത്തിയതിന്നു ശേഷമാണ് ഗ്രന്ഥമണ്ഡലം രൂപവൽക്കരിച്ചത്. പലേയിനത്തിൽപ്പെട്ട മേത്തരം വിലകുറഞ്ഞ പുസ്തകങ്ങൾ ദാക്ഷിണാത്യ ഭാഷകളിൽ വിപുലമായ തോതിൽ പ്രസിദ്ധീകരിക്കുന്നതിനെ സഹായിക്കുകയാണ് മണ്ഡലത്തിൻെറ പ്രധാനലക്ഷ്യം. ഈ ലക്ഷ്യത്തെ മുൻനിത്തി ഒരു ത്രിവത്സരപദ്ധതി ആവിഷ്കരിക്കപ്പെട്ടു. അതിൻെറ പ്രഥമഫലമാണ് ഈ പ്രസിദ്ധീകരണങ്ങൾ. പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്ന വിഷയത്തിൽ പാണ്ഡിത്യപരമായ കൃതികൾ ഒഴിച്ചുനിത്തുവാൻ ശ്രമിച്ചിട്ടുണ്ട്. കാരണം വ്യക്തമാണ്. അത്തരം കൃതികളിൽ ചുരുക്കം പേരേ താല്പര്യം കാണൂ. ഇംഗ്ലീഷു നിശ്ചയമില്ലാത്ത മാതൃഭാഷാപരിജ്ഞാനമുള്ള അനവധിപേർ പൊതുജനങ്ങളുടെ ഇടയിലുണ്ട്. ലളിതമായ രീതിയിൽ എഴുതിയിട്ടുള്ള പുസ്തകങ്ങൾ അവക്കു വായിക്കാൻ കൊടുക്കുകയാണ് ഗ്രന്ഥമണ്ഡലത്തിൻെറ പ്രധാനലക്ഷ്യം. അത്തരം പുസ്തകങ്ങൾ സാധാരണക്കാരനു വായിച്ചാൽ മനസ്സിലാവണം; വായിക്കുന്നതുകൊണ്ടു ഗുണവും വായിക്കുന്നതിൽ രസവും കാണണം; തന്നെയല്ല,

വായിച്ചാൽ അറിവു വദ്ധിക്കുകയും അതോടുകൂടി മാനസികോല്ലാസം വളത്തുവാൻ കഴിയുകയും വേണം.

സാഹിത്യഗുണമുള്ള നൂതനകൃതികഠം; സാംസ്കാരികവും ശാസ്ത്രീയവുമായ വിഷയങ്ങളെപ്പററി പ്രത്യേകം എഴുതപ്പെട്ട ഗ്രന്ഥങ്ങഠം; ലോകത്തിലെ ഇതര ഭാഷകളിലെ പല മഹൽഗ്രന്ഥങ്ങളുടേയും തജ്ജമകഠം—ഇവയെല്ലാം നാലു ഭാഷകളിലും പ്രസിദ്ധപ്പെടുത്തുന്നതിന്നു വേണ്ട ഒത്താശകഠം പദ്ധതിയിലടങ്ങിയിട്ടുണ്ട്.

"കുറഞ്ഞ വിലയ്ക്കു മേത്തരം പുസ്തകങ്ങഠം"—ഇതാണ് ചുരുക്കത്തിൽ ദക്ഷിണഭാഷാഗ്രന്ഥമണ്ഡലത്തിൻെറ മുദ്രാവാക്യം. ആദ്യമായി പുറത്തുവരുന്ന ഈ പ്രസിദ്ധീകരണങ്ങഠം ഇപ്പറഞ്ഞ ലക്ഷ്യത്തിലെത്തിയിട്ടുണ്ടോ എന്നു തീച്ചപ്പെടുത്തേണ്ടതു പൊതുജനങ്ങളാണ്. ഈ ഉദ്യമത്തിൻെറ ഫലവും പ്രയോജനവും അനുഭവപ്പെടണമെങ്കിൽ ഒരു പത്തുകൊല്ലം കഴിയണം. പക്ഷെ, ദീർഘദൃഷ്ടിയുള്ള ഏതൊരാഠംക്കും ഇതിൻെറ പ്രാധാന്യം കണ്ടറിയാൻ കഴിയും. ഇതിൻെറ സാദ്ധ്യതകഠം അപാരമാണ്. വിപുലമായ തോതിൽ പ്രവർത്തിക്കുന്ന ഒരു വിതരണ പദ്ധതിയുടെ സഹായമുണ്ടെങ്കിൽ കുറഞ്ഞ വിലയ്ക്കുള്ള ഈ പുസ്തകങ്ങഠംക്കു ദക്ഷിണേന്ത്യയുടെ ഓണം കേറാമൂലയിൽക്കൂടി എത്താൻ കഴിയും. നാട്ടിൻെറ നട്ടെല്ലായ നാട്ടുകാരുടെ ദൈനംദിന ജീവിതത്തിൽ കാന്തിയും കുളർമയും വീശുവാൻ അവയ്ക്കു സാധിക്കുകയും ചെയ്യും.

തമിഴ്, തെലുങ്ക്, മലയാളം, കന്നാടകം—എന്നീ നാലു ഭാഷകളിൽ മാത്രം പ്രസിദ്ധീകരണങ്ങളെ പ്രോത്സാഹിപ്പിയ്ക്കുവാൻ ഗ്രന്ഥമണ്ഡലം തീച്ചപ്പെടുത്തിയതിന്നു കേവലം അർത്ഥമില്ലായ്കയില്ല. മേൽപ്പറഞ്ഞവയാണ് ദാക്ഷിണാത്യഭാഷകഠം. വിന്ധ്യനു തെക്കുള്ള ഭാഗങ്ങളെല്ലാം പണ്ടു ദക്ഷിണപാദമെന്ന പേരിലറിയപ്പെട്ടിരുന്നതാണ്. പക്ഷെ, സാംസ്കാരികമായി നോക്കുകയാണെങ്കിൽ ആ പേരുകൊണ്ടു സൂചിപ്പിയ്ക്കുന്നതു മേൽപ്പറഞ്ഞ നാലു ദ്രാവിഡഭാഷകഠം സംസാരിക്കുന്നവരെയാണ്. ഈ ഭാഷകഠം ഒരു പ്രത്യേക വിഭാഗമായിത്തീന്നിട്ടുണ്ടെന്നുള്ളതിന്നു സംശയമില്ല. ദ്രാവിഡം എന്ന സംജ്ഞ ഉപയോഗിക്കുവാൻ എനിക്കു നന്നെ മടിയുണ്ട്. കാരണം ആ വാക്കു ഭാഷാപരമായും നരവർഗ്ഗശാസ്ത്രസംബന്ധമായും ഉള്ള ബന്ധങ്ങളെ കാണിക്കുന്നതിന്നു പകരം രാഷ്ട്രീയമനോഭാവങ്ങളെ കാണിക്കാനാണിപ്പോഠം

ഉപയോഗപ്പെട്ടുന്നത്. ഈ നാലു ഭാഷകളും തമ്മിലുള്ള യോജിപ്പിനു പുറമെ, ഇന്ത്യയിലെ ഇതര ഭാഗങ്ങളിൽനിന്നു ദക്ഷിണദേശത്തെ വേർതിരിയ്ക്കുന്ന ഒരു പൊതുസംസ്കാരവും നിലവിലുണ്ടെന്നു പറയാം. കർണ്ണാടകരീതി എന്നു പൊതുവിലറിയപ്പെട്ടുന്ന ഒരു പ്രത്യേക സംഗീതസമ്പ്രദായം തന്നെയുണ്ട്. അതുപോലെതന്നെ, ദക്ഷിണേന്ത്യയിലെ തച്ചുശാസ്ത്രത്തിന്നും കൊത്തുപണിയ്ക്കും പ്രത്യേകതകളുണ്ട്. നാട്ടുനടപ്പ്, കർമ്മക്രിയാദികൾ, ആചാരാനുഷ്ഠാനങ്ങൾ എന്നിവയ്ക്കും ശ്രദ്ധേയമായ ഐകരൂപ്യമുണ്ട്.

ദക്ഷിണഭാഷാഗ്രന്ഥമണ്ഡലത്തിന്റെ പ്രസിദ്ധീകരണങ്ങൾ ദക്ഷിണേന്ത്യയിലെ വ്യത്യസ്തമായ ഈ സാംസ്കാരിക മൂല്യത്തെ ദീപ്തിമത്താക്കുമെന്നും — ഞാനാശിയ്ക്കുന്നു. അതേ സമയത്തുതന്നെ, പൊതുവിൽ ഭാരതീയ സംസ്കാരത്തെപ്പററിയും, അന്യഭാഷകളിലുള്ള മഹൽഗ്രന്ഥങ്ങളുടെ ഭാഷാന്തരങ്ങൾ വഴി ലോകസംസ്കാരത്തെപ്പററിയും ഉള്ള ഗ്രന്ഥങ്ങൾ പദ്ധതിയിലുൾപ്പെട്ടുത്തി പ്രാദേശികതാമെന്ന ആപത്തിനെ വർജ്ജിക്കുകയും ചെയ്യുമെന്നു ഞാനാശിയ്ക്കുന്നു.

**പി. വി. രാജമന്നാർ**

# ഒന്നാമധ്യായം

**ചേ**രമാൻപെരുമാളുടെ തലസ്ഥാനമായ തിരുവഞ്ചിക്കുളം അന്നത്തെ ദിവസം സുവർണ്ണവിഭൂഷിതമായിരുന്നു. പെരുമാറാം പാണ്ഡ്യരാജാവിൻെറ അനുജനായ കൃഷ്ണരായരെ സ്വീകരിച്ച് തൻെറ തലസ്ഥാനത്തേയ്ക്കു കൂട്ടിക്കൊണ്ടുവരുന്ന ദിവസമായിരുന്നു അന്ന്. വളരെ ദിവസങ്ങറംക്ക് മുമ്പുതന്നെ ഈ വിവരം രാജ്യത്തൊക്കെ പരന്നതുകൊണ്ടു ദൂരത്തുള്ള പ്രദേശങ്ങളിൽനിന്ന് അനവധി ആളുകറം തിരുവഞ്ചിക്കുളത്തു വന്നുചേൎന്നിരുന്നു. പെരുമാറം തൻെറ പട്ടാളത്തോടുംകൂടി തലസ്ഥാനം വിട്ടു കുറേ ദൂരം ചെന്നു രാജാവിനെ എതിരേററു കൂട്ടിക്കൊണ്ടുവരേണ്ടതിലേയ്ക്കു് പോയ്ക്കഴിഞ്ഞു. രാജാക്കന്മാർ അവിടെ എത്തേണ്ടുന്ന സമയത്തിന്ന് എത്രയോ മുമ്പായിത്തന്നെ അനേകായിരം ജനങ്ങറം പട്ടണത്തിൻെറ പലേ സ്ഥലങ്ങളിലായി സ്ഥാനങ്ങറം ഉറപ്പിച്ചു. ഈ കൂട്ടത്തിൽ കച്ചവടാവശ്യത്തിന്നായി വന്നിരുന്ന അന്യരാജ്യക്കാരായ യവനർ അറബികറം മുതലായവരെ അവരുടെ വിദേശീയമായ ഉടുപ്പുകറംകൊണ്ടും സംസാരംകൊണ്ടും വേറെതന്നെ തിരിച്ചറിയാം.

യവനന്മാർ നില്ക്കുന്ന സ്ഥലത്തിൻെറ നേരെ പിൻഭാഗത്തുള്ള മേട ചേരമാൻപെരുമാളുടെ കാര്യക്കാരുടേതാണ്. അതിൻെറ മുകളിൽനിന്ന് ആ സമയത്ത് ഒരു കുട്ടി "അമ്മേ, എനിയ്ക്കു് അച്ഛൻ നടന്നുപോകുന്നതു കാണണം. ഇവിടെ നിന്നാൽ കാണില്ല." എന്നു പറഞ്ഞതിന്നു സമാധാനമായി "വരട്ടെ, വരുമ്പോറം കാണിച്ചുതരാം" എന്ന് ആ കുട്ടിയുടെ അമ്മ മറുപടി പറഞ്ഞു. ഇതു കേട്ട് ഇതേ മേടയിൽ വേറൊരു ഭാഗത്തു നില്ക്കുന്ന ഒരു ചെറുപ്പക്കാരി സ്ത്രീ "അപ്പു ഇവിടെ വരു. ചേച്ചി കാണിച്ചുതരാം" എന്നു കുട്ടിയെ ക്ഷണിച്ചു. "തങ്കച്ചേച്ചി എന്നെ

പിടിയ്ക്കണേ'' എന്നും പറഞ്ഞു കുട്ടി രണ്ടാമത്തെ സ്ത്രീ ഇരിയ്ക്കുന്ന സ്ഥലത്തേയ്ക്കു് ഓടിപ്പോയി. ആദ്യം സംസാരിച്ച സ്ത്രീ ഈ കുട്ടിയുടെ അമ്മയും കാര്യക്കാരുടെ ഭാര്യയുമായ കുഞ്ചിയമ്മയാണ്. തങ്കച്ചേച്ചി എന്നു കുട്ടി വിളിച്ച യുവതിയ്ക്കു സൂക്ഷ്മത്തിൽ ഈ കുട്ടിയുമായി ബന്ധുത്വമൊന്നുമില്ല. ഈ സ്ത്രീ ചേരമാൻ പെരുമാളുടെ പതിനായിരത്തിൻെറ പടത്തലവനായ "പടത്തലവൻ നായരുടെ'' ഏക മരുമകളാകുന്നു.

"കഴിഞ്ഞാണ്ടിൽ വന്ന ആ കോരപ്പച്ചാരും ഈ കൂട്ടത്തിൽ ഉണ്ടായിരിയ്ക്കുമോ തങ്കം?'' എന്നു കുഞ്ചിയമ്മയുടെ ചോദ്യത്തിന്നു്.

തങ്കമ്മ—ആര്? രങ്കരായരോ? അയാളില്ലാതിരിയ്ക്കില്ല. അയാറം ഇവിടം വിട്ടു പോകുമോ?

കുഞ്ചിയമ്മ—പെരുമാളുടെ മകളെത്തന്നെ തട്ടിയെടുക്കുമെന്നാണല്ലോ പറയുന്നതു്. കഴിഞ്ഞ കുറിതന്നെ ഏതാണ്ടൊക്കെ സംസാരവിഷയമുണ്ടായിരുന്നില്ലേ? മകളേയും പട്ടവും രണ്ടും പററിച്ചേയ്ക്കും എന്നാണ് എല്ലാവക്കുമുള്ള ഭയം.

തങ്കം—എന്തോ! അതിനെപ്പററി ഒന്നും എനിയ്ക്കു പറയാൻ കഴിയില്ല.

കുഞ്ചി—അതു നടക്കുകയാണെങ്കിൽ നിൻെറ അമ്മാമന്നു വലിയ വ്യസനമായിരിയ്ക്കും.

തങ്കം—അമ്മാമൻ അതിന്നു കഴിയുന്നേടത്തോളം സമ്മതിയ്ക്കില്ല. പെരുമാറംപ്പട്ടം തീച്ചയായും രങ്കരായക്കു കൊടുക്കുകയുണ്ടാവില്ല.

കുഞ്ചി—പെരുമാറം അമ്മാമൻെറ ഇഷ്ടത്തിന്നെതിരായി പ്രവത്തിയ്ക്കുമോ?

തങ്കം—എങ്ങിനെയാണ് പറയുക? ചെറോട്ടിയമ്മ പറഞ്ഞാൽ അതിന്നപ്പുറം പെരുമാറംക്കില്ല എന്നുള്ള വിവരം നമുക്കു നിശ്ചയമില്ലേ.

കുഞ്ചി—അതു ശരിയാണ്. നിൻെറ അമ്മാമൻ സ്വീകാരത്തിന്നു പോയിട്ടില്ലേ?

തങ്കം—അയ്യോ, അതു പുറത്തു പറയരുതേ. അമ്മാമൻ പോയിട്ടില്ല. അമ്മാമന് ഈ രായന്മാരുടെ ഇപ്പോഴത്തെ വരവു തീരേ പിടിച്ചിട്ടില്ല.

കുഞ്ചി—അമ്മാമനുമാത്രമല്ല പിടിയ്ക്കാത്തതു്. കോലത്തിരിയോ, വേണാട്ടരയോ, പെരുമ്പടപ്പോ ആരുംതന്നെ യാതൊരാളേയും സ്വീകാരത്തിന്നയച്ചിട്ടില്ലത്രേ. അവൎക്കെല്ലാവൎക്കും ഈ സംശയംതന്നെ ഉണ്ടെന്നാണു് കേട്ടതു്.

തങ്കം—അതൊന്നും ഞാൻ അറിഞ്ഞില്ല. പക്ഷെ ഇതൊന്നും പുറത്തു പറയേണ്ട.

കുഞ്ചി—ഇതെല്ലാം എല്ലാവരും അറിയുന്നതല്ലേ. നിന്റെ അമ്മാമൻ പോകാത്തതു് പെരുമാറും അറിയില്ലേ?

തങ്കം—ദേഹസുഖമില്ലെന്നാണു് പെരുമാളെ അറിയിച്ചിരിയ്ക്കുന്നതു്. അതാ അടുത്തെത്തിപ്പോയി എന്നു തോന്നുന്നു. കണ്ടില്ലേ, ആളുകളെല്ലാം അങ്ങോട്ടുതന്നെ നോക്കുന്നതു്.

ഈ സമയത്തു തങ്കമ്മയുടെ അടുത്തു നിന്നിരുന്ന കുട്ടി "എനിയ്ക്കു കാണുന്നില്ല ചേച്ചി" എന്നു പറഞ്ഞു് അടുത്തുള്ള തൂൺ പിടിച്ചു കയറി ഉയൎന്ന ഒരു സ്ഥലത്തിരിയ്ക്കാൻ ശ്രമിയ്ക്കുകയും, തങ്കമ്മയ്ക്കു പിടിയ്ക്കുവാൻ കഴിയുന്നതിന്നു മുമ്പായി കാൽ തെററി താഴത്തേയ്ക്കു വീഴുകയും ചെയ്തു.

'അയ്യോ, കുട്ടി' എന്നുള്ള തങ്കമ്മയുടെ നിലവിളികേട്ടു കുഞ്ചിയമ്മയും നിലവിളിച്ചു. ഇരുന്ന സ്ഥലത്തുനിന്നു ചാടിയെഴുന്നേററു താഴത്തേയ്ക്കു നോക്കി. പക്ഷേ ശരീരം വിറച്ചുകൊണ്ടു നിന്ന രണ്ടുപേരുടേയും കണ്ണിൽ കണ്ട കാഴ്ച, അവരുടെ രണ്ടാളുടേയും ഹൃദയത്തെ കുളിൎപ്പിച്ചു. കുട്ടി വീണതു യവനരുടെ കൂട്ടത്തിലായിരുന്നു. ദൈവഗത്യാ ആ കൂട്ടത്തിലുള്ള ഒരു യുവാവിന്നു കുട്ടിയെ പിടികിട്ടി. ക്ഷണനേരംകൊണ്ടു കുട്ടിയെ മുകളിലേയ്ക്കു കൊണ്ടുവന്നു തങ്കമ്മയുടെ കൈവശം ഏല്പിച്ചു് അപ്പോഠംത്തന്നെ താഴത്തേയ്ക്കിറങ്ങിപ്പോയി ജനങ്ങളുടെ കൂട്ടത്തിൽ അപ്രത്യക്ഷപ്പെടുകയും ചെയ്തു.

കുട്ടിയ്ക്കു് അപകടം പററാതെ കിട്ടിയതിലുള്ള സന്തോഷത്തിന്നിടയിൽ അവനെ രക്ഷിച്ച ആഠം ആരാണെന്നന്വേഷിയ്ക്കുവാൻതന്നെ അവർ മറന്നുപോയി. ഈ സമയംകൊണ്ടു വാദ്യഘോഷങ്ങളും മററു അടുത്തെത്തിക്കഴിഞ്ഞു.

ഇതിനിടയിൽ കുഞ്ചിയമ്മ തങ്കമ്മയെ കൈകൊണ്ടു തട്ടി. "തങ്കം കണ്ടുവോ, ആ പല്ലക്കിന്റെ പിന്നാലെ വരുന്നതാരാണെന്നു്?" എന്നു ചോദിച്ചു.

തങ്കം മന്ദഹസിച്ചുകൊണ്ടു തല കുലുക്കി, "നമ്മുടെ കോരപ്പുച്ചാരല്ലേ."

കുഞ്ചി—അതാ നോക്കൂ. അയാളുടെ മീശയും തലക്കെട്ടും എല്ലാം വളരെ ഭംഗിയായിട്ടുണ്ട്.

"കോരപ്പുച്ചാരേ, ഇങ്ങട്ടല്ല നോക്കേണ്ടത്. ആ ഭാഗത്താണ് കൊട്ടാരം. പ്രിയതമ ആ ഭാഗത്താണ് ഉണ്ടായിരിയ്ക്കുക" എന്നു തങ്കത്തിന്നു മാത്രം കേൾക്കത്തക്ക സ്വരത്തിൽ വിളിച്ചുപറഞ്ഞു.

രങ്കരായർ പക്ഷേ ഈ ഭാഗത്തേയ്ക്കുതന്നെയാണ് തിരിഞ്ഞു നോക്കിയിരുന്നത്. മേനാവ് ആ സ്ഥലം കടന്നിട്ടും രങ്കരായർ പക്ഷേ തങ്കത്തെത്തന്നെയാണ് നോക്കിയിരുന്നത്. തങ്കം തല തിരിച്ചു കുഞ്ചിയമ്മയോടു പറഞ്ഞു.

തങ്കം—വലിയ കൊട്ടാരം അങ്ങിനെതന്നെ ഇവൎക്കായി ഒഴിച്ചുവിട്ടിരിയ്ക്കയാണ്. അതിന്നുംപുറമേ അംബികാദേവിയുടെ താമസം പെരുമാളുടെ കൊട്ടാരത്തിലേയ്ക്കു മാററി അംബികാദേവിയുടെ സൌധവും ഇവൎക്കായിട്ടു കൊടുത്തിട്ടുണ്ടത്രേ. രായന്മാർ താമസിയ്ക്കുന്നത് അതിലായിരിയ്ക്കും എന്നാണ് തോന്നുന്നത്.

കുഞ്ചി—പെരുമാളുടെ കൊട്ടാരവും ദേവിയുടെ കൊട്ടാരവും രണ്ട് എന്നു പറവാനേ ഉള്ളു. കാൎയ്യത്തിൽ രണ്ടും ഒന്നല്ലേ. തങ്കം ഒന്നു സൂക്ഷിച്ചിരുന്നുവോ?

തങ്കം—എന്ത്?

കുഞ്ചി—എഴുന്നള്ളത്തു കാണ്മാൻ ചെറോട്ടിയമ്മയുടെ കൂടെ അംബികാദേവി ഉണ്ടായിരുന്നില്ല. ഞാൻ നല്ലവണ്ണം നോക്കി.

തങ്കം—ഞാൻ സൂക്ഷിച്ചില്ല. അപ്പു വീണതോടുകൂടി ഞാൻ വല്ലാതെ പരിഭ്രമിച്ചുപോയി. എഴുന്നള്ളത്തുതന്നെ നല്ലവണ്ണം കണ്ടില്ലെന്നുവേണം പറവാൻ.

കുഞ്ചി—വേറെ ഒരു വൎത്തമാനവുംകൂടി കേൾക്കുന്നുണ്ട്. എത്രകണ്ടു വാസ്തവമുണ്ടെന്നു പറവാൻ നിവൃത്തിയില്ല.

തങ്കം—എന്താണത്?

കുഞ്ചി—അംബികാദേവിയും ആ ഭ്രാന്തനുമായി ലോഗ്യമാണത്രേ.

തങ്കം—വിക്കിരനായിട്ടോ! എന്തെങ്കിലും പറയുകതന്നെ. ഒരിയ്ക്കലും അതു നേരായിരിയ്ക്കില്ല. ദേവിയ്ക്ക് അയാളോടു വലിയ

ദയയാണ്. ദേവി പറഞ്ഞാൽ അയാൾ എല്ലാം അനുസരിയ്ക്കും. വേറെ ആരു പറഞ്ഞാലും ഒന്നും അനുസരിയ്ക്കുകയുമില്ല.

കുഞ്ചി—പക്ഷേ ഒന്നു പറയാതെ നിവൃത്തിയില്ല. അയാൾ രങ്കരായരെക്കാൾ കണ്ടാൽ എത്രയോ യോഗ്യതയുള്ളവനാണ്. ബുദ്ധിയ്ക്ക് എന്തു പററിപ്പോയോ! എന്തോ മരുന്ന് അകത്തു പെട്ടിട്ടുണ്ടെന്നാണ് പറയുന്നത്. നിൻെറ അമ്മാമനല്ലേ അയാളെ കൊണ്ടുവന്നത്.

തങ്കം—അതേ. അമ്മാമൻ എവിടെയോ പോയി മടങ്ങുന്ന സമയം ഒരാൽത്തറയിൽ കിടന്നുറങ്ങുന്നതു കണ്ടിട്ട് ഒന്നിച്ചു കൂട്ടി കൊട്ടാരത്തിൽ കൊണ്ടുചെന്നപ്പോൾ പെരുമാൾ അയാളെ അംബികാദേവിയ്ക്കു സമ്മാനിച്ചു. ഒരാനയുടെ ബലമുണ്ട്. അന്നൊരു ദിവസം അയാൾ വലിയ ചിറയിലേയ്ക്ക് ഇറങ്ങിപ്പോകുന്ന ഒരു കരിങ്കല്ലടി പറിച്ചെടുത്തു വേറെ ഒരു സ്ഥലത്തു കൊണ്ടുപോയിട്ട് അതിന്മേൽ കിടന്നുറങ്ങുകയായിരുന്നുവത്രേ.

കുഞ്ചി—ആ പടിയോ! അത് ആന വലിച്ചാൽത്തന്നെ നീങ്ങുമോ!

തങ്കം—പക്ഷേ അതയാൾ ചെയ്തു. പിന്നെ ആ കല്ല് അവിടെ കൊണ്ടുപോയി ഇടുവിയ്ക്കാൻ ദേവിതന്നെ വരേണ്ടിവന്നു.

കുഞ്ചി—അയാൾ എവിടത്തുകാരനാണ്?

തങ്കം—എങ്ങിനെയാണ് അറിയുന്നത്? അയാൾക്കുതന്നെ വിവരമില്ല. വളരെ ചോദിച്ചാൽ ബുദ്ധിമുട്ടി ആലോചിച്ചിട്ടു 'വിക്കിരൻ' എന്നും 'പുഴ പുഴ' എന്നും ഉറക്കെ പറയും. അപ്പോൾ അയാളുടെ മുഖം വളരെ ഭയങ്കരമാവുകയും ചെയ്യും. അയ്യോ, ജ്യേഷ്ഠത്തി, സമയം പോയതറിഞ്ഞില്ല. അമ്മ വല്ലാതെ ദ്വേഷ്യപ്പെടും. ആ ശങ്കരൻനായരെ ഒന്നു വിളിയ്ക്കൂ. ഞാൻ വേഗം പോകട്ടെ. എന്നു പറഞ്ഞു ശങ്കരൻനായരെ വിളിയ്ക്കുകയും കുഞ്ചിയമ്മയും അപ്പുവും ദാസിയോടുകൂടി ഒരു ഭാഗത്തേയ്ക്കും, തങ്കമ്മയും ശങ്കരൻനായരുംകൂടി മറേറ ഭാഗത്തേയ്ക്കും പോയി.

# രണ്ടാമദ്ധ്യായം

കൃഷ്ണരായരും രങ്കരായരും ജ്യേഷ്ഠാനുജന്മാരാണെങ്കിലും അവരുടെ അമ്മ രണ്ടായിരുന്നു. രങ്കരായരുടെ അമ്മയെ അയാളുടെ അച്ഛൻ ശരിയായി വിവാഹം കഴിച്ചിരുന്നില്ല എന്നുള്ള ഒരു വത്തമാനവും അവിടെ നടപ്പുണ്ടായിരുന്നു. പക്ഷെ രങ്കരായരെ കൃഷ്ണരായർ തൻെറ സ്വന്തം അനുജൻെറ നിലയിൽത്തന്നെയാണ് വിചാരിച്ചുവന്നത്. രങ്കരായരെ ഏതെങ്കിലും ഒരു രാജ്യത്തിലെ രാജാവാക്കണം എന്നുള്ള മോഹം കൃഷ്ണരായക്ക് ധാരാളമുണ്ടായിരുന്നു. ഇവർ രണ്ടുപേരും ഒരച്ഛൻെറ മക്കളാണെങ്കിലും അവരുടെ സ്വഭാവം വളരെ വ്യത്യാസപ്പെട്ടിരുന്നു. രണ്ടുപേരും പൊക്കം കുറഞ്ഞവരാണ്. രണ്ടുപേക്കും വലിയ മീശയുമുണ്ട്. ഇതല്ലാതെ ഇവർ തമ്മിൽ വേറെ സാമ്യം ഒന്നും ഉണ്ടായിരുന്നില്ല. മുമ്പ് അറിയാത്തവർ ഇവരെ കണ്ടാൽ ഇവർ ജ്യേഷ്ഠാനുജന്മാരാണെന്നുതന്നെ പറയുകയില്ല. കൃഷ്ണരായരുടെ മുഖത്തു മനുഷ്യരെ ആകഷിയ്ക്കുന്ന ഒരു ശ്രീയും ചൈതന്യവും ഉണ്ടായിരുന്നു. നേരെ മറിച്ചു രങ്കരായരുടെ മുഖത്തുണ്ടായിരുന്നത് ആക്കും വെറുപ്പു തോന്നിയ്ക്കുന്ന ഒരു ഭാവമാണ്. രങ്കരായരെ കണ്ടാൽ ആക്കും അയാളായി പരിചയമാകണമെന്നു തോന്നുകയില്ല. അയാളുടെ കറുത്തു മിനുക്കിയ മീശയും സപ്പദൃഷ്ടികളും ഒട്ടിയ കവിളുകളും നെററിയിൽ എല്ലായ്പോഴുമുള്ള ഒരു ചുകന്ന പൊട്ടും കാതിൽ കത്തിജ്വലിച്ചുകൊണ്ടിരുന്ന വൈരജോടുകളും താൻ വളരെ വലിയ ആളാണെന്നുള്ള ഒരു നാട്യവും എല്ലാംകൂടി അയാളുമായി ഇടപെടുന്നവരെയെല്ലാം കഴിയുന്നവേഗത്തിൽ ദൂരെ അകററിക്കൊണ്ടിരുന്നു.

കൃഷ്ണരായരും രങ്കരായരുംകൂടി വത്തമാനം പറഞ്ഞുകൊണ്ടിരിക്കുകയാണ്. അതിലിടയ്ക്കു കൃഷ്ണരായർ രങ്കരായരോടു പറഞ്ഞു: "രങ്ക, ആ ഭാഗത്തേയ്ക്കൊന്നു നോക്കു. ആ വരുന്നത് ആരായിരിയ്ക്കും. പെരുമാളുടെ മകളായിരിയ്ക്കുമോ?"

രങ്കരായർ തൻെറ ജ്യേഷ്ഠൻ കാണിച്ച ഭാഗത്തേയ്ക്കു തിരിഞ്ഞു നോക്കി. ഉടനേതന്നെ തൻെറ തലയിൽ രക്തം കയറിത്തള്ളിയ

മാതിരി തോന്നി. പെട്ടെന്നുണ്ടായ ആശ്ചര്യംകൊണ്ടു് അയാളുടെ ശക്തികൂടി ക്ഷയിച്ചു. താൻ കുറച്ചുമുമ്പെ വരുമ്പോൾ കണ്ട യുവതിയാണു് വരുന്നതെന്നു മനസ്സിലായി.

കൊട്ടാരത്തെരുവീഥിയിൽക്കൂടി അപ്പോൾ നടന്നുവന്നിരുന്നതു നാം കുറച്ചുമുമ്പെ കണ്ട തങ്കമ്മയാകുന്നു. കൊട്ടാരത്തിൻെറ സമീപം എത്തിയപ്പോൾ കൊട്ടാരത്തെ ആകെ തൻെറ ദീഘമായ നേത്രങ്ങളെക്കൊണ്ടു വീക്ഷിച്ചു. ഉടനേതന്നെ രങ്കരായക്കു ബാക്കി ശേഷിച്ചിരുന്ന മതിയും മറന്നു. അവിടെ കിടന്നിരുന്ന ചില വിലപിടിച്ച സാൽവകളിൽ രണ്ടുമൂന്നെണ്ണം കയ്യിലെടുത്തു് ഒരു ഭ്രാന്തൻെറ മാതിരി മാളികമുകളിൽനിന്നു ചാടി താഴത്തിറങ്ങി ദ്രുതഗതിയായി നടന്നു. തങ്കമ്മയുടെ അടുത്തു ചെന്നുനിന്നുകൊണ്ടു് "അമ്മാ, അമ്മാ, സാൽവ–രായരു്–സാൽവാ–അമ്മാ സാൽവ–രങ്കരായർ" എന്നിങ്ങിനെ ചിലതെല്ലാം പുലമ്പി.

ഇതിനിടയിൽ രങ്കരായരുടെ അനുചരന്മാർ പതിനാഞ്ചു ഇരുപതു പേർ വന്നു തങ്കമ്മയുടേയും രങ്കരായരുടേയും ചുററും നിന്നിരുന്നു. തങ്കമ്മ വല്ലാതെ പരിഭ്രമിച്ചു. ആ കൂട്ടത്തിൽനിന്നു പുറത്തേയ്ക്കു പോകുവാൻ മാഗ്ഗം കാണാതെ അവർ എന്തെങ്കിലും ചെയ്തുകളയുമോ എന്നു ഭയപ്പെട്ടുകൊണ്ടുനിന്നു. ഭടന്മാരുടെ സംസാരം കുറേക്കൂടി വദ്ധിച്ചു. അവിടെ ബഹളമായിത്തീന്നു.

ഈ ബഹളത്തിന്നിടയിൽ "ഹ–ഹ–ഹ" എന്നു് ഒരു ചിരിയുടെ ശബ്ദം അവിടെ കൂടിയ എല്ലാവരും കേട്ടു. തങ്കമ്മ തിരിഞ്ഞുനോക്കിയപ്പോൾ അംബികാദേവിയുടെ അംഗരക്ഷകനായ വിക്കിരനെ കണ്ടു. "വിക്കിരാ" എന്നൊന്നു വിളിച്ചു. ഉടനേതന്നെ വിക്കിരൻ അടുത്തേയ്ക്കു വന്നു. ഒന്നിച്ചു കൂടിനിന്നിരുന്ന ഭടന്മാരെ അഞ്ചും ആറും എണ്ണത്തിനെ ഒന്നായി കൂട്ടിപ്പിടിച്ചു വലിച്ചു ദൂരെ എറിഞ്ഞു തങ്കമ്മയ്ക്കു് പുറത്തേയ്ക്കു വരാനുള്ള വഴിയുണ്ടാക്കി. അതിൽക്കൂടി തങ്കമ്മ വിക്കിരൻെറ കൂടെ അംബികാദേവിയുടെ കൊട്ടാരത്തിലേയ്ക്കു പോയി.

തങ്കമ്മ അവിടെനിന്നു പോയിയെങ്കിലും ആ സ്ഥലത്തുവെച്ചു പിന്നെ ഒരു ചെറിയ ലഹള നടന്നു. പാണ്ഡ്യഭടന്മാർ വന്നു തങ്കമ്മയെ വളയുന്നതു് അടുത്തു് അവിടവിടെയായി നില്ക്കുന്നവർ കണ്ടിരുന്നു. അവർ ഉടനേതന്നെ ഓരോരുത്തരായി ഓടിവന്നു ഭടന്മാരെ അടിയ്ക്കുവാൻ തുടങ്ങി. ആകപ്പാടെ ഒരു പത്തിരുപത്തഞ്ചാളുകൾ വന്നു ഭടന്മാരുമായി അടി തുടങ്ങി.

പെട്ടെന്നു വടക്കുഭാഗത്തുനിന്നു ബദ്ധപ്പെട്ടു വരുന്ന ഒരാളെ കണ്ടിട്ടു "പടത്തലവൻനായർ," "പടത്തലവൻനായർ" എന്ന് ആ കൂട്ടത്തിൽനിന്ന് ആരോ വിളിച്ചുപറഞ്ഞു—അതു കേട്ടു പാണ്ഡ്യഭടന്മാർ ഒഴിച്ചു ബാക്കി എല്ലാവരും അവിടെനിന്നു ക്ഷണത്തിൽ ഓടിപ്പോയി.

അവിടെ അപ്പോറം വന്ന ആറം ഒട്ടും ഒരു സാധാരണനല്ലെന്ന് ആകൃം കണ്ടാൽ അറിയാവുന്നതായിരുന്നു. ഒററ മുണ്ടു മാത്രമേ ഉടുത്തിട്ടുള്ളുവെങ്കിലും അദ്ദേഹത്തിൻെറ സാധാരണയിൽ അധികമുള്ള പൊക്കവും, കായികാഭ്യാസംകൊണ്ടു പൂണ്ണവളച്ച് എത്തിയതും കല്ലുപോലെ ഉറച്ചിരുന്നതുമായ ദേഹവും ഗാംഭീര്യം ചിതറുന്ന ചുകന്ന രണ്ടു നേത്രങ്ങളും എല്ലാംകൂടി കണ്ടാൽ ഏവനും ഭയപ്പെട്ടുകയും ബഹുമാനിയ്ക്കുയും ചെയ്യാതിരിയ്ക്കയില്ല. വയസ്സ് ഇക്കാലത്ത് ഏകദേശം അറുപതിൻെറ അടുത്തെത്തിയിരുന്നെങ്കിലും വാദ്ധക്യത്തിൻെറ ലാഞ്ഛനപോലും ദേഹത്തിൽ തട്ടിയിരുന്നില്ല. വീരഭദ്രൻ ദക്ഷപ്രജാപതിയുടെ യാഗശാലയിൽ പ്രവേശിച്ച പ്രകാരത്തിലാണ്, പടത്തലവൻനായർ അവരുടെ കൂട്ടത്തിൽ പ്രവേശിച്ചത്. താൻ അവിടെ വന്നപ്പോറം തടുക്കുവാൻ ശ്രമിച്ച രണ്ടു ഭടന്മാരെ ഇടത്തേ കൈകൊണ്ടു കൈ കൂട്ടിപ്പിടിച്ചു രങ്കരയാരുടെ അടുത്തേയ്ക്കു വന്നു.

"ഇതെന്താണിത്. പാണ്ഡ്യരാജ്യമാണെന്നു വിചാരിച്ചുപോയോ! നിങ്ങറം എന്തു വിചാരിച്ചു?" എന്നു സിംഹത്തിൻെറ സ്വരത്തിൽ ഗജ്ജിച്ചു.

രങ്ക—ഞാൻ ഒന്നും ചെയ്തില്ല. കണ്ടിട്ടു കൌതുകംതോന്നിയതുകൊണ്ട് ഈ സാൽവകറം കൊടുക്കുവാൻ വന്നതായിരുന്നു.

പട—സാൽവകറം കൊടുക്കെ. നിങ്ങറം ആരാണ് എൻെറ മരുമകറംക്കു സാൽവകറം കൊടുക്കുവാൻ. നിങ്ങറം എവിടെനിന്നാണ് ഈ മര്യാദ പഠിച്ചത്. അതും തിരുമനസ്സിലെ കൊട്ടാരത്തിൻെറ മുമ്പിൽവെച്ച്. വരിൻ, രായരുടെ അടുക്കലേയ്ക്കുതന്നെ വരിൻ.

എന്നു പറഞ്ഞു മറേറ കൈകൊണ്ടു രങ്കരായരേയും പിടിച്ചു വലിച്ചുംകൊണ്ടു കൃഷ്ണരായരുടെ മാളികയിലേയ്ക്കു ചെന്നു.

ഇതെല്ലാം നോക്കിക്കൊണ്ടു നിന്നിരുന്ന കൃഷ്ണരായർ, രങ്കരായരേയും മററും പിടിച്ചുവലിച്ചുകൊണ്ടുള്ള പടത്തലവൻനായരുടെ

തന്റെ അടുക്കലേയ്ക്കുള്ള വരവു കണ്ടപ്പോൾത്തന്നെ ഭയപ്പെട്ടു പെരുമാളുടെ അടുക്കലേയ്ക്ക് ആളെ അയച്ചിരുന്നു.

പടത്തലവൻനായർ രങ്കരായരേയും മററു രണ്ടു ഭടന്മാരേയും കൊണ്ടു കൃഷ്ണരായരുടെ മുമ്പിൽ പ്രവേശിച്ച് ഇങ്ങിനെ പറഞ്ഞു.

"തിരുമനസ്സിലെ അനുജനായ ഈയാൾ എന്റെ മരുമകളെ നടപടിയ്ക്കും മര്യാദയ്ക്കും എതിരായി അവമാനിച്ചിരിക്കുന്നു. ഈയാൾ എന്റെ തിരുമേനിയുടെ അതിഥിയല്ലായിരുന്നുവെങ്കിൽ ഇയാളുടെ കഥ ഇപ്പോൾത്തന്നെ കഴിയ്ക്കുമായിരുന്നു."

കൃ—ഞാനിതൊന്നും അറിഞ്ഞില്ല. രങ്കൻ ഈ സ്ത്രീയെ മുമ്പറിയും എന്നോ മററോ പറഞ്ഞു.

പട—മുമ്പറിയുമെന്നോ?

രങ്ക—ഞാനതല്ല പറഞ്ഞത്. ജ്യേഷ്ഠൻ തെററിദ്ധരിച്ചതാണ്.

കൃ—പടത്തലവൻനായർ തെററിദ്ധരിയ്ക്കരുത്. ഞങ്ങൾ അന്യനാട്ടുകാരല്ലേ. നിങ്ങളുടേയും ഞങ്ങളുടേയും നടപടികൾക്ക് അല്പം വ്യത്യാസം ഉള്ളതുകൊണ്ട് ഇങ്ങിനെ വന്നുപോയതാണ്.

ഇങ്ങിനെ സംസാരിച്ചുംകൊണ്ടിരിയ്ക്കുന്നതിന്നിടയിൽ പെരുമാൾ പ്രവേശിച്ചു. പടത്തലവൻനായർ രങ്കരായരേയും ഭടന്മാരേയും വിട്ടു പെരുമാളെ തൊഴുതു നിന്നു. പെരുമാൾ വന്നതിന്നുശേഷം രായന്മാക്ക ധൈര്യം വദ്ധിച്ചു. പടത്തലവൻനായർ തങ്ങളെ വല്ലാതെ അപമാനിച്ചിരിയ്ക്കുന്നു എന്നുള്ള ഭാവം നടിച്ചുകൊണ്ടു രണ്ടുപേരും നിന്നു.

പെരു—എന്താണ് പടത്തലവൻനായർ ഈ മാതിരിയെല്ലാം പ്രവത്തിച്ചത്. നമ്മുടെ അതിഥികളെ നമ്മെ ബഹുമാനിയ്ക്കുന്നതിലും അധികം ബഹുമാനിയ്ക്കേണ്ടതാണെന്നു പടത്തലവൻനായക്ക പറഞ്ഞുതരേണ്ടതുണ്ടോ?

പട—തിരുമനസ്സുകൊണ്ട് അടിയന്നു മാപ്പുതരണം. അടിയന്റെ മരുമകളെ ഈയാൾ തെരുവീഥിയിൽവെച്ച് അപമാനിച്ചു എന്ന വത്തമാനം കിട്ടിയതുകൊണ്ടാണ് ഇങ്ങിനെയെല്ലാം സംഭവിച്ചത്. തങ്കമ്മ ഇനിയും വീട്ടിൽ എത്തീട്ടും ഇല്ല.

പെ—തങ്കമ്മ അംബികയുടെ കൂടെ ഉണ്ടല്ലോ.

രങ്ക—ഈയാൾ നമ്മെ അപമാനിയ്ക്കണം എന്നു വിചാരിച്ചു

പ്രവൎത്തിച്ചതാണ്. തക്ക ശിക്ഷ ഈയാറംക്കു കൊടുക്കാത്തപക്ഷം ഞാനും ജ്യേഷ്ഠനും ഇന്നുതന്നെ നാട്ടിലേയ്ക്കു മടങ്ങുകയാണ്.

കൃ—രങ്കൻ പറയുന്നതു് ശരിയാണ്. പടത്തലവൻനായരുടെ പ്രവൃത്തികൊണ്ടു ഞങ്ങറംക്കു് വലിയ അപമാനം സംഭവിച്ചിരിയ്ക്കുന്നു. രങ്കൻ വല്ലതും ചെയ്തിട്ടുണ്ടെങ്കിൽത്തന്നെ നമ്മോടു് വന്നു പറകയല്ലാതെ ഈ വിധം പ്രവൎത്തിച്ചതു് ഒട്ടും ശരിയായില്ല.

പട—ഇവിടുത്തോടു പറയേണ്ടുന്ന ചുമതല എനിയ്ക്കില്ല. പെരുമാറം തിരുമനസ്സിലെ അതിഥി എന്നുള്ള നിലയിൽ ബഹുമാനിയ്ക്കേണ്ടതല്ലാതെ വേറെ എനിയ്ക്കു് പ്രത്യേകിച്ചു യാതൊന്നും വിചാരിയ്ക്കേണ്ടതും ചെയ്യേണ്ടതും ഇല്ല.

രങ്ക—കണ്ടില്ലേ പെരുമാറം, ഈയാളുടെ ധിക്കാരം.

പടത്തലവൻനായൎക്കു് ഈ വാക്കുകറം കേട്ടപ്പോറം ആകപ്പാടെ ഒരു വിറയൽ വന്നു. എന്തെങ്കിലും അവിടെവെച്ചു പ്രവൎത്തിച്ചുപോകും എന്നുള്ള സ്ഥിതിയിലായി. പക്ഷെ താൻ പെരുമാളുടെ മുമ്പിലല്ലേ എന്നു് ഓൎമ്മിച്ചു് തന്റെ കോപം മുഴുവനും അടക്കിവെച്ചു. വേഗത്തിൽ അവിടെനിന്നു പോയില്ലെങ്കിൽ താൻ അവിവേകമായി വല്ലതും പ്രവൎത്തിച്ചുപോകും എന്നു ഭയപ്പെട്ടിട്ടു് കഴിയുന്ന ക്ഷണത്തിൽ വിടവാങ്ങി അവിടെനിന്നു പോകുവാൻതന്നെ തീൎച്ചപ്പെടുത്തി.

പെരുമാറംക്കു് പടത്തലവൻനായർ ചെയ്തതു് ധിക്കാരമാണെന്നു തോന്നീട്ടുണ്ടായിരുന്നില്ല. എങ്കിലും രായന്മാരെ മുഷിപ്പിയ്ക്കാതിരിയ്ക്കുന്നതിന്നുവേണ്ടി ആ വിധത്തിൽ പറയാതെ നിവൃത്തിയില്ല എന്നു മനസ്സിലാക്കിയതുകൊണ്ടാണ് ആ വിധത്തിൽ പടത്തലവൻനായരോടു് പറഞ്ഞതു്. കാൎയ്യങ്ങളെല്ലാം ഭംഗിയായി കലാശിപ്പിയ്ക്കുന്നതിന്നുവേണ്ടി പെരുമാറം ഒടുക്കം ഇങ്ങിനെ പറഞ്ഞു: "പടത്തലവൻനായർ നിങ്ങളെ അവമാനിയ്ക്കണം എന്നു വിചാരിച്ചു ചെയ്തതൊന്നുമല്ല. തല്ക്കാലം വൎത്തമാനം കേട്ടപ്പോറം പരിഭ്രമിച്ചു് ആലോചിയ്ക്കാതെ പ്രവൎത്തിച്ചു എന്നുമാത്രമേ ഉള്ളൂ. അതുകൊണ്ടു് ഇവിടുന്നും രങ്കരായരും പടത്തലവൻനായരോടു മുഷിയരുതു്."

രങ്ക—ഇദ്ദേഹം ഇനിയും ഇങ്ങിനെ വല്ലതും പ്രവൎത്തിച്ചേയ്ക്കും എന്നു നന്ന ഭയമുണ്ടു്. അതുകൊണ്ടു മനസ്സിന്നു തീരെ സുഖമില്ല.

ഞങ്ങൾ ഇവിടെനിന്നു പോകുന്നതുവരെയെങ്കിലും ഇദ്ദേഹത്തിനോടു കൊട്ടാരത്തിലേയ്ക്കു വരണ്ട എന്നൊരു കല്പന ഉണ്ടാകണം.

പെരുമാൾ ഇതു കേട്ടിട്ടു വല്ലാത്ത കുഴക്കിലായി. പടത്തലവൻനായരോട് എങ്ങിനെയാണ് യാതൊരു കാരണവും കൂടാതെ കൊട്ടാരത്തിലേയ്ക്കു വരണ്ട എന്നു പറയുക. പറഞ്ഞില്ലെങ്കിൽ ഇവർ മുഷിയുകയും ചെയ്യും. പെരുമാൾ അപ്പോൾ അനുഭവിയ്ക്കുന്ന ധർമ്മസങ്കടം പടത്തലവൻനായർ കണ്ടു മനസ്സിലാക്കി പെരുമാളെ നോക്കി ഇങ്ങിനെ പറഞ്ഞു: "രങ്കരായർ പറഞ്ഞത് അടിയന്നു സമ്മതമാണ്. കുറച്ചു ദിവസമായിട്ട് അടിയന്നു ദേഹസുഖം പോരാ, അതുകൊണ്ടു കുറച്ചു ദിവസത്തേയ്ക്ക് അടിയൻ കൊട്ടാരത്തിലേയ്ക്കു വരണ്ട എന്നു കല്പന ഉണ്ടാകണം. കാര്യങ്ങളെല്ലാം അടിയൻെറ അടുത്ത ആൾ നോക്കിക്കൊള്ളുകയും ചെയ്യും. പിന്നെ കാര്യക്കാരും ഉണ്ടായിരിയ്ക്കും."

പെരുമാൾ മനസ്സില്ലാമനസ്സോടെ "പടത്തലവൻനായർ അങ്ങിനെ ചെയ്യുക. കുറച്ചു ദിവസത്തിന്നു കൊട്ടാരത്തിലേയ്ക്കു വരണം എന്നില്ല" എന്ന് ഒരു വിധത്തിൽ പറഞ്ഞു. "കല്പന പോലെ" എന്നു പറഞ്ഞു പടത്തലവൻനായർ പെരുമാളെമാത്രം തൊഴുത് അവിടെനിന്ന് ഇറങ്ങിപ്പോയി. അയാൾ പോയതിന്നു ശേഷം പെരുമാൾ "പടത്തലവൻനായരില്ലാതെ എനിയ്ക്കു യാതൊന്നും ഇവിടെ പ്രവർത്തിയ്ക്കുവാൻ സാധിയ്ക്കയില്ല. ഈ രാജ്യക്കാർക്ക് എന്നോടുള്ള ബഹുമാനത്തിൻെറ ഒരിരട്ടി ബഹുമാനം അയാളോടുണ്ട്. പതിനായിരം നായന്മാർ അയാൾക്കു വേണ്ടി മരിയ്ക്കാനുംകൂടി മടിയ്ക്കയില്ല. ആ പതിനായിരംതന്നെയാണ് എൻെറ വലുതായ ഉറപ്പും."

ഇതു കേട്ടു രങ്കരായരും കൃഷ്ണരായരും മുഖത്തോടു മുഖം നോക്കി.

"അയാൾക്കു കുറച്ചു മുൻകോപമുണ്ടെന്നുമാത്രമേയുള്ളു. പക്ഷെ വളരെ നല്ല ഒരാളാണ്. നല്ല പ്രാപ്തിയുമുണ്ട്. എനിയ്ക്കും രാജ്യത്തിന്നും വേണ്ടി അയാൾ വേണ്ടിവന്നാൽ ജീവനെക്കൂടി കളയും. അയാളോട് ഇനി കൊട്ടാരത്തിലേയ്ക്കു വരണ്ട എന്നു പറഞ്ഞതുകൊണ്ട് എനിയ്ക്കു മനസ്സിന്നു വലിയ വേദനയായിരിയ്ക്കുന്നു.

കൃഷ്ണ—അങ്ങിനെ ഒന്നും വിചാരിയ്ക്കരുത്. ഇങ്ങിനെയുള്ള

ചില ചില്ലറ പാഠങ്ങഠം പഠിപ്പിച്ചില്ലെങ്കിൽ ആ മാതിരി ആള കഠം വല്ലാതെ കയറിപ്പോകും. എല്ലാവരേയും അവരവരുടെ സ്ഥാനത്തു വെയ്ക്കണം.

പെരു—പക്ഷെ ഈ കൂട്ടത്തിൽ വേറെ ഒന്നുകൂടി പറയാതെ നിവൃത്തിയില്ല. രങ്കരായർ ചെയ്തത് വളരെ കഷ്ടമായിപ്പോയി രിയ്ക്കുന്നു. തെരുവീഥികളിൽക്കൂടെ പോകുന്ന സ്ത്രീകളുടെ അടുത്തു ചെന്ന് അവക്കു സമ്മാനം കൊടുക്കുവാൻ തുടങ്ങിയാൽ നാട്ടിൽ മടങ്ങിപ്പോകേണ്ടിവരില്ല.

കൃഷ്ണ—എവിടെ, ആ കുട്ടി എവിടെ? നാം നേരിട്ടു മാപ്പു ചോദിച്ചു സമ്മാനം കൊടുത്തുകളയാം.

പെരു—അതൊന്നും ആവശ്യമുണ്ടെന്നു തോന്നുന്നില്ല. പി ന്നെ രായർ കൊടുത്താൽ സമ്മാനം വാങ്ങുമോ എന്നുതന്നെ സംശ യമാണ്.

അങ്ങനെ നിർബ്ബന്ധമാണെങ്കിൽ ഞാൻതന്നെ അവളെ വിളിച്ചു സമ്മാനം കൊടുത്തുകൊള്ളാം.

എന്നു പറഞ്ഞു പെരുമാഠം തങ്കത്തിനെ ആളയച്ചുവരുത്തി. തങ്കത്തിൻെറ കൂട്ടിനായി പെരുമാളുടെ മകഠം അംബികാദേവിയും കൂടെ വന്നു പെരുമാഠം രായന്മാക്കുവേണ്ടി സാൽവ തങ്കത്തിന്നു സമ്മാനിച്ച് അവരെ തിരിച്ചയച്ചതിന്നുശേഷം താനും കൊട്ടാര ത്തിലേയ്ക്കെഴുന്നള്ളി.

# മൂന്നാമധ്യായം

**അം**ബികാദേവിയും തങ്കമ്മയും ഏകദേശം ഒരേ പ്രായക്കാരും വലിയ സ്നേഹിതകളുമായിരുന്നു. അവർ രായന്മാരുടെ മാളികയിൽനിന്നിറങ്ങി വലിയ കൊട്ടാരത്തിന്റെ ഉൾമുററത്തുകൂടി രായന്മാരായുള്ള കൂടിക്കാഴ്ചയെപ്പററി സംസാരിച്ച ചിരിച്ചുംകൊണ്ടു മെല്ലെ നടന്നുവരികയായിരുന്നു. അപ്പോൾ ഗ്രഹപ്പിഴയുടെ ശക്തികൊണ്ടു, ചേരമാൻപെരുമാളുടെ രണ്ടാമത്തെ ഭാര്യയായ ചെറോട്ടിയമ്മ ആ മുററത്തിന്റെ മറുഭാഗത്തുനിന്ന് ഇവക്കെതിരായി വരുവാനിടയായി. ഈ കാലത്തു ചെറോട്ടിയമ്മയ്ക്കു് ഏകദേശം നാല്പത്തഞ്ചു വയസ്സു പ്രായമായിരുന്നു. പ്രസവിച്ചിട്ടും ഉണ്ടായിരുന്നില്ല. ഉയരം സാധാരണയിൽ കുറഞ്ഞിട്ടായിരുന്നുവെങ്കിലും ദേഹത്തിന്റെ ആകെക്കൂടിയുള്ള ഒരു വളച്ചകൊണ്ടും മുഖത്തു ചക്രവത്തിയുടെ പട്ടമഹിഷീസ്ഥാനം വഹിയ്ക്കത്തക്ക ഒരു യോഗ്യത എപ്പോഴും കളിയാടിയിരുന്നതുകൊണ്ടും ആ ഉയരമില്ലായ്മയെ ആരും സൂക്ഷിച്ചിരുന്നില്ല.

ചെറോട്ടിയമ്മയുടെ ഹൃദയം ഒട്ടും ചീത്തയായിരുന്നില്ല. പക്ഷെ തന്നെപ്പററി പുകഴ്ത്തുന്നവരോടുള്ള അതിസ്നേഹവും, നുണ കേൾക്കുന്നതിലുള്ള അതിതാല്പര്യവും, അതിന്റെകൂടെ ഒരു മുൻകോപവും, തന്റെ ഭത്താവായ പെരുമാളെക്കൊണ്ടു് എന്തും ചെയ്യിയ്ക്കുവാനുള്ള ഒരു സാമത്ഥ്യവും, മററുള്ളവർ എന്തു പ്രവത്തിച്ചാലും അതിൽ കുററം കണ്ടുപിടിയ്ക്കുന്ന സ്വഭാവവും എല്ലാംകൂടി ചെറോട്ടിയമ്മയെ കൊട്ടാരത്തിലുള്ള എല്ലാവരും ഒരു നരിയുടെ മാതിരിയാണ് കരുതിയിരുന്നത്. അംബികാദേവി പ്രത്യേകിച്ചും ചെറോട്ടിയമ്മക്ക് ഇഷ്ടമില്ലാത്ത ഒരാളായിരുന്നു. അതിലും വിശേഷിച്ച പടത്തലവൻനായരെ തന്റെ വലിയ ഒരു ശത്രുവായിട്ടാണ് ചെറോട്ടിയമ്മ കരുതിയിരുന്നത്. ചെറോട്ടിയമ്മയുടെ കൊട്ടാരം വേറെ ഒരു ഭാഗത്തുതന്നെ ആയിരുന്നതുകൊണ്ട്, അംബികാദേവിയും തങ്കമ്മയും ചെറോട്ടിയമ്മയെ കാണുമെന്നു തീരെ ഓത്തിരുന്നില്ല. ചെറോട്ടിയമ്മ വരുന്നു എന്നു കേട്ടാൽ

ഇവർ രണ്ടുപേരും മാറിക്കളയുക പതിവായിരുന്നു. പക്ഷെ ഈ സന്ദർഭത്തിൽ ഇവക്കു രണ്ടുപേക്കും അവിടെനിന്നു് ഒഴിഞ്ഞുപോകുവാൻ യാതൊരു മാൎഗ്ഗവുമുണ്ടായിരുന്നില്ല. ചെറോട്ടിയമ്മയെ പെട്ടെന്നു കണ്ട ഉടനെ അവരുടെ സപ്തനാഡികളും ക്ഷയിച്ചു. അവർ സംസാരം നിറുത്തി മുമ്പിലത്തേതിലും മെല്ലെ നടന്നു വരാൻ തുടങ്ങി.

ചെറോട്ടിയമ്മ അടുത്തെത്തിയപ്പോൾ തങ്കമ്മ അംബികാദേവിയുടെ പിന്നിലായി തല താഴ്ത്തി നിന്നു.

അംബികാദേവി "അമ്മ എവിടേയ്ക്കാണു് ഇപ്പോൾ പുറപ്പെട്ടിരിയ്ക്കുന്നതു്?" എന്നു്, ഒരു മകൾ അമ്മയോടു പറയുന്നപ്രകാരത്തിൽ ചോദിച്ചു.

ചെറോ—എവിടെയും ഇല്ല. രായന്മാരും മററും വന്നിട്ടുണ്ടല്ലോ. എന്താണു് വൎത്തമാനം എന്നറിയുവാൻ ഇങ്ങോട്ടു പുറപ്പെട്ടു. അത്രയേ ഉള്ളു.

പിന്നീടു തങ്കത്തിൻെറ നേക്കു് തിരിഞ്ഞു.

ചെറോ—തങ്കം എപ്പോൾ വന്നു? നല്ലപോലെ വളൎന്നു പോയി. ഇത്ര വളൎന്നു എന്നു ഞാൻ മനസ്സിലാക്കിയിരുന്നില്ല. ഇനി കല്യാണത്തിന്നു സമയമൊക്കെ ആയ്യോയി. എന്താ, അമ്മ, ഒന്നും പറയാറില്ലേ?

തങ്കം—ഇല്ല.

ചെറോ—അമ്മയുടെ സുഖക്കേടു് എങ്ങിനെയിരിയ്ക്കുന്നു.

തങ്കം—ഇപ്പോൾ അധികമൊന്നുമില്ല.

ചെറോ—നിൻെറ അമ്മാമനെന്താണു് സുഖക്കേടു്? അയാൾ സ്വീകാരത്തിന്നു പോയിട്ടില്ലെന്നു കേട്ടുവല്ലോ.

"വിശേഷിച്ചു് സുഖക്കേടൊന്നുമില്ല" എന്നു പറഞ്ഞു കഴിഞ്ഞപ്പോഴാണു് തങ്കമ്മയ്ക്കു പറഞ്ഞതു തെററിപ്പോയി എന്നു തോന്നിയതു്.

ചെറോട്ടിയമ്മ ദേഷ്യത്തോടെ, "അയാൾ എന്നും ധിക്കാരിയാണു്. പതിനായിരം പട അയാളുടെ കയ്യിൻെറ അടിയിലുണ്ടെന്നാണു് അയാളുടെ ഭാവം. എന്തു പെരുമാൾ. വേറെ ഏതാൾ."

തങ്ക—അമ്മാമനെ ഞാൻ ഇന്നും ഇന്നലെയും കണ്ടിട്ടില്ല. സുഖക്കേടുണ്ടോ എന്നു് എനിയ്ക്കു വിവരമില്ല.

ചെറോ—ഇനി പറഞ്ഞു നന്നാക്കുകയും മററം വേണ്ട. ഞാൻ എന്തിനാണ് നിന്നോട്ട പറഞ്ഞു ശാഠിയ്ക്കുന്നത്. പെരുമാളോട്ടതന്നെ ചോദിച്ചുകളയാം, എങ്ങിനെയാണ് ഇങ്ങിനെയുള്ള ധിക്കാരികളെ ഉദ്യോഗത്തിൽ വെച്ചിരിയ്ക്കുന്നതെന്ന്. ഇതെന്താണ് നിൻെറ കയ്യിൽ? നോക്കട്ടെ. (എന്നു പറഞ്ഞു തങ്കമ്മയുടെ കയ്യിലുള്ള സാൽവകാം വാങ്ങി നോക്കി.) ഓ—ഹോ. വിലപിടിച്ച വിദേശീയസാൽവകാം. ഇതെവിടെനിന്നു കിട്ടി? ഓ, മനസ്സിലായി, മനസ്സിലായി. നീ രായന്മാരെ ഇത്രക്ഷണത്തിൽ വശീകരിച്ചുവോ! മിടുക്കത്തിതന്നെ. നിൻെറ കയ്യിൽ ഇത്രകണ്ടു കോപ്പുണ്ടെന്നു ഞാൻ മനസ്സിലാക്കിയിരുന്നില്ല.

അംബി—അയ്യോ. അതു രായർ കൊടുത്തതൊന്നുമല്ല. അച്ഛൻ തിരുമനസ്സുകൊണ്ട് കല്പിച്ചുകൊടുത്തതാണ്.

ചെറോ—തിരുമനസ്സിലെ പാട്ടിലാക്കുവാൻ ഒട്ടും പ്രയാസമില്ലല്ലോ. തിരുമനസ്സിലേയ്ക്ക് ഇപ്പോൾ ചെറുപ്പക്കാരികളിലാണ് അധികം വാത്സല്യം.

അംബി—അയ്യോ, അമ്മ വിചാരിയ്ക്കുന്ന പ്രകാരത്തിലൊന്നുമല്ല.

ചെറോ—ഞാൻ ഇന്നതാണ് വിചാരിയ്ക്കുന്നതെന്ന് എങ്ങിനെയാണ് അംബികയ്ക്കു മനസ്സിലായത്? ഇതാ, കൊണ്ടുപോ നിൻെറ സാൽവ. എനിയ്ക്കു കാണുകയുംകൂടി വേണ്ട. സാൽവ പുതയ്ക്കുവാൻ എനിയ്ക്കു യോഗ്യതയില്ല. എനിയ്ക്കു വയസ്സു നാല്പതു കഴിഞ്ഞു. അതു തിരുമനസ്സിലേയ്ക്കും അറിയാം.

അംബി—രായർ തങ്കമ്മയ്ക്കു കൊടുക്കുവാൻ കൊണ്ടുവന്ന സാൽവ തങ്കമ്മ വാങ്ങിയില്ല. അതുകൊണ്ട് അച്ഛൻ രായരുടെ കയ്യിൽനിന്നു വാങ്ങി തങ്കമ്മയ്ക്കു കൊടുത്തു.

ചെറോ—മനസ്സിലായി. കാര്യം നല്ലവണ്ണം മനസ്സിലായി. രായരെ ആദ്യം അപമാനിച്ചു. അതിൽ തിരുമനസ്സുകൂടി ചേൎന്ന് അതു മുഴമിച്ചു. കാര്യം വളരെ വിശേഷമായി. (തങ്കമ്മയെ നോക്കിയിട്ട്) എടീ, പെരുമാളുടെ കയ്യിൽനിന്ന് സാൽവ വാങ്ങാമെന്നുണ്ടെങ്കിൽ രായരുടെ കയ്യിൽനിന്നു വാങ്ങുന്നതിന്നും വിരോധമില്ല. മനസ്സിലായോ? മാനം ഓൎത്തിട്ടാണെങ്കിൽ തൻെറ ബന്ധുവല്ലാത്ത ഏതു പുരുഷൻെറ കയ്യിൽനിന്നും വാങ്ങുവാൻ പാടില്ല. രാജാവാണെന്നു വിചാരിച്ചിട്ടാണെങ്കിൽ ഏതു രാജാ

വിൻെറ കയ്യിൽനിന്നും വാങ്ങാം. എല്ലാ രാജാക്കന്മാരും ഒരു പോലെയാണ്.

തങ്കമ്മ ഏതാണ്ട കരച്ചിൽ വരുന്ന ഘട്ടത്തിലായിത്തുടങ്ങി. പക്ഷെ വളരെ പണിപ്പെട്ട് ഒതുക്കിപ്പിടിച്ചുകൊണ്ട് "ഞാൻ അങ്ങിനെ മനസ്സിലാക്കീട്ടില്ല." എന്നുത്തരം പറഞ്ഞു.

ചെറോട്ടിയമ്മ ദേഷ്യത്തോടെ "നീ എങ്ങിനെ മനസ്സിലാക്കും? നീ ആ പടത്തലവൻനായരുടെ പെങ്ങളുടെ മകളല്ലേ. പിന്നെ എങ്ങിനെയാണ് നിണക്കു വിശേഷബുദ്ധിയുണ്ടാകുന്നത്? ആട്ടെ, ഞാൻ ഒന്നും പറയുന്നില്ല" എന്നു പറഞ്ഞ് അവിടെ നിന്നു യാത്രയായി.

ചെറോട്ടിയമ്മ പോയതിന്നു ശേഷം—

തങ്കമ്മ—ഇതെന്തിനാണ് ചെറോട്ടിയമ്മയ്ക്കു് ഇങ്ങിനെ ദേഷ്യം വന്നിരിയ്ക്കുന്നത്?

അംബി—യാതൊരു കാരണവും വേണ്ട. ഞാൻ ഇത് എന്നും അനുഭവിച്ചുകൊണ്ടിരിയ്ക്കയാണ്. അച്ഛന്ന് എന്നോടുള്ള അതി സ്നേഹംകൊണ്ട മാത്രം ഞാൻ ഇവിടെ താമസിയ്ക്കുന്നതാണ്. അതല്ലെങ്കിൽ ഞാൻ ഇതിന്നു മുമ്പുതന്നെ എവിടെയെങ്കിലും ഓടി പ്പോകുമായിരുന്നു. തുച്ഛകാര്യത്തിന്നുവേണ്ടി വളരെ ദേഷ്യപ്പെ ട്ടുകളയും. ഇന്നാറം വിക്കിരൻ അവിടെയെവിടെയോ കിടന്നു റങ്ങി കൂക്കുംവലിയ്ക്കുന്നതു കേട്ടിട്ട് അയാളെ അടിയ്ക്കുവാൻ പറ ഞ്ഞു. ഞാൻ ചെന്നു തടുത്തപ്പോറം വലിയ ലഹളയായി. അച്ഛൻ വന്നു വല്ല വിധത്തിലും സമാധാനമാക്കി. ഇനി ആ രങ്കരായരെ എൻെറ കഴുത്തിലിടുവാനാണ് ഭാവം. അതിൽ നിന്ന് എങ്ങിനെയെങ്കിലും ഒഴിഞ്ഞാൽ മതിയായിരുന്നു.

തങ്ക—എന്താണ്, നല്ലതല്ലേ? അദ്ദേഹം ഇനിയത്തെ പെരു മാളാകുമെന്നാണല്ലോ വൎത്തമാനം.

അംബി—അതിലുംഭേദം മരിയ്ക്കയാണ്. ഞാൻ തങ്കമ്മ യോട് എൻെറ സ്നേഹിതയുടെ നിലയിൽ പറകയാണ്. എ ൻെറ ഇഷ്ടപ്രകാരം കല്യാണം കഴിയ്ക്കുവാൻ അനുവദിച്ചാൽ, ഞാൻ വിക്കിരനെയാണ് കല്യാണം കഴിയ്ക്കുക.

തങ്ക—അയ്യോ, വിക്കിരനെയോ? അയാളുടെ ബുദ്ധികൂടി നേരെയല്ലല്ലോ. വംശംകൂടി നിശ്ചയമില്ലാത്ത ഒരാളെ ദേവി കല്യാണം കഴിയ്ക്കയോ?

അംബി—എനിക്കു വംശമറിയാത്തതുകൊണ്ടു ഒന്നുമില്ല. ശരിയായി ഒരു മനുഷ്യനായാൽ വേണ്ടില്ല എന്നുണ്ടായിരുന്നു. പക്ഷേ അതുകൂടി അല്ലാത്തതുകൊണ്ടു എങ്ങിനെയാണ് എന്നുമാത്രമേ സംശയമുള്ളു.

തങ്ക—അയ്യോ, അതേതായാലും വയ്യ. മഹാപോരായ്മയായിരിക്കും. അയാൾ സാധാരണമനുഷ്യസ്ഥിതിയിലായാൽക്കൂടി പാടില്ല എന്നു ഞാൻ പറയും. ആളുകൾ എന്തു പറയും!

അംബി—ആളുകൾ പറയുന്നതിൽ എനിക്കു തീരെ വിലയില്ല. പക്ഷേ നാം എന്തിനാണ് അതിനെപ്പററി പറയുന്നത്. ഞാൻ ആ വിചാരം മനസ്സിൽനിന്നു തീരേ തള്ളിക്കളഞ്ഞിരിക്കുന്നു. എൻെറ യോഗംപോലെ വരും. ആ രങ്കരായർ എൻെറ തലയിൽ വീഴാതിരുന്നാൽ മതിയായിരുന്നു.

തങ്ക—അയാൾ തീർച്ചയായും ചേരുകയില്ല. അയാൾ കണ്ട സ്ത്രീകളുടെയെല്ലാം പിന്നാലേ പോകുന്ന ആളാണ്. അയാൾക്കു കോരപ്പച്ചാര് എന്നാണ് ഇവിടെയുള്ളവർ പേരിട്ടിരിക്കുന്നത്.

അംബി—അയാൾക്കു പററിയ പേര്. പക്ഷേ ആൾ വല്ലാത്ത കൌശലക്കാരനാണ്. അയാളെ നല്ലവണ്ണം സൂക്ഷിക്കണം. അമ്മാമനോടു പറഞ്ഞു അയാളേ എങ്ങിനെയെങ്കിലും ഇവിടെനിന്ന് ഓടിക്കുവാൻ പറയൂ. അമ്മാമൻ വിചാരിച്ചാൽ മാത്രമേ അതു സാധിക്കു.

തങ്ക—അത് ഞാൻ പറയാതെതന്നെ അമ്മാമൻ പ്രവൎത്തിച്ചുകൊള്ളും. ഞാൻ പിന്നെ വന്നു കണ്ടുകൊള്ളാം, അമ്മ വല്ലാതെ പരിഭ്രമിക്കും.

അംബി—അതില്ല. ഞാൻ ഇവിടെനിന്ന് ആളെ അയച്ചു വിവരം അറിയിച്ചിരിക്കുന്നു. തങ്കത്തിൻെറ കൂടെ വിക്കിരൻ തന്നെ പോന്നോട്ടെ. അയാളെക്കണ്ടാൽ രങ്കരായർവൎഗ്ഗം ഇനി അടുക്കുമെന്നു ഭയപ്പെടേണ്ട.

എന്നിട്ടു വിക്കിരനെ വിളിച്ചു.

"തങ്കത്തിൻെറ കൂടെ പോയിവരണം. മനസ്സിലായോ?" എന്നു ചെറിയൊരു കുട്ടിയോട് പറയുന്ന വിധത്തിൽ പറഞ്ഞു. വിക്കിരൻ കുറച്ചുനേരം ഒന്നും ചെയ്യാതെ ഗൌരവത്തോടെ നിന്നു. പിന്നെ മനസ്സിലായി എന്ന മട്ടിൽ ചിരിച്ചു. തങ്കമ്മ പുറത്തേക്കിറങ്ങിയപ്പോൾ പിന്നാലെ പോയി.

അംബികാദേവി ആ സ്ഥലത്തു വിക്കിരനെത്തന്നെ നോക്കി ക്കൊണ്ടു നിന്നു. "പാവം, ഈ സ്ഥിതി ഒന്നു മാറികിട്ടാൻ എന്താണ് മാൎഗ്ഗം, എന്റെ ദൈവമേ! ഇനി വല്ല മന്ത്രവാദിക ളേയും കാണിച്ചാൽ ഫലം കിട്ടുമോ എന്നൊന്നു നോക്കണം. അയാൾ ജനിച്ചപ്പോൾ ബുദ്ധി ഇങ്ങിനെയല്ല എന്ന് എന്റെ മനസ്സു പറയുന്നു. ആട്ടെ, വല്ലതും ചെയ്തുനോക്കണം" എന്നു തന്നോടുതന്നെ പറഞ്ഞു. വിക്കിരനും തങ്കമ്മയും കണ്ണിൽനിന്നു മറഞ്ഞതിന്നുശേഷം ഒരു വലിയ ദീൎഘനിശ്വാസത്തോടെ കൊട്ടാ രത്തിൽ തന്റെ മുറിയിലേയ്ക്കു പോയി.

# നാലാമദ്ധ്യായം

തങ്കമ്മയേയും അംബികാദേവിയേയും കണ്ടു പിരിഞ്ഞതിന്നുശേഷം ചെറോട്ടിയമ്മയുടെ പോക്ക തോക്കിൽനിന്നു പുറപ്പെട്ട ഒരുണ്ടയുടേതുപോലെയായിരുന്നു.

തൻെറ ഭത്താവായ പെരുമാളെ കണ്ടു ദേഷ്യം മുഴുവനും പ്രകടിപ്പിയ്ക്കാമെന്നു തീച്ച്പ്പെടുത്തി പെരുമാഠം ഉണ്ടായിരിയ്ക്കും എന്നൂഹിച്ച് അറയിൽ ചാടിക്കയറിച്ചെന്നു. പക്ഷെ ചെറോട്ടിയമ്മയുടെ ദേഷ്യം കാണ്മവാൻ അറയിലെ സാമാനങ്ങഠംമാത്രമേ ഉണ്ടായിരുന്നുള്ളു. അതുകൊണ്ട് ദേഷ്യം കുറേക്കൂടി വദ്ധിച്ചു. ആ അറയുടെ വാതിലിൻെറ ഒരു പൊളി വളരെ ശബ്ദത്തോടേ അടച്ചു കട്ടിലിന്മേലുള്ള ചില സാധനങ്ങഠം നിലത്തേയ്ക്കു വലിച്ചിട്ട് ആ കട്ടിലിന്മേൽ ഇരുന്നു.

അങ്ങിനെ ഇരുന്നുകൊണ്ടു തന്നോടുതന്നെ ഓരോന്നു പറയുവാൻ തുടങ്ങി: "പെരുമാഠംക്കു വയസ്സായിപ്പോയി. അദ്ദേഹത്തെക്കൊണ്ട് ഇനി കാര്യങ്ങഠം നേരെ നടത്തുവാൻ കഴികയില്ല. ആ പടത്തലവൻനായർ എന്തു പറഞ്ഞുവോ അതു കേഠംക്കും; അതുപ്രകാരം പ്രവത്തിയ്ക്കുകയും ചെയ്യും. കണ്ടില്ലേ, അവൻെറ മരുമകഠംക്കു കല്പിച്ചുകൊടുത്ത സമ്മാനങ്ങഠം. അവനെ പേടിച്ചിട്ടു ചെയ്തതാണ്. അവൻെറ ശക്തി ഒന്നു കുറയ്ക്കാതെ നിവൃത്തിയില്ല. അതിന്നെന്താണ് വിദ്യ? എന്തെങ്കിലും ഉണ്ടാകും. അപ്പോഠം ആലോചിയ്ക്കാം.

ഈ സന്ദഭത്തിൽ ഒരു ഭടൻ വന്നു പറഞ്ഞു:

ഭടൻ—രങ്കരായർ അവിടുത്തെ ഒന്നു വന്നു മുഖം കാണിയ്ക്കുവാൻ സൌകര്യമുണ്ടോ എന്നന്വേഷിയ്ക്കുവാൻ പറഞ്ഞയച്ചു.

ചെറോട്ടിയമ്മയുടെ പകുതി ദേഷ്യം ശമിച്ചു. കുറച്ചുനേരത്തിന്ന് ഒന്നും പറഞ്ഞില്ല. പിന്നെ "അദ്ദേഹം എവിടെയാണ്?" എന്നു ചോദിച്ചു. ഭടനും ധൈര്യം വന്നു. "അദ്ദേഹം ദേവീവിലാസം കൊട്ടാരത്തിലാണുള്ളത്. ഇവിടെയ്ക്കു കാണ്മ

വാൻ സൌകര്യമുള്ളപക്ഷം ഉടനേ ചെന്നു വിവരമറിയിയ്ക്കുവാൻ പറഞ്ഞു.''

ചെറോട്ടിയമ്മയുടെ ദേഷ്യം മുഴവനും ശമിച്ചു. സന്തോഷമായി. പക്ഷെ അതു പുറത്തേയ്ക്കു കാണിയ്ക്കുന്നതു തൻെറ ഗൌരവത്തിന്നു പോരായ്മയാണെന്നു തോന്നി, മുമ്പത്തെ സ്വരത്തിൽത്തന്നെ ''പോയി സൗകര്യമാണെന്നു പറ.'' എന്നു കല്പിച്ചുപറഞ്ഞു.

അല്പം സമയം കഴിഞ്ഞപ്പോറം രങ്കരായർ അകത്തു പ്രവേശിച്ചു. ചെറോട്ടിയമ്മയുടെ മുഖത്തു നോക്കി മന്ദഹസിച്ചുകൊണ്ട്, ''ഇതിന്നുമുമ്പേ ഇവിടെ വന്നു കാണുവാൻ തരമുണ്ടായില്ല. അതുകൊണ്ടു മുഷിയരുതേ'' എന്നു പറഞ്ഞു.

മുമ്പു വന്ന ഭടൻ രങ്കരായരുടെ പിന്നാലെ വന്നു കുറേ സാൽവകളും കസവു വസ്ത്രങ്ങളും കൊണ്ടുവന്നു ചെറോട്ടിയമ്മയുടെ മുമ്പിൽ വെച്ചു. ചെറോട്ടിയമ്മയ്ക്കു വളരെ സന്തോഷമായി. ''ഇതെല്ലാം എന്താണ്?''

രങ്ക—ഇതെല്ലാം ഇവിടത്തെയ്ക്കുവേണ്ടി ഞങ്ങറം കൊണ്ടുവന്ന കാഴ്ചകളാണ്.

ചെറോട്ടിയമ്മ അതിൻെറ അടുത്തിരുന്ന് അതെല്ലാം എടുത്തുനോക്കി. ''ഇതെല്ലാം ചെറിയ പെൺകുട്ടികറം ഉപയോഗിയ്ക്കേണ്ടതാണല്ലോ. വയസ്സായ എനിയ്ക്കു പററിയതൊന്നും ഇതിലില്ല.''

രങ്കരായർ മുഖസ്തുതി പറയുന്നതിൽ ഒട്ടും കുറഞ്ഞ ആളല്ലാത്തതുകൊണ്ട് അതിന്നു മറുപടിയായി, ''ശരിയായി—ഞാൻ കണ്ട ഉടനേ ഇതിനെപ്പററി പറയുവാൻ ഭാവിച്ചിരിയ്ക്കയായിരുന്നു. ഞാൻ കഴിഞ്ഞ തവണ വന്നുകണ്ടതിലും എത്രയോ അധികം ചെറുപ്പമായതുപോലെയാണ് എനിയ്ക്കു തോന്നിയത്. പിന്നെ അതിന്നൊക്കെപ്പുറമേ, മുപ്പതോ മുപ്പത്തഞ്ചോ വയസ്സാകുമ്പോറം വയസ്സായി എന്നു നടിച്ചാൽ അതിന്നു മീതെയുള്ളവർ എന്തു ചെയ്യും?''

ചെറോട്ടിയമ്മ മന്ദഹസിച്ചുംകൊണ്ട്, ''അയ്യോ, എനിയ്ക്കു തിലെല്ലാം എത്രയോ അധികമായിരിയ്ക്കുന്നു.''

രങ്ക—അതൊന്നും എനിയ്ക്കറിഞ്ഞുകൂടാ. ഞങ്ങറം കണ്ടപ്രകാരത്തിൽ കണക്കാക്കും.

ചെറോ—"ഏതായാലും അവിടെനിന്നു കൊണ്ടുവന്ന സമ്മാനമായതുകൊണ്ടു ഞാൻ സ്വീകരിയ്ക്കാം" എന്നു പറഞ്ഞു ചെറോട്ടിയമ്മ ആ സാധനങ്ങളെടുത്തു കട്ടിലിന്മേൽ വെച്ചു.

രങ്ക—ഞാനൊരപേക്ഷയുംകൊണ്ടാണ് ഇവിടെ വന്നത്.

ചെ—എന്താണ് എന്നെക്കൊണ്ടു ചെയ്യുവാൻ കഴിയുന്നത്?

രങ്ക—ഞങ്ങൾക്ക് ഇവിടം വിട്ടു ക്ഷണത്തിൽ തിരിച്ചു നാട്ടിലേയ്ക്കു പോകുവാനായി അനുവാദം മേടിച്ചുതരണം. പോകുന്നതിന്നുമുമ്പേ ഇവിടെ ഒന്നു വന്ന് കാണണമെന്നുമാത്രം വിചാരിച്ചു പോന്നതാണ്.

ചെ—എന്താണ് ഇങ്ങിനെ പറയുന്നത്? ഇത്ര ക്ഷണത്തിൽ മടങ്ങിപ്പോവുകയോ! എന്താണ് ഇതിൻെറ സാരം?

രങ്ക—സാരം മററൊന്നുമില്ല. തുറന്നു പറഞ്ഞാൽ ഇവിടുന്നു മുഷിയരുത്. സമ്മതമാണെങ്കിൽ പറയാം.

ചെ—പറയു, എന്നോട് എന്തും പറയുന്നതിന്നു മടിയ്ക്കേണ്ട.

രങ്ക—ഞങ്ങൾ വന്നെത്തിയ ഉടനേ ആ പടത്തലവൻനായർ ഞങ്ങളെ വല്ലാതെ അപമാനിച്ചു. ജ്യേഷ്ഠന്ന് അതുകാരണം ഇവിടെ താമസിയ്ക്കുവാൻ സുഖമില്ലെന്നു തോന്നിത്തുടങ്ങിയിരിയ്ക്കുന്നു.

ചെ—കഷ്ടംതന്നെ. അതിന്നു പെരുമാൾ ഒന്നും ചെയ്തില്ലെ? അയാളുടെ തല എടുത്തുകളയുവാൻ അപ്പോൾ കല്പന കൊടുത്തില്ലേ?

രങ്ക—അതായിരുന്നു ഞങ്ങൾ വിചാരിച്ചത്. പക്ഷെ അതൊന്നും ചെയ്തില്ല. കുറച്ചു ദിവസത്തേയ്ക്കു കൊട്ടാരത്തിൽ വരണ്ട എന്നുമാത്രം പറഞ്ഞു. ഇനിയും അയാൾ വല്ല തകരാറും ഉണ്ടാക്കിയേയ്ക്കും എന്നു ഭയന്നിട്ടാണ് പോകണം എന്നു പറയുന്നത്.

ചെ—കഷ്ടംതന്നെ. മനുഷ്യൎക്കു വയസ്സാകുമ്പോൾ ഇങ്ങിനെ ശൌൎയ്യമില്ലാതായിപ്പോകുമല്ലോ. പക്ഷെ ഈ കാരണം കൊണ്ടു പോകരുത്. പെരുമാൾക്കു വയസ്സായെങ്കിലും എനിയ്ക്കു വയസ്സായിട്ടില്ല. ഇതിന്നു തക്ക ശിക്ഷ ഞാൻതന്നെ കൊടുപ്പിയ്ക്കും. ആ ധിക്കാരിയെ ഒരു പാഠം പഠിപ്പിയ്ക്കുവാൻ എനിയ്ക്കു സാധിയ്ക്കുമോ എന്നൊന്നു നോക്കട്ടെ. തീൎച്ചയായും പോകുവാൻ പാടില്ലെന്നു ഞാൻ പറയുന്നു.

ചെറോട്ടിയമ്മയ്ക്കു ദേഷ്യം വന്നു മുഖം ചുവന്നു. രങ്കരായക്ക താൻ വിചാരിച്ച പ്രകാരത്തിൽ കാര്യങ്ങറം കലാശിച്ചതു കണ്ടിട്ടു വളരെ സന്തോഷവുമായി. എങ്കിലും അതൊന്നും പുറത്തേയ്ക്കു കാണിയ്ക്കാതെ "ഇവിടുന്നു് ആ കാര്യത്തിൽ ശ്രദ്ധവെയ്ക്കു മെന്നു് ഏല്ക്കാമെങ്കിൽ, ഞങ്ങറം താമസിയ്ക്കാം."

ചെ—തീച്ച്. അതിനെപ്പററി അശേഷം സംശയം വേണ്ട. അതിന്നു മറുകൈ ഞാൻ പ്രവത്തിയ്ക്കും.

രങ്ക—പക്ഷെ ബദ്ധപ്പെട്ടൊന്നും പ്രവത്തിയ്ക്കരുത്. അയാറം കൌശലക്കാരനാണ്. അതിനെപ്പററി ഇപ്പോഴൊന്നും പറയണ്ട. അതു മറക്കാതെ അയാളെ പെരുമാളുടെ അടുക്കൽനിന്നു് എങ്ങിനെയെങ്കിലും പുറത്താക്കണം.

ചെ—ആട്ടെ. തല്ക്കാലം ഒന്നും ചെയ്യുന്നില്ല.

രങ്ക—ഇനിയും അയാറം വല്ലതും പ്രവത്തിയ്ക്കാതിരിയ്ക്കില്ല. കുറച്ചുനേരം മൌനമവലംബിച്ചിരുന്നു്:

ജ്യേഷ്ഠന്നു നമ്മെക്കൊണ്ടു് അംബികയെ കല്യാണം ചെയ്യിച്ചാൽക്കൊള്ളാമെന്നുണ്ടു്. അതിന്നു് ഇവിടുത്തേയ്ക്കു വല്ല വിരോധവുമുണ്ടോ?

ചെ—എനിയ്ക്കെന്തു വിരോധം? നാം ബന്ധുക്കളാകുന്നതിൽ സന്തോഷമല്ലാതെ മറെറാരു പ്രകാരത്തിൽ ഒരിയ്ക്കലും ഉണ്ടാവില്ല.

ചെ—ഇവിടുന്നു് അംബികയെ കണ്ടുവോ? അംബികയുടെ സമ്മതമില്ലെങ്കിൽ തിരുമനസ്സുകൊണ്ടു് അനുവാദം തരില്ല.

രങ്ക—കണ്ടില്ല. അംബികയ്ക്കു സമ്മതമല്ലെങ്കിൽ സമ്മതമാക്കണം, അതിന്നു സാമത്ഥ്യമില്ലെങ്കിൽപ്പിന്നെ ഒരു പുരുഷനെ എന്തിനുകൊള്ളാം?

ചെ—ആട്ടെ, ശ്രമിച്ചുനോക്കുക, ഞാൻ കഴിയുന്ന യത്നം ചെയ്യാം. തിരുമനസ്സുകൊണ്ടു് ഒരു സമയം ഇങ്ങട്ടു് എഴുന്നള്ളും. എനിയ്ക്കു വേറെ ഇത്തിരി പ്രവൃത്തിയുമുണ്ടു്.

രങ്ക—തിരുമനസ്സുകൊണ്ടു് ഇപ്പോറം ഇങ്ങട്ടു് എഴുന്നള്ളുമെന്നു തോന്നുന്നില്ല. കച്ചവടക്കാരുടെ ഒരു കൂട്ടം മുഖം കാണിയ്ക്കുവാൻ വന്നുനിന്നിരുന്നു.

ചെ—എന്നാൽ ഇന്നു് അനവധി കാഴ്ചകറം വന്നിരിയ്ക്കും.

ഈ സന്ദർഭത്തിൽ പെരുമാാംതന്നെ പെട്ടെന്നു മുറിയ്ക്കകത്തു പ്രവേശിച്ചു. രങ്കരായരും ചെറോട്ടിയമ്മയും ക്ഷണത്തിൽ എഴു നേററുനിന്നു.

പെരുമാാം—ഓ, രങ്കരായരോ. പോകേണ്ട. എനിയ്ക്കി പ്പോാംത്തന്നെ തിരിച്ചുപോകണം. (പിന്നെ ചെറോട്ടിയമ്മ യുടെ നേക്കു നോക്കീട്ട്) ചെറോട്ടി, ഈ കല്ലൊന്നു നോക്കു. ഇന്നാാം പറഞ്ഞില്ലേ, ഒരു ചുവപ്പു വൈരം കിട്ടിയാൽ വേണ്ടി ല്ലെന്ന്. ഇതു മതിയോ എന്നൊന്നു നോക്കു.

ചെ—അടിയന്നു വൈരമൊന്നും ആവശ്യമില്ല. ഇന്നാാം അങ്ങിനെയൊരു മോഹം തോന്നി എന്നുമാത്രമേ ഉള്ളു.

പെ—ആട്ടെ, ഇതൊന്നു നോക്കു. ഇതു നല്ലതാണോ എന്നു നോക്കി പറയു.

ചെ—ഞാനല്ല നോക്കേണ്ടത്. ആ പടത്തലവൻനായ രുടെ മരുമകാം പെണ്ണില്ലേ, അവളാണ് നോക്കേണ്ടത്. അതും അവാംക്കു സമ്മാനിച്ചേയ്ക്കുക.

പെരുമാളുടെ മുഖം വല്ലാതെ ചുവന്നു. "എന്താണ് ചെ റോട്ടി പറഞ്ഞത്?"

ചെറോ—അടിയൻ രണ്ടാമതും ഉണത്തിയ്ക്കേണമോ?

പെ—വേണ്ട, മനസ്സിലായി. ഇതവാംക്കുതന്നെയാണ് വേണ്ടത്. ആരെടാ അവിടെ?

ഉടനേ ഒരു ഭടൻ അകത്തേയ്ക്കു വന്നു. അവനോടു പെരു മാാം പറഞ്ഞു: "ഈ കല്ലു കൊണ്ടുപോയി പടത്തലവൻനായരു ടെ കയ്യിൽ എത്തിച്ചുകൊടുക്ക്. അയാളുടെ മരുമകാംകുട്ടിയ്ക്കു ഞാനയച്ച സമ്മാനമാണെന്നും പറയണം. ഞാൻതന്നെ അയ ച്ചതാണെന്നു പ്രത്യേകം പറയണം."

'റാൻ' എന്നു പറഞ്ഞു തൊഴുതു ഭടൻ കല്ലു വാങ്ങി അവി ടെനിന്നു പുറത്തേയ്ക്കു പോയി. പിന്നെ പെരുമാാം രങ്കരായരെ നോക്കി, "ആ കച്ചവടക്കാർ പോയിട്ടില്ല. അവരെ പറഞ്ഞ യയ്ക്കുട്ടെ." എന്നു പറഞ്ഞ് ആ മുറിയിൽനിന്നു പുറത്തേയ്ക്കു പോയി.

അവിടെ അപ്പോാം സൈ്വരസല്ലാപത്തിന്നുള്ള സമയമല്ലെ ന്നറിഞ്ഞ് "ഞാൻ ഇപ്പോാം പോകാം. ബുദ്ധിമുട്ടിയ്ക്കുന്നില്ല.

പക്ഷെ വയസ്സായ ആളുകറ ഇങ്ങിനെ പ്രവൎത്തിക്കുന്നതു കാണു
മ്പോറ ആശ്ചൎയ്യം തോന്നുന്നു എന്നുമാത്രമേ ഉള്ളു." എന്നു പറ
ഞ്ഞു ചെറോട്ടിയമ്മ സമാധാനം പറയുന്നുണ്ടോ എന്നു നോക്കി
ക്കൊണ്ടു രങ്കരായരും പുറത്തേക്കു പോയി.

ചെറോട്ടിയമ്മ ആ നിന്ന നില്പിൽനിന്നനങ്ങാതെ ജനലിൽ
ക്കൂടി പുറത്തേക്കു നോക്കിക്കൊണ്ടു നിന്നു. അപ്പോറ തൻെറ
മനസ്സിൽ പലേ വികാരങ്ങളുമുണ്ടായി. താൻ വല്ലാതെ വഷ
ളായി എന്നാണ് ആദ്യം തോന്നിയത്. പിന്നെ താൻ പറ
ഞ്ഞത് അല്പം അധികമായിപ്പോയി എന്നും ബോധപ്പെട്ടു.
എന്നിരുന്നാലും പെരുമാറ തന്നെ വല്ലാതെ അപമാനിച്ചിരിക്കു
ന്നു എന്ന മട്ടിൽ ആ അറയുടെ വാതിൽ അകത്തുനിന്നു ബന്ധിച്ചു
കട്ടിലിന്മേലുള്ള ചില സാധനങ്ങറ നിലത്തു വലിച്ചിട്ടു കിടയ്ക്ക
യിൽ ചെന്നു കിടന്നു.

# അഞ്ചാമദ്ധ്യായം

നേരം രാത്രിയായി. തിരുവഞ്ചിക്കുളത്തുള്ള തെരുവീഥികളിൽ ജനസഞ്ചാരം കുറഞ്ഞു. രാജാക്കന്മാർ രണ്ടുപേരും അമൃതേത്തു കഴിഞ്ഞ് ഓരോ കാര്യത്തെപ്പററി സംസാരിച്ചുംകൊണ്ടു മാളികമേൽ ഇരിയ്ക്കുകയായിരുന്നു.

ഇതിനിടയിൽ പെരുമാൾ രങ്കരായരെ അവിടെക്കാണാഞ്ഞതുകൊണ്ട് "ഇപ്പോൾ എവിടെയാണ് രങ്കരായർ പോയിരിയ്ക്കുന്നത്? ഈ അസമയത്ത് അയാൾ പുറത്തേയ്ക്കു പോകേണ്ടിയിരുന്നില്ല. ഇന്നത്തെ സംഭവംകൊണ്ടു നാട്ടുകാൎക്കു അയാളോടു കുറച്ച് ഈൎഷ്യയുണ്ടാവാൻ വഴിയുണ്ട്."

കൃഷ്ണ—അയാൾ അധികം ദൂരമൊന്നും പോകുകയില്ല. പോയിട്ടുണ്ടെങ്കിൽത്തന്നെ കരുതിയിട്ടേ പോയിരിയ്ക്കുകയുള്ളു. വാൾ കയ്യിലെടുത്തിരിയ്ക്കും.

പെരു—ആൾക്കൂട്ടം വന്നു വളഞ്ഞാൽ അയാളുടെ വാൾകൊണ്ട് എന്തു ചെയ്യുവാൻ സാധിയ്ക്കും?

കൃഷ്ണ—രങ്കൻ കുറഞ്ഞവനാണെന്നു പെരുമാൾ ശങ്കിയ്ക്കേണ്ട. ഇവിടെയുള്ള ഒരഞ്ചെട്ടാളുകൾ വന്നാലും രങ്കനെ തൊടുവാൻ പോലും സാധിയ്ക്കുകയില്ല.

പെരു—എത്ര മിടുക്കുള്ളവനായാലും, ഇവിടെയുള്ള സാധാരണന്മാർകൂടി അയാളോടു കിടപിടിയ്ക്കുവാൻ പോരുന്നവരായിരിയ്ക്കും.

കൃഷ്ണ—(ഒരു പുഞ്ചിരിയോടുകൂടി) പെരുമാൾ മുഷിയരുത്. എന്റെ രാജ്യത്തുള്ള ഒന്നാംകിടക്കാരോടു പൊരുതിനില്ക്കുവാൻ ഇവിടെ ആരുമുണ്ടായിരിയ്ക്കുകയില്ലെന്നു ഞാൻ പറയുന്നു. രങ്കൻ തന്നെ ഒന്നാമനല്ല. രങ്കനെക്കാൾ യോഗ്യന്മാരായ ആറേഴുപേർ നമ്മുടെ സൈന്യത്തിൽത്തന്നെയുണ്ട്.

പെരു—നിങ്ങളുടെ ഒന്നാംതരക്കാൎക്കു സമയമായിട്ടുള്ളവരെ

ഞാൻ ഇവിടെനിന്നു കണ്ടുപിടിച്ചു തരാം. വാൾയുദ്ധം എന്നു വെയ്ക്കേണ്ട, ഏതു വിധത്തിലുള്ള യുദ്ധമെങ്കിലും ആയിക്കൊള്ളട്ടെ. നിങ്ങളുടെ രാജ്യത്തിൽനിന്നു കൊണ്ടുവരുന്ന മഹാവീരന്മാൎക്കും സമന്മാരായവർ ഇവിടെയുണ്ടെന്നു ഞാൻ ബോധപ്പെടുത്തിത്തരാം.

കൃഷ്ണ—എന്നാൽ നമുക്കൊരു കാൎയ്യം ചെയ്യുകയാം. ശരിയായ ഒരു മത്സരപരീക്ഷതന്നെ നടത്താം. അതിൽ എല്ലാമിരിയ്ക്കട്ടെ—വാൾയുദ്ധം, മല്ലിടുത്തം, തൎക്കം ഇവയെല്ലാമിരിയ്ക്കട്ടെ.

പെരു—തൎക്കത്തിന്നുള്ളവരെ കിട്ടുവാൻ കുറച്ചു പ്രയാസമായിരിയ്ക്കും എന്നു ഞാൻതന്നെ സമ്മതിയ്ക്കാം.

കൃഷ്ണ—(ചിരിച്ചുംകൊണ്ട്) എന്താണ് ഇവിടെ എല്ലാവരും അത്ര മൂഢന്മാരാണെന്നോ?

പെരു—എന്നു ഞാൻ പറഞ്ഞില്ല. മററുള്ളവയ്ക്ക് ആളുകളെ കിട്ടുന്ന വിധം അത്ര എളുപ്പത്തിൽ അതിന്നു കിട്ടിയേയ്ക്കില്ല എന്നുമാത്രം.

കൃഷ്ണ—തൎക്കം അവസാനമായിരിയ്ക്കോള്ളട്ടെ. നമുക്ക് ഇവിടെയോ അല്ല നമ്മുടെ രാജ്യത്തോ ഒരു സൎവ്വജ്ഞപീഠം സ്ഥാപിയ്ക്കാം. ആ പീഠത്തിന്മേൽ ഇരിയ്ക്കുവാൻ യോഗ്യതയുള്ള ആൾ ഏതു രാജ്യത്താണ് ഉള്ളതെന്നുകൂടി തീൎച്ചപ്പെടുത്തിക്കളയാം.

പെരു—ഓഹോ, ഞാൻ സമ്മതിച്ചു. ദിവസം നിശ്ചയിയ്ക്കാം.

കൃഷ്ണ—അങ്ങിനെ പറഞ്ഞാൽ പോര, ഇതിന്നു മതിയായ ഒരു പണയവുംകൂടി വേണം.

പെരു—അതെന്താണ് വേണ്ടത്?

കൃഷ്ണ—ഈ രാജ്യം ജയിയ്ക്കുയാണെങ്കിൽ പെരുമാളുടെമേൽ നമുക്കുള്ള മേല്ക്കോയ്മസ്ഥാനം വിട്ടുകളയാം. അതല്ല, നമ്മുടെ രാജ്യം ജയിയ്ക്കുയാണെങ്കിൽ ഇവിടുത്തെ മകൾ അംബികയെ രങ്കന്നു കല്യാണം ചെയ്തുകൊടുക്കുകയും, ഇനിയത്തെ പെരുമാൾപ്പട്ടം അവന്നു ഉറപ്പിയ്ക്കുകയും വേണം.

കൃഷ്ണരായരുടെ ഈ വാക്കുകൾ കേട്ടിട്ടു പെരുമാൾ കുറച്ചു നേരത്തേയ്ക്കു സ്തംഭിച്ചിരുന്നുപോയി. ഒന്നും മറുപടി പറഞ്ഞില്ല. കൃഷ്ണരായർ പെരുമാളുടെ ഈ സംശയം കണ്ടു പറഞ്ഞ വാക്കുകളെ പിൻവലിയ്ക്കുവാൻ ഇട കൊടുക്കരുതെന്നു മനസ്സിൽ കരുതി, ചിരിച്ചുകൊണ്ട് ഇങ്ങിനെ പറഞ്ഞു.

കൃഷ്ണ—പറഞ്ഞതു കുറച്ചവിവേകമായിപ്പോയി എന്നു തോന്നുന്നുണ്ടെങ്കിൽ വാക്കു പിൻവലിയ്ക്കുന്നതിന്നു വിരോധമില്ല. നമ്മുടെ രാജ്യത്താണ് യോഗ്യന്മാരുള്ളതെന്നു സമ്മതിച്ചാൽ മതി.

പെരു—ഞാൻ അതിനെപ്പററിയല്ല വിഷമിയ്ക്കുന്നത്. ഇങ്ങിനെയുള്ള ഒരുടമ്പടി ചെയ്യുവാൻ എനിയ്ക്കധികാരമുണ്ടോ എന്നാണ് ഞാൻ സംശയിച്ചത്. ഞാൻതന്നെ ഈ രാജ്യത്തെ ജനങ്ങറം തിരഞ്ഞെടുത്തു ക്ഷണിച്ചുവരുത്തിയ ഒരു രാജാവാണ്. അതുകൊണ്ട് എനിയ്ക്ക് ഈ രാജ്യക്കാരുടെ രാജ്യം എൻെറ സ്വത്തുപോലെ മററാരാറംക്കാക്കാമെന്നേല്ക്കുവാൻ അധികാരമുണ്ടോ എന്നാണ് ഞാൻ ആലോചിയ്ക്കുന്നത്.

കൃഷ്ണ—എന്തിനാണ് ഇങ്ങിനെയെല്ലാം ഒഴികഴിവുകറം പറയുന്നത്? പെരുമാറംക്ക് ഈ രാജ്യക്കാരെപ്പററി അത്ര ഉറപ്പു തോന്നുന്നുണ്ടെങ്കിൽ അതിനെപ്പററി എന്തിനാണ് ഇത്ര സംശയിയ്ക്കുന്നത്? ഈ രാജ്യത്തിൻെറ മാനം ഈ രാജ്യക്കാർതന്നെ നിലനിർത്തട്ടെ.

പെരു—ഇതു പുറത്തു പറഞ്ഞാൽത്തന്നെ ഈ രാജ്യക്കാർ എന്നെ വിശ്വസിയ്ക്കുവാൻ കൊള്ളരുതാത്ത ഒരാളാണെന്നു വിചാരിച്ചുകളയുകയില്ലേ. ഞാൻ അവരുടെ രാജ്യത്തെ അവരുടെ സമ്മതംകൂടാതെ മററാരാറംക്ക് അടിമപ്പെടുത്തിക്കൊടുക്കാമെന്നു വാഗ്ദാനം ചെയ്യുന്നതുതന്നെ കുറേ സാഹസമല്ലേ.

കൃഷ്ണ—എന്നാൽ ആ ഭാഗം പുറത്തു പറയണ്ട. ഈ ഉടമ്പടി നാം മാത്രം അറിഞ്ഞാൽ മതി.

പെരു—അങ്ങിനെ ചെയ്യാനേ നിവൃത്തിയുള്ളു. ഇതു പുറത്തു പറഞ്ഞുകൂട.

“ദിവസം ആലോചിച്ചു തീച്ച്പ്പെടുത്താം.’’ എന്നു പറഞ്ഞു പെരുമാറം തൻെറ കൊട്ടാരത്തിലേയ്ക്കു പോവാനായി തിരിഞ്ഞു. അപ്പോറം ചെറോട്ടിയമ്മയെ ഓർമ്മവന്നു. “ഒന്നു ചെറോട്ടിയെ കണ്ടുകളയാം’’ എന്നു പറഞ്ഞു ചെറോട്ടിയമ്മയുടെ വസതിയിലേയ്ക്കു പുറപ്പെട്ടു. അപ്പോറം ചെറോട്ടിയമ്മ പെരുമാളുടെ കൊട്ടാരത്തിൽത്തന്നെയാണുള്ളതെന്ന് ഒരു ഭടൻമുഖാന്തരം അറിഞ്ഞതുകൊണ്ടു പെരുമാറം ചെറോട്ടിയമ്മയെ അന്നു വൈകുന്നേരം കണ്ട മുറിയിലേയ്ക്കു തിരിച്ചു. ആ മുറിയുടെ വാതിൽ അടച്ചതായി കണ്ടതുകൊണ്ടു വാതിലിന്നു തട്ടി. “ഇതെന്താണ് വാതിൽ അടച്ചു ബന്ധിച്ചിരിയ്ക്കുന്നത്? ചെറോട്ടി

ഇതിന്നകത്തില്ലേ?" എന്നു വിളിച്ചുചോദിച്ചു.

ഉത്തരമൊന്നും പറയാതെ ചെറോട്ടിയമ്മ വാതിൽതുറന്നു. പെരുമാറ് അകത്തേയ്ക്കു പ്രവേശിച്ചു. "എന്താണ് ചെറോട്ടിയ്ക്കു വല്ല അസഹ്യതയും ഉണ്ടോ?"

ചെ—അടിയന്നു സുഖമില്ല. പള്ളിക്കുറുപ്പിന്ന് ഇനിയും സമയമായില്ലേ? അടിയൻെറ സുഖക്കേട് ഇവിടുന്നന്വേഷിച്ചു ബുദ്ധിമുട്ടണമെന്നില്ല.

പെരു—എന്താണ് സുഖക്കേട്?

ചെ—വിശേഷിച്ചൊന്നുമില്ല. നെഞ്ചിൽ എന്തോ ഒരു വേദന, അത്രമാത്രമേ ഉള്ളു. ശ്വാസവും നല്ലവണ്ണം കഴിയ്ക്കുവാൻ കഴിയുന്നില്ല. അടിയന്നു വയസ്സായില്ലേ; അടിയൻ വല്ലപ്രകാരത്തിലും ഇനിയുള്ളകാലം കഴിച്ചുകൊള്ളാം.

തുടൎന്നുണ്ടായ സംഭാഷണത്തിൽനിന്നു പടത്തലവൻ നായരുടെ മരുമകൾക്കു വൈരക്കല്ലുകൊടുത്തയച്ചതാണ് ചെറോട്ടിയമ്മയുടെ നീരസത്തിന്നു കാരണമെന്നു പെരുമാൾക്കു മനസ്സിലായി. അതുകൊണ്ട് ആ കല്ലു തിരിച്ചുവാങ്ങികൊണ്ടുവരുവാൻ അദ്ദേഹം ഏൎപ്പാടുചെയ്തിട്ടു ചെറോട്ടിയമ്മയെ നോക്കി പറഞ്ഞു:

പെരു—ഇനി കഞ്ഞി കഴിയ്ക്കുന്നതിന്നു വിരോധമില്ലല്ലോ.

ചെ—ഇല്ല.

പെരു—സമയം വളരെ വൈകിയിരിയ്ക്കുന്നു. ഞാൻ പോയി ഉറങ്ങട്ടെ.

ചെ—ഇവിടുന്നു മുഷിഞ്ഞിട്ടു പോകയാണെങ്കിൽ—

പെരു—എന്തിന്നു മുഷിയുന്നു? മുഷിച്ചിലൊന്നുമില്ല. നേരം വളരെ വൈകി.

ചെ—അടിയനും കൂടെ വരാം.

പെരു—വേണമെന്നില്ല.

ചെ—അപ്പോൾ മുഷിച്ചിലുണ്ടെന്നു തീൎച്ചയാണ്.

പെരു—ഓ, എന്നാൽ പോന്നുകൊള്ളു. ഞാൻ ചെറോട്ടിയെ ബുദ്ധിമുട്ടിയ്ക്കേണ്ട എന്നുമാത്രം വിചാരിച്ചു പറഞ്ഞതാണ്. വരു പോകാം.

ചെറോട്ടിയമ്മ ക്ഷണത്തിൽ എഴുനേററു. വേലക്കാരിയുടെ കയ്യിൽനിന്നു ചങ്ങലവട്ട വാങ്ങി പെരുമാൾക്കു വെളിച്ചം കാണിച്ചുംകൊണ്ട് അദ്ദേഹത്തെ അദ്ദേഹത്തിൻെറ ശയനമുറിയിലേയ്ക്കു കൂട്ടികൊണ്ടുപോയി.

# ആറാമദ്ധ്യായം

പടത്തലവൻനായക്ക് അന്ന് ഉറക്കം തീരെ വന്നില്ല. പാണ്ഡ്യരാജാവിന്റെ വരവും അതിനോടു തൊട്ടുണ്ടായ സംഭവങ്ങളുമെല്ലാംകൂടി പടത്തലവൻനായരെ വല്ലാതെ അസ്വസ്ഥതയിലാക്കിയിരുന്നു. ഉറങ്ങുവാൻ ചെന്നു കിടന്നുവെങ്കിലും എത്ര ശ്രമിച്ചിട്ടും ഉറക്കം വന്നില്ല. അതുകൊണ്ടു കട്ടിലിൽനിന്നെഴുനേററു മുറിയിൽനിന്നു പുറത്തേയ്ക്കുവന്നു. കുറച്ചു നടന്നാൽ ഒരു സമയം ഉറക്കംവരുമായിരിയ്ക്കും എന്നു വിചാരിച്ചു വാതിൽ തുറന്നു മുററത്തേയ്ക്കുവന്ന് അങ്ങട്ടും ഇങ്ങട്ടും നടക്കുകയായി.

ഈ സമയം ആരോ ഒരാൾ പടിപ്പുരയിൽ വന്നുകയറി. അയാളെ കണ്ടിട്ട് "ആരാണത്" എന്ന് പടത്തലവൻനായർ വിളിച്ചു ചോദിച്ചു.

ആഗതൻ—കൊട്ടാരത്തിൽനിന്നാണ്.

പടത്തലവൻനായർ ക്ഷണത്തിൽ അയാളുടെ അടുക്കലേയ്ക്കു ചെന്നു. കൊട്ടാരത്തിലെ ഒരു ഭടനാണെന്നു മനസ്സിലായി.

"കൊട്ടാരത്തിൽനിന്നോ? വരൂ. എന്താണ് വിശേഷിച്ച്?" എന്ന് കുറച്ചു പരിഭ്രമത്തോടേ ചോദിച്ചു.

ഭടൻ "തിരുമനസ്സുകൊണ്ട് ഒരു കാര്യം അരുളിച്ചെയ്തയച്ചു." എന്നു പറഞ്ഞു പിന്നെ ഒന്നും പറയാതെ സംശയിച്ചു നിന്നു.

പട—തിരുമനസ്സുകൊണ്ട് ഇനിയും പള്ളിക്കുറുപ്പിന്നു പോയിട്ടില്ലേ? എന്താണ് കാര്യം? പറയൂ, കേൾക്കട്ടെ.

ഭടൻ പിന്നേയും സംശയിച്ചുകൊണ്ടുനിന്നു: കുറച്ചു കഴിഞ്ഞശേഷം, "സ്വകാര്യമാണ്."

പടത്തലവൻനായർ ഭടനേയുംകൂട്ടി വേറൊരു ഭാഗത്തേയ്ക്കു പോയി.

ഭടൻ—കുറച്ചു മുമ്പേ തിരുമനസ്സുകൊണ്ടു അയച്ച കല്പ് ഇപ്പോൾത്തന്നെ അങ്ങട്ടു തിരിച്ചയയ്ക്കുവാൻ കല്പിച്ചയച്ചിരിയ്ക്കുന്നു.

ഇതു കേട്ടിട്ടു പടത്തലവൻനായർ കുറച്ചുനേരത്തേയ്ക്കു് ഒന്നും സംസാരിയ്ക്കാൻ സാധിയ്ക്കാതെ മരംപോലെ നിന്നുപോയി.

പട—തിരിച്ചയയ്ക്കുവാനോ? എന്താണു് താൻ പറയുന്നതു്?

ഭടൻ—അതേ, തിരിച്ചയയ്ക്കുവാൻതന്നെയാണു് പറഞ്ഞയച്ചതു്.

പട—ഒരു കാലത്തും ഇതു പറഞ്ഞയച്ചതു തിരുമനസ്സുകൊണ്ടാവാൻ തരമില്ല. ഒരുസമയം തിരുമനസ്സിന്നുവേണ്ടി വേറെ വല്ലവരും പറഞ്ഞിരിയ്ക്കും, അല്ലേ?

ഭടൻ—അല്ല, തിരുമനസ്സുകൊണ്ടുതന്നെയാണു് കല്പിച്ചയച്ചതു്.

പടത്തലവൻനായർ വീട്ടിൻെറ ഉള്ളിലേയ്ക്കുപോയി പെങ്ങളെ വിളിച്ചുണർത്തി വിവരം പറഞ്ഞു. ആ സ്ത്രീ കിടന്നുറങ്ങുന്ന മകളെ വിളിച്ചുണർത്തി, പെട്ടിയിൽ ഭദ്രമായി സൂക്ഷിച്ചുവെച്ചിരുന്ന കല്ലു് എടുപ്പിച്ചു പടത്തലവൻനായരുടെ കയ്യിൽ കൊണ്ടുപോയി കൊടുത്തു.

പടത്തലവൻനായർ ആ കല്ലു സൂക്ഷിച്ചിരുന്ന അളുക്കോടുകൂടി ഭടൻെറ കൈവശംകൊടുത്തു "വീണുപോകാതെ സൂക്ഷിയ്ക്കണം" എന്നു പറഞ്ഞു ഭടനെ അയച്ചു.

ഭടൻ പോയി അല്പസമയം കഴിയുന്നതിനുമുമ്പു തെരുവീഥിയിൽനിന്നു വാളുകൾ തമ്മിലിടയുന്ന ശബ്ദം കേട്ടു. പടത്തലവൻനായർ ഉടനെ ശബ്ദംകേട്ട സ്ഥലത്തേയ്ക്കോടി ചെന്നപ്പോൾ കണ്ടതു കല്ലു വാങ്ങിക്കൊണ്ടുപോയ ഭടൻ അനവധി വെട്ടുകളേററു രക്തത്തിൽമുങ്ങി തെരുവീഥിയിൽ വീണുകിടക്കുന്നതാണു്. അവൻ മരിച്ചിരുന്നില്ല. പടത്തലവൻനായരെ കണ്ടപ്പോൾ അവൻ കൈ പൊക്കി എന്തോ പറയുവാൻ ശ്രമിച്ചു. പക്ഷെ വാക്കുകളൊന്നും പുറത്തേയ്ക്കു വന്നില്ല. എന്തോ ഒരു ശബ്ദം മാത്രം പുറപ്പെടുവിച്ചു് അവൻ കാലഗതിയെ പ്രാപിച്ചു. ഇതിൻെറ സംഗതികളൊന്നും മനസ്സിലാവാഞ്ഞതുകൊണ്ടു് അവർ അടുത്തുള്ള സ്ഥലങ്ങൾ നടന്നുനോക്കി. കുറച്ചുദൂരേ ചെന്നപ്പോൾ അവിടെ മൂന്നുനാലു വിദേശീയഭടന്മാർ മരിച്ചുകിടക്കുന്നതും വേറെ നാലഞ്ചുപേർ നല്ലവണ്ണം മുറിയേററുകിടക്കുന്നതും കണ്ടു. ഇതിൻെറ കാരണം ചോദിച്ചറിവാൻ വേറെയാരും അവിടെയില്ലായിരുന്നു. മുറിയേററവരോടു ചോദിച്ചതിലും അതിനെക്കുറിച്ചു് ഒന്നും മനസ്സിലായില്ല.

ഏതെങ്കിലും മുറിയേററവരേയും മരിച്ചവരേയും അവിടെനിന്നു മാററുവാൻ കല്പനകൊടുത്തു പടത്തലവൻനായർ സ്വഗൃഹത്തിലേയ്ക്കു പോയി.

ഈ വത്തമാനമറിഞ്ഞു രായന്മാരുടെ ചില ഭടന്മാരും അവിടെവന്ന് ആ മുറിയേററവരോടു ചോദ്യം തുടങ്ങി.

ഒരുത്തനോടു ചോദിച്ചതിൽ, കല്ലംകൊണ്ടു വന്നിരുന്ന ഭടൻ തെരുവീഥിയിൽവെച്ച "വിക്കിരാ വിക്കിരാ" എന്നു വിളിച്ചുവെന്നും, ഈ ശബ്ദംകേട്ട് അവർ ഭടനെ സഹായിയ്ക്കുവാൻ ചെന്നുവെന്നും, അവരെ എല്ലാവരേയും വിക്കിരിൻ വാാംകൊണ്ടു വെട്ടിവീഴ്ത്തി ഓടിപ്പോയ്ക്കളഞ്ഞുവെന്നും പറഞ്ഞു. ഈ വത്തമാനംകേട്ട് എല്ലാവരും വിക്കിരനെ സംശയിച്ചു. അവിടെ കൂടിയവരിൽച്ചിലർ വിക്കിരൻ കൊട്ടാരത്തിലുണ്ടാവില്ലെന്ന വിശ്വാസത്തോടേ വിക്കിരനേയും തിരഞ്ഞുപോയി. പക്ഷെ അവർ ചെന്ന സമയം വിക്കിരൻ ഒരറയിൽ സുഖമായി കൂക്കം വലിച്ചുറങ്ങുന്നതാണ് കണ്ടത്. വിക്കിരൻെറ ദേഹത്തിൽ ഒരു തുള്ളിപോലും രക്തംപുരണ്ടതായി തോന്നിയില്ല.

തിരുവഞ്ചിക്കുളത്തെ നിവാസികാംക്ക സംസാരിയ്ക്കുവാനുള്ള പ്രധാനവിഷയം, കൊട്ടാരത്തെരുവീഥിൽയിവെച്ചു നടന്ന കൊലപാതകത്തിൻെറ വത്തമാനംമാത്രമായിരുന്നു. തങ്ങളുടെ കൂടെ വന്ന ഭടന്മാരെ കൊന്ന ഘാതകനെ കണ്ടുപിടിച്ചു ശിക്ഷിയ്ക്കേണ്ടുന്നതാണെന്നു കൃഷ്ണരായർ പെരുമാളോടു നിഷ്കഷിച്ചു പറഞ്ഞിരുന്നു. അതനുസരിച്ചു പെരുമാാം ഘാതകനേയോ ഘാതകന്മാരേയോ ഉടനെ കണ്ടുപിടിച്ചുകൊള്ളേണ്ടതാണെന്ന് ഉദ്യോഗസ്ഥന്മാക്കു കല്പനയും കൊടുത്തിരുന്നു. ഉദ്യോഗസ്ഥന്മാരും നാട്ടിലുള്ളവരും എല്ലാം ശ്രമിച്ചിട്ടും അതിനെപ്പററി അധികവിവരം ഒന്നും കിട്ടിയില്ല.

ഒരു ദിവസം രാവിലെ അംബികാദേവി എഴുന്നേററു കൊട്ടാരത്തിൽക്കൂടി പോകുന്ന സമയം വിക്കിരൻ മിന്നിക്കൊണ്ടിരുന്ന എന്തോ ഒരു സാധനം മേല്പോട്ടിട്ടു കളിയ്ക്കുന്നതുകണ്ടു. അംബികാദേവി അടുത്തുചെന്നു നോക്കി. ആ സാധനം ഒരു വൈരക്കല്ലാണെന്നു മനസ്സിലായി. പെട്ടെന്നു തൻെറ ഹൃദയത്തിൽക്കൂടി ഒരു ഭയം അഗ്നിജ്വാലപോലെ കത്തിക്കയറി. കുറച്ചു നേരത്തേയ്ക്ക് എന്തു ചെയ്യേണ്ടു എന്നറിയാതെ അവിടെത്തന്നെ

നിന്നു. ഒടുക്കം 'വിക്കിര' എന്നു വിളിച്ചു. ഉടനേ വിക്കിരൻ കളി മതിയാക്കി ചിരിച്ചുംകൊണ്ടു ദേവിയുടെ അടുത്തുവന്നു. തൻെറ കയ്യിലുള്ള രത്നത്തെ ദേവിക്കു നല്ലവണ്ണം കാണാവുന്നവിധത്തിൽ പിടിച്ചു. വിക്കിരൻെറ കയ്യിലുള്ള രത്നമാണ് കുറച്ചു ദിവസംമുമ്പു നടന്ന കൊലപാതകത്തിന്നു ഹേതുവായതെന്നു മനസ്സിലായി. അവിടെവെച്ച് അന്വേഷണം നടത്തേണ്ടെന്നുദ്ദേശിച്ചു 'വിക്കിരാ വരു' എന്നു പറഞ്ഞു നടന്നു. വിക്കിരൻ ദേവിയുടെ പിന്നാലെ പോയി. തൻെറ അറയിലെത്തിയശേഷം ദേവി വിക്കിരനെ അടുത്തേക്കു വിളിച്ചു. "അതെവിടെ, കാണിക്കു" എന്നു പറഞ്ഞു. വിക്കിരൻ ചോദ്യം മനസ്സിലാവാതെ ദേവിയുടെ മുഖത്തു നോക്കിക്കൊണ്ടുനിന്നു. അംബികാദേവി മേല്പോട്ട് ഒരു സാധനം ഇടുന്ന മാതിരി കാണിച്ചു. ഉടനേ വിക്കിരൻ ഒരു പൊട്ടിച്ചിരിയോടെ രത്നം തൻെറ ചെവിയിൽ നിന്നെടുത്ത് അംബികാദേവിയുടെ കയ്യിൽ കൊടുത്തു.

കല്ല് ഒരു പെട്ടിയിൽ ഭദ്രമായി സൂക്ഷിച്ചുവെച്ചതിന്നു ശേഷം അംബികാദേവി വിക്കിരനോടു "വിക്കിരൻ പോയി ഊൺ കഴിച്ചു വരു" എന്നു പറഞ്ഞു. ഉടനെ വിക്കിരൻ ദേവിയെത്തന്നെ തിരിഞ്ഞും മറിഞ്ഞും നോക്കിക്കൊണ്ട് ആ മുറിയിൽനിന്നു പുറത്തേക്കുപോയി.

വിക്കിരൻ പോയശേഷം അംബികാദേവി എന്തോ ആലോചിച്ചുംകൊണ്ട് അവിടെത്തന്നെ ഇരുന്നു.

പെട്ടെന്നു മുറിയുടെ മറേറ ഭാഗത്തുണ്ടായിരുന്ന ഒരു വലിയ പെട്ടിയുടെ പിന്നിൽനിന്നു രങ്കരായർ സാവധാനത്തിൽ പുറത്തേക്കുവന്നു. രങ്കരായരുടെ മുഖത്തു ഹാസ്യമയമായ ഒരു പുഞ്ചിരിയാണ് അപ്പോൾ ഉണ്ടായിരുന്നത്.

അംബികാദേവി വല്ലാതെ ഭയപ്പെടുകയും പരിഭ്രമിക്കുകയും ചെയ്തു. എങ്കിലും തല്ക്കാലത്തേക്കു ധൈര്യമവലംബിച്ച് "എന്തു വേണം" എന്നു ചോദിച്ചു.

രങ്കരായർ—(മന്ദഹാസത്തോടെതന്നെ) അംബികയെ ഒന്നു കാണേണ്ടുന്ന ആവശ്യത്തിന്നു വന്നതാണ്. സുഖക്കേട് അല്പം ഭേദമായതുകൊണ്ടു കൊട്ടാരത്തിൽ നടക്കുകയായിരുന്നു. ആ സമയം ഈ അറ കണ്ടു. അംബികാദേവിയുടെ അറയാണെന്നു മനസ്സിലായി. ദേവിയെ ഒന്നു കണ്ടു സംസാരിക്കാം എന്നുദ്ദേ

ശിച്ച് അകത്തു പ്രവേശിച്ചു. ദേവി ഇവിടെ ഉണ്ടായിരുന്നില്ല. കുറച്ചുകഴിഞ്ഞ ഉടനെ വിക്കിരനേയുംകൂട്ടി വരുന്നതുകണ്ടു. അംബികയെ തനിച്ചു കാണുവാനാണ് ഞാൻ വന്നത്. അതു കൊണ്ടു വിക്കിരൻ പോകുന്നതുവരെ മറഞ്ഞിരുന്നു.

വിക്കിരനുമായുള്ള സംഭാഷണം മുഴുവനും ഈയാൾ കേട്ടിരിയ്ക്കുന്നു എന്നു മനസ്സിലായതോടുകൂടി, വിക്കിരന്റെ കയ്യിൽ കല്ല് കണ്ടപ്പോൾ മനസ്സിൽ തോന്നിയപോലെതന്നെയുള്ള ഒരു ഭയം ഇരട്ടി ശക്തിയോടുകൂടി തന്റെ ഹൃദയത്തിൽ തള്ളി കയറി. താൻ വളരെ ഗോപ്യമായിവെച്ചിരുന്ന വിചാരവുംകൂടി അയാൾ മനസ്സിലാക്കിയിട്ടുണ്ടെന്നും ഊഹിച്ചു. ലജ്ജകൊണ്ടും ഭയംകൊണ്ടും കോപംകൊണ്ടും കുറേനേരത്തേയ്ക്ക് ഒന്നും സംസാരിയ്ക്കുവാൻ സാധിച്ചില്ല. കുറച്ചു കഴിഞ്ഞതിന്നുശേഷം "ആട്ടെ, ഒളിച്ചുനിന്ന് അറിയേണ്ടതെല്ലാം അറിഞ്ഞുകഴിഞ്ഞില്ലേ? ഇനിയെങ്കിലും പോയ്ക്കൂടേ?"

രങ്കരായർ—(കുറേ ഗൌരവം നടിച്ചുംകൊണ്ട്) അറിയേണ്ടതെല്ലാം അറിഞ്ഞുകഴിഞ്ഞില്ല. കല്യാണദിവസത്തിന്റെ തിയ്യതി അറിയേണ്ടതുണ്ട്.

അംബി—ആരുടെ?

രങ്ക—ദേവിയുടെ.

അംബി—എന്റെ കല്യാണദിവസത്തിന്റെ തിയ്യതി നിങ്ങൾക്കറിയേണ്ടുന്ന ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

രങ്കരായർ ഒന്നുകൂടി മന്ദഹസിച്ചു. "ദേവീ കളി നന്നല്ല. ചെറോട്ടിയമ്മയുടേയും പെരുമാളുടേയും യോജിച്ച അഭിപ്രായം ഞാൻ അവിടുത്തെ കല്യാണം കഴിയ്ക്കണമെന്നാണ്. അതിന്നു വല്ല വിപരീതവും പറകയാണെങ്കിൽ വലിയ തകരാറുകളുണ്ടാവും. ഞാൻ തുറന്നു പറഞ്ഞേയ്ക്കാം."

അംബി—ഞാനും തുറന്നുപറയാം. ഞാൻ നിങ്ങളെ ഇജ്ജന്മം കല്യാണം കഴിയ്ക്കില്ല.

രങ്ക—ആട്ടെ, എന്നാൽ ഒന്നുകൂടി പറയാം. വിക്കിരൻ കഴുവിന്മേൽകയറി മരിയ്ക്കുന്നതു കാണേണ്ടിവരും.

അംബി—ഞാൻ നിങ്ങളെ കല്യാണം കഴിയ്ക്കാത്തതുകൊണ്ട് എന്തിനാണ് വിക്കിരൻ കഴുവിന്മേൽ കയറുന്നത്?

രങ്ക—കൊലപാതകം ചെയ്തതിന്നുതന്നെ.

അംബി—ആ പാവം അതിനെപ്പററി യാതൊന്നും അറികയില്ല.

രങ്ക—ദേവീ! എൻെറ ജ്യേഷ്ഠൻെറ നാലകമ്പടിക്കാർ മരിച്ചിരിക്കുന്നു. വേറെ അഞ്ചെട്ടാൾക്കു മുറിവുംപാററിയിരിക്കുന്നു. ഭടൻ മരിക്കുന്നതിന്നുമുമ്പെ 'വിക്കിരാ വിക്കിരാ' എന്നു നിലവിളിച്ചതായി അവർ പറയുന്നു. മരിച്ച ഭടൻെറ കയ്യിലുണ്ടായിരുന്ന വൈരം അയാളുടെ കൈവശം കാണുന്നു. ആയാളാണ് ഈ കൊല ചെയ്തതെന്നതിന്നു വേറെ വല്ല തെളിവും ആവശ്യമുണ്ടോ? അയാൾ പൊട്ടനാണെന്നു നടിച്ചതുകൊണ്ട് ഒരു ഫലവും ഉണ്ടാകയില്ല.

രങ്കരായർ ഇതെല്ലാം പറയുമ്പോൾ പലേ വികാരങ്ങളും അംബികാദേവിയുടെ ഹൃദയത്തെ ക്ഷോഭിപ്പിച്ചുകൊണ്ടിരുന്നുവെങ്കിലും, യാതൊന്നും പുറത്തേക്കു കാണിക്കരുതെന്നുള്ള ദൃഢനിശ്ചയത്തോടുകൂടി മുഖത്ത് ഒരു ഭാവഭേദവും വരുത്താതെതന്നെ കഴിച്ചുകൂട്ടി. അതിനിടയിൽ 'വിക്കിരൻ പൊട്ടനാണെന്നു നടിക്കുകയായിരിക്കുമോ' എന്ന ഒരു സംശയം ദേവിയെ സന്തോഷഭരിതയാക്കി. ഉടനെ വിക്കിരന്നു വരുവാൻപോകുന്ന ആപത്തിനെ ഓൎത്തു ഭയപ്പെട്ടു.

താൻ പ്രയോഗിച്ച അസ്ത്രം കുറിക്കുകൊണ്ടു എന്നുകണ്ടു രങ്കരായർ വളരെ സന്തോഷിച്ചു. അതിനെ കുറേക്കൂടി പ്രബലപ്പെടുത്തുവാൻവേണ്ടി കല്ലുവെച്ചു സൂക്ഷിച്ചു പെട്ടിയുടെ അടുത്തുചെന്നുനിന്ന് അതിന്മേൽ തട്ടികൊണ്ട് "ഇതാ, ഈ പെട്ടി തുറന്നാൽ വിക്കിരൻ കുററക്കാരനാണെന്നു തെളിയിക്കുവാൻ മതിയായ സാധനം കിട്ടും" എന്നു പറഞ്ഞ് അംബികാദേവിയുടെ മുഖത്തുനോക്കി ഒന്നുകൂടി മന്ദഹസിച്ചു.

അംബി—ആ സാധുവിനെ കഴുവിന്മേൽ കയററിയിട്ടു നിങ്ങൾക്കെന്തൊണ് കാര്യം.

രങ്ക—കാര്യം വിശേഷിച്ചൊന്നുമില്ല. കുററക്കാരനെ ശരിയായ ശിക്ഷയനുഭവിപ്പിച്ചു എന്ന കൃതാൎത്ഥതതന്നെ. ഈ രാജ്യത്തു മോഷണത്തിന്നുകൂടി ശിക്ഷ മരണമാണ്. വിക്കിരൻ കളവും കൊലയും രണ്ടും ചെയ്തിട്ടുണ്ട്. അതുകൊണ്ടു ശിക്ഷ ശരിയായി നടത്തണമെന്നുമാത്രമേ ഉള്ളു. അതിന്നുള്ള തെളിവും എൻെറ കൈവശത്തിലുണ്ട്. ആ തെളിവു പുറത്തേക്കുവരുത്തേ

ണ്ടെങ്കിൽ എന്നെ കല്യാണം കഴിയ്ക്കാമെന്നു വാഗ്ദാനം ചെയ്യണം. അല്ലാതിരുന്നാൽ ഞാൻ ഇപ്പോഠത്തന്നെ പോയി ജ്യേഷ്ഠനേയും പെരുമാളെയും വിവരമറിയിയ്ക്കും.

അംബി—ഞാൻ ജീവനോടുകൂടി ഇരിയ്ക്കുമ്പോഠ നിങ്ങളെ കല്യാണം കഴിയ്ക്കില്ലെന്നു നിങ്ങഠക്കു തീച്ചപ്പെട്ടുത്താം.

രങ്ക—ഇതിന്നു മാററമില്ലല്ലോ.

അംബി—ഇല്ല.

ഇതു കേട്ടു രങ്കരായക്കു സഹിയ്ക്കവയ്യാത്ത ദ്വേഷ്യം വന്നു. അംബികാദേവിയുടെ അടുത്തേയ്ക്കു ചെന്നു കൈപിടിയ്ക്കുവാൻ ശ്രമിച്ചു. പെട്ടെന്നു "വിക്കിരാ" എന്നുള്ള ദേവിയുടെ ഒരു വിളി രങ്കരായരെ ഇടിവെട്ടിയപോലെ സ്തംഭിപ്പിച്ചു. കോപത്തോടെ ദേവിയുടെ മുഖത്ത് ഒന്നുകൂടി നോക്കി ഒന്നും പറയാതെ അവിടെനിന്നു പോയി.

അംബികാദേവിയുടെ പരിഭ്രമവും രങ്കരായരുടെ കാപട്യവും നിമിത്തം വൈരക്കല്ല കട്ടതിന്നും തുടൎന്നുണ്ടായ കൊലപാതകത്തിന്നും ഉത്തരവാദി വിക്കിരനാണെന്നു നാടൊട്ടുക്കു പ്രസ്താവമായി. പെരുമാഠക്കും മററും കൊലപാതകം ചെയ്തതു വിക്കിരനല്ല എന്നു വിശ്വാസമുണ്ടെങ്കിലും, രായന്മാരുടെ നിബ്ബന്ധപ്രകാരം വിക്കിരനെ തടവിലിടുവാൻ കല്പന കൊടുത്തു.

തടവിലിടുന്നതിന്നുവേണ്ടി വിക്കിരനെ അനവധി ഭടന്മാർ ചെന്നു പിടിച്ചു. പക്ഷെ അവരെയെല്ലാം അയാഠ ഓരോ തട്ടുകൊണ്ടു ദൂരെത്തെറിപ്പിച്ചുവീഴ്ത്തി. ഒടുക്കം അംബികാദേവി വന്നു, "വിക്കിരാ വരു" എന്നു പറഞ്ഞു. വിക്കിരൻ എഴുന്നേററു ദേവിയുടെ പിന്നാലെ പോയി. അങ്ങിനെ അയാളെ ഒന്നിച്ചുകൂട്ടിക്കൊണ്ടു ബന്ധനത്തിലാക്കുവാൻ ഏല്പെടുത്തിയ കെട്ടിടത്തിന്നുള്ളിലാക്കി, ഭടന്മാരോടു വാതിലടച്ചുകൊള്ളുവാൻ പറഞ്ഞു. അതുപ്രകാരം അവർ വാതിൽ അടച്ചുപൂട്ടി. വിക്കിരൻ അന്നുമുതൽ തടവുകാരനായി. വാതിലുകഠ അടച്ചുകഴിഞ്ഞശേഷം വിക്കിരൻ ആ അറയ്ക്കുള്ള ഒരൊററ ജനലിൽക്കൂടി അംബികാദേവിയെത്തന്നെ നോക്കി ചിരിച്ചുംകൊണ്ടു നിന്നു.

# ഏഴാമദ്ധ്യായം

**പ**യററ നടത്താൻ പോകുന്ന എന്ന വിവരം പെരുമാററം കാലേക്കൂട്ടി നാട്ടിലെല്ലാം വിളംബരപ്പെടുത്തിയിരുന്നു. ആ ദിവസം അടുത്തെത്തി. രായന്മാരുടെ വാറംക്കാരും മല്ലന്മാരും ശാസ്ത്രിമാരും അവരുടെ പരിവാരങ്ങളോടുകൂടി തിരുവഞ്ചിക്കുളത്തെത്തിക്കഴിഞ്ഞു. അവരോടു പൊരുതുവാനുള്ള ആറംക്കാരൊന്നും തിരുവഞ്ചിക്കുളത്തെത്തിക്കണ്ടില്ല.

പടത്തലവൻനായക്കു പരിഭ്രമവും വ്യസനവും വദ്ധിച്ചു. താൻ പ്രതീക്ഷിച്ച സഹായമൊന്നും വന്നു കണ്ടില്ല. തൻെറ ബുദ്ധിമുട്ടുകറംക്കു സമാധാനം ലഭിക്കാനായി ശങ്കരാചാര്യസ്വാമികളെ കണ്ടു വിവരം ബോധിപ്പിച്ചാൽ വല്ല നിവൃത്തിമാൎഗ്ഗവും ഉണ്ടാകുമെന്നു കരുതി പടത്തലവൻനായർ സ്വാമികളെ കാണാനായി പുറപ്പെട്ടുപോയി.

ശങ്കരാചാര്യസ്വാമികറം ഈ കാലത്തു കാലടിഗ്രാമത്തിൽത്തന്നെയാണു് താമസിച്ചിരുന്നതു്. അതുകൊണ്ടു പടത്തലവൻനായർ നേരേ കാലടിയ്ക്കു പുറപ്പെട്ടു.

പിറേറ ദിവസം വൈകുന്നേരം കാലടിയിൽ എത്തിച്ചേൎന്നു് അടുത്തുള്ള ഒരു കുളത്തിൽപ്പോയി കുളികഴിച്ചു നേരേ സ്വാമികളുടെ വസതിയിലേയ്ക്കു ചെന്നു.

പടത്തലവൻനായർ കയറിച്ചെന്ന ഉടനേ അദ്ദേഹത്തിൻെറ വരവും കാത്തിരിയ്ക്കുന്ന പ്രകാരത്തിൽ, സ്വാമികറം "വഴിയ്ക്കെവിടേയും അധികം വിശ്രമിച്ചതുംകൂടിയില്ല, അല്ലേ പടത്തലവൻനായർ?"

പട—അടിയൻ, ഇല്ല.

സ്വാമി—വല്ലാതെ പരിഭ്രമിച്ചിരിയ്ക്കുന്നു എന്നു തോന്നുന്നുവല്ലോ.

പട—അടിയനും അടിയൻെറ പൊന്നുതിരുമേനിയും നാടൊട്ടുക്കും വളരെ കഷ്ടസ്ഥിതിയിൽപ്പെട്ടിരിയ്ക്കുന്നു. അടിയൻ

നോക്കീട്ടു യാതൊരു വഴിയും കണ്ടില്ല. ഇവിടെ വന്നുണർത്തിച്ചാൽ വല്ല സമാധാനവും ഉണ്ടാകുമെന്ന വിശ്വാസത്തിന്മേലാണ് ഇങ്ങോട്ടു പുറപ്പെട്ടത്.

സ്വാമി—വർത്തമാനങ്ങളെല്ലാം ഞാൻ കേട്ടറിഞ്ഞിരിക്കുന്നു. വേണാട്ടരശ്ശും മററും രായന്മാരുടെ വരവു ഇഷ്ടമാകാത്തതുകൊണ്ടു മുഷിഞ്ഞിരിക്കയാണെന്നും, ആഘോഷങ്ങളിൽ പങ്കുകൊള്ളുവാൻ ആരേയും അയച്ചിട്ടില്ലെന്നുമെല്ലാം ഞാനറിഞ്ഞു. പക്ഷെ അതുകൊണ്ടൊന്നും പടത്തലവൻനായർ പരിഭ്രമിക്കേണ്ട. സമയത്തിന്നു നമ്മുടെ മാനം രക്ഷിക്കാൻ മതിയായ ആളുകൾ അവിടെ ഉണ്ടായിരിക്കും. എന്താ തൃപ്തിയായില്ലേ?

പട—അവിടെ രണ്ടു മല്ലന്മാർകൂടി ഉണ്ട്.

സ്വാ—ആവട്ടെ, അതിനെപ്പററി ആലോചിക്കാം. ഒരുത്തനെയെങ്കിലും ഉണ്ടാക്കിത്തരാം.

പട—വേറെ ഒന്നുകൂടി ഉണർത്തിക്കാനുണ്ട്.

സ്വാ—എന്നോട് ഈ ആചാരങ്ങളൊന്നും വേണ്ട എന്ന് എത്ര തവണ പറഞ്ഞിട്ടുണ്ട്.

പട—അടിയന്ന് ഒരു മനസ്സുഖത്തിന്നുവേണ്ടിയാണ്. ഇവിടുന്ന് അവിടത്തോളം ഒന്നു വന്നുപോരണം. അല്ലാതെ അടിയൻെറ മനസ്സിന്നു തീരേ ധൈര്യമുണ്ടാവുകയില്ല. ഈ രായന്മാർ വന്നതിന്നുശേഷം എല്ലാം കുഴപ്പമാണ്. അടിയൻെറ മനസ്സും നേരെ നില്ക്കുന്നില്ല. തിരുമനസ്സുകൊണ്ടു വെറും ഒരു കുട്ടിയുടെ മാതിരിയായിരിക്കുന്നു. അതുകൊണ്ട് അല്പദിവസത്തേയ്ക്കെങ്കിലും അവിടെ എഴുന്നള്ളിപ്പാക്കണം.

സ്വാമി—അതിനെന്താണ് വിരോധം? വന്നുകളയാമല്ലോ. എന്നെക്കൊണ്ടെങ്കിലും ചെയ്വാൻ സാധിക്കുന്ന കാര്യം ചെയ്യുവാൻ എപ്പോഴും ഞാൻ ഒരുക്കമാണ്. പക്ഷെ വെറും സന്യാസിയായ എന്നെക്കൊണ്ട് ഈ രാജ്യകാര്യങ്ങളിലെല്ലാം എന്തു ചെയ്യുവാൻ സാധിക്കും?

പട—അവിടെ സിംഹഗർജ്ജനം ചെയ്തുംകൊണ്ട് ഒരു പാളയം നിറയെ ശാസ്ത്രികളും പണ്ഡിതന്മാരുമുണ്ട്.

സ്വാ—എനിക്കു തക്കത്തിലിഷ്ടമാണെന്നറിഞ്ഞതുകൊണ്ട് എന്നെ അങ്ങോട്ടു ക്ഷണിക്കുവാനുള്ള ഒരു പ്രത്യേകസംഗതികൂടി ഉണ്ടെന്നു സൂചിപ്പിക്കുകയാണല്ലേ?

പട—അതൊന്നുമല്ല. പാണ്ഡ്യപണ്ഡിതന്മാൎക്ക ജയം കൊടുക്കുവാൻ പാടില്ലെന്നു വിചാരിച്ചിട്ടാണ്.

സ്വാ—പടത്തലവൻനായർ, പണ്ഡിതന്മാരേയും കാവ്യശാസ്ത്രജ്ഞന്മാരേയും അവരേതു രാജ്യക്കാരായാലും നാം ബഹുമാനിക്കണം. ബുദ്ധിക്കും അറിവിന്നും നാടും ജാതിയുമൊന്നുമില്ല. ചുമരു കെട്ടുവാൻ കൊണ്ടുവന്ന കല്ലിൻകൂട്ടത്തിൽ ഒരു ശിവലിംഗം കണ്ടാൽ അതു മററു കല്ലിൻെറ കൂട്ടത്തിലായതുകൊണ്ടു നാം ബഹുമാനിക്കാതിരിക്കുമോ? അതുകൊണ്ടു രായരുടെ രാജ്യത്തിൽനിന്നു വന്ന പണ്ഡിതന്മാരെ പാണ്ഡ്യരാജ്യക്കാരായതുകൊണ്ടുമാത്രം ബഹുമാനിക്കാതിരിക്കരുത്.

പട—അവർ അങ്ങിനെ വിചാരിക്കുന്നില്ല. ആ പണ്ഡിതന്മാർ കേരളത്തെ ആകെ പുച്ഛിച്ചുകൊണ്ടാണ് സംസാരിക്കുന്നത്.

സ്വാ—അതു നമുക്കാലോചിക്കേണ്ടതില്ല.

പട—ഏതായാലും ഇവിടുന്ന് അവിടെയ്ക്ക് എഴുന്നള്ളാതെയാതൊരു നിവൃത്തിയുമില്ല. അടിയൻ അവിടെ വേണ്ടുന്ന ഒരുക്കങ്ങറം ചെയ്തുകൊള്ളാം. അടിയൻ അവിടെ എത്തിയ ഉടനേ സ്വാമികറം എഴുന്നള്ളുന്നുണ്ടെന്നു തിരുമനസ്സിലെയും അറിയിക്കാം.

സ്വാ—ഇഷ്ടംപോലെയാവാം. എന്നാൽ ഒരു കാര്യം ചെയ്തുകളയു. ഇവിടെ അടുത്തു നമ്മുടെ ശിഷ്യൻ മാനിച്ചൻ താമസിക്കുന്നുണ്ട്. അവിടെച്ചെന്നു മാനിച്ചനോട് ഇവിടുത്തോളം ഒന്നു വരുവാൻ പറയു. മാനിച്ചന്നു നിങ്ങളെ കാണുന്നതു ബഹുസന്തോഷമായിരിക്കും.

"അടിയൻ ഇപ്പോറംത്തന്നെ പോയിവരാം" എന്നു പറഞ്ഞു പടത്തലവൻനായർ പുറത്തേക്കു വന്നു. മാനിച്ചൻ താമസിക്കുന്ന വീട്ടിലേക്കുള്ള വഴിയന്വേഷിച്ച് അവിടേക്കു നടന്നു.

പടത്തലവൻനായർ തൻെറ മനസ്സിലുള്ള ഓരോ കാര്യങ്ങളെപ്പററി ആലോചിച്ചുംകൊണ്ടു നടന്നതുകൊണ്ടു ദൂരം നടന്നതറിയാതെതന്നെ ആ ഗൃഹത്തിൽ എത്തിച്ചേൎന്നു. അവിടെച്ചെന്നപ്പോറം പടത്തലവൻനായർ കണ്ട കാഴ്ച, അദ്ദേഹത്തിൻെറ മനസ്സിലുള്ള ആലോചനകളെ മറപ്പിക്കത്തക്ക ഒന്നായിരുന്നു. ഒരു യുവാവു നിലത്തുനിന്നു രണ്ടു കഴുങ്ങുകറം കൈകൊണ്ടു പിടിച്ചുവളച്ച് ഒന്നിൻെറ തല മറേറതിൻെറ തലയോടു തട്ടിച്ചു രണ്ടിന്മേലുമുള്ള പഴുത്ത അടക്കകറം നിലത്തേക്കു കൊഴിക്കുകയാണ്. അയാ

ളുടെ അടുത്തു വാദ്ധക്യം ബാധിച്ചുതുടങ്ങിയ ഒരു സ്ത്രീ നിന്നു് അയാളോടു് "ഇമ്മാതിരി കാണിയ്ക്കരുതെന്നു് എത്ര പ്രാവശ്യം ഞാൻ നിന്നോടു പറഞ്ഞിട്ടുണ്ടു്. അവിവേകമായിട്ടല്ലാതെ നീ ഒന്നും കാട്ടില്ല. ആ കഴഞ്ഞുകഠം പൊട്ടിപ്പോയാലോ?"

യുവ—പൊട്ടിപ്പോയാലെന്താണമ്മേ? നിലത്തു വീഴുന്നതിനുമുമ്പേ ഞാൻ പിടിച്ചുമാററം.

സ്ത്രീ—അതിൽ വല്ല കഷണവും കയ്യിൽ തട്ടിയാൽപ്പിന്നെ അതെടുക്കുവാൻ ഞാൻ വരണം. നിന്റെ വികൃതിസ്വഭാവം ഇനിയും മാറിയിട്ടില്ല. നിനക്കു് ആലോചന തീരേയില്ല. നിന്നെ തന്നെ എവിടെയും വിടരുതെന്നു സ്വാമികഠം പ്രത്യേകിച്ചു പറഞ്ഞിരിയ്ക്കുന്നു.

അടയ്ക്കു പെറുക്കിയെടുക്കുന്നതിനിടയിൽ സ്ത്രീ പടത്തലവൻനായരെ കണ്ടു യുവാവിനോടു് "അതാരാണു് നില്ക്കുന്നതു്, നോക്കു്." എന്നു പറഞ്ഞു. യുവാവു തിരിഞ്ഞുനോക്കിയപ്പോഠം പടത്തലവൻനായരെ കണ്ടു വേഗത്തിൽ അടുത്തു ചെന്നു. "ആരെയാണു് കാണേണ്ടതു്?" എന്നു ചോദിച്ചു.

പട—നിങ്ങളോടു സ്വാമികഠം അങ്ങോട്ടു വേഗത്തിൽ ചെല്ലുവാൻ പറഞ്ഞിരിയ്ക്കുന്നു. മാനിച്ചനല്ലേ?

മാനി—അതെങ്ങിനെ മനസ്സിലായി?

പട—നിങ്ങളുടെ പ്രവൃത്തി കണ്ടപ്പോഠം മനസ്സിലായി.

മാനി—അയ്യോ, ഞാൻ വെറും നേരമ്പോക്കു കാണിച്ചതാണു്. അമ്മയ്ക്കു് അടയ്ക്കു വേണമെന്നു പറഞ്ഞതുകൊണ്ടു വേഗത്തിൽ കിട്ടുവാനുള്ള മാൎഗ്ഗം നോക്കി.

ഈ സമയം സ്ത്രീയും അടുത്തുവന്നു് "ഇതെന്റെ മകനാണു്. അകത്തു വന്നിരിയ്ക്കാം" എന്നു പടത്തലവൻനായരെ ക്ഷണിച്ചു.

പട—എനിയ്ക്കിപ്പോഠം ഇരിയ്ക്കാൻ സമയമില്ല. നിങ്ങഠംക്കു് ഈ ഒരു മകൻമാത്രമേ ഉള്ളു?

സ്ത്രീ—ഇപ്പോഠം ഒരുത്തനേ ഉള്ളു. ഇവന്റെ ഒരു ജ്യേഷ്ഠനുണ്ടായിരുന്നു. അവൻ സ്വാമികളുടെ ശിഷ്യനായി കുറച്ചു ദിവസം താമസിച്ചു. പിന്നെ എവിടെയോ പോയ്ക്കളഞ്ഞു. ഇപ്പോഠം ജീവിച്ചിരിയ്ക്കുന്നുണ്ടോ ഇല്ലയോ എന്നുകൂടി വിവരമില്ല.

പട—ഞാൻ നിങ്ങളുടെ മകനെ വേറേ ഒരു സ്ഥലത്തു കണ്ടിട്ടുണ്ട്.

സ്ത്രീ—അയ്യോ, വിക്കിരനെയോ!

പട—അതേ. ഇപ്പോറം എനിയ്ക്കു സംശയമെല്ലാം തീൎന്നു. അയാറം തിരുവഞ്ചിക്കളത്തുണ്ട്.

സ്ത്രീ—അയ്യോ, അവിടെ അപകടമൊന്നും പററാതെ എങ്ങിനെയാണ് താമസിയ്ക്കുന്നത്? അവിടെ രായന്മാരും പരദേശികളുമാണത്രേ ഇപ്പോഴത്തെ എജമാനന്മാർ. ഞാൻ ഇവനെ സ്വാമികളുടെ എഴുത്തുംകൊണ്ട് അവിടെയ്ക്കയച്ചിരുന്നു.

യുവാവ്, “അമ്മേ, കഴിഞ്ഞ കഥകറം എന്തിനാണ് പറയുന്നത്?” എന്നു പറഞ്ഞുതടുത്തു.

സ്ത്രീ—ഇദ്ദേഹം സ്വാമികളുടെ ആളായതുകൊണ്ടു പറയുന്നതിന്നു വിരോധമില്ല. ഇവൻ അവിടെ എത്തിയ ദിവസംതന്നെ ഒരപകടം പററിച്ചു തിരിച്ചുപോന്നു. അതിന്നുശേഷം പുറത്തിറങ്ങിയിട്ടില്ല. പെരുമാളുടെ ആറംക്കാർ വല്ലവരും വന്നാലോ എന്നു ഭയപ്പെട്ടിരിയ്ക്കയാണ്.

പട—ഞാൻ പെരുമാറംതിരുമനസ്സിലെ ഒരാളാണ്.

സ്ത്രീ—അയ്യോ, എൻെറ മകനെ ചതിയ്ക്കരുതേ. അവനെ പത്തു പന്ത്രണ്ടാളുകറംകൂടി വെട്ടിയപ്പോറം ദേഹരക്ഷയ്ക്കുവേണ്ടി മാത്രം ചെയ്തതാണ്. അവർ വേറേ ആരെയോ വെട്ടുന്നതു കണ്ടിട്ട് ഇവൻ ഓടിച്ചെന്നതാണത്രേ.

പട—ഭയപ്പെടേണ്ട. ഞാൻ ഇന്നേ ദിവസംവരെ ആ വന്ന ആറം ആരാണെന്ന് അന്വേഷിയ്ക്കുകയായിരുന്നു. വരൂ, മാനിച്ചൻ.

സ്ത്രീ പിന്നാലെതന്നെ വന്ന് “എൻെറ മകനെ ഒന്നും ചെയ്യരുതേ.”

പടത്തലവൻനായർ “പേടിയ്ക്കേണ്ട എന്നു ഞാൻ പറഞ്ഞില്ലേ” എന്നു പറഞ്ഞു മാനിച്ചനേയുംകൂട്ടി സ്വാമിയുടെ അടുക്കലേയ്ക്കു തിരിച്ചു.

പടത്തലവൻനായർ സ്വാമിയുടെ വസതിയിലേയ്ക്കു വന്നപ്പോറം, സ്വാമികറം അഞ്ചെട്ടാളുകളെക്കൊണ്ട് എന്തോ കാര്യമായി എഴുതിയ്ക്കയായിരുന്നു. പടത്തലവൻനായൎക്കു സ്വാമിക

ളുടെ മുഖത്തുനിന്നു പുറപ്പെട്ട വാക്കുകൾ എന്തോ ചില മഹാശബ്ദങ്ങൾ എന്നുമാത്രമേ മനസ്സിലായുള്ളു. എട്ടാളുകൾക്ക് എട്ടു പ്രത്യേകകാര്യങ്ങളാണ് ഒരേ സമയം പറഞ്ഞുകൊടുത്തിരുന്നതെന്നു കുറേനേരം ശ്രദ്ധിച്ചപ്പോൾ മനസ്സിലായി. പെട്ടെന്നു സ്വാമികൾ പടത്തലവൻനായരേയും മാനിച്ചനേയും കണ്ട് ഒരു പുഞ്ചിരിയോടുകൂടി "മാനിച്ചന് ഇന്നൊരു സന്തോഷദിവസമാണല്ലേ, മാനിച്ചൻ? അവന്നു ലോകത്തിൽവെച്ച് ഏററവും ബഹുമാനമുള്ള ആൾതന്നെ അവനെ കൂട്ടിക്കൊണ്ടുവന്നിരിക്കുന്നു."

ഇതിൻെറ അർത്ഥം മാനിച്ചന്നോ പടത്തലവൻനായർക്കോ മനസ്സിലാവാത്തതുകൊണ്ടു രണ്ടുപേരും മറുപടി പറഞ്ഞില്ല.

സ്വാമി—മാനിച്ചന് അതാരാണെന്നു മനസ്സിലായില്ല, അല്ലേ?

മാനി—മനസ്സിലായി. പെരുമാളുടെ ഒരാളാണെന്നു പറഞ്ഞു.

സ്വാമി—പടത്തലവൻനായരാണെന്നു മനസ്സിലായില്ലേ?

മാനിച്ചൻെറ മുഖഭാവം പെട്ടെന്നു മാറി. പടത്തലവൻനായരുടെനേരെ തിരിഞ്ഞുനിന്നു വളരെ ഭക്തിയോടുകൂടി ഒന്നു തൊഴുതു.

സ്വാമി—മാനിച്ചൻെറ വലിയ ഒരു മോഹം നിങ്ങളുടെ പതിനായിരത്തിൽച്ചേരണമെന്നാണ്. അതിന്നുവേണ്ടി അവനെ ഒരെഴുത്തുംകൊടുത്ത് ഇവിടെനിന്നയച്ചു. അവിടെയെത്തി എന്തെല്ലാമോ ചില അപകടങ്ങളുണ്ടാക്കി ഇങ്ങോട്ടുതന്നെ മടങ്ങി. ഇപ്പോൾ വീട്ടിൽ ഒളിച്ചിരിക്കയാണ്.

പട—അടിയന്ന് ഈ വരവുകൊണ്ടു വിചാരിച്ചതിലധികം ഗുണങ്ങളുണ്ടായി. മാനിച്ചൻെറ ജ്യേഷ്ഠൻ അവിടെയുണ്ട്. അന്നത്തെ കൊലക്കുററത്തിന്ന് അയാളെ തടവിൽ വെച്ചിരിക്കുയാണ്. അന്നു രാത്രി മരിച്ച ഭടൻ ഈയാളെ കണ്ടു തെററിദ്ധരിച്ചു 'വിക്കിരാ, വിക്കിരാ' എന്നു വിളിച്ചു.

മാനി—അയ്യോ, കഷ്ടമായിപ്പോയി. ഇതു ഞാൻ അറിഞ്ഞിരുന്നെങ്കിൽ ഉടനേ അവിടേക്കു വരുമായിരുന്നു.

പട—ഇനി ബദ്ധപ്പെടാനൊന്നുമില്ല. (പിന്നെ സ്വാമികളുടെ നേരേ നോക്കി) അടിയന്നിപ്പോൾ പോകുവാൻ കല്പന

തരണം. തിങ്കളാഴ്ചയ്ക്കാണ് പയററു നിശ്ചയിച്ചിരിയ്ക്കുന്നത്. അതിന്നുതക്കവണ്ണം അവിടെ എഴുന്നള്ളി അടിയനെ രക്ഷിയ്ക്കണം.

സ്വാമി—അതിന്നുതക്കവണ്ണം ഞാൻ അവിടെ എത്താം. ഇവക്കു ചിലതു പറഞ്ഞുകൊടുക്കുവാനുള്ളതു മുഴമിച്ചുകളയാമെന്നു വെച്ചാണ് ഇപ്പോഠംതന്നെ തുടങ്ങിയത്. പടത്തലവൻനായക്ക് ഇപ്പോഠം പോകാം. ഞാൻ ആ ദിവസത്തിന്നുമുമ്പേ അവിടെയുണ്ടാവും. മാനിച്ചനെ ഞാൻ എൻെറ കൂടെ കൊണ്ടുവരികയും ചെയ്യാം.

"കല്പനപോലെ" എന്നു പറഞ്ഞു പടത്തലവൻനായർ സ്വാമികളെ തൊഴുതു തിരുവഞ്ചിക്കുളത്തേയ്ക്കു യാത്രയായി.

# എട്ടാമദ്ധ്യായം

**പ**യററിൻെറ ദിവസവും നേരം പുലൎന്നു. അതിന്നായിട്ടു നീക്കിവെച്ച സ്ഥലത്തിൻെറ നാലു ഭാഗത്തും വന്നുനിറഞ്ഞ ജനക്കൂട്ടത്തിന്നു കയ്യും കണക്കുമില്ല. പാടത്തിൻെറ മൂന്നുഭാഗത്തുമുള്ള പറമ്പുകളിൽ തലേ ദിവസം രാത്രിതന്നെ ആളുകൾ വന്നു സ്ഥലംപിടിച്ചിരുന്നു. ഒരു ഭാഗത്ത് ഉയൎത്തികെട്ടിയിരുന്ന ഇരിപ്പിടങ്ങൾ പരവതാനികൾ വിരിച്ച് അലങ്കരിക്കപ്പെട്ടിരുന്നു. അതിൻെറ നടുവിൽ പെരുമാൾക്കും കൃഷ്ണരായൎക്കും ഇരിക്കുവാൻ രണ്ടു സിംഹാസനങ്ങൾ; അതിൻെറ ഇരുപുറങ്ങളിൽ പെരുമാളുടെ ഉദ്യോഗസ്ഥന്മാൎക്കും സാമന്തന്മാൎക്കുമുള്ള സ്ഥലം; ഇതിൽനിന്നു കുറച്ചകലെ ചെറോട്ടിയമ്മ മുതലായവൎക്കും മറവമായി നല്ല ഭംഗിയിൽ അലങ്കരിച്ച പ്രത്യേകം ഒരു മേട; അതിൻെറ ഒരു ഭാഗത്തായി, പയററിൽ പങ്കുകൊള്ളുന്നവൎക്കു വിശ്രമിക്കുവാനുള്ള ഒരു ചെറിയ പന്തലും.

കൃഷ്ണരായരും രങ്കരായരും പയററിൻദിവസം നേരത്തേ തന്നെ ഒരുങ്ങിനിന്നു.

പെരുമാൾ സാധാരണമായി കഴുത്തിൽ ധരിക്കാറുള്ള വൈരവും കാതിൽ കുണ്ഡലങ്ങളും അണിഞ്ഞു. കോടി ഇരട്ട കസവുമുണ്ടുടുത്തു. കസവുവേഷ്ടി കഴുത്തിലിട്ടു പച്ചക്കല്ലുകൾ പതിച്ച ഒരരഞ്ഞാൺ അരയിൽ ബന്ധിച്ചു തൻെറ വാളുമെടുത്തു നേരേ കൃഷ്ണരായരുടെ കൊട്ടാരത്തിലേക്കു പോയി. രായന്മാർ രണ്ടുപേരും പോകുവാൻ പുറപ്പെട്ടുനില്ക്കുന്നതു കണ്ടിട്ടു പെരുമാൾ അവരോടു, “സ്വാമികളെ വരുവാൻ ക്ഷണിച്ചിട്ടുണ്ട്. അദ്ദേഹത്തോടൊന്നിച്ചു പോകുന്നതല്ലേ നല്ലത്?” എന്നു ചോദിച്ചു.

കൃഷ്ണരായർ—നമുക്കു മുൻകൂട്ടിപ്പോകുന്നതല്ലേ നല്ലത്?

പെരു—ഇഷ്ടംപോലെയാവാം. എന്നാൽ ഞാൻ അയച്ച ആൾ മടങ്ങിവരുന്നതുവരെ ഒന്നു കാത്തുനില്ക്കണം.

രങ്ക—പയററിൽ തക്കം വന്നാൽ കാര്യം തീൎപ്പാക്കുവാൻ ആരെയാണ് പെരുമാൾ തീൎച്ചപ്പെടുത്തിയിരിക്കുന്നത്?

പെരു—സ്വാമികളെ നിശ്ചയിച്ചാലെന്താ?

രങ്ക—നമുക്കു രണ്ടു ഭാഗത്തുനിന്നും ഓരോരുത്തരെ നിശ്ച യിക്കാം.

കൃഷ്ണ—നമ്മുടെ ഭാഗത്തേക്കു രങ്കനും പെരുമാളുടെ ഭാഗ ത്തേക്കു പടത്തലവൻനായരും ആകുന്നതിന്നു വിരോധമുണ്ടോ?

പെരു—ഒരു വിരോധവുമില്ല.

ഇതേസമയത്തു ശങ്കരാചാര്യസ്വാമികളും പെരുമാളുടെ ക്ഷണനപ്രകാരം പയററു കാണുവാൻ പുറപ്പെട്ടിരുന്നു. തൻെറ ശിഷ്യന്മാരോട് ഒരുങ്ങിക്കൊള്ളുവാൻ പറഞ്ഞു താൻ ഉള്ളി ലുള്ള ഒരു മുറിയിലേക്കു പോയി. രണ്ടാംമുണ്ടെടുത്തു കഴുത്തി ലിട്ടു. അപ്പോൾ താൻ നിന്നിരുന്ന സ്ഥലം ആകെ ഇളകുന്നു ണ്ടെന്നുതോന്നി. കാരണം മനസ്സിലാകാതെ കുറച്ചുനേരം നില ത്തേക്കുതന്നെ നോക്കിക്കൊണ്ടുനിന്നു. പെട്ടെന്ന് ഒരു ശബ്ദ ത്തോടുകൂടി നിലത്തിൻെറ നടുവിൽ ഒരു ഭാഗം പിളൎന്നു താഴ ത്തേക്കു വീണു. ആ സ്ഥലം ഒരു വലിയ ഗുഹപോലെയായി. ഉടനേ ആ ഗുഹയിൽക്കൂടി ആദ്യം കബന്ധൻേറതുപോലുള്ള രണ്ടു കൈകളും അടുത്തനിമിഷം ഒരു തലയും പൊങ്ങിവന്നു. ഒരു മനുഷ്യൻ സ്വാമികളുടെ മുഖത്തു നോക്കി ഒരു വലിയ ചിരി ചിരിച്ച് നിഷ്പ്രയാസം ആ മുറിയിൽ ചാടിവീണു. സ്വാമികൾ ഈയാളെ കണ്ട് ഒരു പുഞ്ചിരിയോടെ മുഖത്തു നോക്കി "വളരെ ബുദ്ധിമുട്ടി, ഇല്ലേ!" എന്നു ചോദിച്ചു. അതിന്നുള്ള മറുപടിയും ഒരു ചിരിമാത്രമായിരുന്നു. അതിന്നു ശേഷം "അംബ, അംബ" എന്നിങ്ങിനെ പറഞ്ഞു. സ്വാമി കൾ അയാളുടെ മുഖത്തുതന്നെ കുറച്ചുനേരം സൂക്ഷിച്ചു നോക്കി യതിന്നുശേഷം ആംഗ്യം കാണിച്ച് അയാളെ നിലത്തിരുത്തി തൻെറ മുറിയുടെ വാതിൽ പകുതി തുറന്ന്, ശിഷ്യനെ വിളിച്ചു തനിക്കങ്ങോട്ടു വരുവാൻ അല്പം താമസമുണ്ടെന്നും തന്നെ കാത്തു നില്ക്കേണ്ടെന്നും പെരുമാളെ അറിയിക്കുവാൻ പറഞ്ഞയച്ചു വാതിലടച്ചു. ആ മുറിയിൽ കടന്നു വന്ന ആൾ വിക്കിരനാ ണെന്നു പറയേണ്ടതില്ലല്ലോ. വിക്കിരൻ കുറച്ചു ദിവസങ്ങൾ ക്കു മുമ്പു രങ്കരായർ അംബികാദേവിയെ പിടിച്ചു വലിക്കുന്നതു

കണ്ടു വാതിൽ അങ്ങിനെതന്നെ നീക്കി പുറത്തു ചാടിയിരുന്നു. പക്ഷെ അംബികാദേവി പോയതോടൊപ്പം വാതിൽലിക്കൂടി പുറത്തേയ്ക്കു പോകാമെന്ന കാര്യവും മറന്നിരുന്നു. കുറെ ദിവസം തടവിൽ കഴിച്ചുകൂട്ടി പെട്ടെന്ന് ഈ ദിവസം അംബികാദേവിയെ ഓമ്മവന്നു പുറത്തേയ്ക്കു പോകുവാൻ ശ്രമം ചെയ്തു. മുകൾഭാഗത്തുള്ള ഒരു പലക തന്നെ ആകഷിച്ചതു കൈകൊണ്ടു തട്ടി ആ ഭാഗം പൊളിച്ച് ആ ദ്വാരത്തിൽക്കൂടി മുകളിലേയ്ക്കു കയറി.

സ്വാമികൾക്കു വിക്കിരൻെറ മുഖം കണ്ട ഉടനേ കാര്യം മനസ്സിലായി. ക്ഷണത്തിൽ താലത്തിലുള്ള ഒരു പഴമെടുത്ത് എന്തോ മന്ത്രം ജപിച്ചു. വിക്കിരൻ ഇരുത്തിയ സ്ഥലത്തുതന്നെ ഇരുന്നു സ്വാമികളുടെ ഈ പ്രവൃത്തിയെ ശ്രദ്ധയോടെ നോക്കിക്കൊണ്ടിരുന്നു. സ്വാമികൾ ജപം കഴിഞ്ഞ് ആ പഴവും കൊണ്ടു വിക്കിരൻെറ അടുക്കലേയ്ക്കു പോയി. വായ് പിടിച്ചു തുറപ്പിച്ച് ആ പഴം തോലോടുകൂടി വായിൽ ഇട്ടു തിന്നുകൊള്ളുവാൻ ആംഗ്യം കാണിച്ചു. വിക്കിരൻ പഴം തിന്നുകഴിയുന്നതിന്നുമുമ്പുതന്നെ ഉറക്കം തൂങ്ങിത്തുടങ്ങി. ക്രമേണ കണ്ണടഞ്ഞു, കൈകൾക്കു ശക്തി ക്ഷയിച്ച്, ആ ഇരുന്ന നിലയിൽത്തന്നെ നിലത്തേയ്ക്കു വീണ്, ഒരു ചെറിയ കുട്ടി ഉറങ്ങുന്ന പ്രകാരത്തിൽ നിലത്തു കിടന്നുറങ്ങി. സ്വാമികൾ ഉറങ്ങുന്ന വിക്കിരൻെറ അടുത്തുചെന്നിരുന്ന് ആപാദചൂഡം തൊട്ടുതലോടി. വാതിൽ തുറന്നു പുറത്തേയ്ക്കു വന്നു ശിഷ്യന്മാരോടുകൂടി കളരിയിലേയ്ക്കു പുറപ്പെട്ടു.

സ്വാമികൾ പുറത്തു വന്ന ഉടനേ ശിഷ്യന്മാരുടെ കൂട്ടത്തിലേയ്ക്കു നോക്കി. "നിങ്ങൾ പോയില്ലേ?" എന്നു ചോദിച്ചു.

"ഇവർ വരുവാൻ അല്പം താമസിച്ചു. സ്വാമികളെ കണ്ടു പോവണം എന്നുവെച്ചു താമസിച്ചതാണ്."

"അവിടെ എത്തുവാൻ താമസിച്ചാലോ! പടത്തലവൻനായർ വല്ലാതെ പരിഭ്രമിയ്ക്കുമല്ലോ. ആട്ടെ, ഇനി വേഗം പോവുക. ഇനിയും താമസിയ്ക്കുണ്ട" എന്നു സ്വാമികൾ പറഞ്ഞതു കേട്ട്, എല്ലാവരുംകൂടി വേഗത്തിൽ കളരിയിലേയ്ക്കു നടന്നു.

ശങ്കരാചാര്യരും ശിഷ്യരും പുറപ്പെട്ട സമയത്തിന്നുള്ളിൽ

ചേരമാൻപെരുമാറം കൃഷ്ണരായർ രങ്കരായർ മുതലായവരെല്ലാം കളരിയിലെത്തി അവരവരുടെ സ്ഥാനങ്ങളിൽ ഇരുന്നു കഴിഞ്ഞു. സ്ത്രീകളുടെ മേടയിൽ ചെറോട്ടിയമ്മ അംബികാദേവി തങ്കമ്മ ഇവരും മററനവധി സ്ത്രീകളും കുട്ടികളുമുണ്ട്. പെരുമാളും കൃഷ്ണ രായരും സ്ഥാനത്തു ചെന്നിരുന്നശേഷം ഒരാറം ഒരു വലിയ കാഹളം എടുത്തു വിളിച്ചു. ജനങ്ങളെല്ലാം നിശ്ശബ്ദരായി. പാണ്ഡ്യരാജ്യത്തുനിന്നുവന്ന വാറംക്കാർ എട്ടാളുകറം മിന്നൽ പോലെ തിളങ്ങുന്ന വാളുകളോടുകൂടി കളരിയിൽ വന്നു നിരന്നു നിന്നു പോക്കുവിളി ആരംഭിച്ചു. "മലനാട്ടിൽ ആണങ്ങളായ വാറംക്കാരുണ്ടെങ്കിൽ ഞങ്ങളോടു യുദ്ധത്തിന്നു വരട്ടെ" എന്നു വളരെ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. ഈ പോക്കുവിളി കേട്ടു പടത്തലവൻനായർ അങ്ങുമിങ്ങും നോക്കിത്തുടങ്ങി. സ്വാമി കറം പറഞ്ഞ ആറംക്കാർ എവിടെ എന്നന്വേഷിച്ചു പരിഭ്ര മത്തോടേ അങ്ങോട്ടും ഇങ്ങോട്ടും നടന്നു. പെരുമാളുടെ മുഖം കറുത്തു. കൃഷ്ണരായരും രങ്കരായരും സന്തോഷത്തോടേ അന്യോ ന്യം നോക്കി മന്ദഹസിച്ചു. അംബികാദേവിയ്ക്കും തങ്കമ്മയ്ക്കും തമ്മിൽ നോക്കുവാൻ വയ്യാതെ അവർ രണ്ടുപേരും മുഖം താഴ്ത്തി യിരുന്നു. ചെറോട്ടിയമ്മയ്ക്കുംകൂടി ഇതു കണ്ടിട്ടു സഹിച്ചില്ല. പടത്തലവൻനായരെ വിളിച്ച് "ഏ നായർ, ഇവിടെ ആണു ങ്ങളാരുമില്ലെങ്കിൽ ഞാനുണ്ടെന്നു പറയൂ." എന്ന് ഇടിവെട്ടുന്ന സ്വരത്തിൽ പറഞ്ഞു. ഇതു കേട്ടിട്ടു കൃഷ്ണരായരും രങ്കരായരും പൊട്ടിച്ചിരിച്ചുപോയി.

കാര്യക്കാർ ഈ സമയം താൻ ഇരുന്ന സ്ഥലത്തുനിന്നു മെല്ലെ എഴുന്നേററു. ഒരു ഭടനെ അയച്ച് ഒരു വാറം കരസ്ഥ മാക്കി. തൻെറ ഉടുപ്പു മാററി യുദ്ധത്തിന്നൊരുങ്ങി. പടത്തല വൻനായരും അതേപ്രകാരത്തിൽ ചെയ്യുന്നതു കണ്ടിട്ടു രങ്കരായർ "എന്താണിത്! ഈ യുദ്ധത്തിന്നു നാം രണ്ടുപേരും മദ്ധ്യസ്ഥന്മാ രാണ്. അതുകൊണ്ടു നിങ്ങറംക്ക് ഈ വാറംയുദ്ധത്തിലേപ്പെടു വാൻ പാടില്ല" എന്നു പറഞ്ഞു; കൃഷ്ണരായരും അതിനോടു യോജിച്ചു പറഞ്ഞു. പെരുമാറംക്ക് ആകപ്പാടെ തൻെറ ജീവ ദശയിൽ അനുഭവിയ്ക്കാത്ത ഒരപമാനം അനുഭവിയ്ക്കയാണെന്നു തോന്നി ഒന്നും പറയാതേയും കളരിയിലേയ്ക്കു നോക്കാതേയും ഇരുന്നു.

ചെറോട്ടിയമ്മ ഇരുന്ന സ്ഥലത്തുനിന്നെഴുന്നേററു. "എടാ,

ആരോടെങ്കിലും വരാൻ പറ. യുദ്ധം ചെയ്തു ചത്താലെന്താണെടാ?'' എന്നെല്ലാം പറഞ്ഞുംകൊണ്ടു് എഴുന്നേല്ക്കയും ഇരിക്കയും ചെയ്തുകൊണ്ടിരുന്നു. ഒടുക്കം കാര്യക്കാർ ഒരുങ്ങിപ്പുറപ്പെട്ടു പടത്തലവൻനായരെ വിളിച്ചു, "ഞാൻ യുദ്ധത്തിന്നു പോകയാണു്. വേറെ വല്ലവരേയും എണ്ണമൊപ്പിയ്ക്കാനെങ്കിലും കിട്ടുമോ എന്നൊന്നു നോക്കു'' എന്നു പറഞ്ഞു. പടത്തലവൻ നായർ ജീവച്ഛവമെന്നപോലെ കാര്യക്കാരുടെ അടുത്തുനിന്നു പോയി. ആ സമയം രണ്ടാമതും വാൾക്കാർ പോർക്കുവിളിച്ചു. "പാണ്ഡ്യരാജ്യത്തുള്ള പാണ്ഡ്യപ്പെരുമാളുടെ വാൾക്കാരോടു യുദ്ധത്തിന്നു മലനാട്ടിൽ ആരുമില്ല, അല്ലേ?'' എന്നു പിന്നേയും വിളിച്ചുചോദിച്ചു.

"ഉണ്ടു്!'' എന്നു കാര്യക്കാർ മറുപടി പറഞ്ഞുവെങ്കിലും, അതു മറ്റൊരു ശബ്ദത്തിൽ മുങ്ങിപ്പോയി; "ഉണ്ടു്! ഉണ്ടു്! ഉണ്ടു്!'' എന്നു് വളരെ ആളുകൾ ഒന്നിച്ചു വിളിച്ചുപറയുന്ന ഒരു ശബ്ദം ആ കളരിയിൽ മുഴുവനും മുഴങ്ങി. അതു കേട്ടു് അവിടെ കൂടിയ എല്ലാവരും ആശ്ചര്യത്തോടും സന്തോഷത്തോടുംകൂടി ആ മറുപടി കേട്ട ഭാഗത്തേയ്ക്കു തിരിഞ്ഞുനോക്കി. ചെറോട്ടിയമ്മയും സന്തോഷം സഹിയ്ക്കുവാൻ സാധിയ്ക്കാതെ എഴുന്നേററു നിന്നിട്ടു് "ആരാണതു്? അവരെവിടെ?'' എന്നെല്ലാം പറഞ്ഞുംകൊണ്ടു് ആ ഭാഗത്തേയ്ക്കുതന്നെ നോക്കിക്കൊണ്ടു നിന്നു. ആ സമയത്താണു് സ്വാമികളും ശിഷ്യന്മാരുംകൂടി കളരിയിലേയ്ക്കു പ്രവേശിച്ചതു്. സമയോചിതമായ മറുപടിയും സ്വാമികളുടെ വരവുംകൂടി അവിടെക്കൂടിയ ജനങ്ങളെ ആകെ ഇളക്കി. വമ്പിച്ച ആർപ്പുവിളികൾകൊണ്ടു് ആ സ്ഥലത്താകെ ഒരു ഭൂകമ്പമുണ്ടായി.

സ്വാമികളും ശിഷ്യരും സ്വാമികൾക്കിരിയ്ക്കുവാൻ ഏർപ്പെടുത്തിയ സ്ഥലത്തേയ്ക്കു വന്നു. ഉടനേ ശിഷ്യരുടെ കൂട്ടത്തിൽ നിന്നു നാലുപേർ പാണ്ഡ്യരാജ്യത്തെ വാൾക്കാർ നിരന്നുനില്ക്കുന്ന സ്ഥലത്തേയ്ക്കു വന്നു. ആ നാലു പേരും അവരുടെ കാഷായവസ്ത്രങ്ങളഴിച്ചു് ഒരു ഭടൻെറ കയ്യിലേല്പിച്ചു, വാൾ പുറത്തേയ്ക്കെടുത്തു യോദ്ധാക്കളുടെ മുമ്പിൽ ചെന്നുനിന്നു.

രങ്കരായർ ഈ മറുപടിശബ്ദം കേട്ടപ്പോൾത്തന്നെ വല്ലാതെ പരിഭ്രമിച്ചിരുന്നു. സൂര്യവംശജന്മാരാണെന്നു് ഏവക്കും തോന്നിയ്ക്കുന്ന തേജസ്സോടുകൂടിയ നാലു യുവാക്കന്മാരെ കണ്ടപ്പോൾ രങ്കരായരുടെ പരിഭ്രമം വദ്ധിച്ചു. ഇവരെക്കൊണ്ടു യുദ്ധം ചെയ്യി

യ്യാതിരിയ്ക്കുവാൻ എന്താണ് വിദ്യ എന്നാലോചിച്ചു. പെട്ടെന്നയാളുടെ മനസ്സിൽ മതിയായൊരു കാരണമുദിച്ചു. "പാടി ല്ല, പാടില്ല" എന്നു രങ്കരായരുടെ ശബ്ദം ആ കളരിയ്ക്കകത്തു പൊങ്ങി. സന്തോഷംകൊണ്ടു ചാഞ്ചാടിയിരുന്ന പടത്തലവൻ നായർ ഇതു കേട്ടിട്ടു കോപം വന്നു, ശങ്കരാചാര്യരുടെ അടുത്തേയ്ക്ക് ഓടിവന്നു. "എന്തുകൊണ്ടു പാടില്ല?" എന്നു ശാസനാസ്വരത്തിൽ ചോദിച്ചു.

രങ്ക—ഞങ്ങളുടെ പോര് മലനാട്ടുകാരുമായിട്ടാണ്, യവനന്മാരുമായിട്ടല്ല. ഇവർ നാലുപേരും യവനരാണ്. അതുകൊണ്ട് ഈ നാലു യോദ്ധാക്കാംക്കും ഈ യുദ്ധത്തിൽ ചേരുവാൻ പാടില്ല.

പട—ഇവരാരും യവനരല്ല. മലനാട്ടുകാരാണ്.

ഇതെല്ലാം കേട്ടു കൃഷ്ണരായർ ആ നാലു യുവാക്കന്മാരെ തൻെറയും പെരുമാളുടെയും അടുക്കലേക്കു വിളിച്ചുകൊണ്ടുവരുവാൻ ആവശ്യപ്പെട്ടു. പടത്തലവൻനായർ ഉടനേ അവരുടെ അടുക്കൽ പോയി അവരെയും കൂട്ടി രായരുടെ അടുക്കലേയ്ക്കു വന്നു.

കൃഷ്ണരായർ—നിങ്ങറം നാലുപേരും ഞങ്ങളുടെ യോദ്ധാക്കളോടു യുദ്ധത്തിന്നു വന്നവരാണോ?

യുവാക്കന്മാരിലൊരാറം—അതേ.

കൃഷ്ണ—നിങ്ങറം നാലുപേരും ആരാണെന്ന് ഓരോരുത്തരായി വിശദമായി പറയണം.

ഇതു കേട്ടു ഉടനേ നാലുപേരും അവരുടെ യവനവസ്ത്രം എടുത്തുകളഞ്ഞു. അതിൽനിന്ന് ഒരാറം മുമ്പോട്ടു വന്നു. "ഞാൻ വേണാട്ടരചൻെറ അനന്തരവൻ വീരമാർത്താണ്ഡൻ."

രണ്ടാമൻ—ഞാൻ പെരുമ്പടപ്പുസ്വരൂപത്തിലെ രവിവർമ്മൻ.

മൂന്നാമൻ—ഞാൻ കോലത്തിരി അരചൻെറ അനന്തരവൻ രാമവർമ്മൻ.

നാലാമൻ—ഞാൻ ശങ്കരാചാര്യസ്വാമികളുടെ ശിഷ്യൻ മാനിച്ചൻ. ഇതിനെ നിഷേധിയ്ക്കുവാൻ തക്ക ഉറപ്പില്ലാത്തതുകൊണ്ടു കൃഷ്ണരായരും രങ്കരായരും പിന്നെ ഒരു തടസ്ഥവും പറ

ഞ്ഞില്ല. ജനങ്ങൾ രണ്ടാമതും ഭയങ്കരമായ വിധത്തിൽ ആർപ്പു വിളി തുടങ്ങി. ഒരു കാൽനാഴിക നേരത്തേയ്ക്കു് ആ സ്ഥലം കലുങ്ങിക്കൊണ്ടിരുന്നു.

രണ്ടാമതും കാഹളം വിളിച്ചു. ജനങ്ങൾ നിശ്ശബ്ദരായി. നാലു യുവാക്കളും വാളൂരിപ്പിടിച്ചു യുദ്ധത്തിന്നൊരുങ്ങി. രങ്കരായക്കു മാനിച്ചനെ കണ്ടിട്ടു് എന്തെല്ലാമോ സംശയം തോന്നി. പക്ഷെ ആ സംശയം അംബികാദേവിയ്ക്കൊഴികെ ബാക്കിയെല്ലാവക്കുമുണ്ടായി. വിക്കിരൻ സുഖക്കേടുപിടിച്ചു മെലിഞ്ഞുവന്നതാണെന്നു് എല്ലാവരും സംശയിച്ചുപോയി. രങ്കരായർ പിന്നേയും പിന്നേയും മാനിച്ചനെത്തന്നെ സൂക്ഷിച്ചുംകൊണ്ടിരുന്നു. ഏതെങ്കിലും, മാനിച്ചൻ വിക്കിരനാണെന്നു തീച്ച് പറയുവാൻ അയാൾക്കു ധൈര്യമുണ്ടായില്ല.

പക്ഷെ തങ്കമ്മയ്ക്കും മററുള്ളവക്കുണ്ടായ സംശയമുണ്ടായി എന്നു പറയുവാൻ തരമില്ല. കാരണം, തങ്കമ്മ അവിടെക്കൂടിയ കൂട്ടത്തിൽ ഒരാളെ മാത്രമേ കണ്ടിരുന്നുള്ളു എന്നു പറഞ്ഞാൽ ഒട്ടും അവാസ്തവമാകയില്ല. വീരമാർത്താണ്ഡൻ കാഷായവസ്ത്രം ധരിച്ചു് അകത്തേയ്ക്കു പ്രവേശിച്ചപ്പോൾത്തന്നെ തങ്കമ്മയ്ക്കു ആളെ മനസ്സിലായി. അതിന്നുശേഷം തങ്കമ്മയ്ക്കു വീരമാർത്താണ്ഡൻ ചെയ്യുന്ന പ്രവൃത്തികളല്ലാതെ മററൊന്നും കാണ്മവാൻ സാധിച്ചില്ല.

പെട്ടെന്നു് ഒരു കാഹളത്തിൻെറ ശബ്ദം കളരിയിൽ മുഴങ്ങി. ഉടനെ ഈ നാലു യുവാക്കന്മാരും സ്വാമികളുടെ പാദങ്ങളിൽ നമസ്കരിച്ചു പടക്കളത്തിലിറങ്ങി.

പരദേശത്തെ യോദ്ധാക്കൾ എട്ടുപേരും, അവരോടു പൊരുതുവാൻ നാലുപേരുമായിരുന്നു. "നാലാളോടു് എട്ടാൾ പൊരുതുവാൻ പാടുണ്ടോ?" എന്നു പടത്തലവൻനായർ രങ്കരായരോടു ചോദിച്ചു.

രങ്ക—ഞങ്ങളുടെ എട്ടാളോടു പൊരുതുവാൻ നിങ്ങൾ നാലാളെ മാത്രമേ കൊണ്ടുവന്നിട്ടുള്ളു. അതുകൊണ്ടു് അവർതന്നെ യുദ്ധം ചെയ്യേണ്ടതാണു്.

ഇതു കേട്ടു പടത്തലവൻനായർ വീരമാർത്താണ്ഡൻെറ മുഖത്തുനോക്കി. വീരമാർത്താണ്ഡൻ, "പടത്തലവൻനായർ, "പരിഭ്രമിയ്ക്കണ്ട. ഞങ്ങൾക്കതുകൊണ്ടു ഭയമില്ല. എന്താ അങ്ങിനെയല്ലേ?" എന്നു ബാക്കി മൂന്നുപേരോടും ചോദിച്ചു. 'അതേ'

എന്ന് അവരും സമ്മതിച്ചു. രങ്കരായർ മാനിച്ചനെ മല്പിടുത്തത്തിന്നു ചേരുവാൻ സമ്മതിയ്ക്കരുതെന്നു കരുതി ഒരു വിദ്യയെടുത്തു. പടത്തലവൻനായരെ വിളിച്ചിട്ട്, "ഈ വാൾയുദ്ധത്തിൽ പങ്കുകൊള്ളുന്നവർ വേറെ യാതൊന്നിലും പങ്കുകൊള്ളുവാൻ പാടില്ല" എന്നു പറഞ്ഞു. പടത്തലവൻനായർ, ഇതിലെങ്കിലും ജയം കിട്ടിയാൽമതി എന്നു വിചാരിച്ചും മല്പിടുത്തത്തിന്നു ആരുമില്ലെങ്കിൽ തനിയ്ക്കെങ്കിലും പോകാം എന്നുദ്ദേശിച്ചും ക്ഷണത്തിൽ സമ്മതിച്ചു യോദ്ധാക്കൾ നിരന്നുനിന്ന സ്ഥലത്തേയ്ക്കു പോയി.

യുവാക്കന്മാരിൽ ഓരോരുത്തനും ഈരണ്ടാളോടു പൊരുതുവാൻ ചെന്നുനിന്നു. കാഹളത്തിൻെറ വിളി അവസാനിയ്ക്കുന്നതിന്നുമുമ്പായി വാളുകൾ തമ്മിൽ മുട്ടിയിടഞ്ഞു.

പത്തു നിമിഷത്തിന്നുള്ളിൽ കാൽച്ചുവിട്ടേററ പൊടിയിളകിക്കയറി യോദ്ധാക്കളെ ആകെ മൂടി. ചുററും ഇരുന്നവൎക്ക് ആ പൊടിയുടെയുള്ളിൽ എന്താണ് നടക്കുന്നതെന്നു കണ്ടറിവാൻതന്നെ പ്രയാസമായി. യുദ്ധം ചെയ്യുന്നതിനിടയിൽ ചില അട്ടഹാസങ്ങളും വാളുകൾതമ്മിൽ മുട്ടുന്ന ശബ്ദവുമല്ലാതെ മറെറാരു ശബ്ദവും ഉണ്ടായിരുന്നില്ല. ആയിരക്കണക്കായി വന്നുകൂടിയ ജനക്കൂട്ടത്തിൽനിന്ന് ഒരു ചെറിയ ശബ്ദംപോലും പുറപ്പെട്ടില്ല. അവിടെ കൂടിയവരെല്ലാം ഒരൊററ ആൾ നോക്കുന്ന പ്രകാരത്തിൽ ആ സ്ഥലത്തേയ്ക്കു നോക്കിക്കൊണ്ടുനിന്നു.

തങ്കമ്മ ഈ പൊടി കണ്ടിട്ടു സഹിയ്ക്കവയ്യാതെ "അയ്യോ, അതിൻെറ ഉള്ളിൽ എന്താണ് സംഭവിയ്ക്കുന്നതെന്നറിയാഞ്ഞിട്ട് എൻെറ മനസ്സടങ്ങുന്നില്ല" എന്ന് അംബികാദേവിയുടെ മുഖത്തുനോക്കി പറഞ്ഞുപോയി. പക്ഷെ അംബികാദേവിയുടെ ശ്രദ്ധ മുഴുവനും യുദ്ധത്തിലായിരുന്നതുകൊണ്ടു തങ്കമ്മ പറഞ്ഞതൊന്നും കേട്ടില്ല. പെട്ടെന്ന് 'അയ്യോ' എന്ന ഒരു നിലവിളിയോടുകൂടി ആരോ ഒരാൾ നിലത്തുവീണു. പടത്തലവൻനായർ ആ പൊടിപടലത്തിൻെറ ഉള്ളിലേയ്ക്കു പാഞ്ഞു, വീണ ആളെ എടുത്തു പുറത്തേയ്ക്കുകൊണ്ടുവന്നു. അതു പരദേശികളിൽ ഒരാളായിരുന്നു. അയാളുടെ വലത്തെ ചുമലിൻെറ ഭാഗത്തുനിന്ന് ഒഴുകിവരുന്ന രക്തത്തെ പടത്തലവൻനായർ ഒരു തുണികൊണ്ടൊപ്പി ഭടന്മാരോട് അയാളെ എടുത്തുകൊണ്ടുപോയി വേണ്ട

ശുശ്രൂഷകഠംചെയ്യാൻ പറഞ്ഞു, പിന്നേയും യുദ്ധസ്ഥലത്തിൻെറ അടുത്തു വന്നുനിന്നു. യുദ്ധം ഇങ്ങിനെ കുറേ സമയംകൂടി നില നിന്നു. അതിനിടയിൽ ശത്രുപക്ഷക്കാരിൽ ഒരാഠംകൂടി മാനി ച്ചൻെറ വെട്ടുകൊണ്ടു നിലത്തുപതിച്ചു. ഇതു നോക്കി മനസ്സി ലാക്കിയ വിദേശീയർ അങ്ങിനെ പൊരുതിയാൽ ജയം കിട്ടി ല്ലെന്നു കണ്ട് ഒരു വിദ്യയെടുത്തു. മുൻഭാഗത്തുനിന്നു യുദ്ധം ചെയ്തവരിൽ ചിലർ പിന്നോക്കംമാറി യുവാക്കന്മാരെ പിന്നിൽ നിന്നാക്രമിച്ചു. ഇതുകണ്ടു യുവാക്കഠം ഒന്നിച്ചുകൂടി. അവർ ഈരണ്ടാഠം ഓരോ ഭാഗത്തായി തിരിഞ്ഞുനിന്നു യുദ്ധംതുടങ്ങി. ഇതും സഫലമായില്ലെന്നു കണ്ടു പരദേശികഠം യുദ്ധം ചെയ്യുന്ന തിനിടയിൽ എന്തോ ചില ശബ്ദങ്ങഠം പുറപ്പെടുവിച്ചു. കുറച്ചു കഴിഞ്ഞ ഉടനെ കേരളയോദ്ധാക്കന്മാർ മൂന്നുപേരുടെയും മുമ്പിൽ നിന്നു ശത്രുപക്ഷക്കാർ പിന്മാറി. തങ്ങളുടെ എതിരാളികഠം തോററു പിന്മാറി എന്നുദ്ദേശിച്ചു രാമവമ്മനും രവിവമ്മനും മാനി ച്ചനും പൊടിയുടെ ഉള്ളിൽനിന്നു പുറത്തേയ്ക്കുവന്നു വേറേ ഒരു ഭാഗത്തു ചെന്നുനിന്നു. കുറച്ചു കഴിഞ്ഞപ്പോഠംമാത്രമേ ശത്രുപ ക്ഷക്കാർ പ്രവത്തിച്ച കൌശലം മനസ്സിലായുള്ളു. പരദേശി കഠം ആറു പേർകൂടി വീരമാർത്താണ്ഡനെ വട്ടമിട്ടു വെട്ടുകയാ യിരുന്നു. പക്ഷെ വീരമാർത്താണ്ഡനും ഈ കൌശലം തക്ക സമയത്തു മനസ്സിലായതുകൊണ്ടു ശത്രുക്കഠംക്കു വിചാരിച്ചവിധം വീരമാർത്താണ്ഡനെ വെട്ടിവീഴ്ത്തുവാൻ സാധിച്ചില്ല. വീരമാ ർത്താണ്ഡൻ പെട്ടെന്നു ചക്രം ചുററുന്നവിധം വട്ടംതിരിഞ്ഞ് ആറു യോദ്ധാക്കളുടേയും വാഠംവെട്ടുകഠം തടുത്തുകൊണ്ടിരുന്നു. ആ തിരിച്ചൽകൊണ്ട് അദ്ദേഹം ഏതു ഭാഗത്താണ് നില്ക്കുന്നതെ ന്നറിവാൻതന്നെ പ്രയാസമായി. വീരമാർത്താണ്ഡൻെറ വാഠം ഒരു വെള്ളിച്ചക്രംപോലെ ആ പൊടിയുടെ ഇടയിൽക്കൂടി പ്രകാ ശിച്ചുകണ്ടു.

അവിടെ കൂടിയവരെല്ലാം വീരമാർത്താണ്ഡൻെറ ഈ അത്ഭു തപരാക്രമം കണ്ടു സ്തംഭിച്ചുപോയി. രായന്മാർ ഇതുകണ്ടു ശ്വാസം കഴിപ്പാൻകൂടി വയ്യാതെ ബുദ്ധിമുട്ടി. തങ്കമ്മ അതു കണ്ടുനില്ക്കു വാൻ സാധിയ്ക്കാതെ ക്ഷീണിച്ച് അവിടെനിന്നെഴുന്നേററു ബോ ധമില്ലാതെ അംബികാദേവിയുടെ ദേഹത്തിൽച്ചെന്നുവീണു, അംബികാദേവി തങ്കമ്മയെ താങ്ങിക്കൊണ്ടുനിന്നു.

യുദ്ധത്തിൽനിന്നു മാറിപ്പോന്ന യുവാക്കന്മാർ രണ്ടാമതും

എങ്ങിനെയാണ് വീരമാൎത്താണ്ഡനെ സഹായിപ്പാൻ പോകേണ്ടതെന്ന് മനസ്സിലാവാതെ പരിതപിച്ചുകൊണ്ടുനിന്നു. പിന്നിൽനിന്നു വെട്ടിമാററുകയല്ലാതെ വേറെ യാതൊരു വഴിയും കാണാഞ്ഞിട്ടും, അതു പ്രവൎത്തിയ്ക്കുന്നതു തങ്ങളുടെ പൌരുഷത്തിന്നും യുദ്ധനടപടിയ്ക്കും മതിയായതല്ലെന്നു വിചാരിച്ചും യാതൊന്നും പ്രവൎത്തിയ്ക്കുവാൻ തോന്നിയില്ല.

ഇതു കണ്ടിട്ടു സഹിയ്ക്കാൻ കഴിയാഞ്ഞിട്ട് "ഈ മാതിരി യുദ്ധം പാടില്ല. ഇതു നിൎത്തണം" എന്നു പടത്തലവൻനായർ അലറി. "നിൎത്തേണ്ട" എന്നു രങ്കരായരും നിലവിളിച്ചു പറഞ്ഞു. നാലുപേരിൽ ഒരുവനെങ്കിലും മരിയ്ക്കണമെന്നാണ് രങ്കരായരുടെ മോഹം. ഇങ്ങിനെ ആറു പേരോടു യുദ്ധംചെയ്തിട്ടും വീരമാൎത്താണ്ഡൻ കീഴടങ്ങുന്നതോ വീഴുന്നതോ കാണാഞ്ഞതുകൊണ്ടു രങ്കരായർ ദ്വേഷ്യംവന്നു പല്ലുകടിയ്ക്കുവാൻ തുടങ്ങി. പക്ഷെ ബാക്കിയുള്ളവൎക്കു നിമിഷങ്ങൾ പോകുവാൻ പ്രയാസമായിത്തോന്നി. ആ അനേകായിരം ജനങ്ങളുടെ ഹൃദയങ്ങൾ ആശ്ചൎയ്യംകൊണ്ടും ഭയംകൊണ്ടും അടുത്തനിമിഷം എന്താണ് സംഭവിയ്ക്കുവാൻപോകുന്നതെന്നു നിൎണ്ണയിയ്ക്കുവാൻ സാധിയ്ക്കാഞ്ഞതുകൊണ്ടും വല്ലാതെ ഇടിച്ചുകൊണ്ടിരുന്നു. "ഇതാ, ഇപ്പോൾ വീണുപോകും. ഇങ്ങിനെ ഈ യുദ്ധം നിലനിൎത്തിപ്പോരാൻ സാധിയ്ക്കില്ല" എന്നു പറഞ്ഞുംകൊണ്ടു മിയ്ക്കവരും മനസ്സിൽ തോന്നിയ ഭയത്തേയും പരിതാപത്തേയും പുറത്തേയ്ക്കു കാണിച്ചുകൊണ്ടിരുന്നു. ഇങ്ങിനെ ശ്വാസംകൂടി കഴിയ്ക്കാതെ നിശ്ചലന്മാരായി നോക്കിനില്ക്കുന്നതിനിടയിൽ രണ്ടാൾ ഒന്നിച്ചുവീഴുന്നതു കണ്ടു. പിന്നെ അടുത്തടുത്തായി ബാക്കിയുള്ള നാലാളും നിലത്തുവീണു. വീരമാൎത്താണ്ഡൻ യുദ്ധംകഴിഞ്ഞു മുന്നോട്ടുവന്നു രക്തമൊലിയ്ക്കുന്ന തന്റെ വാൾ ഒന്നു വീശി പിന്നോക്കം മലൎന്നു. ഇതു കണ്ടു മാനിച്ചൻ ചാടിയെത്തി വീരമാൎത്താണ്ഡനെ താങ്ങി വേഗത്തിൽ എടുത്തു വേറെ ഒരു സ്ഥലത്തേയ്ക്കു കൊണ്ടുപോയി കിടത്തി.

തങ്കമ്മ തല്ക്കാലമുണ്ടായ മൂൎച്ഛയിൽനിന്ന് ഉണൎന്ന് അംബികാദേവിയുടെ സാഹായ്യത്തോടേ പിന്നേയും യുദ്ധം നോക്കിക്കൊണ്ടിരിയ്ക്കയായിരുന്നു. വീരമാൎത്താണ്ഡൻ മുന്നോട്ടുവന്നു മലൎന്നുവീഴുന്നതു കണ്ടിട്ട് "അയ്യോ!" എന്നൊരു നിലവിളിയോടേ തീരേ മോഹാലസ്യപ്പെട്ടു നിലത്തേയ്ക്കു വീണു. ഇതു കണ്ട്

അംബികാദേവി തങ്കമ്മയെ എടുക്കുവാനായി ഒന്നുരണ്ടാളെ വിളിച്ചു. പക്ഷെ അവിടെ അപ്പോഠം വലിയ ബഹളമായതു കൊണ്ടു ദേവി വിളിച്ചതുതന്നെ ആരും കേട്ടില്ല. വെട്ടുകൊണ്ടു വീണ എട്ടാഠക്കും നല്ലവണ്ണം മുറികഠം പററിയിരുന്നതുകൊണ്ടു് രങ്കരായർ അവരെ എടുപ്പിച്ചു വേറെ സ്ഥലത്തുകൊണ്ടുപോയി കിടത്തി. രങ്കരായർ വ്യസനംകൊണ്ടും ഇച്ഛാഭംഗംകൊണ്ടും പകുതി ജീവൻ പോയപ്രകാരത്തിലായിരുന്നു. കൃഷ്ണരായർ പെരുമാഠം പറയുന്നതിനൊന്നും ഒരു മറുപടിയും പറയാതെ രങ്കരായർ നില്ക്കുന്ന ഭാഗത്തേയ്ക്കു നോക്കിക്കൊണ്ടിരുന്നു.

വീരമാർത്താണ്ഡനും രക്തത്തിൽ മുഴുകിയിരുന്നു. സ്വാമികഠം വന്നു മുറികഠം നോക്കി വീരമാർത്താണ്ഡനെ അപ്പോഠംതന്നെ തൻെറ വസതിയിലേയ്ക്കു മാററുവാൻ കല്പന കൊടുത്തു.

പിന്നീടു മല്ലയുദ്ധത്തിന്നുള്ള ഒരുക്കമായി. പാണ്ഡ്യരാജത്തുനിന്നു വന്ന മല്ലന്മാരായ ജംബുലിംഗവും നരസിംഹവും കളരിയിൽ പ്രവേശിച്ചു തങ്ങഠക്കു സമന്മാരായി ആരുമില്ല എന്ന ഭാവത്തിൽ നാലുപാടും നോക്കിക്കൊണ്ടുനിന്നു. കുറച്ചു കഴിഞ്ഞപ്പോഠം അവരും പോക്കുവിളി ആരംഭിച്ചു. അവരോടെതിക്കുവാൻ ആക്കും ധൈര്യമുണ്ടായില്ല. അക്കാലത്തു മല്ലിടുത്തത്തിന്നു ശരിയായ മല്ലന്മാർ കേരളത്തിലെവിടെയും ഉണ്ടായിരുന്നില്ല. അതുകൊണ്ടു് അവക്കെതിരായി ആരും പോകണ്ടെന്നു തീച്ചയാക്കി. പക്ഷെ അവരുടെ പോക്കുവിളി കേട്ടു് ഒന്നും മറുപടി പറയാതിരിപ്പാനും വയ്യാതായി. ആരും മുന്നോട്ടു വരാത്തതുകൊണ്ടു് അവർ മലനാട്ടുകാരെ അസഭ്യമായി ചീത്ത പറവാൻ തുടങ്ങി. ഇതു കേട്ടുനില്ക്കുന്ന രങ്കരായർ അവരെ ശാസിക്കുന്നതിന്നു പകരം, ഒരു പുച്ഛഭാവത്തിൽ പെരുമാളിരിക്കുന്ന സ്ഥാനത്തേക്കും അംബികാദേവിയും തങ്കമ്മയും ഇരിക്കുന്ന ഭാഗത്തേക്കും നോക്കിക്കൊണ്ടുനിന്നു. മല്ലന്മാരുടെ അസഭ്യവാക്കുകഠം കേട്ടു മാനിച്ചൻ ആഠക്കൂട്ടത്തിൽനിന്നു മുന്നോട്ടു ചാടി ആ മല്ലന്മാരുടെ മുമ്പിൽ ചെന്നുനിന്നു. പക്ഷെ മാനിച്ചൻ മല്ലിടുത്തത്തിൽ ചേരാൻ പാടില്ലെന്നുള്ള രങ്കരായരുടെ തടസ്ഥംകൊണ്ടു മാനിച്ചന്നു വ്യസനത്തോടെ മടങ്ങേണ്ടിവന്നു. ഒടുക്കം അവരുടെ ശകാരംകേട്ടു സഹിക്കാൻ കഴിയാതെ പടത്തലവൻ നായർ അവരുടെ അടുക്കലേയ്ക്കു് ഓടിച്ചെന്നു.

വയസ്സുകൊണ്ടും നിത്യാഭ്യാസമില്ലായ്മകൊണ്ടും മല്ലിടുത്തത്തിൽ തീരേ പരിചയമില്ലായ്മകൊണ്ടും പടത്തലവൻനായരുരുടെ ഓട്ടം വെറുതെയായിപ്പോയി. നരസിംഹവും ജംബുലിംഗവുംകൂടി രണ്ടു പുറത്തുനിന്നും പടത്തലവൻനായരെ കൈ മടക്കി കുത്തുവാനും പ്രഹരിപ്പാനും തുടങ്ങി. അതു കണ്ടിട്ടു രങ്കരായക്കും കൂട്ടക്കാക്കും വളരെ സന്തോഷമായി. പടത്തലവൻനായർ തനിയ്ക്കാവുംവണ്ണം അവക്കു പകരത്തിന്നുപകരം കൊടുത്തുകൊണ്ടിരുന്നു. പക്ഷെ ക്ഷണനേരംകൊണ്ടു പടത്തലവൻനായർ കിതച്ചു തുടങ്ങി. ഏകദേശം ഒരു നാഴിക കഴിഞ്ഞപ്പോൾ പടത്തലവൻനായർ കാൽതെററി നിലത്തു വീണുപോയി. പെട്ടെന്നു നരസിംഹവും ജംബുലിംഗവും പടത്തലവൻനായരെ തങ്ങളുടെ കാലുകൾക്കിടയിൽപ്പെടുത്തി കെണിയിലിട്ടപ്രകാരത്തിൽ അനങ്ങുവാൻ വയ്യാത്ത സ്ഥിതിയിലാക്കി.

"ഇവൻെറ കഥ കഴിയ്ക്കട്ടെ?" എന്നു ജംബുലിംഗം നാലു ഭാഗത്തേയ്ക്കും നോക്കിക്കൊണ്ടു ചോദിച്ചു.

"കീഴടങ്ങി എന്നു പറഞ്ഞാൽ വേണ്ട, അല്ലെങ്കിൽ കഥകഴിയ്ക്കാം" എന്നു രങ്കരായർ മറുപടി പറഞ്ഞു.

ഇതു കേട്ടു ജംബുലിംഗം "എടാ, നീ എനിയ്ക്കു കീഴടങ്ങി എന്നു പറ. അല്ലെങ്കിൽ നിൻെറ കഥ ഇപ്പോൾ ഞാൻ കഴിയ്ക്കും" എന്നു ഗർജ്ജിച്ചുംകൊണ്ടു തൻെറ ഭയങ്കരമായ കാൽ പൊക്കി. പടത്തലവൻനായക്ക് ആവുന്നത്ര ശ്രമിച്ചിട്ടും അനങ്ങുവാൻ സാധിച്ചില്ല. പടത്തലവൻനായരുടെ ആ അവസ്ഥ കണ്ടവരെല്ലാം അദ്ദേഹത്തിൻെറ അവസാനം അടുത്തെത്തിക്കഴിഞ്ഞു എന്നു തീച്ചപ്പെടുത്തി. രണ്ടാമതും 'കീഴടങ്ങുന്നുണ്ടോ?' എന്ന ചോദ്യത്തിന്ന് "ഒരു കാലത്തും ഇല്ല" എന്നു പടത്തലവൻനായർ വളരെ ധൈര്യത്തിലും ഉച്ചത്തിലും മറുപടി പറഞ്ഞു. പിന്നത്തെ സംഭവം കാണുക വയ്യെന്നു വിചാരിച്ചു പെരുമാൾ കൈകൊണ്ടു മുഖം മൂടി തല കുനിച്ചിരുന്നു. അംബികാദേവിയും തങ്കമ്മയും എന്നുവേണ്ട, അവിടെക്കൂടിയ എല്ലാ സ്ത്രീകളും ഉറക്കെ കരയുവാൻ തുടങ്ങി; ചേരമാൻപെരുമാളുടെ പതിനായിരത്തിൻെറ നായകൻ, നാട്ടിലുള്ളവരെല്ലാം ദൈവത്തെപ്പോലെകരുതിവരുന്ന ഒരാൾ, ഒരു പരദേശിച്ചെട്ടിയുടെ ചവിട്ടുകൊണ്ടു മരിയ്ക്കുന്നതു കണ്ടു സഹിയ്ക്കുക വയ്യെന്ന് എല്ലാവരും

വിചാരിച്ചു. ജനങ്ങരം ഇളകിത്തുടങ്ങി. മാനിച്ചനെ പിടിച്ചു നിൎത്തുവാൻ അനവധി ആരംക്കാർ വേണ്ടിവന്നു. കാര്യക്കാർ രണ്ടാമതും ചാടി അവരുടെ അടുക്കലേയ്ക്കു ചെന്നു. ജംബുലിഗം അവസാനമായി ഒരു പ്രാവശ്യംകൂടി ചോദ്യം ചെയ്തു. “പടത്തലവൻനായർ ഇവിടെനിന്നു രക്ഷപ്പെടാമെന്നു വിചാരിയ്ക്കേണ്ട. കീഴടങ്ങുന്നോ, ഇല്ലയോ?”

പട—ഞാൻ ഒരു കാലത്തും നിനക്കു കീഴടങ്ങില്ല.

ജംബുലിംഗത്തിൻെറ കാൽ പൊങ്ങി. ആ സമയം ആ കളരി മുഴുവനും ഞെട്ടിച്ച ഇടിമുഴക്കംപോലുള്ള ഒരു ശബ്ദം അവിടെ മാറെറാലികൊണ്ടു. “എടാ, ജംബുലിംഗം!” എന്നുള്ള രണ്ടു വാക്കുകരം ആ കളരിയുടെ വാതില്ക്കൽവെച്ച് ആദ്യമായി കേട്ടു. ജംബുലിംഗം പൊക്കിയ കാൽ താനറിയാതെ നിലത്തു തന്നെ വെച്ചുപോയി. അയാളുടെ ഹൃദയത്തിൽക്കൂടി ഒരു മഹാഗ്നി കത്തിക്കാളി.

ശബ്ദം കേട്ട് അതാരാണെന്നറിയുന്നതിന്നുമുമ്പെ ഒരു മിന്നല്പിണരിൻെറ വേഗത്തിൽ ഒരു ഗംഭീരമനുഷ്യൻ ജംബുലിംഗത്തിൻെറ മുമ്പിൽ ചാടിവീണു. ആഗതൻെറ ഒരൊററച്ചവിട്ടുകൊണ്ടു ജംബുലിംഗവും നരസിംഹവും പാററകളെപ്പോലെ പറന്നുപോയി കളരിയിൽ രണ്ടു സ്ഥലത്തായി വീണു.

ജംബുലിംഗം ആ വീണ സ്ഥലത്തുനിന്ന് ആ വന്ന ആളെ ഒന്നുകൂടി സൂക്ഷിച്ചുനോക്കി, സിംഹത്തെക്കണ്ട ഗജംപോലെ അവിടെനിന്നനങ്ങുവാൻ വയ്യാതെ സ്തംഭിച്ചുനിന്നുപോയി. ആ വന്ന ആരം പടത്തലവൻനായരെ കൈ പിടിച്ചെഴുന്നേല്പിച്ചു കാര്യക്കാരുടെ കയ്യിൽ ഏല്പിച്ചതിന്നുശേഷം ജംബുലിംഗത്തിൻെറ നേരെ നോക്കി. പെട്ടെന്നു ‘വിക്കിരൻ, വിക്കിരൻ’ എന്ന ഒരു നിലവിളിയോടേ ജംബുലിംഗം അവിടെനിന്ന് എഴുന്നേററോടി.

പക്ഷെ വിക്കിരൻ ജംബുലിംഗത്തെ വെറുതെ വിടുവാൻ ഉദ്ദേശിച്ചിരുന്നില്ല. ജബുലിംഗം മുമ്പിലും വിക്കിരൻ പിമ്പിലുമായി മൂന്നുവട്ടം ആ കളരിയ്ക്കു ചുററും ഓടി. മൂന്നാമത്തെ മറിയ്ക്കു കളരിയുടെ അകത്തുവെച്ചു വിക്കിരൻ ജബുലിംഗത്തെ പിടിച്ചു. ഒരു നിമിഷത്തിനിടയിൽ ജംബുലിംഗത്തെ നിലത്തു വീഴ്ത്തി, നെഞ്ചിൽ കയറിയിരുന്ന് ഒരു രണ്ടാം ദുശ്ശാസനവധം

അവിടെ കഴിച്ചു. കുറച്ചു കഴിഞ്ഞു നോക്കിയപ്പോൾ ജംബുലിംഗം വെറും ഒരു മാംസക്കട്ടയായിത്തീൎന്നിരുന്നു. ആ മാംസക്കട്ടയെ വിക്കിരൻ കാൽകൊണ്ടു തട്ടി ദൂരെത്തെറിഞ്ഞു.

“മറ്റെവനെവിടെ?” എന്നു വിക്കിരൻ കളരിയുടെ നടുക്കു വന്നു ഗൎജ്ജിച്ചു. പക്ഷെ നരസിംഹത്തെ തിരഞ്ഞിട്ട് അവിടെയെങ്ങും കാണുവാനുണ്ടായിരുന്നില്ല. രങ്കരായരും മററു പരദേശികളും ഇതു കണ്ടു കളരിയിൽനിന്നു പുറത്തേയ്ക്കുപോയി എവിടെയോ മറഞ്ഞിരുന്നു.

വിക്കിരൻെറ മുഖം കണ്ടിട്ട് അവിടെ കൂടിയവരിലാൎക്കും അടുത്തു ചെല്ലുവാൻ ധൈൎയ്യമുണ്ടായില്ല. ഒടുക്കം സ്വാമികൾ തന്നെ ഇറങ്ങിവന്നു. വിക്കിരൻെറ അടുത്തു ചെന്നു എന്തെല്ലാമോ പറഞ്ഞ് അയാളുടെ കോപം ശമിപ്പിച്ചു. ഈ സമയം പടത്തലവൻനായർ വിക്കിരൻെറ അടുക്കലേയ്ക്കു വന്ന് എല്ലാവരുടെയും മുമ്പിൽവെച്ചു, തൻെറ കഴുത്തിൽ തൂങ്ങിക്കിടക്കുന്ന സ്വൎണ്ണച്ചങ്ങല അഴിച്ചു വിക്കിരൻെറ കഴുത്തിലിട്ടു. അപ്പോഴുണ്ടായ ജയഭേരിയും കോലാഹലവും ഇന്നപ്രകാരത്തിലാണെന്നു വിവരിയ്ക്കുവാൻ പ്രയാസമാണ്.

പാണ്ഡ്യരാജ്യക്കാരാരും പിന്നെ യുദ്ധത്തിന്നൊരുങ്ങാത്തതുകൊണ്ടു പയററു മതിയാക്കുവാൻ തീൎച്ചയാക്കി. പയററ് അവസാനിച്ചിരിയ്ക്കുന്നു എന്നു കളരിയിൽവെച്ചു വിളിച്ചുപറഞ്ഞു. ജനങ്ങൾ കൂട്ടംകൂട്ടമായി പുറത്തേയ്ക്കിറങ്ങി.

# ഒമ്പതാമദ്ധ്യായം

**പെ**രുമാളും കൃഷ്ണരായരുംകൂടി ഒന്നിച്ച് കൊട്ടാരത്തിലേയ്ക്കു മടങ്ങി. വരുന്ന വഴി രണ്ടുപേരും ഒന്നും സംസാരിച്ചില്ല. പയററിനെപ്പററി സംസാരിയ്ക്കുന്നതു കൃഷ്ണരായക്കു രസിയ്ക്കില്ലെന്നു വിചാരിച്ച് പെരുമാറാ മൌനംപൂണ്ടു നടന്നു. കൃഷ്ണരായർ തനിയ്ക്കു പററിയ അപമാനമാലോചിച്ച് കുണ്ഠിതപ്പെട്ടുകൊണ്ടു നടന്നു. ഏകദേശം കൊട്ടാരത്തിന്നടുത്തെത്തിയ സമയം കൃഷ്ണരായർ "ആ വിക്കിരനെങ്ങിനെയാണ് പുറത്തു ചാടിയത്? അവന്നെങ്ങിനെ ബുദ്ധിവികാസമുണ്ടായി?"

പെരു—എനിയ്ക്കു രണ്ടും വിവരമില്ല.

കൃഷ്ണ—അതെനിയ്ക്കത്ര വിശ്വാസമില്ല.

പെരു—വിശ്വാസമില്ലെങ്കിൽ വിശ്വസിയ്ക്കണ്ട.

കൃഷ്ണ—ഞാൻ ശഠിച്ചുപറഞ്ഞതല്ല. പെരുമാറാക്കു വല്ലവരിൽനിന്നും വത്തമാനം കിട്ടിയോ എന്നറിവാൻമാത്രമാണ്.

പെരു—എനിയ്ക്ക് ഒരു വത്തമാനവും കിട്ടിയിട്ടില്ല.

"നമുക്കു നന്നെ ക്ഷീണമുണ്ട്, പോയി ഇത്തിരി വിശ്രമിയ്ക്കട്ടെ. ആ ജംബുലിംഗത്തെക്കൊണ്ടു കാട്ടിയതു ഭയങ്കരംതന്നെ" എന്നു പറഞ്ഞു കൃഷ്ണരായർ സ്വന്തം മാളികയിലേയ്ക്കും പെരുമാറാ കൊട്ടാരത്തിലേയ്ക്കും പോയി. കൊട്ടാരത്തിൽ എത്തിയ ഉടനെ പെരുമാറാ ഒരു ഭടനെ വിളിച്ച് വിക്കിരനെ വിളിച്ചുകൊണ്ടുവരുവാൻ പറഞ്ഞയച്ചു. ഭടൻ പോകുന്ന സമയം ചെറോട്ടിയമ്മയും ആ മുറിയിൽ പ്രവേശിച്ചു.

പെരു—എന്താ ചെറോട്ടി, കളരിപ്പയററു കേമമായില്ലേ?

ചെറോ—ആ പടത്തലവൻനായരെ എന്തിനു കൊള്ളാം?

പെരു—എന്താണ് അയാറാ ചെയ്തതിൽ തകരാറ്?

ചെറോ—തകരാറൊന്നുമില്ല. പക്ഷെ പയററിന്ന് ആരുമുണ്ടായിരുന്നില്ല. സ്വാമികറാ അവിടെ വന്നിട്ടില്ലായിരുന്നെങ്കിൽ കാണാമായിരുന്നു.

പെരു—വാറംക്കാരെല്ലാം അയാറം ഏല്പ്പാടുചെയ്യവർതന്നെ യാണ്.

ചെറോ—എന്നാൽ എന്തുകൊണ്ടു സമയത്തിന്നു വന്നില്ല? അവററയുടെ ചീത്ത മുഴുവനും കേട്ടിട്ടില്ലേ. ഞാൻ ചാടിപ്പുറപ്പെ ട്ടാലോ എന്നുകൂടി തോന്നി. ഇവിടെയുള്ളവർ ഇത്ര നാണംകെ ട്ടവരായിപ്പോയല്ലോ!

പെരു—അതുകൊണ്ടൊന്നുമല്ല ചെറോട്ടി. അന്യരാജ്യക്കാ രോടു യുദ്ധം ചെയ്യുവാൻ നല്ല മനസ്സുറപ്പു വേണം. തോററുപോ യാലത്തെ കുറവു വിചാരിച്ച് എല്ലാവരും മടിയ്ക്കും. അതുമാത്ര മേ ഉള്ളൂ.

ചെറോ—എന്നാലോ, ആ യുവാക്കറം മിടുമിടുക്കന്മാർ തന്നെ. അങ്ങിനെയുള്ള ഒരൊററ ആൺകുട്ടിയെ ഇവിടുത്തേയ്ക്കു പറയാനില്ലല്ലോ. കഷ്ടംതന്നെ.

ഇങ്ങിനെ പറയുന്നതിനിടയിൽ ഭടൻ വിക്കിരനേയും കൂട്ടി ക്കൊണ്ടു വന്നു. വിക്കിരനെ കണ്ട ഉടനേ പെരുമാറം, "വിക്കി രൻ ഇന്നു ചെയ്ത പ്രവൃത്തിയ്ക്കു പ്രതിഫലം തരുവാൻ ഇപ്പോറം വിചാരിയ്ക്കുന്നില്ല. എങ്കിലും അതിൻെറ ഓർമ്മയ്ക്കായി ഇതിരി യ്ക്കട്ടെ" എന്നു പറഞ്ഞു വൈരപ്പതക്കത്തോടുകൂടിയ ഒരു മാല യെടുത്തു വിക്കിരൻെറ കഴുത്തിലിട്ടു. "വിക്കിരനെ ഇന്നുമുതൽ നമ്മുടെ അംഗരക്ഷകനാക്കി നിശ്ചയിച്ചിരിയ്ക്കുന്നു."

വിക്കി—അടിയന്നു വളരെ സന്തോഷമായി. അടിയന് ഒരനുജൻകൂടിയുണ്ട്.

പെരു—അനുജനോ! അവനെവിടെ?

വിക്കി—വാറംക്കാരോടു പൊരുതിയ കൂട്ടത്തിലുണ്ടായിരുന്ന മാനിച്ചൻ അടിയൻെറ അനുജനാണ്.

പെരു—മാനിച്ചനേയും അതേ പ്രകാരത്തിൽ നിശ്ചയിച്ചു കളയാം. പക്ഷെ സ്വാമിയോട് ഒന്നു ചോദിച്ചിട്ടു വേണം.

വിക്കിരൻ "മുമ്പൊരിയ്ക്കൽ മാനിച്ചൻ സ്വാമിയുടെ എഴു ത്തുംകൊണ്ടു ഇവിടെ വല്ല പ്രവൃത്തിയും അന്വേഷിച്ചുവരികയു ണ്ടായി എന്നു കുറച്ചു മുമ്പ് അവൻ എന്നോടു പറഞ്ഞു. അന്നി വിടെ എത്തിയ സമയം രാത്രിയായിപ്പോയി. തെരുവീഥിയിൽ വെച്ചു പലരുംകൂടി ഒരാളെ വെട്ടുന്നതു കണ്ട് അങ്ങോട്ടോടി

ച്ചെന്നു. അയാാക്ക വെട്ടു കൊണ്ടതിന്നുശേഷമേ അവിടെ എത്തുവാൻ കഴിഞ്ഞുള്ളു. പക്ഷെ അയാം ഒരളുക്ക മാനി ച്ചൻെറ കൈവശം കൊടുത്തു. അതു തട്ടിപ്പറിയ്ക്കുവാൻവേണ്ടി മററുള്ളവർ മാനിച്ചനെ വളഞ്ഞു. പക്ഷെ മാനിച്ചൻ വാം വീശി ചുററുമുള്ളവരെ വെട്ടിവീഴ്ത്തി. അതിൽ കുറേ ആളുകാക്ക് അപായം വന്നുപോയതുകൊണ്ടു മാനിച്ചൻ ഭയപ്പെട്ടു് ആ അളു ക്കുംകൊണ്ടു് ഓടിപ്പോയി സ്വാമികളുടെ അടുക്കെ അഭയം പ്രാ പിച്ചു. ആ അളുക്കിതാണ്'' എന്നു പറഞ്ഞു വൈരം വെച്ചു സൂക്ഷിച്ചിരുന്ന അളുക്ക പെരുമാളുടെ മുമ്പിൽവെച്ചു.

പെരു—മരിച്ച ഭടൻ 'വിക്കിരാ' എന്നു വിളിച്ചതിൻെറ അർത്ഥം എനിയ്ക്കിപ്പോം മനസ്സിലായി. കഷ്ടംതന്നെ. വിക്കി രനെ അതിന്നുവേണ്ടി വെറുതേ തടവിലിട്ടു.

വിക്കി—അതുകൊണ്ടു് അടിയന്നു വ്യസനമില്ല. ഒന്നാമത് ആ സംഗതികളൊന്നും ഇപ്പോം ഓർമ്മയില്ല. പിന്നെ തടവി ലിട്ടതുകൊണ്ടാണ് അടിയൻെറ ബുദ്ധിമാന്ദ്യം വിട്ടുകിട്ടിയത്.

പെരു—അതു വലിയ ആശ്ചര്യംതന്നെ. വിക്കിരൻ എ ങ്ങിനെയാണ് തടവിൽനിന്നു പുറത്തു ചാടി കളരിയിൽ എത്തി യത്?

വിക്കി—തടവിൽനിന്നു പുറത്തേയ്ക്കു വന്നത് എങ്ങിനെയാ ണെന്ന് അടിയന്നു വിവരമില്ല. ഇപ്പോം ഉണർത്തിച്ച സംഗ തികളെല്ലാം അനുജൻ പറഞ്ഞു മനസ്സിലായതാണ്. അടിയൻ ഒരു മുറിയിൽ കിടന്നുറങ്ങി ഉണൎന്നു നോക്കിയപ്പോം ആ വീട്ടിൽ ആരുമില്ലായിരുന്നു. പെട്ടെന്നു ജനക്കൂട്ടത്തിൻെറ ഒരാരവവും ആർപ്പുവിളിയും കേട്ടു. നഗരം ജനശൂന്യമായിക്കണ്ടു, ആ ശബ്ദം എന്നെ ആകൎഷിച്ചതുകൊണ്ടു് ആ ദിയ്ക്കിലേയ്ക്കു വന്നു. കളരിയിൽ വന്നു കയറിനോക്കിയപ്പോംതന്നെ എൻെറ പരമ ശത്രുവായ ജംബുലിംഗം കളരിയിൽവെച്ചു മലനാട്ടുകാരെ ചീത്ത പറഞ്ഞുകൊണ്ടു പോക്കുവിളിച്ചു നില്ക്കുന്നതു കണ്ടു. അടിയൻ മതിമറന്ന് അവൻെറനേരെ ചാടി. അടിയന്നു സ്വബോധം വന്നതു സ്വാമികം വന്നു സംസാരിച്ചതിനുശേഷമാണ്.

പെരു—ജംബുലിംഗത്തെ മുമ്പറിയുമോ?

വിക്കി—അറിയും. അതു വേറെ ഒരു കഥയാണ്. തിരുമ നസ്സിലേയ്ക്കു സമയമുള്ളപ്പോം അടിയൻ അതു ബോധിപ്പിച്ചു കൊള്ളാം.

ആ സമയത്ത് ഒരു ഭടൻ വന്നു, രങ്കരായർ മുഖം കാണിക്കുവാൻ പുറത്തു വന്നുനില്ക്കുന്നു എന്നറിയിച്ചു.

പെരു—വിക്കിരൻ ഇപ്പോഴം പോയ്ക്കൊള്ളൂ. ആവശ്യമുള്ളപ്പോഴം ഞാൻ ആളെ അയയ്ക്കാം.

വിക്കിരൻ പെരുമാളെയും ചെറോട്ടിയമ്മയേയും വെവ്വേറെ തൊഴുതു പുറത്തേയ്ക്കു പോയി.

ചെറോ—വളരെ വകതിരിവുള്ള ഒരു കുട്ടി. ഞാൻ ആദ്യം അവനെ വല്ലാതെ തെററിദ്ധരിച്ചു. സുഖമില്ലാഞ്ഞാൽ എന്തു ചെയ്യും?

രങ്കരായർ മുറിയ്ക്കകത്തു പ്രവേശിച്ചു. അയാറം മുഖത്തു വലിയ നീരസം നടിച്ചുകൊണ്ടാണ് അവിടെയ്ക്കു വന്നത്. പയററിൽ തൻെറ ആറംക്കാർ ജയിയ്ക്കാഞ്ഞതുകൊണ്ടുതന്നെ വല്ലാതെ ദേഷ്യം വന്നു. ഇനിയും തൻെറ കാര്യലാഭത്തിന്നുവേണ്ടി പ്രവൃത്തിയെടുക്കണമല്ലോ എന്നു വിചാരിച്ച് അയാറംക്കു തീരേ സന്തോഷമുണ്ടായില്ല. വന്ന ഉടനേ പെരുമാളോട് "ഞങ്ങറം അടുത്ത ദിവസം നാട്ടിലേയ്ക്കു മടങ്ങിപ്പോകണമെന്നു വിചാരിക്കുന്നു."

പെരു—തക്കവുംകൂടി കഴിഞ്ഞിട്ടു പോകാമെന്നല്ലേ നാം തീർച്ചപ്പെടുത്തിയത്?

രങ്ക—ഇവിടെവെച്ചു തക്കിയ്ക്കണമെങ്കിൽ വിക്കിരനെ ഈ നിമിഷത്തിൽ തടവിലാക്കണം. അവൻ ഇതിന്നുമുമ്പു കൊലപാതകം ചെയ്തു. ഇപ്പോഴം നമ്മുടെയെല്ലാം മുമ്പാകെ ഈ കഠിനകൃത്യവും ചെയ്തു.

പെരു—ജംബുലിംഗത്തെ ഒളിച്ചു കൊന്നതും മറവമല്ലല്ലോ. മല്ലിടുത്തത്തിൽ കൊന്നതല്ലേ?

രങ്ക—വിക്കിരനോടു യുദ്ധം ചെയ്വാൻ ഞങ്ങളുടെ ആറംക്കാർ തീർച്ചപ്പെടുത്തിയിരുന്നില്ല.

പെരു—ഞങ്ങളുടെ ഭാഗത്തുള്ള എല്ലാവരോടുമാണ് നിങ്ങറം പോരടിച്ചത്. അതിന്നു മറുപടി അവൻ തന്നു.

രങ്ക—വിക്കിരൻ മലനാട്ടുകാരനല്ല.

പെരു—ആരു പറഞ്ഞു അല്ലെന്ന്?

രങ്ക—ഞാൻ പറയുന്നു.

പെരു—ആ തക്കം തീക്കാമല്ലോ. അതിന്നുവേണ്ടിയാണ് നിങ്ങളോടു താമസിയ്ക്കുവാൻ പറഞ്ഞത്. പിന്നെ മാനിച്ചൻ യുദ്ധംചെയ്ത സമയം നിങ്ങടം വിരോധമൊന്നും പറഞ്ഞില്ലല്ലോ.

രങ്ക—മാനിച്ചനെപ്പററി ഞങ്ങടംക്കു തക്കമില്ല.

പെരു—എന്നാൽ വിക്കിരനെപ്പററിയും തക്കിയ്ക്കുവാൻ നിവൃത്തിയില്ല. മാനിച്ചൻെറ ജ്യേഷ്ഠനാണ് വിക്കിരൻ.

രങ്ക—വിക്കിരൻ കൊലപാതകം ചെയ്തവനാണ്.

"വിക്കിരൻ ചെയ്തിട്ടില്ല. ചെയ്തതു മാനിച്ചനാണ്. അതിലും നിങ്ങളുടെ ആടംക്കാരാണ് കുററക്കാർ. അവർ ഭടനെ ചെന്നു വെട്ടിയ സമയം മാനിച്ചൻ അവനെ സഹായിയ്ക്കുവാൻ പോയി. അവൻെറ കയ്യിൽനിന്നു കിട്ടിയ അളുക്കിതാ. കല്ല് അളുക്കിൽ നിന്നു വീണുപോയത് എങ്ങിനെയോ വിക്കിരന്നു കിട്ടി. അത്ര മാത്രമേ ഉള്ളൂ." എന്നു പറഞ്ഞു പെരുമാടം അളുക്കെടുത്തു രങ്കരായരെ കാണിച്ചു.

രങ്ക—ഇമ്മാതിരി പൊള്ളുകടം—

ചെറോ—രങ്കരായർ എവിടെവെച്ചാണ് സംസാരിയ്ക്കുന്നതെന്നോമ്മവേണം. ധിക്കാരത്തിന്നു് ഒരു കണക്കു വേണം.

രങ്ക—ഈ രാജ്യത്തു സ്ത്രീകടംക്കാണല്ലോ പൌരുഷം കാണുന്നത്.

ചെറോ—അതല്ല, നിങ്ങളോടും നിങ്ങളെപ്പോലുള്ളവരോടും പൊരുതുവാൻ ഇവിടെയുള്ള സ്ത്രീകടംമാത്രം മതി എന്നാണ്. ഞങ്ങളുടെ ആണുങ്ങളുടെ ആണത്തം കളരിയിൽ കാണിച്ചുകഴിഞ്ഞു.

രങ്ക—"ഇനി ഞാൻ ഒന്നും സംസാരിക്കുന്നില്ല. ഇതിന്നു മറുപടി വഴിയേ തന്നുകൊള്ളാം." എന്നു പറഞ്ഞു വളരേ കോപത്തോടേ മുറിയിൽനിന്നു പുറത്തേയ്ക്കു പോയി.

"ശപ്പൻ. (ഭടനോട്) എടാ, ഇനി അയാളെ ഇതിനകത്തു വിടരുത്, കെട്ടോ." എന്നു പറഞ്ഞു ചെറോട്ടിയമ്മ കുളക്കടവിലേയ്ക്കും പെരുമാടം വിചാരമുറിയിലേയ്ക്കും പോയി.

വിക്കിരൻ കളരിപ്പയററു കഴിഞ്ഞ ഉടനേ തന്നെ വന്നു കാണുമെന്നാണ് അംബികാദേവി വിചാരിച്ചത്. അയാടം പെരുമാളുടെ കൊട്ടാരത്തിലേയ്ക്കു പോകുന്നതു ദേവി തൻെറ കൊട്ടാരത്തിൽനിന്നു കണ്ടിരുന്നു. മടങ്ങിപ്പോകുന്നവഴി തീച്ചയായും

തന്നെ കാണ്മാൻ വരാതിരിക്കില്ലെന്നു മനസ്സിൽ തീച്ചപ്പെടുത്തി വിക്കിരനെ കാണ്മാൻവേണ്ട ഒരുക്കങ്ങൾ ചെയ്തുവെച്ചു. "ഞാൻ എന്താണ് വിക്കിരനോടു പറയേണ്ടത്? ഞാൻ ഏതു നിലയിലാണ് അയാളെ സ്വീകരിക്കേണ്ടത്? അയാൾ എന്താണ് എന്നോടു പറയുക? ഞാൻ എന്താണ് പ്രവത്തിക്കേണ്ടത്?" എന്നെല്ലാം മനസ്സിൽ ആലോചിച്ചു വളരെ ആഹ്ലാദത്തോടേ സമയം കഴിച്ചുകൂട്ടി. അംബികാദേവി കുറച്ചുനേരം ഒരു സ്ഥലത്തിരിക്കും. പിന്നെ അവിടെനിന്നെഴുന്നേററു വിക്കിരൻ വരുന്നുണ്ടോ എന്നു നോക്കും. വരുന്നില്ലെന്നു കണ്ട് അങ്ങോട്ടും ഇങ്ങോട്ടും നടക്കും. ഇടയ്ക്കിടെ ഒരു വാൽക്കണ്ണാടിയെടുത്ത് അതിൽ നോക്കി തൻെറ തലമുടിയും മററും ഭംഗിയാക്കും. ഇങ്ങിനെ കുറേ സമയം കഴിഞ്ഞു. എന്നിട്ടും വിക്കിരൻ വന്നുകാണാഞ്ഞതുകൊണ്ടു "വിക്കിരനു ബുദ്ധിവെച്ചതോടുകൂടി എന്നെ മറന്നിരിക്കുമോ!" എന്ന ഭയം മനസ്സിനെ വല്ലാതെ വേദനിപ്പിച്ചു. "അങ്ങിനെ വരില്ല. ഇത്രനാളും ഞാൻ അദ്ദേഹത്തിന്നുവേണ്ടി പ്രവത്തിച്ചതെല്ലാം ഇത്രവേഗം മറന്നുപോകുമോ! അങ്ങിനെ ഒരിക്കലും വരില്ല."

വിക്കിരൻ കൊട്ടാരത്തിൽ വന്ന സമയത്തും പെരുമാളുമായി സംസാരിക്കുമ്പോഴും അംബികാദേവിയെത്തന്നെയാണ് വിചാരിച്ചിരുന്നത്. പക്ഷെ അതോടുകൂടിത്തന്നെ ഒരു ഭയവും മനസ്സിലുണ്ടായി. "എങ്ങിനെയാണ് അംബികാദേവിയുടെ അറയിൽ വിളിക്കാതെ കയറിച്ചെല്ലുക? താനും ദേവിയും തമ്മിൽ എത്ര വ്യത്യാസം കിടക്കുന്നു. ദേവിക്കു തന്നോടു സ്നേഹമോ ദയയോ ഉണ്ടെങ്കിൽ തന്നെ വിളിക്കുവാൻ ആളെ അയയ്ക്കും." എന്നു തീച്ചപ്പെടുത്തി പെരുമാളുടെ അടുക്കൽനിന്നു പിരിഞ്ഞ ശേഷം കൊട്ടാരത്തിൽ പല സ്ഥലത്തും നിന്നുകൊണ്ടു, തിരിച്ചുപോകുന്നതു ദേവിയോ ദേവിയുടെ ദാസിയോ കണ്ടുകൊള്ളട്ടെ എന്നുദ്ദേശിച്ചു ദേവിയുടെ കൊട്ടാരത്തിന്നടുത്തുള്ള സ്ഥലങ്ങളിൽക്കൂടി ആ ഭാഗത്തേയ്ക്കു തിരിഞ്ഞുനോക്കുകകൂടി ചെയ്യാതെ നടന്നു. ഒരു സ്ഥലത്തെത്തിയപ്പോൾ ദേവിയുടെ ദാസി തൻെറ അടുക്കൽ വന്നു. തന്നെ വിളിക്കുവാൻ വന്നതാണെന്നു വിചാരിച്ച് അവിടെ കുറച്ചുനേരം നിന്നു. അവൾ ഒന്നും പറയാതെ കടന്നുപോയതിന്നുശേഷം വലിയ കുണ്ഠിതത്തോടേ പിന്നേയും നടന്നു.

ഈ സമയം മുഴുവനും അംബികാദേവി വിക്കിരൻ പോകുന്നതിനെ സൂക്ഷിച്ചുംകൊണ്ടിരിയ്ക്കുകയായിരുന്നു. വിക്കിരൻ അവിടെ വരാതെ പോയ്ക്കളഞ്ഞു എന്നു തീർച്ചപ്പെട്ടപ്പോൾ വ്യസനം സഹിയ്ക്കവയ്യാതായി: ദേവിയുടെ കണ്ണുകളിൽനിന്ന് അശ്രുകണങ്ങൾ ഒഴുകി തൻെറ ഉടുപ്പുകളെല്ലാം നനച്ചു. ദേവി ഇരിയ്ക്കുന്ന സ്ഥലത്തുനിന്നെഴുന്നേററ്, "ഇവിടെ വരാതെ പോയി. ശരി, മനുഷ്യനെ വിശ്വസിയ്ക്കുവാൻ കൊള്ളില്ല. ഞാൻ ഇതുവരെ കാണിച്ചതെല്ലാം അബദ്ധം!" എന്നും പറഞ്ഞു ശയ്യമേൽ ചെന്നു കിടന്നു. തൻെറ മനസ്സിലുള്ള വേദനയെ കണ്ണീരായി പുറത്തേയ്ക്കൊഴിച്ചു.

അംബികാദേവി വിളിച്ചില്ലെന്നു കണ്ടു വിക്കിരനു ഹൃദയത്തിൽ എന്തോ വളരെ കനമുള്ള ഒരു സാധനം അമർത്തുന്നതുപോലെ തോന്നി. കൊട്ടാരം കഴിയുന്നതുവരെ മെല്ലെ നടന്നു. ആരും തന്നെ വിളിയ്ക്കുവാൻ വരുന്നില്ലെന്നു കണ്ട് അവസാനമായി ദേവിയുടെ മാളികയിലേയ്ക്കൊന്നു തിരിഞ്ഞു നോക്കി ഒരു ദീർഘനിശ്വാസത്തോടേ സ്വാമികളുടെ സ്ഥലത്തേയ്ക്കു പോയി.

# പത്താമദ്ധ്യായം

**വെ**രുമാളെ കണ്ടതിനുശേഷം വിക്കിരൻ തിരുവഞ്ചിക്കുള ത്തുള്ള സ്വാമികളുടെ തല്ക്കാലവസതിയിലേയ്ക്കു പോയി. ദർശന ത്തിന്നുശേഷം പുറത്തു വന്നപ്പോൾ അവിടെ ബാക്കി നാലുപേരും ഉണ്ടായിരുന്നു. സംഭാഷണമദ്ധ്യേ വിക്കിരൻ പറഞ്ഞു.

വിക്കി—ഞാൻ ഒരു കാര്യംപറയുവാൻ മറന്നുപോയി. എന്നേയും മാനിച്ചനേയും പെരുമാളുടെ അംഗരക്ഷകന്മാരായി നിശ്ചയിച്ചിരിയ്ക്കുന്നു.

വീര—അതു വളരെ നന്നായി. നമുക്കു പെരുമാളുടെ കൊട്ടാരത്തിൽ നടക്കുന്ന സംഗതികൾ ശരിയായി അറിവാൻ ഒരു മാർഗ്ഗമായി. നാം വിട്ടുപിരിയുകയാണെങ്കിൽക്കൂടി നമ്മെ അറിയിയ്ക്കാൻ വല്ല സംഗതിയുമുണ്ടെങ്കിൽ അതു നമ്മുടെ താവള ത്തിൽ അറിയിച്ചാൽ മതി.

വിക്കി—സ്വാമികൾ പോയാൽപ്പിന്നെ നാം എന്താണ് ചെയ്യേണ്ടത്?

വീര—ഓണം അടുത്തുവരുന്നുണ്ട്. അതിന്നു നാട്ടിൽ പോ യില്ലെങ്കിൽ വലിയ ശണ്ഠയായിത്തീരും. അതുകൊണ്ടു ഞങ്ങൾ നാട്ടിലേയ്ക്കു പോകും. ഞങ്ങൾകൂടി ചേരേണ്ട വല്ല ആവശ്യവും വന്നാൽ യവനരുടെ പാളയത്തിൽ അറിയിച്ചാൽ മതി. അവർ മുഖാന്തരം എളുപ്പത്തിൽ നമുക്കു വർത്തമാനം കിട്ടും.

വിക്കി—സ്വാമിയുടെ അമ്മയും ഞങ്ങളുടെ അമ്മയും തിരു നാവായെ പാപ്പാക്കിയിരിയ്ക്കുന്നു. അതുകൊണ്ടു പെരുമാൾ അനുവദിച്ചാൽ ഞങ്ങളുടെ ഓണം ഒരു സമയം അവിടെയായി രിയ്ക്കും. ഞാൻ കൊട്ടാരത്തിൽ ഒന്നുകൂടി പോയി വന്നുകളയാം.

വിക്കിരൻ അവിടെനിന്നു താഴത്തിറങ്ങി പോകുന്ന വഴിയ്ക്കു പരദേശപ്പാളയത്തിൻെറ അടുത്തുകൂടി പോയി. അവിടെ അവർ സ്ഥലംവിടുവാൻ ഒരുക്കം ചെയ്യുന്നതുകണ്ടു. "ഇവർ പോയാൽ ത്തന്നെ രാജ്യം നന്നാവും" എന്നു വിചാരിച്ചു കൊട്ടാരത്തെരുവീ

ഥിയിലേയ്ക്കു നടന്നു. അപ്പോൾ പടത്തലവൻനായരെ ഓൎമ്മ വന്നു. അദ്ദേഹത്തിൻെറ ദേഹസ്ഥിതി ഒന്നന്വേഷിച്ചുകളയാം എന്നു തീൎച്ചപ്പെടുത്തി അവിടെ കയറി. പടത്തലവൻനായർ കിടക്കുന്ന മുറിയിൽ ചെന്നപ്പോൾ അതിന്നകത്തു തങ്കമ്മയെ കണ്ടു. തങ്കമ്മ വിക്കിരനെ കണ്ടപ്പോൾ ഒന്നു മന്ദഹസിച്ചു മുറിയിൽനിന്നു പുറത്തേയ്ക്കു പോയി. പടത്തലവൻനായൎക്കു വിശേഷിച്ചു പരുക്കൊന്നും പററിയിരുന്നില്ലെങ്കിലും കുറെ ദിവസത്തെ മനോവേദനയും ഒരു ദിവസത്തെ മല്പിടുത്തവും വീഴ്ചയുമെല്ലാംകൂടി ദേഹത്തിന്നു നല്ലവണ്ണം ക്ഷീണംതട്ടിച്ചിരുന്നു. പടത്തലവൻനായർ വിക്കിരനെ കണ്ട ഉടനേ "വീരമാൎത്താണ്ഡൻ തിരുമനസ്സിന്നു് എങ്ങിനെയിരിയ്ക്കുന്നു?" എന്നു ചോദിച്ചു.

വിക്കി—സുഖമായിവരുന്നു. അടുത്തു നാട്ടിലേയ്ക്കു പോകണമെന്നു പറഞ്ഞു.

ഇതു കേട്ടുനില്ക്കുന്ന തങ്കമ്മയ്ക്കു തന്നെക്കാണാതെ പോയ്ക്കളയുമോ എന്നു വിചാരിച്ചു വയറൊന്നു കത്തി.

പട—നിങ്ങൾ എവിടേയും പോയ്ക്കളകയില്ലല്ലോ.

വി—ഞാൻ എവിടെ പോകാനാണു്? പെരുമാളുടെ അംഗരക്ഷകനല്ലേ.

ഇതു കേട്ടിട്ടു് "അംഗരക്ഷകനല്ലെങ്കിൽക്കൂടി ഇവിടം വിട്ടു പോകുവാൻ മനസ്സുവരുമോ?" എന്നു തങ്കമ്മ മനസ്സിൽ ആലോചിച്ചു.

പട—വിക്കിരൻ ഇപ്പോൾ അംഗരക്ഷകനാണു്. അടുത്തു പതിനായിരത്തിൻെറ പടനായകൻതന്നെ ആവേണ്ടിവരും.

"നിങ്ങൾ ഇല്ലാതിരിയ്ക്കുമ്പോൾ മതിയല്ലോ. ഞാൻ വീട്ടിൽനിന്നു മടങ്ങിവന്നിട്ടു തിരുമനസ്സിലെ മുഖം കാണിച്ചിട്ടില്ല. അതൊന്നു കഴിച്ചുവരാം" എന്നു പറഞ്ഞു വിക്കിരൻ കൊട്ടാരത്തിലേയ്ക്കു പുറപ്പെട്ടു.

പെരുമാളുടെ കൊട്ടാരത്തിൽ പോകുന്നവഴി താനറിയാതെ തന്നെ അംബികാദേവിയുടെ കൊട്ടാരത്തിലേയ്ക്കു തൻെറ കാലുകൾ വലിഞ്ഞു. അവിടെ ചെന്ന സമയം ദേവിയുടെ അറയിൽവെച്ചു രങ്കരായരുടെ ശബ്ദംകേട്ടു. വിക്കിരൻ അവിടെ നിന്നു. രങ്കരായരും ദേവിയുംകൂടി ലോഗ്യമായി സംസാരിയ്ക്കുയാണെന്നു പിന്നത്തെ നിമിഷം മനസ്സിലായി. വിക്കിരൻെറ

തലയിൽ രങ്കരായരുടെ വാക്കുകൾ ആണികൾ അടിച്ചുകയറുന്ന പ്രകാരത്തിൽ തോന്നി.

രങ്ക—ദേവി ഇപ്പോൾ പറഞ്ഞതിന്നു വല്ല മാററവും ഉണ്ടാകുമോ?

ദേവി—ഞാൻ ഒരു വാക്കു പറഞ്ഞാൽ, മതിയായ കാരണം കൂടാതെ അതിൽനിന്നു പിൻമാറില്ല.

രങ്ക—അതാ, അതിലാണ് സങ്കടം. സ്ത്രീകൾക്കു നൈരാശ്യം വന്നാൽ എന്തും മതിയായ കാരണമായിരിക്കും.

ദേവി—അങ്ങിനെയൊന്നും ഭയപ്പെടേണ്ട.

രങ്ക—എന്നാൽ ഞാൻ ഈ വിവരം പെരുമാളെ അറിയിക്കുവാൻ പോകുന്നു. ശരിയായ സ്വയംവരം നാട്ടിൽവെച്ചാക്കിക്കളയാം.

ദേവി—അങ്ങിനെ ആയിക്കൊള്ളട്ടെ.

രങ്ക—എന്നാൽ അതിൻെറ ഉറപ്പിലേക്കായി—

ദേവി—അതൊന്നും ഇപ്പോൾ വേണ്ട. എല്ലാം കല്യാണം കഴിഞ്ഞതിനുശേഷം.

രങ്ക—ഇഷ്ടംപോലെ.

വിക്കിരന്ന് ഈ സംസാരംകേട്ടിട്ടു പെട്ടെന്നു ശക്തി ക്ഷയിച്ചു. തനിക്കു ബുദ്ധിഭ്രമം തിരിച്ചുവരികയാണോ എന്നുകൂടി സംശയിച്ചു. ഒടുക്കം ധൈര്യമവലംബിച്ചു, ദേവി രങ്കരായക്കു കല്യാണംചെയ്യാമെന്നു വാക്കുകൊടുക്കുകയാണെന്നു മനസ്സിലാക്കി. മുമ്പും പിമ്പും ആലോചിക്കാതെ മുറിയിലേക്കു കടന്നുചെന്നു.

വിക്കിരനെ കണ്ട ഉടനേ രങ്കരായരുടെ മുഖം ചുവന്നു. അംബികാദേവിയുടെ മുഖം വല്ലാതെ വിളറി. വിക്കിരൻ വന്ന കാര്യം പറയുവാൻ സാധിക്കാതെ മിണ്ടാതെ നിന്നു.

ഒടുക്കം അംബികാദേവി "എന്തിനാണ് നിങ്ങൾ വന്നത്?"

വിക്കി—ദേവി ഈയാളോടു സംസാരിക്കുന്നതു കേട്ടു. ദേവി ആലോചിക്കാതെ ഒന്നും പ്രവത്തിക്കരുതേ.

ദേവി—തനിക്കു ഭ്രാന്തു നല്ലവണ്ണം മാറീട്ടില്ലെന്നാണ് തോന്നുന്നത്. താനാരാണ്, എന്നോടു തത്വോപദേശം ചെയ്യുവാൻ? അതിരുകടന്നു പ്രവത്തിച്ചാൽ ഉത്തരം പറയേണ്ടിവരും. കടന്നുപോവൂ പുറത്ത്.

വിക്കി—ദേവിയ്ക്കു ഈയാളെ നല്ലവണ്ണം മനസ്സിലായി ട്ടില്ല. ഈയാറം ഒരു ശപ്പനാണ്. ഈയാളെ കല്യാണം കഴി യ്ക്കയാണെങ്കിൽ ദേവി പിന്നെ വ്യസനിയ്ക്കും.

ദേവി—എടോ! തന്നോടു മര്യാദയ്ക്കു കടന്നുപോവാൻ പറഞ്ഞാൽ പോയ്ക്കോള്ളണം. അല്ലാത്തപക്ഷം ഞാൻ അച്ഛൻ തിരുമനസ്സോടു പറഞ്ഞു വേണ്ടതു പ്രവൎത്തിപ്പിയ്ക്കും.

വിക്കി—ദേവിയുടെ ഇഷ്ടംപോലെയാവാം.

ദേവി—എന്നാൽ ക്ഷണത്തിൽ കടന്നു പുറത്തേയ്ക്കു പോവൂ.

വിക്കിരൻ ദേവിയുടെ മുഖത്ത് ഒന്നു സൂക്ഷിച്ചുനോക്കി. പിന്നെ ഒന്നും പറയാതെ തലതാഴ്ത്തി മുറിയിൽനിന്നു പുറത്തേയ്ക്കു പോയി.

വിക്കിരൻ പോയതിന്നുശേഷം അംബികാദേവിയ്ക്കു വ്യസ നം രണ്ടാമതും വന്നു. രങ്കരായർ അവിടെ ഉണ്ടായിരുന്നതു കൊണ്ട് അതിനെ വളരെ ശക്തിയോടേ അമൎത്തിവെച്ചു ശയ്യ മേൽ കമിഴ്ന്നുകിടന്നു. രങ്കരായർ ഇല്ലായിരുന്നുവെങ്കിൽ തീൎച്ച യായും അംബികാദേവി വിക്കിരൻെറ പിന്നാലെ പോയി വിളി യ്ക്കുമായിരുന്നു.

“വളരെ നന്നായി. ഇവരോടൊക്കെ ഇങ്ങിനെതന്നെ പ്രവൎത്തിയ്ക്കണം” എന്നു പറഞ്ഞു രങ്കരായർ അംബികദേവിയുടെ കൈ പിടിച്ചു. രങ്കരായരുടെ കൈ തൻെറ കൈയ്ക്കു തട്ടിയ സമയം വല്ല സൎപ്പത്തെയും തൊട്ട മാതിരി തോന്നി. ക്ഷണ ത്തിൽ തട്ടിത്തെറിപ്പിച്ചു. “ഞാൻ ഇത്തിരി സൈ്വരമായി കിട ന്നോട്ടെ” എന്നു പറഞ്ഞു. അംബികാദേവിയുടെ സ്വരംമാത്രം ഏതു കാമുകനെയും ദൂരേ ഓടിപ്പിയ്ക്കുന്ന ഒന്നായിരുന്നു. പക്ഷെ ആ സ്വരം വളരെ മാധുൎയ്യമുള്ളതാണെന്നുതന്നെ സങ്കല്പിച്ചു രങ്ക രായർ പറഞ്ഞു. “ഞാനും ഇവിടെ ഇരിയ്ക്കാം. ഞാൻ കുറച്ചു വീശിത്തരാം.”

അംബി—നിങ്ങറം വെറുതേ ബുദ്ധിമുട്ടണ്ട. എനിയ്ക്കു വീശിത്തരാൻ ആളുണ്ട്.

രങ്ക—എന്നാലും സ്നേഹമുള്ളവർ വീശിത്തരുംപോലെയാ കുമോ? ഞാൻ അല്പനേരവുംകൂടി ഇവിടെ ഇരിയ്ക്കാം.

"എന്നാൽ ഇവിടെ ഇരുന്നോളു" എന്നു പറഞ്ഞ് അംബികാദേവി എഴുന്നേററു മുറിയിൽനിന്നു പുറത്തേയ്ക്കു പോയി. പോകുന്ന വഴി വിക്കിരൻ കൊട്ടാരത്തിൻെറ ജനലിൻെറ അടുത്തു പുറത്തേയ്ക്കു നോക്കിക്കൊണ്ടുനില്ക്കുന്നതു കണ്ടു. അംബികാദേവിയ്ക്കു വിക്കിരൻെറ പിൻഭാഗംമാത്രമേ കാണുവാൻ സാധിച്ചുള്ളുവെങ്കിലും, വിക്കിരൻെറ വലിയ ദേഹം ഉള്ളിലുള്ള വികാരങ്ങളെക്കൊണ്ടു, കൊടുങ്കാററുകൊണ്ടു കപ്പലെന്നപോലെ, ഇളകുന്നുണ്ടെന്നു ദേവിയ്ക്കു മനസ്സിലായി. കുറച്ചുകൂടി നടന്നു മറെറാരു ഭാഗത്തുചെന്നു തിരിഞ്ഞുനോക്കിയപ്പോൾ വിക്കിരൻെറ കണ്ണുകളിൽനിന്നു് അശ്രുധാര പൊഴിയുന്നതു കണ്ടു. ഇതു കണ്ടിട്ടു് അംബികാദേവി വ്യസനം സഹിയ്ക്കാൻ കഴിയാത്ത സ്ഥിതിയിലായി. തൻെറ ഉള്ളിൽ അമത്തിവെച്ചിരുന്ന അനുരാഗം അതിൻെറ ചുററുമുള്ള ഭിത്തികൾ പൊളിച്ചു പുറത്തേയ്ക്കു ചാടി. അംബികാദേവി എല്ലാം മറന്നു ക്ഷണത്തിൽ വിക്കിരൻെറ അടുക്കലേയ്ക്കു വരുവാൻ പുറപ്പെട്ടു. ഏകദേശം അടുത്തെത്തി. പെട്ടെന്നു് അടുത്ത ഒരു ഭാഗത്തുനിന്നു് ഒരു ശബ്ദംകേട്ടു തിരിഞ്ഞുനോക്കി. അവിടെ രങ്കരായർ അംബികാദേവിയെത്തന്നെ നോക്കിക്കൊണ്ടു നില്ക്കുന്നതുകണ്ടു. ക്ഷണത്തിൽ തൻെറ സ്തോഭങ്ങളെ അടക്കി രങ്കരായരെ കണ്ടില്ല എന്നുകൂടി നടിച്ചുംകൊണ്ടു വേറൊരു വഴിയായി മുററത്തേയ്ക്കിറങ്ങി പോയി.

അംബികാദേവിയുടെ മുറിയിൽനിന്നു പുറത്തേയ്ക്കു വന്ന വിക്കിരൻ വികാരശൂന്യനായി ജീവൻമാത്രമുള്ള ഒരു മനുഷ്യൻെറ സ്ഥിതിയിലായി. തൻെറ കണ്ണിൽ ലോകം മുഴുവനും അന്ധകാരമയമായിത്തോന്നി. ആലോചിയ്ക്കുവാനുംകൂടി യാതൊരുശക്തിയും അപ്പോൾ അദ്ദേഹത്തിന്നുണ്ടായില്ല? അംബികാദേവിയുടെ കഠിനമായ വാക്കുകൾമാത്രം തൻെറ ചെവിയിൽ പിന്നെയും പിന്നെയും കേട്ടുകൊണ്ടിരുന്നു. അയാൾക്കു തന്നോടുതന്നെ വെറുപ്പുതോന്നി. വെറും ഒരു പാവയുടെമാതിരി മുന്നോട്ടു നടന്നു് ഒരു ജനലിൻെറ അടുത്തെത്തി വെറുതേ പുറത്തേയ്ക്കു നോക്കിക്കൊണ്ടുനിന്നു. തൻെറ ജീവകാലം മേലിൽ നിഷ്പ്രയോജനമാണെന്നു ക്രമേണ ആലോചന വന്നു. താൻ ചെയ്തതെല്ലാം വളരെ മൂഢത്വമായിരുപ്പായി എന്നും, അംബികാദേവിയ്ക്കു തന്നോടു ദയകൂടി ഇല്ലെന്നും ബോധപ്പെട്ടു. തടുത്തുനിത്തുവാൻ

വയ്യാതെ അശ്രുധാരകൾ പുറത്തേയ്ക്കു ചാടി. തുടിച്ചുംകൊണ്ടിരുന്ന തന്റെ ഹൃദയത്തിന്നു ക്രമേണ സമാധാനം ലഭിച്ചു. തന്റെ വിചാരശക്തി രണ്ടാമതും വന്നു. പുറത്തേയ്ക്കു നോക്കിയപ്പോൾ ഇരുട്ടായിത്തുടങ്ങി എന്നു കണ്ട ക്ഷണത്തിൽ പെരുമാളുടെ അറയുടെ അടുത്തേയ്ക്കു ചെന്നു. ഭാഗ്യവശാൽ അവിടെ വേറേ ആരുമുണ്ടായിരുന്നില്ല. മുഖം കാണിച്ചു, പെരുമാളുടെ ഒന്നുരണ്ടു ചോദ്യങ്ങൾക്കു മറുപടി പറഞ്ഞു, വിട വാങ്ങി, കൊട്ടാരത്തിൽനിന്നു പുറത്തേയ്ക്കു പോയി.

# പതിനൊന്നാമധ്യായം

**വീ**രമാത്താണ്ഡൻ സ്വരാജ്യത്തേയ്ക്കു പോകുന്നു എന്നു കേട്ട മുതൽ തങ്കമ്മയ്ക്കു തീരെ സുഖമില്ലാതായിരിയ്ക്കുന്നു. തന്റെ പ്രിയതമൻ മുറി പററി കിടക്കുകയാണെന്നും അതു കാരണം തന്നെ വന്നുകാണുവാൻ നിവൃത്തിയില്ലാത്ത സ്ഥിതിയിലാണെന്നും തങ്കമ്മയ്ക്കറിയാം. പോകുന്നതിന്നു മുമ്പ് ഒരു പ്രാവശ്യമെങ്കിലും കണ്ടേ മതിയാവു എന്നു തങ്കമ്മയ്ക്കു് തോന്നി. പക്ഷെ പടത്തലവൻനായർ സുഖമില്ലാതെ കിടന്ന ദിവസംമുതൽ തങ്കമ്മയ്ക്കു് ഒരു നിമിഷനേരമെങ്കിലും പുറത്തേയ്ക്കു പോകുവാൻ സാധിച്ചിട്ടില്ല. തങ്കമ്മയല്ലാതെ വേറെ ആരു ശുശ്രൂഷ ചെയ്താലും പടത്തലവൻനായക്കു തൃപ്തിയാവില്ല. അതുകൊണ്ടു തന്റെ കാര്യസിദ്ധിയ്ക്കു് ഒരു വഴിയും കാണാതെ കുഴങ്ങി. അമ്മാമനെ ശുശ്രൂഷിയ്ക്കുന്നതിൽ അല്പം ചില അബദ്ധങ്ങളും പ്രവൃത്തിച്ചുതുടങ്ങി. മരുന്നു കഴിയ്ക്കേണ്ട സമയത്തു കഞ്ഞി കൊണ്ടുചെല്ലുക, ഒരു മരുന്നു കഴിയ്ക്കേണ്ട സമയത്തു വേറെ മരുന്നു കൊണ്ടുവരിക മുതലായ ചില അബദ്ധങ്ങൾ പ്രവൃത്തിച്ചു. ഒരു പ്രാവശ്യം മരുന്നുംകൊണ്ടു ചെന്നപ്പോൾ പടത്തലവൻനായർ തങ്കമ്മയെത്തന്നെ സൂക്ഷിച്ചുനോക്കിക്കൊണ്ടു പറഞ്ഞു: "നീ അല്പം ക്ഷീണിച്ചിരിയ്ക്കുന്നു. ഈ മുറിയിൽത്തന്നെ കിടന്നു ചുററീട്ടാണ്. എനിയ്ക്കിപ്പോൾ വിശേഷിച്ചൊന്നും ആവശ്യമില്ല. നീ അമ്പലത്തിലോ കൊട്ടാരത്തിലോ ഒന്നു പൊയിവാ. കുട്ടികൾക്കു നല്ലവണ്ണം കാററും വെളിച്ചവും തട്ടണം." തങ്കമ്മയ്ക്കു് ഇതു കേട്ടപ്പോൾ വലിയ സന്തോഷമായി. താൻ അസാദ്ധ്യമാണെന്നു വിചാരിച്ച ഒരു കാര്യം ആലോചിയ്ക്കാത്ത വിധത്തിൽ ലഭിച്ചതുകൊണ്ടു പെട്ടെന്നുണ്ടായ സന്തോഷം മറച്ചുവെയ്ക്കുവാനുംകൂടി സാധിയ്ക്കാതെ മുഖം വികസിച്ചു.

തങ്ക—അമ്മാമനു് ഇപ്പോൾ എന്നെക്കൊണ്ടു് ആവശ്യമൊന്നുമില്ലെങ്കിൽ ഞാൻ പോയിവരാം.

പടത്തലവൻനായർ "ചെട്ടിപ്പാളയത്തിൻെറ അടുത്തെങ്ങും പോവരുത്, കെട്ടോ" എന്നുംകൂടി പറഞ്ഞു. "ഇല്ല" എന്നു പറഞ്ഞു തങ്കമ്മ ദാസിയേയുംകൂട്ടി അമ്പലത്തിലേയ്ക്കു നടന്നു. പോകുന്ന വഴി സ്വാമികഠം താമസിയ്ക്കുന്ന സ്ഥലത്തേയ്ക്കു പോയാലോ എന്നു പെണ്ണിനോടു ചോദിച്ചു,

പെണ്ണ്—കൊച്ചമ്മേ, അത് ആരുമില്ലാത്ത സ്ഥലമാണ്. ചെട്ടികളോ മറേറാ വന്നാലോ!

തങ്ക—ചെട്ടികഠം വന്നാലെന്താ, നമ്മുടെ അന്നേത്തെ ആളില്ലേ.

പെണ്ണ്—കൊച്ചമ്മേ, ഒരു ചക്കയിടുമ്പോഠം മുയലിനെ കിട്ടി എന്നു വെച്ചിട്ട് എപ്പോഴും കിട്ടേ്വാ?

അപ്പോഠം പെണ്ണ് പറഞ്ഞതു ശരിയാണെന്നു തോന്നി തങ്കമ്മ "വേണ്ടെടീ. നമുക്ക് അങ്ങോട്ടു പോകേണ്ട മടങ്ങിക്കളയാം."

പെണ്ണ്—അതു വേണ്ട കൊച്ചമ്മേ, നമുക്ക് അവിടെ ഒന്നു പോയി നോക്കി വന്നളയാം. അതുകൊണ്ടു ദോഷമൊന്നും വരില്ല.

പോകേണമെന്നു മനസ്സ് ഉത്സാഹിപ്പിയ്ക്കുകയും വേണ്ട എന്ന് ഔചിത്യം ഗുണദോഷിയ്ക്കുകയും ചെയ്തുകൊണ്ടു തങ്കം ഒന്നും പറയാതെ ആ വഴിയിൽത്തന്നെ നിന്നു. ഒടുക്കം ഔചിത്യത്തിൻെറ ഗുണദോഷം കേഠക്കാതെ മനസ്സു പറയുംപോലെ പ്രവൎത്തിയ്ക്കുവാൻ തീൎച്ചപ്പെടുത്തി. "ആട്ടെ. നമുക്കൊന്നു വേഗം പോയി മടങ്ങിക്കളയാം" എന്നു പറഞ്ഞു മുന്നോട്ടു നടന്നു. സ്വാമികളുടെ വസതിയ്ക്കടുത്തെത്തിയപ്പോഠം അതു ജനശൂന്യമായി കണ്ടു. പെട്ടെന്നു തങ്കമ്മയ്ക്കു ഭൂമിയാകെ താണുപോയപോലെ തോന്നി. വീരമാൎത്താണ്ഡൻ തന്നെ കാണാതെ പോയി എന്നു തീൎച്ചപ്പെടുത്തി. അപ്പോഠം ദാസി "നമുക്കു ധൈര്യത്തോടേ പോവാം. അവിടെ ആരുമില്ല. കണ്ടില്ലേ, വാതിലുംകൂടി അടച്ചുപൂട്ടിയിരിയ്ക്കുന്നത്." പെണ്ണിൻെറ ഓരോ വാക്കും തങ്കമ്മയ്ക്കു ഹൃദയത്തിൽ ഓരോ ഇടികഠം വന്നു വീഴുന്നതുപോലെ തോന്നി. ഏകദേശം കരച്ചിൽ വരുമെന്ന ഘട്ടത്തിൽ എത്തിക്കഴിഞ്ഞു. വളരെ ധൈര്യമവലംബിച്ചു "മതി, നമുക്കു തിരിച്ചു പോകാം" എന്നുംപറഞ്ഞു തിരിഞ്ഞു. പെട്ടെന്നു വൃക്ഷത്തിൻെറ മറവിൽനിന്നു "നേരം ഇനിയും ഇരുട്ടായില്ലല്ലോ. പിന്നെ

എന്താണിത്ര ബദ്ധപ്പാട്?" എന്ന് ആരോ പറഞ്ഞു. തങ്കമ്മ തിരിഞ്ഞുനോക്കിയപ്പോഠം, താൻ അന്വേഷിച്ചുവന്ന ആറംതന്നെ തൻെറ അടുക്കൽ നില്ക്കുന്നതു കണ്ടു. തങ്കമ്മ ധൈര്യമെല്ലാം ശമിച്ചു വല്ലാതെ പരുങ്ങിനിന്നു. വീരമാത്താണ്ഡനു കാര്യം മനസ്സിലായി. തങ്കമ്മയുടെ പരിഭ്രമം മാററുന്നതിന്നുവേണ്ടി "എനിയ്ക്കിനിയും നല്ലവണ്ണം സുഖമായിട്ടില്ല. എനിയ്ക്കു നടന്നുപോകുവാൻ ഇത്തിരി സഹായിച്ചുതരുമോ." ഇതു കേട്ട തങ്കമ്മയുടെ പരിഭ്രമമെല്ലാം പോയി. സ്ത്രീകഠംക്ക സ്വതസ്സിദ്ധമായ കരുണ പുറത്തേയ്ക്കു വന്നു. "ഇവിടെ പിടിച്ചുകൊള്ളുക." എന്നു പറഞ്ഞു മാത്താണ്ഡവമ്മൻെറ അടുത്തു ചെന്നു നിന്നു. അങ്ങിനെ തങ്കമ്മയുടെ തോളിൽ പിടിച്ചുകൊണ്ടു മെല്ലെ മെല്ലെ നടന്ന് എടുപ്പിൻെറ അടുക്കലേയ്ക്കു പോയി.

വീരമാ—ഇവിടെയുള്ളവരെയെല്ലാം ഞാൻ നിബ്ബന്ധിച്ചു പറഞ്ഞയച്ചു. അവരെല്ലാവരും എനിയ്ക്കു സുഖമില്ലെന്നു കണ്ടു പുറത്തുപോകാതെ ഇരിയ്ക്കയായിരുന്നു. അതു ഞാൻ സമ്മതിച്ചില്ല. അവർ പോയതിന്നു ശേഷം ഞാൻതന്നെ ഇറങ്ങി കാററു കൊള്ളുവാൻ പുറത്തേയ്ക്കു വന്നു.

തങ്ക—അയ്യോ, അബദ്ധമല്ലേ. വീണുപോയാലോ!

വീരമാ—ഞാൻ അടച്ചിരുന്നെങ്കിൽപ്പിന്നെ തങ്കമ്മയെ കാണുവാൻ സാധിയ്ക്കുമായിരുന്നോ?

തങ്ക—അതു വെറുതേ പറയുന്നതാണ്. എന്നെ കാണുവാൻ താല്പര്യമുണ്ടായിരുന്നുവെങ്കിൽ അതു പറഞ്ഞയയ്ക്കുമായിരുന്നില്ലേ?

വീര—ഞാൻ പറഞ്ഞയച്ചാൽ വരുമായിരുന്നോ?

തങ്ക—അയ്യോ, ഇല്ല, ഇല്ല. അമ്മാമനും അമ്മയും ഒന്നും ഇതറയില്ല.

വീര—ഞാൻ അമ്മാമനോടു വേഗത്തിൽ പറയും. ഓണത്തിന്നു നാട്ടിൽപ്പോയി മടങ്ങിവന്നതിന്നുശേഷം ഇതിനെപ്പററി സംസാരിയ്ക്കാമെന്നാണ് വെച്ചിരിയ്ക്കുന്നത്.

തങ്ക—ഓണത്തിന്നു പോയാൽ പിന്നെ തിരിച്ചുവരികകൂടിയില്ല!

വീര—എന്താണ് തങ്കമ്മ ഇങ്ങിനെ പറയുന്നത്? എന്നിൽ ഇത്ര വിശ്വാസമില്ലേ?

തങ്ക—അയ്യോ, വിശ്വാസമില്ലാഞ്ഞിട്ടല്ല. ഇവിടുന്ന് ഒരു വലിയ മഹാനാണ്. ഞാൻ ഒട്ടും യോഗ്യതയില്ലാത്ത ഒരുവളാണ്. അതുകൊണ്ടുള്ള ഭയംമാത്രമേ ഉള്ളു.

വീര—അങ്ങിനെയുള്ള ഭയമൊന്നും ആവശ്യമില്ല. ഞാൻ വാക്കിന്നു നല്ല വ്യവസ്ഥയുള്ള ആളാണ്. അതു ഞാൻ മരിച്ചാലും മാറുകയില്ല. ഞാൻ തങ്കത്തെയല്ലാതെ വേറെ ഒരു സ്ത്രീയേയും വിവാഹം ചെയ്യില്ല.

തങ്ക—എന്നാൽ അടിയൻ ഭാഗ്യവതിയായി. നേരം വൈകുന്നു, അടിയൻ ക്ഷണം പോവട്ടെ.

വീരമാർത്താണ്ഡൻ "എനിയ്ക്കു തങ്കത്തിനെ വിട്ടയയ്ക്കുവാൻ തീരേ മനസ്സില്ല. പക്ഷെ താമസിച്ചാൽ വൈഷമ്യമുണ്ടായേയ്ക്കാം. എനിയ്ക്കു കൂടെ വരാനും നിവൃത്തിയില്ല. അതുകൊണ്ടു ക്ഷണം പോയ്ക്കോളു. ഞാൻ പോകുന്നതിലിടയ്ക്കു തങ്കമ്മയെ വന്നു കാണും" എന്നുപറഞ്ഞു തങ്കമ്മയുടെ സാഹായ്യത്തോടുകൂടി മാളികയിലേയ്ക്കു കയറിപ്പോയി. കുറച്ചുകഴിഞ്ഞപ്പോൾ തങ്കമ്മ വളരെ ചുവന്ന മുഖത്തോടേ ദാസി നില്ക്കുന്ന സ്ഥലത്തേയ്ക്കു ഓടി വന്നു. രണ്ടുപേരുംകൂടി അമ്പലത്തിലേയ്ക്കു വേഗത്തിൽ നടന്നു.

മൽപ്പിടുത്തത്തിൽനിന്നു രക്ഷപ്രാപിച്ചോടിയ നരസിംഹം തിരുവഞ്ചിക്കുളം വിടുന്നതിന്നു മുമ്പു എന്തെങ്കിലും തട്ടിയെടുക്കാൻ തരമുണ്ടോ എന്നു നോക്കി ഒളിഞ്ഞു നടക്കുന്നുണ്ടായിരുന്നു. തങ്കമ്മ അമ്പലത്തിൽ പോകുന്നതു അയാൾ കണ്ടു. അമ്പലത്തിൽപ്പോയി തിരിച്ചുവരുന്ന സമയം തങ്കമ്മയുടെ കഴുത്തിലുള്ള ആഭരണങ്ങൾ പിടിച്ചുപറിയ്ക്കാം എന്നു തീർച്ചപ്പെടുത്തി അടുത്തുള്ള ഒരു സ്ഥലത്ത് ഒളിച്ചിരുന്നു. വളരെനേരം താമസിച്ചിട്ടും കാണാഞ്ഞതുകൊണ്ടു പോകുവാൻ നിശ്ചയിച്ച് എഴുന്നേററു. അപ്പോൾ ആരോ രണ്ടാൾ താൻ നില്ക്കുന്ന ഭാഗത്തേയ്ക്കു വരുന്നതായിക്കണ്ടിട്ടു പിന്നേയും ഒളിച്ചു. ആ വന്ന രണ്ടാളിൽ ഒരാൾ ഒരു സ്ത്രീയാണെന്നു, കൈവളകളുടേയും കാൽത്തളകളുടേയും കിലുക്കംകൊണ്ടു മനസ്സിലായി. നരസിംഹത്തിന്നു തങ്കമ്മയെ കാണ്മാൻ സാധിയ്ക്കാഞ്ഞതുകൊണ്ടുള്ള വ്യസനം തീൻു. ആ സ്ത്രീയുടെ ആഭരണങ്ങൾ തട്ടിപ്പറിയ്ക്കുവാൻ നിശ്ചയിച്ച് അതിന്നൊരുങ്ങിനിന്നു. ആ സ്ത്രീ അടുത്തെത്തിയ ഉടനേ മേൽ ച്ചാടിവീണ് ആഭരണങ്ങൾ തട്ടിപ്പറിയ്ക്കുവാനാണ് നരസിംഹം

തീർച്ചപ്പെടുത്തിയിരുന്നത്. പെട്ടെന്ന് അതിലൊരാൾ "ദേവർ സാക്ഷിയായി ചെയ്താൽമതി. അങ്ങിനെ ചെയ്താൽ കൂടെ വരുന്നതിനു തടസ്ഥമൊന്നും ഉണ്ടാകയില്ല" എന്നു പറഞ്ഞു. ആ ശബ്ദം രങ്കരായരുടേതാണെന്നു മനസ്സിലായിട്ടു നരസിംഹം ഒന്നു ഞെട്ടി. പിന്നെ സ്ത്രീ ആരാണെന്നറിയുവാൻ സൂക്ഷിച്ചു നോക്കി. നല്ലവണ്ണം മനസ്സിലായില്ല. നരസിംഹം കവച്ചിയുടെ മോഹം തീരേ ഉപേക്ഷിച്ചു. അവർ രണ്ടുപേരും ആ സമയത്ത് എന്തിനാണ് അവിടെ വന്നിരിയ്ക്കുന്നതെന്നറിവാൻ വേണ്ടി അവരുടെ പിന്നാലെ പുറപ്പെട്ടു. രണ്ടുപേരും അമ്പലത്തിൻെറ നടയിൽക്കൂടെ നടന്നുപോയി ശ്രീകോവിലിൻെറ മുമ്പിൽചെന്നു നിന്നു. രങ്കരായർ ഇടയ്ക്കിടെ ഓരോന്നു സംസാരിച്ചിരുന്നുവെങ്കിലും ആ സ്ത്രീ യാതൊരു സമാധാനവും പറയുന്നില്ല. തിരുമുററത്തു ചെന്നുനിന്നതിൻെറ ശേഷം രങ്കരായർ "ഇത്രയൊക്കെ മടിയ്ക്കുവാനുണ്ടോ? വാക്കു തന്നതുതന്നെ പിൻവലിയ്ക്കുവാൻ ഭാവമുണ്ടോ? ഞാൻ നിങ്ങളുടെ അടിമയായിരിയ്ക്കാം. പിന്നെ എന്താണ് വേണ്ടത്?"

ഇതിന്നും യാതൊരു മറുപടിയും ആ സ്ത്രീ പറഞ്ഞില്ല. "ഇതാ, മാല. എൻെറ കഴുത്തിൽ ഇടുക" എന്നു പറഞ്ഞു രങ്കരായർ ഒരു സ്വൎണ്ണമാല ആ സ്ത്രീയുടെ കയ്യിൽ എടുത്തു കൊടുത്തു. മാല സ്ത്രീ വാങ്ങുന്നതിന്നു മുമ്പേ നിലത്തു വീണു. രങ്കരായർ അതു രണ്ടാമതും എടുത്തു കൊടുത്തു. "നമുക്കു വേഗം കഴിച്ചു പോകാം. ആളുകൾ വൎദ്ധിയ്ക്കും." എന്നു പറഞ്ഞു.

ഇതെല്ലാം കണ്ടുനില്ക്കുന്ന ചിലർ ഇതെന്താണെന്നു മനസ്സിലാകാതെ നോക്കിനിന്നു. ഒടുക്കം ആ സ്ത്രീ മാലയെടുത്തു രങ്കരായരുടെ കഴുത്തിൽ ഇടുവാൻ ഭാവിച്ചപ്പോൾ മാല പിന്നെയും നിലത്തു വീണു. രങ്കരായർ ആ മാല എടുത്തുകൊടുത്തപ്പോൾ ആ സ്ത്രീ വാങ്ങാഞ്ഞതുകൊണ്ട്, അതു താൻതന്നെ തൻെറ കഴുത്തിലിട്ട് ആ സ്ത്രീയുടെ അടുത്തു ചെന്നുനിന്നു. ഉടനേ ആ സ്ത്രീ ഒന്നും സംസാരിയ്ക്കാതെ തിരിഞ്ഞു നടന്നു. രങ്കരായർ ആ സ്ത്രീയുടെ പിന്നാലെയും നരസിംഹം അയാളുടെ പിന്നാലെയുമായി പോയി.

സ്ത്രീ അംബികാദേവിയാണെന്ന് അമ്പലത്തിലുള്ളവൎക്കു മനസ്സിലായി. അവർ ക്ഷേത്രത്തിൽനിന്നു പുറത്തേയ്ക്കു വന്ന ഉടനേ, അംബികാദേവി രങ്കരായരെ കല്യാണം കഴിച്ചിരിയ്ക്കുന്നു എന്ന

വൎത്തമാനം എല്ലാ ദിക്കിലും പരത്തി. ഇതു കേട്ട, "കഷ്ടംതന്നെ, ഇത്ര ബുദ്ധിയില്ലാതായിപ്പോയല്ലോ" എന്നു ചിലർ. "ഇനി പെരുമാറംതന്നെ രങ്കരായരുടെ കീഴിലായിരിയ്ക്കും" എന്നു മററു ചിലർ. "ഈ വൎത്തമാനം വേണാട്ടരശ്ശും മററും അധികം മുഷിച്ചിലിന്നു കാരണമായിത്തീരും" എന്നു വേറേ ചിലർ. "നാം രങ്കരായരെ ഈ നാട്ടിൽ കടക്കവാൻ അനുവദിയ്ക്കരുത്" എന്നു വേറൊരു കൂട്ടം. ഇങ്ങനെ പല അഭിപ്രായങ്ങളും പറഞ്ഞും കൊണ്ട് ഈ വൎത്തമാനം ആ രാത്രിതന്നെ പട്ടണത്തിൽ മുഴുവനും പരത്തിക്കഴിഞ്ഞു.

രങ്കരായർ നേരേ കൊട്ടാരത്തിൽപ്പോയി അംബികാദേവി തന്നെ കല്യാണം കഴിച്ചിരിയ്ക്കുന്നു എന്ന് ഒരു ഭടൻമുഖാന്തരം എല്ലാവരേയും അറിയിച്ചു. ഈ വിവരം കൊട്ടാരത്തിലറിഞ്ഞപ്പോരം അവിടെയുള്ളവരുടെ മനസ്സിലുള്ള സ്തോഭങ്ങരം പല പ്രകാരത്തിലായിരുന്നു.

അംബികാദേവി നേരെ കൊട്ടാരത്തിൽ വന്നു തൻെറ അറയിൽപ്പോയി ശയ്യമേൽ വീണു. ദാസി എന്തു ചോദിച്ചിട്ടും ഒരു മറുപടിയും പറഞ്ഞില്ല. ഒടുക്കം ചോദ്യങ്ങരം വൎദ്ധിയ്ക്കുന്നതു കണ്ട "നീ എന്നെ ഉപദ്രവിയ്ക്കണ്ട" എന്നു പറഞ്ഞു ദാസിയുടെ ചോദ്യങ്ങരം നിൎത്തി.

വിക്കിരൻ ഇതു കേട്ട ഉടനെ കൊട്ടാരത്തിൽനിന്ന് ഓടിപ്പോയി. ഒരു വിജനസ്ഥലത്തു പോയി ഒരു കല്ലിന്മേലിരുന്നു തൻെറ വലിയ ദേഹം ആകെ ഇളക്കിക്കൊണ്ടുള്ള ഓരോ ദീൎഘനിശ്വാസങ്ങരം പുറത്തേയ്ക്കു വിട്ടുംകൊണ്ട മണിക്കൂറുകരം കഴിച്ചു.

തങ്കമ്മ ഇതു കേട്ടിട്ട് ഇടിവെട്ടിയ മരംപോലെ നിന്നുപോയി. വീരമാൎത്താണ്ഡനും മററുള്ളവരും ഇതിനെപ്പററി സ്വകാൎയ്യമായി പലതും പറഞ്ഞുംകൊണ്ടിരുന്നു. പടത്തലവൻനായർ ഒന്നും പറയാതെ തൻെറ കട്ടിലിന്മേൽ ചുമരിൻെറ നേക്ക് തിരിഞ്ഞുകിടന്നു.

രങ്കരായരും കൃഷ്ണരായരും വളരെ സന്തോഷത്തോടേ വൎത്തമാനം പറഞ്ഞുംകൊണ്ട സമയം കഴിച്ചുകൂട്ടി. ചെറോട്ടിയമ്മ ഒന്നും പറയാതെ ഉറങ്ങുവാൻ ചെന്നു കിടന്നുവെങ്കിലും ഉറക്കം വരാതെ അങ്ങട്ടും ഇങ്ങട്ടും തിരിഞ്ഞും മറിഞ്ഞും കിടന്നു സമയം കഴിച്ചു.

പെരുമാൾ ഇതു കേട്ടിട്ട് 'എന്ത്!' എന്നുമാത്രം പറഞ്ഞു പിന്നെയൊന്നും സംസാരിയ്ക്കാതെ ശയനമുറിയിലേയ്ക്കു പോയി.

അടുത്ത ദിവസം ഉച്ചയ്ക്കു രായന്മാർ തിരുവഞ്ചിക്കുളം വിടു മെന്നറിഞ്ഞിരുന്നതുകൊണ്ടു, പട്ടണത്തിലുള്ളവർ അതൊരുത്സവം വരുന്നപോലെ വിചാരിച്ചു സന്തോഷിച്ച് അതിനെപ്പററിത്തന്നെ സംസാരിച്ചുംകൊണ്ടിരുന്നു.

രാത്രി മുഴുവനും രായന്മാരുടെ ഭടന്മാർ അവരുടെ സാമാനങ്ങൾ ആനകളുടെയും കുതിരകളുടെയും കാളകളുടെയും പുറത്തു വെച്ചു കെട്ടിക്കൊണ്ടിരുന്നു. ആ സ്ഥലമൊഴിച്ചു ബാക്കി പ്രദേശങ്ങൾ ക്രമേണ നിശ്ശബ്ദതയിലായി, തെരുവീഥികൾ ജനശൂന്യമായി. ഭവനങ്ങളിലെ ശബ്ദങ്ങൾ കുറേശ്ശെക്കുറേശ്ശയായി നിലച്ചു. ദീപങ്ങളും ഓരോന്നോരോന്നായി അണഞ്ഞു; എല്ലാം ഇരുട്ടിൽ മറഞ്ഞു.

നേരം പാതിരാവായപ്പോൾ ഒരൎദ്ധചന്ദ്രൻ കിഴക്കുദിച്ചു പൊങ്ങിത്തുടങ്ങി. പരദേശപാളയത്തിലെ ശബ്ദങ്ങൾക്കു പുറമേ, നായ്ക്കൾ തമ്മിൽ കൂടിക്കാഴ്ചകൾ നടത്തുമ്പോഴുണ്ടാകുന്ന വിവിധസ്വരങ്ങളടങ്ങിയ ചില ശബ്ദങ്ങളും ഒററയായി നടക്കുന്ന ചില കുറുനരികളുടെ മുക്കുറകളും, അവിടവിടെയായി നില്ക്കുന്ന ചില കറവുമാറിയ പശുക്കളുടെ കരച്ചിലുകളുമല്ലാതെ വേറേ ഒരു ശബ്ദവും ഉണ്ടായിരുന്നില്ല.

പെരുമാളുടെ കൊട്ടാരവും തീരേ നിശ്ശബ്ദമായിരുന്നു.

അംബികാദേവി തീരേ ഉറങ്ങിയിരുന്നില്ല. ഈ സമയം ദേവി ശബ്ദമുണ്ടാക്കാതെ എഴുന്നേററ് ആ മുറിയിൽ കിടന്നുറങ്ങുന്ന ദാസിയുടെ അടുത്തു ചെന്നുനോക്കി. സുഖമായുറങ്ങുകയാണെന്നു ബോധപ്പെട്ടു. തൻെറ ശിരസ്സും ദേഹവും ഒരു വലിയ വസ്ത്രംകൊണ്ടു മൂടി നിശ്ശബ്ദമായി മുറിയിൽനിന്നു പുറത്തിറങ്ങി. ഭടന്മാർ കാവൽനില്ക്കുന്ന സ്ഥലങ്ങൾ വിട്ട് അധികം ഇരുട്ടുള്ള സ്ഥലങ്ങൾ നോക്കിനടന്നു. മെല്ലെ പെരുമാൾ ഉറങ്ങുന്ന മുറിയുടെ വാതില്ക്കൽ ചെന്നു ചാരിയിരുന്ന വാതിൽ മെല്ലെത്തുറന്ന് അകത്തു പ്രവേശിച്ചു.

പെരുമാൾ കട്ടിലിന്മേൽ കിടന്നു സുഖമായുറങ്ങുകയാണ്. അംബികാദേവി നിലത്തു മുട്ടുകുത്തി കുറച്ചുനേരം പെരുമാളുടെ ശിരസ്സിന്നടുത്തായി തലവെച്ചു കിടന്നു. അതിന്നുശേഷം എഴു

ന്നോറവ നിശ്ശബ്ദമായി പുറത്തേയ്ക്കു കടന്നു. അതേപ്രകാരത്തിൽ സൂക്ഷിച്ചു നടന്നു കൊട്ടാരത്തിൻെറ പുറത്തെത്തി. പിന്നെ ഒരു വാതിലിൽക്കൂടി കോട്ടയ്ക്കു പുറത്തു വന്നു.

കോട്ടയുടെ പുറത്തുനിന്നു കോട്ടയും കൊട്ടാരവും നോക്കികൊണ്ടു സ്വയമേവ ഇങ്ങിനെ പറഞ്ഞുപോയി; "ഇനി ഞാൻ നിങ്ങളെ കാണില്ല. ഞാൻ എൻെറ അവസാനയാത്രയ്ക്കു പുറപ്പെട്ടിരിയ്ക്കയാണ്. ഒരു സമയം നാളെ ഈ വർത്തമാനം കേട്ടാൽ അച്ഛൻ വ്യസനിയ്ക്കുമായിരിയ്ക്കും. അച്ഛാ, എനിയ്ക്കു മാപ്പുതരണേ. എൻെറ ഹൃദയം മുഴുവനും ആ കഠിന ഹൃദയൻ വിക്കിരൻ കൊണ്ടുപോയ്ക്കളഞ്ഞു. ഇനി എനിയ്ക്കു ജീവിച്ചിരിപ്പാൻ ആഗ്രഹമില്ല. ഞാൻ ആ രങ്കരായരുടെ ഭാര്യയായിട്ടില്ലെങ്കിലും, അയാറാക്കു ഞാൻ കൊടുത്ത വാക്കു നിലനിൽത്തേണമെങ്കിൽ ഞാൻ അയാളുടെക്കൂടെ പാണ്ഡ്യരാജ്യത്തേയ്ക്കു പോകണം. അതിലും ഭേദം മരിയ്ക്കുകയാണ്. ഞാൻ വേറെ യാതൊരു നിവൃത്തിയും കാണുന്നില്ല."

വിക്കിരനും അന്നു രാത്രി ഉറക്കമുണ്ടായില്ല. ഏകദേശം അർദ്ധരാത്രി എഴുന്നേറവ സ്നേഹിതന്മാർ താമസിയ്ക്കുന്ന സ്ഥലത്തേയ്ക്കു വന്നു. അവിടെ എല്ലാവരും ഉറങ്ങിയിരുന്നതുകൊണ്ടും തനിയ്ക്കു് ഉറങ്ങണമെന്നു തോന്നാഞ്ഞതുകൊണ്ടും അവരെ വിളിച്ചുണർത്തേണ്ട എന്നു നിശ്ചയിച്ച് ആ സ്ഥലത്തിന്നു ചുററും നടന്നു. പെട്ടെന്ന് ആരോ വിലപിയ്ക്കുന്നതുപോലെ ഒരു ശബ്ദം കേട്ടു ശ്രദ്ധിച്ചു. ആ ശബ്ദം പിന്നേയും കേട്ടുവെങ്കിലും അത് ഇന്ന സ്ഥലത്തുനിന്നാണെന്നു മനസ്സിലാക്കുവാൻ സാധിച്ചില്ല. വല്ല ഗതിവരാത്ത പ്രേതത്തിൻെറയും ശബ്ദമായിരിയ്ക്കും അതെന്നു തോന്നി. ആ ശബ്ദത്തെപ്പററി അന്വേഷിയ്ക്കുവാൻ യത്നിച്ചില്ല. ആ ഭവനത്തിൻെറ കുറേ ദൂരെയായി ഒരു സ്ഥലത്തു ചെന്നിരുന്നു.

കുറച്ചു കഴിഞ്ഞപ്പോറം ഒരു വെളുത്ത രൂപം, തന്നെ തടവിലിട്ടിരുന്ന മുറിയിൽനിന്നു പുറത്തിറങ്ങുന്നതു കണ്ടു. അതു കണ്ടപ്പോറം കുറച്ചു മുമ്പു താൻ കേട്ടതു പ്രേതത്തിൻെറ ശബ്ദമാണെന്ന വിശ്വാസം ഒന്നുകൂടി ബലപ്പെട്ടു. ആ രൂപം നടന്നുപോകുന്നതു സൂക്ഷിച്ചു. പക്ഷെ അതു നടക്കുന്ന മാതിരി കണ്ടിട്ട് അതൊരു മനുഷ്യനായിരിയ്ക്കുമോ എന്നു വിചാരിച്ചു താനും പിന്നാലെ പോയി. കുറച്ചടുത്തെത്തിയപ്പോറം അതൊരു സ്ത്രീയാണെന്നു മനസ്സിലായി. വിക്കിരൻ തൻെറ നടത്തത്തിൻെറ വേഗം കുറ

ച്ച്, മുമ്പിൽപോകുന്ന ആളുടെ വേഗത്തിന്നനുസരിച്ച് നടന്നു. ആ സ്ത്രീ പാതയിൽക്കൂടി നടന്ന് ഒരൂടുവഴിയിലേയ്ക്കിറങ്ങി. അതുവഴിയായി നേരേ ചിറവക്കത്തെത്തി, യാതൊരു സംശയവും കൂടാതെ വെള്ളത്തിലേയ്ക്കു ചാടി. വിക്കിരനും കൂടെത്തന്നെ ചാടി, ക്ഷണത്തിൽ ആ സ്ത്രീയെ കരയിലേയ്ക്കു കൊണ്ടുവന്നു. മൂടിയ വസ്ത്രം മാററി മുഖം നോക്കിയപ്പോഠം ദേവിയാണെന്നു മനസ്സിലായി വിക്കിരൻ അറിയാതെ നിലവിളിച്ചുപോയി. ഉടനേ വിക്കിരൻ ദേവിയേയുംകൊണ്ടു വന്നവഴിയേ ഓടി താൻ താമസിയ്ക്കുന്ന സ്ഥലത്തേയ്ക്കു വന്നു. അവിടെ എത്തിയ സമയം കൊണ്ടു ദേവിയ്ക്കു നല്ലവണ്ണം ഓമ്മവന്നിരുന്നു. വിക്കിരൻ പരിഭ്രമിച്ചുകൊണ്ട് ആ ഭവനത്തിൻെറ അടുത്തെത്തിയപ്പോഠം മാനിച്ചനെ വിളിച്ചു.

അപ്പോഠം അംബികാദേവി "അരുതേ! ഇപ്പോഠം ആരേയും വിളിയ്ക്കരുതേ!" എന്നു പറഞ്ഞു.

ദേവിയ്ക്ക് ഓമ്മവന്നു എന്നു കണ്ടപ്പോഠം വിക്കിരന്നു വളരെ സന്തോഷമായി. എങ്കിലും ദേവിയോട് "അയ്യോ ദേവി, ഈ നനഞ്ഞ വസ്ത്രങ്ങഠം മാറിയില്ലെങ്കിൽ ദേവിയ്ക്കു സുഖക്കേടു പിടിയ്ക്കുമല്ലോ."

ദേവി—ആ സുഖക്കേടു പിടിച്ചുകൊള്ളട്ടെ. എന്നാൽക്കൂടി എനിയ്ക്കു വളരെ സന്തോഷമായിരിയ്ക്കും. ഇപ്പോഠം ഞാനനുഭവിയ്ക്കുന്ന പരമാനന്ദം ഞാൻ കുറേനേരംകൂടി അനുഭവിയ്ക്കട്ടെ.

വിക്കി—ദേവി, നേരം പുലരാതിരിയ്ക്കില്ല. നേരം പുലന്നാൽ രങ്കരായർ അയാളുടെ ഭാര്യയുടെ നിലയിൽ ദേവിയെ അവകാശപ്പെടും. അതിന്നു പെരുമാളും സഹായിയ്ക്കും. അപ്പോഠം നാം എന്താണ് ചെയ്യുക?

ദേവി—വിക്കിരാ, ഞാൻ അയാളെ കല്യാണം കഴിച്ചിട്ടില്ല. ഞാൻ വിക്കിരനോടു ദേഷ്യപ്പെട്ട് അയാഠക്കു വാക്കു കൊടുത്തതു ശരിയാണ്. പക്ഷെ മാല അയാഠംതന്നെയാണിട്ടത്. അത്രത്തോളം ദൈവം എന്നെ സഹായിച്ചു.

വിക്കി—എന്നാൽ നാളെ രാവിലത്തെ കാര്യംമാത്രമേ ആലോചിയ്ക്കേണ്ടതുള്ളു. ദേവിയെ കല്യാണംചെയ്തു എന്നാണ് അയാഠം എല്ലാവരേയും അറിയിച്ചിരിയ്ക്കുന്നത്. ദേവി അതിന്നു വിപരീതം പറയാത്തതുകൊണ്ട് അതു ശരിയാണെന്നാണ്, എല്ലാവരും ധരിച്ചിരിയ്ക്കുന്നത്.

ദേവി—ഞാൻ മരിയ്ക്കണമെന്നാണ് തീച്ച്പ്പെടുത്തിയത്. അതുകൊണ്ട് അയാറം എന്തെങ്കിലും പറഞ്ഞുംകൊള്ളട്ടെ എന്നു ഞാൻ വിചാരിച്ചു. ഏതെങ്കിലും ഇപ്പോറം ഞാൻ കൊട്ടാരത്തിലേയ്ക്കില്ല. ഞാൻ അവിടെപ്പോയാൽ നാളെ രങ്കരായർ ലഹളയാക്കും. അതുകൊണ്ട് വിക്കിരൻ ഇതിന്ന് എന്തെങ്കിലും വഴി കണ്ടുപിടിയ്ക്കണം.

വിക്കി—ദേവി എനിയ്ക്കു സന്തോഷംകൊണ്ടു നേരേ ആലോചിയ്ക്കുവാൻതന്നെ സാധിയ്ക്കുന്നില്ല. ഞാൻ വീരമാത്താണ്ഡനെ ഒന്നു വിളിയ്ക്കട്ടെ. സ്വാമികറം ഇവിടെയില്ല. അതുകൊണ്ട് അവരോടു വിവരംപറഞ്ഞ് അവരുമായി ആലോചിച്ചു കാര്യങ്ങറം തീച്ച്പ്പെടുത്താം. അതിന്നു വല്ല വിരോധവുമുണ്ടോ?"

"നില്ക്കു, കുറച്ചു കഴിയട്ടെ" എന്നു പറഞ്ഞു ദേവി വിക്കിരനെ തടഞ്ഞു. വിക്കിരൻ കുറച്ചുനേരത്തേയ്ക്ക് ഒന്നും സംസാരിച്ചില്ല. ഒടുക്കം, ആ സമയംവരെ വളരെ പണിപ്പെട്ടു മനസ്സിൽ ഒതുക്കിവെച്ചിരുന്ന അനുരാഗത്തെ വെളിപ്പെടുത്തുവാൻ തന്നെ തിച്ച്യാക്കി. തനിയ്ക്കു പറയുവാനുള്ളതെല്ലാം ആനന്ദത്തിൽ മുഴുകിയ അംബികാദേവിയുടെ ചെവികളിൽ വഷിച്ചു. അവർ രണ്ടുപേരും ആനന്ദനിമഗ്നരായതുകൊണ്ടു ബാക്കിയെല്ലാ സംഗതികളും മറന്നു സമയം പോയതുകൂടി അറിഞ്ഞില്ല. രണ്ടാമത്തെ കോഴി കൂകിയതുകേട്ടു വിക്കിരന്നു നേരം പുലരുവാനായിപ്പോയി എന്ന ഓമ്മവന്നു. ദേവിയുടെ സമ്മതത്തോടുകൂടി ഒരു കല്ലെറിഞ്ഞു മാനിച്ചനെ ഉണത്തി. മാനിച്ചൻെറ സാഹായ്യത്തോടുകൂടി വീരമാത്താണ്ഡനേയും ബാക്കിയുള്ള രണ്ടുപേരെയും വിളിച്ച്, അവരെയെല്ലാം വിവരമറിയിച്ചു.

വീരമാത്താണ്ഡൻെറ അഭിപ്രായമനുസരിച്ച്, അംബികാദേവിയെ രങ്കരായർ പോയ്ക്കഴിയുന്നതുവരെയെങ്കിലും വിക്കിരൻെറയും സ്വാമികളുടെയും അമ്മമാർ താമസിയ്ക്കുന്ന സ്ഥലത്തു കൊണ്ടുപോയി താമസിപ്പിയ്ക്കുവാൻ തീച്ച്യാക്കി, അതിന്നുവേണ്ടുന്ന ഒരുക്കങ്ങറം ചെയ്യാൻ മാനിച്ചനെ ഏല്പിച്ചു. മാനിച്ചൻ അപ്പോറംതന്നെപോയി യവനപ്പാളയത്തിൽനിന്നു നല്ലോരു കുതിരയെ കൊണ്ടുവന്നു. അംബികാദേവി വസ്ത്രങ്ങളെല്ലാം മാറി പോവാനൊരുങ്ങിവന്ന ഉടനേ വിക്കിരൻ ദേവിയെ കുതിരപ്പുറത്തു കയററി അവിടെനിന്നു പോകയുംചെയ്തു.

# പന്ത്രണ്ടാമദ്ധ്യായം

നേരം പുലൎന്നു രായന്മാർ ആ ദിവസം തിരുവഞ്ചിക്കുളം വിട്ടുപോകുന്നു എന്ന വൎത്തമാനം, ആ പട്ടണത്തിലുള്ള എല്ലാവരേയും ഒരുപോലെ സന്തോഷിപ്പിച്ചു. വല്ല വിധത്തിലും അവർ അവിടെനിന്നു പോയിക്കിട്ടിയാൽ മതി എന്നാണ് എല്ലാവരും മോഹിച്ചിരുന്നത്. പക്ഷെ അംബികാദേവി രങ്കരായരെ കല്യാണംകഴിച്ച് അയാളുടെകൂടെ പോകുന്നുണ്ടെന്ന വൎത്തമാനം ആൎക്കും തൃപ്തികരമായിരുന്നില്ല. ദേവിയുടെ ഇഷ്ടപ്രകാരം പ്രവൎത്തിച്ചതുകൊണ്ട് അതിന്നു വിപരീതം പറയുവാൻ ആരും ധൈൎയ്യപ്പെട്ടില്ല.

തങ്കമ്മ അന്നു രാവിലെ നേരത്തെ എഴുന്നേററ്, അംബികാദേവിയോടു പറഞ്ഞു രായരുടെകൂടെ പോകുന്നതു തടയണമെന്നുദ്ദേശിച്ചു ബന്ധപ്പെട്ടു കൊട്ടാരത്തിലേയ്ക്കു പുറപ്പെട്ടു. താൻ അവിടേയ്ക്കാണ് പോകുന്നതെന്ന വിവരം ദാസിയോടുമാത്രം പറഞ്ഞു വീട്ടിൽനിന്നിറങ്ങി. കൊട്ടാരത്തിലുള്ളവരാരും കാണാതെ ദേവിയുടെ അറയിലെത്തണം എന്നു കരുതി ആളില്ലാത്ത സ്ഥലങ്ങളിൽക്കൂടി നടന്ന് അവിടെയെത്തി. തങ്കമ്മ ചെന്ന സമയം അതിനകത്ത് അംബികാദേവി ഉണ്ടായിരുന്നില്ല. പുറത്തുപോയിരിയ്ക്കുമെന്നു വിചാരിച്ചു ദേവിയുടെ വരവും കാത്തിരിപ്പായി. രങ്കരായരും രാവിലെ എഴുന്നേററു ദേവിയെ കാണുവാൻവേണ്ടി അറയിലേയ്ക്കു വന്നു. ദേവിയെ അതിനകത്തു കാണാഞ്ഞതുകൊണ്ടു കൊട്ടാരം മുഴുവനും തിരഞ്ഞ് ഒരു സ്ഥലത്തും കാണാതെ വിഷണ്ണനായി മടങ്ങിവരുമ്പോഴാണ് തങ്കമ്മ ദേവിയുടെ അറയിലേയ്ക്കു പോകുന്നതു കണ്ടത്. അംബികാദേവി തന്നെ ഭയപ്പെട്ട് ഒളിച്ചിരിയ്ക്കയാണെന്നു രങ്കരായൎക്കു ബോധപ്പെട്ടു. അതു പുറത്തു പറയുന്നതു തന്റെ യോഗ്യതയ്ക്കു പോര എന്നു മനസ്സിലാക്കി, താൻ എന്താണ് ചെയ്യേണ്ടതെന്നു വിചാരിച്ചുംകൊണ്ടു നില്ക്കുന്ന സമയത്താണ് തങ്കമ്മ കൊട്ടാരത്തിൽക്കൂടി പോകുന്നതു

കണ്ടത്. തങ്കമ്മ അറയിൽത്തന്നെ ഉണ്ടെന്നു മനസ്സിലാക്കി ക്ഷണത്തിൽ തൻെറ മുറിയിലേയ്ക്കു പോയി ഭടന്മാരെ വിളിച്ചു ചില കല്പനകറം കൊടുത്തു. പെട്ടിതുറന്ന് ഒരു കുപ്പിയെടുത്ത് അതുംകൊണ്ടു മെല്ലെ ദേവിയുടെ അറയിൽ വന്നു. തങ്കമ്മയറിയാതെ പിന്നിൽക്കൂടി വന്ന് തലപിടിച്ചുതാഴ്ത്തി മൂക്കിൽ ആ മരുന്നിൻെറ ഗന്ധം തട്ടിച്ചു. തങ്കമ്മയ്ക്കു ലോകം മുഴുവനും ചുററുന്നുണ്ടെന്നു തോന്നി. കൈകാലുകറംക്കു ശക്തി ക്ഷയിച്ചു. കണ്ണടഞ്ഞു. ബോധമില്ലാതെയായി. രങ്കരായർ ഉടനേ വാതിലടച്ചുപൂട്ടി. ദേവിയുടെ ദാസി വന്നപ്പോറം രങ്കരായർ "ഇപ്പോറം തുറക്കേണ്ട, ദേവിയെ ഉപദ്രവിയ്ക്കണ്ട എന്നു പറഞ്ഞിരിയ്ക്കുന്നു" എന്നു പറഞ്ഞ് അവളെ അയച്ചു. തൻെറ ആറംക്കാർ എത്തിയ ഉടനേ രങ്കരായർ വാതിൽ തുറന്നു. തങ്കമ്മയെ വിദേശീയച്ചേലകറംകൊണ്ടു മൂടി അറയുടെ വാതില്ക്കൽകൊണ്ടുവന്നു പല്ലക്കിൽ കയററി പല്ലക്കു കൊണ്ടുപോയ്ക്കോറംവാൻ കല്പന കൊടുത്തു.

പല്ലക്ക് അയച്ചതിനുശേഷം രങ്കരായർ തൻെറ മുറിയിലേയ്ക്കു പോയി. ഒരു പരദേശഭടനോടു ഗൂഢമായി ചില സംസാരങ്ങറം നടത്തി. അവനെ രണ്ടു നിറത്തിലുള്ള രണ്ടു മരുന്നു കൊടുത്തേല്പിച്ചു പറഞ്ഞയച്ചു. പിന്നെ പോകുവാനുള്ള ഒരുക്കങ്ങറം ചെയ്തു. തങ്കമ്മയേയുംകൊണ്ടു പല്ലക്കു പോയ്ക്കഴിഞ്ഞിട്ട് ഒരു നാലുനാഴിക കഴിഞ്ഞതിന്നുശേഷം കൃഷ്ണരായരും രങ്കരായരും പോകുവാൻ പുറപ്പെട്ടു വിവരം പെരുമാളെ അറിയിച്ചു.

പെരുമാറംക്കു രായന്മാരെ വന്നുകാണുവാൻ സുഖമില്ലാത്തതുകൊണ്ടു രങ്കരായർ പെരുമാളുടെ മുറിയിലേയ്ക്കു ചെന്നു. രങ്കരായരെ കണ്ടു പെരുമാറം "ഇത്രനേരത്തേ പുറപ്പെട്ടുവോ? ഉച്ചതിരിഞ്ഞിട്ടാണ് പോകുന്നതെന്നല്ലേ ഇന്നലെ തീച്ച്പ്പെടുത്തിയത്."

രങ്ക—ഞങ്ങറംക്കിത്തിരി അടിയന്തരമായ ഒരു കാര്യമുണ്ട്. അതുകൊണ്ടു കഴിയുന്നവേഗത്തിൽ അവിടെ എത്തിയാൽക്കൊള്ളാമെന്നു വിചാരിച്ചു. പെരുമാറംക്ക് അസ്വാസ്ഥ്യമൊന്നുമില്ലല്ലോ?

പെരു—എനിയ്ക്കിന്നലെ രാത്രി നല്ലവണ്ണം ഉറക്കം കിട്ടിയില്ല. ദേഹത്തിന്നു കലശലായ ക്ഷീണവും തോന്നുന്നു. അതാണ് അങ്ങോട്ടു വരാതിരുന്നത്.

രങ്ക—പെരുമാറംക്കു വിരോധമില്ലാത്തപക്ഷം ഞങ്ങറം അ

വിടെ എത്തിയ ഉടനേ ഞങ്ങളുടെ വൈദ്യനെ അയയ്ക്കാം. വളരെ നല്ല വൈദ്യനാണ്.

പെരു—സൌകര്യംപോലെയാവാം. അംബിക എപ്പോഴാണ് അങ്ങട്ടു വരുന്നത്?

രങ്ക—അംബിക പോയ്ക്കഴിഞ്ഞു.

പെരുമാറംക്ക് ഇതു കേട്ടിട്ടു ഹൃദയത്തിൽ ഒരമ്പുകൊണ്ടപോലെ വേദന തോന്നി. "അംബിക പോയി?" എന്നു നില വിളിച്ചുപോയി.

രങ്ക—നന്നെ രാവിലെത്തന്നെ പോയി. എന്നോട് ഇവിടെ വിവരം പറയുവാൻ ഏല്പിച്ചിട്ടുണ്ട്.

പെരു—എന്നോടു യാത്രപോലും പറയാതെ—

രങ്ക—അവറം അതുതന്നെ പറഞ്ഞു. അച്ഛനോടും ചെറോട്ടിയമ്മയോടും അന്വേഷണം പറയണമെന്ന് എന്നെ ഏല്പിച്ചിട്ടാണ് പോയത്.

ചെറോ—അതേ, അങ്ങിനെതന്നെയാണ്. ഭർത്താക്കന്മാരെ കിട്ടിയാൽപ്പിന്നെ വേറേ ആരും വേണ്ടിവരില്ല. പോട്ടെ. പക്ഷെ അംബിക ഇത്ര കൃതഘ്നത കാണിയ്ക്കുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല.

പെരു—ആട്ടേ, പോയില്ലേ. ഇനി എന്തിനാണ് പറയുന്നത്.

"ഞാൻ ജ്യേഷ്ഠനുവേണ്ടിയും യാത്ര പറയുന്നു. നാം തമ്മിൽ അല്പം ശണ്ഠകൂടിയതുകൊണ്ടു നമ്മുടെ ബന്ധുത്വം കുറഞ്ഞു എന്നു വിചാരിയ്ക്കരുത്. ഞാൻ അടുത്തുവന്നു കണ്ടുകൊള്ളാം." എന്നു പറഞ്ഞു രങ്കരായർ പുറത്തേയ്ക്കു പോയി. പെരുമാറംക്കു വല്ലാത്ത ക്ഷീണം തോന്നിയതുകൊണ്ടു കണ്ണടച്ചു കിടന്നു. രങ്കരായരും മററും ഒരു നാഴികയ്ക്കുള്ളിൽ പരിവാരങ്ങളോടുകൂടി തിരുവഞ്ചിക്കുളം വിട്ടു.

തങ്കമ്മയേയുംകൊണ്ടു ഭടന്മാർ വളരെ വേഗത്തിൽ നടന്നു. പല്ലക്കിന്ന് ഇളക്കം തട്ടിയപ്പോറം രാവിലത്തെ തണുത്ത കാററു തങ്കമ്മയുടെ മുഖത്തടിച്ചു, സുബോധം വരുത്തി. തങ്കമ്മ കണ്ണു തുറന്നു നോക്കി. താൻ എവിടെയാണെന്നാലോചിച്ചിട്ട് ഒരു രൂപവുമുണ്ടായില്ല. വായും കയ്യും കാലും കെട്ടിയിരുന്നതുകൊണ്ട് അനങ്ങുവാനോ എഴുന്നേല്ക്കുവാനോ നിലവിളിയ്ക്കുവാനോ ഒന്നും

സാധിച്ചില്ല. താൻ ഉടുത്തിരിയ്ക്കുന്ന ചേലകഠം താൻ അതിന്നു മുമ്പു കണ്ടതായിക്കൂടി ഒമ്മതോന്നിയില്ല. താൻ എവിടെയാണെന്നറിവാൻ തല പല്ലക്കിൽനിന്നു പുറത്തിടുവാൻ ശ്രമിച്ചു; പക്ഷെ അതും വലിയ പ്രയാസമായി തോന്നി. പുറത്തേയ്ക്കു നോക്കിയപ്പോഠം ആയുധപാണികളായ അനവധി ഭടന്മാർ പല്ലക്കിന്റെ ഒന്നിച്ചു നടക്കുന്നതു കണ്ടു. തനിയ്ക്കു കാര്യം മനസ്സിലായി. തന്നെ ചെട്ടികഠം എടുത്തുകൊണ്ടുപോകയാണെന്നറിഞ്ഞു. തന്നെ കെട്ടിയ കെട്ടുകളിൽനിന്നു രക്ഷപ്പെടുവാൻ യത്നിച്ചു. പക്ഷെ എത്ര ശ്രമിച്ചിട്ടും കൈകളെ വിടുവിയ്ക്കുവാൻ സാധിച്ചില്ല. ഒടുക്കം ഇരുന്ന സ്ഥലത്തുനിന്നു ചരിഞ്ഞു വീണു തല ജനലിന്റെ ഭാഗത്തു വെച്ചുംകൊണ്ടു കിടന്നു. ഒരു സ്ഥലത്തെത്തിയപ്പോഠം തെരുവീഥിയുടെ അരികിൽ കാര്യക്കാരുടെ മകൻ പല്ലക്കിന്റെ പോക്കു നോക്കിക്കൊണ്ടു തനിയേ സന്തോഷിച്ചു നില്ക്കുന്നതു കണ്ടു. അമ്മയും മററുമറിയാതെ പല്ലക്കും ആഠംക്കാരേയും കണ്ടതുകൊണ്ടു തെരുവീഥിയിലേയ്ക്കു് ഓടിവന്നതാണെന്നു തങ്കമ്മയ്ക്കു മനസ്സിലായി. ആ കുട്ടിയെയെങ്കിലും തന്റെ കഷ്ടസ്ഥിതിയെ അറിയിയ്ക്കണമെന്നുദ്ദേശിച്ചു് "അപ്പു, അപ്പു" എന്നു് ഒച്ച പുറപ്പെടാതെ വിളിച്ചു തലയിളക്കിക്കൊണ്ടു കുട്ടിയുടെ മുഖത്തു നോക്കി. കുട്ടി തങ്കമ്മയെ കണ്ടു് ആദ്യം വല്ലാതെ പരിഭ്രമിച്ചു. കുറച്ചു നേരത്തേയ്ക്കു് ഒന്നും ചെയ്യാതെ നോക്കിനിന്നുവെങ്കിലും താമസിയാതെ "തങ്കച്ചേച്ചി, ഞാനുണ്ടു്, ഞാനുണ്ടു്" എന്നു നിലവിളിച്ചുകൊണ്ടു പല്ലക്കിന്റെ പിന്നാലെ കുതിച്ചു. ഭടന്മാർ ഇതു കണ്ടിട്ടു് "എന്തു് എന്തു വേണം? പയ്യനക്കു് എന്തു വേണം? മൂക്കു് ചെത്തിവിടണം" എന്നെല്ലാം പറഞ്ഞു പേടിപ്പിയ്ക്കുവാൻ ശ്രമിച്ചുവെങ്കിലും അപ്പു അതൊന്നും കൂട്ടാക്കാതെ പിന്നാലെതന്നെ ഓടി. ഭടന്മാക്കു കുട്ടിയെ വല്ലതും ചെയ്യുവാൻ ധൈര്യമുണ്ടായില്ല. അതുകൊണ്ടു് അവർ തമ്മിൽ എന്തു വേണമെന്നാലോചിച്ചു. കുട്ടിയേയും പല്ലക്കിൽ കയററുന്നതാണു് നല്ലതെന്നു തീച്ചയാക്കി അവനേയും പല്ലക്കിൽ കയററി.

അപ്പുവിനെ പല്ലക്കിൽ കിട്ടിയതു തങ്കമ്മക്കു സന്തോഷത്തിന്നും സന്താപത്തിന്നും ഒരുപോലെ കാരണമായി. കുട്ടി കൂടെയുള്ളതുകൊണ്ടു ഭയം വളരെ കുറഞ്ഞു. പക്ഷെ അവന്റെ അമ്മയും അച്ഛനും അവനെ കാണാതെ വ്യസനിയ്ക്കുമല്ലോ എന്നു വിചാരിച്ചു വല്ലാതെ മനോവേദനയുമുണ്ടായി.

അപ്പു വന്ന ഉടനേ "തങ്കച്ചേച്ചി, ഇതെന്തുട്ടപ്പാണ്?" എന്നു പറഞ്ഞു ചേലകറം പിടിച്ചുവലിയ്ക്കാൻ തുടങ്ങി. അപ്പോറം തങ്കമ്മ സംസാരിയ്ക്കുവാൻ വയ്യ എന്നു തലകൊണ്ടു കാണിച്ചു. ഇതു കണ്ടു കുട്ടി, "ഇതെവ്നാണ് തങ്കച്ചേച്ചിയെ ഇങ്ങനെ ചെയ്തത്?" എന്നു പറഞ്ഞു കെട്ടുകറം പിടിച്ചുവലിയ്ക്കുവാൻ തുടങ്ങി. വളരെനേരം ബുദ്ധിമുട്ടി ഒരു കൈ പുറത്താക്കി. പിന്നെ ആ കയ്യുകൊണ്ടും അപ്പുവിൻെറ കഠിനപ്രയത്നങ്ങറംകൊണ്ടും വായ കൂട്ടിക്കെട്ടിയ ചരടു വിടുത്തി സംസാരിയ്ക്കാറാക്കി.

പിന്നെ താഴ്ന്ന സ്വരത്തിൽ അപ്പുവിനോടു കാര്യം പറഞ്ഞു മനസ്സിലാക്കി. അവനെ മടിയിൽ ഇരുത്തി. ചേലകളെക്കൊണ്ടു മുമ്പത്തെ മാതിരിതന്നെ ദേഹം മൂടിയിരുന്നു. ആ സന്ദർഭത്തിൽ രക്ഷപ്പെടുവാൻ എന്താണ് മാർഗ്ഗം എന്നാലോചിച്ചിട്ടു യാതൊന്നും കണ്ടില്ല. തന്നെ എവിടെയ്ക്കാണ് കൊണ്ടുപോകുന്നതെന്നും മനസ്സിലായില്ല. എല്ലാം ഈശ്വരകല്പിതംപോലെ വരട്ടെ എന്നു വിചാരിച്ചു തൻെറ മനസ്സിലുള്ള എല്ലാ ദൈവങ്ങളേയും പ്രാർത്ഥിച്ചുകൊണ്ടു സമയം കഴിച്ചു.

അപ്പു—ചേച്ചി, നാം എപ്പോഴാണ് വീട്ടിലെത്തുക? ഇതെത്ര നേരമായി ഇതിന്നകത്തിരിയ്ക്കുന്നു? നമ്മുടെ ആളുകളൊക്കെ എവിടെ?

കുറെ ദൂരം പോയപ്പോറം പല്ലക്കു ഒരു താവളത്തിലെത്തി, അവിടെ നിൎത്തി. ആ സ്ഥലത്തു പാതയ്ക്കടുത്തായി ചെറിയ രണ്ടു മൂന്നു വീടുകളും കുറച്ചാളുകളേയും കണ്ടു. അതിന്നപ്പുറമുള്ള പാത വലിയ കാട്ടിന്നുള്ളിൽക്കൂടിയാണ് പോകുന്നതെന്നും അതുകൊണ്ടു രങ്കരായരും മററും വരുന്നതുവരെ അവർ അവിടെത്തന്നെ താമസിയ്ക്കുവാൻ പോകയാണെന്നും തങ്കമ്മയ്ക്കു ഭടന്മാരുടെ സംസാരത്തിൽനിന്നു മനസ്സിലായി.

പല്ലക്കു നിൎത്തിയതിന്നുശേഷം ഒരു ഭടൻ വന്നു തങ്കമ്മയോടു പല്ലക്കിൽനിന്നിറങ്ങിക്കൊള്ളുവാൻ പറഞ്ഞു. കുട്ടി സന്തോഷത്തോടെ നിലത്തിറങ്ങി. തങ്കമ്മയും പിന്നാലെ ഇറങ്ങി.

പല്ലക്കു നിൎത്തിയത് ഒരു വലിയ മലയുടെ ചെരിവിലാണ്. അവർ നിന്ന സ്ഥലത്തിൻെറ മൂന്നു ഭാഗത്തും വളരെ ഉയരമുള്ള രണ്ടുമൂന്നു കൊടുമുടികറം നിവൎന്നുനിന്നിരുന്നു. ആ സ്ഥലത്തുനിന്നു നോക്കിയപ്പോറം അതുവരെ അവർ വന്ന വഴി ഒരു ചെറിയ

വെള്ളന്നൂൽ വളഞ്ഞുപുളഞ്ഞു നിലത്തുകിടക്കുന്ന പ്രകാരത്തിൽ വളരെ താഴെയായി കണ്ടു. അപ്പു ആ സ്ഥലം കണ്ടു വളരെ സന്തോഷിച്ച് അങ്ങട്ടും ഇങ്ങട്ടും ഓട്ടവാൻ തുടങ്ങി. പക്ഷെ തങ്കമ്മ തൻെറ കൂടെ വരാത്തതുകൊണ്ട് അല്പം കുണ്ഠിതത്തോടേ തങ്കമ്മയോട്, "എന്താണ് ചേച്ചി വരാത്തത്? അതാ, നോക്കു, ചേച്ചീ, നോക്കു. വെള്ളം ഒഴുകുന്നതു കണ്ടില്ലേ. എന്നു പറഞ്ഞു, വളരെ ശക്തിയിൽ മലഞ്ചെരുവിൽനിന്ന് അലറിക്കൊണ്ടു ചാടിവീഴുന്ന ഒരു വെള്ളച്ചാട്ടത്തെ ചൂണ്ടിക്കാണിച്ചു.

അപ്പു കുറച്ചു ദൂരെ കുറേ പുഷ്പങ്ങൾ നില്ക്കുന്നതു കണ്ടിട്ട് അവ പറിയ്ക്കാൻ ഓടി. അപ്പോൾ ഒരു ഭടൻ, "അമ്മ, പയ്യൻ അവിടെ വല്ല സ്ഥലത്തും വീണുപോകും, കൂടെ പോ അമ്മ" എന്നു പറഞ്ഞു. തങ്കമ്മ അതു നല്ല അവസരമാണെന്നു കരുതി അപ്പുവിൻെറ പിന്നാലെ പോയി. അപ്പു തങ്കമ്മ വരുന്നുണ്ടെന്നു കണ്ടതുകൊണ്ടു കണ്ണിൽക്കണ്ട പുഷ്പങ്ങൾ പറിച്ചു പിന്നേയും കാട്ടിലേയ്ക്കു നടന്നു. തങ്കമ്മയും പോയി. കുറച്ചുനേരംകൊണ്ട് അവർ പുറപ്പെട്ട സ്ഥലവും പല്ലക്കും ആളുകളുമെല്ലാം കാണാതായി.

തങ്കമ്മ ഓടിക്കളയുമെന്നു യാതൊരു സംശയവും ഇല്ലാതിരുന്നതുകൊണ്ടു ഭടന്മാരും ഇവരെപ്പററി അത്ര ശ്രദ്ധാന്തി വെച്ചില്ല.

തങ്കമ്മയ്ക്ക് അവിടെനിന്നു കാട്ടിലേയ്ക്കു പോയാലോ എന്ന ഒരാലോചന ബലപ്പെട്ടുവന്നു. ചുററും നോക്കിയപ്പോൾ അതിലെ മൂഢത്വം ആലോചിച്ച് ആ ആലോചന കൈവിട്ടു. പെട്ടെന്നു കാട്ടിൻെറ ഉള്ളിൽക്കൂടി ആരോ നടക്കുന്നുണ്ടെന്നു തോന്നി. തങ്കമ്മ തിരിഞ്ഞു. പെട്ടെന്നു തൻെറ അടുത്തുള്ള ഒരു ചെടിയുടെ പിൻഭാഗത്തുനിന്ന് ഒരു മനുഷ്യൻ എഴുന്നേററു നിന്നു. അതു നരസിംഹമായിരുന്നു.

തങ്കമ്മയുടെ ശക്തി മുഴുവനും ക്ഷയിച്ചു. കാൽ ഒരടി മുന്നോട്ടു വെക്കുവാനോ സംസാരിയ്ക്കുവാനോ സാധിച്ചില്ല. തങ്കമ്മ നരിയുടെ മുമ്പിൽപ്പെട്ട പേടമാനിനെപ്പോലെ കണ്ണും മിഴിച്ചു നിന്നു.

ആ സമയം അപ്പു തൻെറ ധൈര്യത്തെ പുറത്തേയ്ക്കു കാണിച്ചു. നരസിംഹത്തിൻെറ മുഖത്തുനോക്കി, "എന്തു വേണം?" എന്നു ചോദിച്ചു.

നരസിംഹം—ഞാൻ അമ്മാൾക്ക് സഹായ്യം ചെയ്യാം.

ഇതു കേട്ടപ്പോൾ തങ്കമ്മയ്ക്കു ഭയം കുറേ പോയി. "എന്തു സാഹായ്യം? എന്നു ചോദിച്ചു.

നര—നല്ല സഹായ്യം ചെയ്തു തരാം.

തങ്കമ്മ—നീ എന്തിനാണ് ഇങ്ങിനെ കളവു പറയുന്നത്? ഞാൻ നീ പറയുന്നത് ഒരു കാലത്തും വിശ്വസിയ്ക്കില്ല, നീ രങ്ക രായരുടെ കൂട്ടത്തിലുള്ള ആളല്ലേ.

നര—ആയിരുന്നു, ഇപ്പോൾ അല്ല. രങ്കരായർ നമ്മെ ചവിട്ടിക്കളഞ്ഞു. ആ രാക്ഷസനോടു യുദ്ധം ചെയ്യാത്തതുകൊണ്ടു നമ്മെ ആട്ടിപ്പുറത്താക്കി.

തങ്കമ്മ—നീ ഞങ്ങളെ സഹായിയ്ക്കുമോ? അല്ല, ഞങ്ങളെ ചതിയ്ക്കുവാൻ വേണ്ടിയോ?

നര—ഞാൻ വാക്കു കൊടുത്താൽ ചതിയ്ക്കില്ല. നിങ്ങൾക്കു രക്ഷപ്പെടുവാൻ ഞാൻ മാൎഗ്ഗമുണ്ടാക്കിത്തരാം. ഞാൻ പറഞ്ഞ പ്രകാരം ചെയ്യണം. ഞാൻ പാവമാണ്.

തങ്കമ്മ—"ഞാൻ നിണക്കു വേണ്ടതു തരാം. ഇതാ, എന്റെ ഈ ആഭരണങ്ങൾ മുഴുവനും തരാം" എന്നു പറഞ്ഞു, തങ്കമ്മ ആഭരണങ്ങളഴിച്ചു നരസിംഹത്തിന്റെ കയ്യിൽ കൊടുത്തു. നരസിംഹം അവ വാങ്ങി, കാട്ടിന്റെ ഉള്ളിൽ ഒരു കുഴി മാന്തി അതിന്നകത്തു നിക്ഷേപിച്ചു മടങ്ങി വന്നു. തങ്കമ്മയുടെ വിദേശീയച്ചേലകൾ വാങ്ങി അതെല്ലാം താൻതന്നെ ഉടുത്തു. മലയുടെ ചെരിവിലുള്ള ഒരു വീടു ചൂണ്ടിക്കാണിച്ചു. "അമ്മ ആ വീട്ടിൽ പോയി ഇരുന്നോ. അവിടെ വേണ്ട സാഹായ്യമെല്ലാം കിട്ടും. ഇനി എന്നെ സഹായിയ്ക്കണം" എന്നു പറഞ്ഞു, കയറുകൊണ്ടു തന്റെ കൈകൾ പിടിച്ചു കൂട്ടിക്കെട്ടുവാനും, വായ മൂടികെട്ടുവാനും പറഞ്ഞു. തങ്കമ്മ, പറഞ്ഞപ്രകാരത്തിലെല്ലാം ചെയ്തു കൊടുത്തു. ചേലകളെല്ലാം ഉടുത്തുകഴിഞ്ഞപ്പോൾ നരസിംഹത്തിന്നു വന്ന മാററം കണ്ടിട്ടു തങ്കമ്മ ആശ്ചര്യപ്പെട്ടു. നരസിംഹത്തിന്റെ വയറെല്ലാം പോയി. അവൻ ഒരു സ്ത്രീ നടന്നു പോകുന്നപ്രകാരത്തിൽ നടന്ന് അപ്രത്യക്ഷനായി.

നരസിംഹം പോയതിന്നുശേഷം തങ്കമ്മ അധികം അവിടെ താമസിച്ചില്ല. ക്ഷണത്തിൽ അപ്പുവിനേയും കൂട്ടി അവിടെ നിന്ന് ഓടി.

വീട് അടുത്താണെന്നു തോന്നിയെങ്കിലും അവിടെ എത്തു

വാൻ വളരെ പണിപ്പെട്ടു. ചില സ്ഥലങ്ങളിൽക്കൂടി പോകു മ്പോഠം അപ്പുവിനെ എടുക്കേണ്ടിവന്നു. ചെടികഠം പിടിച്ചും ചില സ്ഥലങ്ങളിൽ കാൽ തെററി വീണും ഒരുവിധത്തിൽ വിളക്കു വെയ്ക്കാറായപ്പോഠം ആ വീട്ടിൽ എത്തിച്ചേൎന്നു.

വാതിൽ അടച്ചിരുന്നില്ല. തങ്കമ്മ കുറച്ചുനേരം അവിടെ സംശയിച്ചുനിന്നു. പിന്നെ വാതിലിന്നു മുട്ടി. യാതൊരു മറുപ ടിയും കേഠക്കാഞ്ഞതുകൊണ്ടു വാതിൽ തള്ളിത്തുറന്ന് അതിന്ന കത്തു കടന്നു. അവിടെ ആരുമുണ്ടായിരുന്നില്ല. മുറിയിൽ ഒരു ഭാഗത്ത് ഒരു മൺപാത്രത്തിൽ അല്പം മുമ്പേ പാകംചെയ്ത കഞ്ഞി യും വേറെ ഒരു പാത്രത്തിൽ ഉപ്പും കുരുമുളകുംമാത്രം ഇട്ടുവെച്ച ഒരു കറിയും ഉണ്ടായിരുന്നു. ഈ കഞ്ഞിയും കറിയും കണ്ടിട്ടു തങ്കമ്മയ്ക്കും കുട്ടിയ്ക്കും വിശപ്പ് ഇരട്ടിച്ചു. ആരുടെയായാലും വേണ്ടില്ല എന്നു വിചാരിച്ചു തങ്കമ്മ ആ കഞ്ഞിയെടുത്തു വേറെ ഒരു മൺപാത്രത്തിൽ വിളമ്പി കുട്ടിയ്ക്കു കൊടുത്തു. പാവം ആ കഞ്ഞി സുഖമായി കഴിച്ചു. മതി എന്നു പറഞ്ഞു തങ്കമ്മയുടെ മടിയിൽ കിടന്നു. "എനി ചേച്ചി കഴിയ്ക്കൂ" എന്നു പറഞ്ഞു. തങ്കമ്മയ്ക്ക് അതു കഴിയ്ക്കുവാൻ അല്പം സങ്കോചമുണ്ടായെങ്കിലും, ഗതികെട്ടാൽ പുലി പുല്ലും തിന്നും എന്ന പ്രമാണമനുസരിച്ചു ബാക്കിയുള്ള കഞ്ഞി കഴിച്ചു. ആ പാത്രം കഴുകിവെച്ച് ആ മുറിയുടെ ഇരുട്ടുള്ളഭാഗത്തു ചെന്നിരുന്നു. രങ്കരായരുടെ ഭടന്മാർ തന്നെ അന്വേഷിച്ചുവരാത്തതുകൊണ്ടു താൻ ഓടിപ്പോയതു ഭട ന്മാർ മനസ്സിലാക്കീട്ടില്ലെന്നു തീൎച്ചപ്പെടുത്തി സന്തോഷിച്ചു.

നേരം നല്ലവണ്ണം ഇരുട്ടിത്തുടങ്ങി, തങ്കമ്മയ്ക്കു കുറേശ്ശേ ഭയവും വന്നുതുടങ്ങി. അപ്പോഠം ആരോ വാതില്ക്കൽ വരുന്ന ശബ്ദം കേട്ടു. വാതിൽ മെല്ലെ തുറന്നു. തങ്കമ്മ വല്ലാതെ ഭയ പ്പെട്ടു. ശബ്ദമൊന്നും ഉണ്ടാക്കാതെ അവിടെത്തന്നെ ഇരുന്നു.

ആ വന്ന ആഠം ഇവരെ കണ്ണുകൊണ്ടു കണ്ടപ്രകാരത്തിൽ "ഭയപ്പെടേണ്ടമ്മാ" എന്നു പറഞ്ഞപ്പോഠം, അത് ഒരു സ്ത്രീയുടെ ശബ്ദമാണെന്നറിഞ്ഞതുകൊണ്ടു തങ്കമ്മയുടെ മനസ്സിലുള്ള ഭയം പോയി.

ആ സ്ത്രീ ക്ഷണത്തിൽ വാതിലടച്ച് ഒരു വിളക്കു കൊളു ത്തിവെച്ചു. വിളക്കു കൊളുത്തിയപ്പോഠം വന്ന സ്ത്രീയെ തങ്ക മ്മയ്ക്കു കാണുവാൻ സാധിച്ചു. കഞ്ഞി കഴിച്ചതിന്നു മാപ്പു

ചോദിപ്പാൻ തുടങ്ങിയപ്പോൾ ആ സ്ത്രീ അടുത്തുവന്ന് അപ്പുവിനെ നോക്കി, "പാവം ഉറങ്ങിപ്പോയി" എന്നു പറഞ്ഞു.

"ഞാൻ നിങ്ങളുടെ കഞ്ഞി കഴിച്ചുപോയി. അതിന്നു മാപ്പുതരണം. ഇതു ഞാൻ തരാം" എന്നു പറഞ്ഞു തങ്കമ്മ മുണ്ടിൽ കെട്ടിവെച്ചിരുന്ന ഒരു വൈരമോതിരമെടുത്ത് ആ സ്ത്രീയുടെ നേരെ കാണിച്ചു.

"വേണ്ട" എന്നു പറഞ്ഞ് ആ സ്ത്രീ തൻെറ ചേലയുടെ ഉള്ളിൽനിന്നു തങ്കമ്മ കുറച്ചു മുമ്പേ നരസിംഹത്തിന്നു കൊടുത്ത ആഭരണങ്ങളെല്ലാം തങ്കമ്മയ്ക്കു കാണിച്ചുകൊടുത്ത്, "ഇതു പോരും." എന്നു പറഞ്ഞു. പിന്നെ ആ സ്ത്രീ ആ മുറിയുടെ ഒരു ഭാഗത്തുചെന്നു ചുമരിന്മേലെവിടെയോ തള്ളി. ഉടനേ അവിടെ ഒരു വാതിൽതുറന്നു; തങ്കമ്മയോട് അതിന്നകത്തേയ്ക്കു വരുവാൻ പറഞ്ഞു. ഈ സമയം കുട്ടിയും ഉണൎന്നുകൊണ്ടു തങ്കമ്മ അപ്പുവിൻെറ കൈ പിടിച്ചു മുറിയിലേയ്ക്കു പോയി.

തങ്കമ്മ ആ മുറി കണ്ടിട്ടു വല്ലാതെ അത്ഭുതപ്പെട്ടുപോയി. ഈ മുറി, താൻ മുമ്പിരുന്ന മുറിയുടേതിന്നു നേരെ വിപരീതമായ സ്ഥിതിയിലുള്ള ഒന്നായിരുന്നു. അതിൻെറ ഒരു ഭാഗത്ത് ഒരു വലിയ കട്ടിലും അതിന്മേൽ ശുഭ്രവസ്ത്രം വിരിച്ച ഒരു കിടയ്ക്കയുമുണ്ടായിരുന്നു. വേറെ ഒരു ഭാഗത്തു തുമ്പപ്പൂപോലെയുള്ള ചോറും നാലഞ്ചുവിധം കറികളുമുണ്ടായിരുന്നു. ആ മുറിയിൽ ചെന്ന ഉടനേ ആ സ്ത്രീ ചോറും കറികളും തിളങ്ങുന്ന വെള്ളി ത്തളികയിൽ വിളമ്പി. തങ്കമ്മയേയും കുട്ടിയേയും വിളിച്ച് ഊൺ കഴിയ്ക്കാൻ പറഞ്ഞു. രണ്ടുപേൎക്കും വേണ്ടെന്നുണ്ടായിരുന്നെങ്കിലും ആ സ്ത്രീയുടെ ക്ഷണനം സ്വീകരിയ്ക്കാതിരിപ്പാൻ തോന്നിയില്ല. ചെന്നിരുന്ന് ഊൺ കഴിച്ചു. അതിന്നുശേഷം ആ സ്ത്രീ തങ്കമ്മയോടു കട്ടിലിൽ കയറി കിടന്നുകൊള്ളുവാൻ പറഞ്ഞു.

കുട്ടി കിടന്ന ഉടനെ സുഖനിദ്രയെ പ്രാപിച്ചു. തങ്കമ്മ ക്ഷീണംകൊണ്ട് ഇരിയ്ക്കുവാൻ സാധിയ്ക്കാതെ അപ്പുവിൻെറകൂടെ കിടന്നു.

ആ സ്ത്രീ തങ്കമ്മയുടെ കാല്ക്കലിരുന്നു സംസാരിപ്പാൻ തുടങ്ങി. തങ്കമ്മ അറിയാതേകണ്ട് ആ സ്ത്രീ തങ്കമ്മയുടെ എല്ലാ വൎത്തമാനവും മനസ്സിലാക്കി. തന്നെ തിരഞ്ഞ് ആളുകൾ വരാതിരിയ്ക്കില്ലെന്നു തങ്കമ്മ പറഞ്ഞതു കേട്ടിട്ട്

ആ സ്ത്രീ—ഞാൻ പോയി അവരെ കൂട്ടികൊണ്ടുവരാം. നിങ്ങഠം സുഖമായി ഉറങ്ങികൊള്ളുവിൻ. യാതൊന്നും ഭയപ്പെടേണ്ട.

തങ്ക—നിങ്ങളുടെ പേരൊന്നു പറഞ്ഞുതരണേ.

"എൻെറ പേർ സഞ്ജീവനി എന്നാണ്. എൻെറ താമസം ഈ മലയിലാണ്. നിങ്ങഠം ഭയപ്പെടേണ്ട. ഞാൻ പോയി വരാം" എന്നു പറഞ്ഞു സഞ്ജീവനി വാതിൽ തുറന്നു പുറത്തേയ്ക്കു കടന്നു വാതിലടച്ചു.

തങ്കമ്മ ഉറങ്ങുകയില്ലെന്നു തീർച്ചപ്പെടുത്തികൊണ്ടു കിടന്നു. പക്ഷെ കാൽനാഴികനേരത്തിന്നുള്ളിൽ അപ്പുവെപ്പോലെതന്നെ സുഖനിദ്രയെ പ്രാപിച്ചു.

# പതിമൂന്നാമദ്ധ്യായം

തങ്കമ്മയെ കാണാനില്ലെന്ന് വീട്ടുകാർ അറിഞ്ഞത് ഉച്ചയോടടുത്തതിനുശേഷം മാത്രമാണ്. രായന്മാർ ഉച്ചയ്ക്കുശേഷമാണ് പോകുന്നതെന്ന് എല്ലാവരും മനസ്സിലാക്കിയിരുന്നതുകൊണ്ടു തങ്കമ്മ അംബികാദേവിയുടെ കൂടെയുണ്ടായിരിക്കുമെന്നു വീട്ടിലുള്ളവർ തീർച്ചപ്പെടുത്തി. രായന്മാർ പോയിക്കഴിഞ്ഞിട്ടും തങ്കമ്മ തിരിച്ചുവരാത്തതു കണ്ടു ദാസി തങ്കമ്മയെ അന്വേഷിച്ചു കൊട്ടാരത്തിലേയ്ക്കു പോയി. അവിടെ കാണാഞ്ഞതുകൊണ്ട് അവറം വീട്ടിലേയ്ക്കു വന്നു വിവരം അമ്മയെ അറിയിച്ചു. ഉടനേ ആ വർത്തമാനം പടത്തലവൻനായരെ അറിയിച്ചു. ഭടന്മാരും മററുള്ളവരും അടുത്തുള്ള സ്ഥലങ്ങളെല്ലാം തിരയുവാൻ തുടങ്ങി.

ഭടന്മാർ തിരഞ്ഞിട്ടു ഫലമില്ലെന്നുകണ്ടപ്പോറം വീരമാർത്താണ്ഡനും കൂട്ടുകാരുംകൂടി അന്വേഷണം തുടരുവാൻ തീരുമാനിച്ചു. പാണ്ഡ്യപ്പടയും രങ്കരായരും പോയ മാർഗ്ഗം പിടിച്ചു ചുരത്തിലേയ്ക്കു കുതിച്ചു. ചുരത്തിൻെറ അടുക്കലെത്താറായപ്പോറം നേരം സന്ധ്യയോടടുത്തു. ആരെങ്കിലും മുൻകൂട്ടി ഒന്നു പോയി അവിടുത്തെ സ്ഥിതി കണ്ടു മനസ്സിലാക്കിവന്നാൽ വേണ്ടില്ലെന്നു മാർത്താണ്ഡൻ അഭിപ്രായപ്പെട്ടു. അതു കേട്ടു മാനിച്ചൻ വളരെ സന്തോഷത്തോടെ താൻ പോയിവരാം എന്നു പറഞ്ഞു പാഞ്ഞു പോയി.

മാനിച്ചൻ ചുരത്തിൻെറ അടുക്കലെത്തി സ്ഥലം നോക്കിയപ്പോറം അവിടെ പല്ലക്കും ആറംക്കാരും എത്തിയതായിക്കണ്ടു. പല്ലക്കിൻെറ ഒരു ഭാഗത്തു വളരെ ക്ഷീണിച്ച കുറേ ഭടന്മാർ ഇരുന്ന് ഉറക്കം തൂങ്ങുന്നുമുണ്ട്. പാതയുടെ താഴോട്ടു നോക്കിയപ്പോറം കുറേ അകലെയായി അനവധി ആളുകളും മററും വരുന്നതുകണ്ടു. അതു രായന്മാരുടെ വരവാണെന്നു മനസ്സിലായി.

രായന്മാരും ആളുകളും ആ സ്ഥലത്തെത്തിയാൽ തങ്കമ്മയെ, രക്ഷിയ്ക്കുവാൻ ബുദ്ധിമുട്ട് അധികമാകുമെന്നും തിരിച്ചുപോയി തൻെറ സഹാക്കളോടു വിവരംപറഞ്ഞ് അവരേയും കൂട്ടിക്കൊണ്ടുവരുന്നതിനുമുമ്പേ ദൂരത്തുനിന്നു വരുന്നവർ ആ സ്ഥലത്ത് എത്തിക്കളയുമെന്നും തോന്നിയതുകൊണ്ടു, മാനിച്ചൻ പല്ലക്കിൻെറ അടുത്തുള്ള ഭടന്മാരെ തോല്പിയ്ക്കുവാൻ താൻ മാത്രംമതി എന്നുതീച്ചപ്പെടുത്തി പാതയിലേയ്ക്കു ചാടി. മാനിച്ചൻ കണ്ട ഭടന്മാക്കുപുറമേ, ആയുധപാണികളായ വേറേയും ഒരുകൂട്ടം ഭടന്മാർ മററൊരു സ്ഥലത്തുണ്ടായിരുന്നു.

മാനിച്ചനെ കണ്ട ഉടനേ ഭടന്മാർ ചാടിയെഴുന്നേററു മാനിച്ചനെ വളഞ്ഞു യുദ്ധം തുടങ്ങി. മാനിച്ചന്ന് അവരുടെ വെട്ടുകഠം തടുക്കുവാൻ പ്രയാസമൊന്നുമുണ്ടായില്ലെങ്കിലും, വിചാരിച്ചതു എളുപ്പത്തിൽ പല്ലക്കിൻെറ അടുക്കലെത്തുവാൻ കഴിഞ്ഞില്ല. മാനിച്ചൻെറ വരവും കാത്തുനിന്നിരുന്ന ബാക്കി മൂന്നുപേർ പാതയുടെ അടുത്തെത്തിയപ്പോഠം യുദ്ധശബ്ദം കേട്ടു. അവരും പാതയിലേയ്ക്കിറങ്ങി, ക്ഷണത്തിൽ യുദ്ധത്തിൽച്ചേൎന്നു. പല്ലക്കിൻെറ രണ്ടുഭാഗത്തും ഈരണ്ടുപേരായി നിന്നു യുദ്ധംചെയ്തുകൊണ്ടിരുന്നു. മാൎത്താണ്ഡവമ്മനും മററും ഉദ്ദേശിച്ചതു, യുദ്ധമധ്യത്തിൽ തങ്കമ്മയേയും കുട്ടിയേയുംകൊണ്ടു കാട്ടിലേയ്ക്കു മറയുവാനാണ്. യുദ്ധം ചെയ്യുന്നതിനിടയിൽ തങ്കമ്മ പല്ലക്കു തുറക്കുമെന്നും, അപ്പോഠം തങ്കമ്മ ചെയ്യേണ്ടതു പറഞ്ഞുമനസ്സിലാക്കാമെന്നും മററുമാണ് മാൎത്താണ്ഡൻ വിചാരിച്ചത്. പക്ഷെ വളരെനേരം കഴിഞ്ഞിട്ടും പല്ലക്കിൻെറ വാതിൽ തുറക്കാത്തതു കണ്ട് തങ്കമ്മയ്ക്കു വല്ല അപായവും നേരിട്ടിരിയ്ക്കുമോ എന്ന ഭയം മാൎത്താണ്ഡവമ്മൻെറ ഹൃദയത്തിലുണ്ടായി. അതല്ല, തങ്കമ്മ അതിലില്ലായിരിയ്ക്കുമോ എന്ന സംശയവും ജനിച്ചു. ഇത്തരം പല വിചാരങ്ങഠംകൊണ്ടു വീരമാൎത്താണ്ഡൻെറ ദൃഷ്ടി അധികം പല്ലക്കിൻെറ നേക്കായിരുന്നു. തൻെറ വാഠംവെട്ടുകഠംക്കു ഫലമില്ലാതായ്ത്തീൎന്നു. ഇതിനിടയിൽ രങ്കരായരും ആഠക്കാരും ആ സ്ഥലത്തെത്തിക്കഴിഞ്ഞു. പല്ലക്കിന്നടുത്തുവെച്ചുള്ള യുദ്ധം കണ്ട് അവരും ക്ഷണത്തിൽ അതിൽ ചേൎന്നു യുദ്ധം തുടങ്ങി. വീരമാൎത്താണ്ഡൻ, തങ്കമ്മയെപ്പററിയുള്ള ആധികൊണ്ടു തൻെറനേരേ വന്നവരെ വെട്ടിവീഴ്ത്തുവാനോ തൻെറനേരേ ഓങ്ങിയ വെട്ടുകഠം തടുക്കുവാൻപോലുമോ ശ്രദ്ധിച്ചില്ല. മാനിച്ചൻ ഇതു

കണ്ടുമനസ്സിലാക്കി വീരമാത്താണ്ഡനെ തൻെറ പിന്നിലാക്കി നിൎത്തി നാലുഭാഗത്തുനിന്നും വരുന്ന വെട്ടുകൾ തടുത്തുംകൊണ്ടിരുന്നു. രങ്കരായരും ഈ സമയത്ത് അവിടെ വന്നു വീരമാത്താണ്ഡൻെറയും മാനിച്ചൻെറയും പിന്നിൽക്കൂടിവന്നു വീരമാത്താണ്ഡൻെറ തല നോക്കി വെട്ടി. മാനിച്ചൻ നിന്ന സ്ഥലത്തുനിന്ന് ഒന്നു ചാടി രങ്കരായരുടെ വെട്ടു തടുത്തു. രങ്കരായരുടെ വെട്ടു തലയ്ക്കു തട്ടിയെങ്കിലും, പിന്നിൽനിന്നു മറെറാരാൾ വെട്ടിയ വെട്ടു മാനിച്ചൻെറ കൈയ്ക്കു തട്ടി അയാളുടെ വാൾ നിലത്തു വീണു. രങ്കരായർ രണ്ടാമതും വാൾ പൊക്കി വളരെ ദ്വേഷ്യത്തോടേ മാനിച്ചൻെറ തലയ്ക്കു വെട്ടി. ആ വെട്ടു വീരമാത്താണ്ഡൻ തടുത്തുവെങ്കിലും വാളിൻെറ ഒരു ഭാഗം തലയ്ക്കു തട്ടി രക്തം വന്നു. ഉടനേ മാനിച്ചൻ വെടികൊണ്ട നരിയെപ്പോലെ രങ്കരായരുടെ മേൽ ചാടിവീണ് അയാളെ നിലത്തു വീഴ്ത്തി. പെട്ടെന്നു കൃഷ്ണരായർ ആ സ്ഥലത്തേയ്ക്കോടിവന്നു "യുദ്ധം നിൎത്തണം, യുദ്ധം നിൎത്തണം" എന്നു നിലവിളിച്ചുകൊണ്ടു മാനിച്ചനെ പിടിച്ചുവലിച്ചു. ഭടന്മാരും മററുള്ളവരും യുദ്ധം നിൎത്തിയിരിയ്ക്കുന്നു എന്നു കണ്ടതുകൊണ്ടു വീരമാത്താണ്ഡനും കൃഷ്ണരായരെ സഹായിച്ചു മാനിച്ചനെ രങ്കരായരുടെ ദേഹത്തിൽനിന്നു പിടിച്ചുമാററി.

എല്ലാം സമാധാനമായപ്പോൾ കൃഷ്ണരായർ വളരെ ഗൌരവത്തോടേ വീരമാത്താണ്ഡനോട് "ഇതെന്തു കഥയാണ്? ഞങ്ങളെ ഇങ്ങിനെ അപമാനിയ്ക്കാൻ കാരണമെന്താണ്?"

വീര—ഞങ്ങൾ നിങ്ങളെ അപമാനിയ്ക്കുകയല്ല, നിങ്ങൾ ഞങ്ങളേയും കേരളത്തേയും അപമാനിയ്ക്കുകയാണുണ്ടായത്. നിങ്ങൾ അവിടെനിന്നു ബലാല്ക്കാരമായി ഒരു സ്ത്രീയെ കൊണ്ടുവന്നിട്ടുണ്ട്. അതിന്നു പകരം ചോദിയ്ക്കുവാനാണ് ഞങ്ങളിവിടെ വന്നത്.

കൃ—ബലാല്ക്കാരമായിട്ടോ! എന്താണ് പറയുന്നത്? അംബികാദേവി രങ്കൻെറ ഭാൎയ്യയാണ്. ആ സ്ത്രീ സ്വമനസ്സാലേ എല്ലാവരുടെയും സമ്മതപ്രകാരമാണ് ഞങ്ങളുടെകൂടെ വന്നിട്ടുള്ളത്. അതിൽ നിങ്ങൾക്കെന്താണ് പറയാനുള്ളത്?

വീര—അംബികാദേവി ഈ പല്ലക്കിലില്ല. പല്ലക്കിലുള്ള സ്ത്രീ പടത്തലവൻനായരുടെ മരുമകൾ തങ്കമ്മയാണ്.

കൃഷ്ണരായർ രങ്കരായരുടെ മുഖത്തു നോക്കീട്ട് "ഇതെന്താണ് രങ്കാ, പറയുന്നത്? ഇവൾക്കു ഭ്രാന്തുണ്ടോ, അല്ല നമുക്കോ?"

രങ്ക—അംബികാദേവിയെ ഇവരും മററുംകൂടി എവിടെയോ പിടിച്ചുകൊണ്ടുപോയി. അതിന്നു പകരം തങ്കമ്മ വരാമെന്ന് എന്നോടു പറഞ്ഞു. അതുകൊണ്ടു ഞാൻ അവളെയുംകൂട്ടി ഇങ്ങട്ടു പോന്നു. സ്ത്രീകൾക്കു സ്വാതന്ത്ര്യമുള്ള രാജ്യമല്ലേ? അവൾക്ക് ഇഷ്ടമായതുകൊണ്ട് ഞാൻ കൊണ്ടുപോന്നു.

കൃഷ്ണ—ഇതൊന്നും ഞാനറിഞ്ഞില്ലല്ലോ. എന്തിനാണ് രങ്ക, ഈ കുഴപ്പങ്ങളെല്ലാം ഉണ്ടാക്കിത്തീർത്തത്?

രങ്ക—ഇതെല്ലാം സ്വകാര്യമായി വെയ്ക്കണം എന്നു തങ്കമ്മ എന്നോടു പറഞ്ഞതുകൊണ്ടാണ് ഞാൻ പുറത്തേയ്ക്കു പറയാതിരുന്നത്.

വീര—താൻ ഇമ്മാതിരി കളവുകൾ പറകയാണെങ്കിൽ താൻ രങ്കരായരാണെന്നു ഞാൻ ഓർമ്മിയ്ക്കില്ല.

"നാമെന്തിനാണ് ഇങ്ങിനെ ശണ്ഠകൂട്ടുന്നത്? നമുക്ക് ആ സ്ത്രീയോടുതന്നെ ചോദിച്ചുകളയാം." എന്നു പറഞ്ഞു കൃഷ്ണരായർ പല്ലക്കിന്റെ അടുക്കലേയ്ക്കു നടന്നു. അപ്പോൾ രങ്കരായർ കൃഷ്ണരായരെ തടുത്തുനിർത്തി "ഇപ്പോൾ വേണ്ട. നമുക്ക് ഇവരെ ബോധപ്പെടുത്തിയിട്ടു വല്ല കാര്യവുമുണ്ടോ? ഇവൾക്കു നമ്മോടു ചോദിയ്ക്കുവാൻതന്നെ എന്താണധികാരം?" കൃഷ്ണരായർ ഇതു കേട്ടു ശങ്കിച്ചുനിന്നു. അപ്പോൾ വീരമാർത്താണ്ഡൻ "ഈയാൾ പറയുന്നതു സത്യമാണെന്നു തെളിയിയ്ക്കാതെ നിങ്ങളെ ഒരടി മുന്നോട്ടു വെയ്ക്കുവാൻ ഞങ്ങൾ അനുവദിയ്ക്കില്ല" എന്നു പറഞ്ഞു വാൾ കയ്യിലെടുത്തു കൃഷ്ണരായരുടെ അടുത്തു ചെന്നുനിന്നു.

രങ്ക—നിങ്ങൾ വെറുതെ ചാവാനൊരുങ്ങണ്ട. നിങ്ങൾ എത്ര യോഗ്യന്മാരായാലും നാലുപേർമാത്രമേ ഉള്ളു എന്നോർമ്മ വെയ്ക്കണം. ഞങ്ങളുടെകൂടെ ഇരുനൂറോളം ആളുകളുണ്ട്.

വീരമാർത്താണ്ഡൻ "ഇക്കാര്യത്തിൽ ഞങ്ങൾ നാലുപേർ മാത്രം ഇരുനൂറാളുകളോടു പൊരുതുവാൻ വന്നിരിയ്ക്കയാണ്" എന്നു പറഞ്ഞു പല്ലക്കിന്റെ വാതില്ക്കലേയ്ക്കു പോയി. "പല്ലക്കു തൊട്ടുപോകരുത്" എന്നു നിലവിളിച്ചുകൊണ്ടു രങ്കരായർ വീരമാർത്താണ്ഡന്റെ അടുക്കലേയ്ക്ക് ഓടി വാൾ പൊക്കി. തത്സ

മയം മാനിച്ചൻ രങ്കരായരുടെ പിന്നിൽനിന്ന് അയാളുടെ കഴുത്തുപിടിച്ചമൎത്തി കണ്ണു തുറപ്പിച്ചു.

ഈ സമയത്തു വീരമാൎത്താണ്ഡൻ പല്ലക്കിൻെറ വാതിൽ പിടിച്ചുവലിച്ചു തുറന്ന് അകത്തേയ്ക്കു നോക്കി. അതിന്നകത്തുള്ള സത്വത്തെ കണ്ടിട്ട് ആശ്ചര്യംകൊണ്ടും ഭയംകൊണ്ടും വീരമാൎത്താണ്ഡൻെറ കയ്യിലുള്ള വാൾ താനറിയാതെ നിലത്തു വീണുപോയി. രങ്കരായരും അതേ പ്രകാരത്തിൽ ആശ്ചര്യപ്പെട്ടുപോയി.

തങ്കമ്മയ്ക്കുപകരം അവരെല്ലാം കണ്ടതു, കസവുചേലകൾകൊണ്ടു മൂടി, കയ്യും കാലും വായുമെല്ലാം കൂട്ടികെട്ടി അനങ്ങാൻപോലും വയ്യാത്ത സ്ഥിതിയിൽ കിടക്കുന്ന നരസിംഹത്തെയാണ്. രങ്കരായരുടെ കണ്ണു തുറിച്ചു പുറത്തേയ്ക്കു ചാട്ടം എന്നുതന്നെ തോന്നിപ്പോയി. പക്ഷേ അവിടെ കൂടിയ എല്ലാവരും ഒരുപോലെ പരിഭ്രമിച്ചുപോയതുകൊണ്ടു രങ്കരായരുടെ സ്ഥിതി ആരും ശ്രദ്ധിച്ചില്ല.

കസവുചേലകളുടെ സമൃദ്ധിയ്ക്കുള്ളിൽനിന്നു മൊട്ടയടിച്ച തലയോടും ചെമ്പരുത്തിപ്പൂപോലെ ചുവന്ന കണ്ണുകളും കരിനിറവും എല്ലാംകൂടി കണ്ടപ്പോൾ മാനിച്ചൻ സഹിയ്ക്കുവാൻ നിവൃത്തിയില്ലാഞ്ഞിട്ട് ഉറക്കെ ചിരിച്ചുപോയി. ഈ ചിരി മററു ചിലരിലും പകൎന്നു. രാമവൎമ്മനും രവിവൎമ്മനും ചിരിയ്ക്കുവാൻ തുടങ്ങി. വീരമാൎത്താണ്ഡന്നു തങ്കമ്മ എവിടെപ്പോയി എന്ന ഭയം കലശലായിവന്നതുകൊണ്ടു ചിരി വന്നില്ല. കുറച്ചു കഴിഞ്ഞു മാനിച്ചൻ, "കഷ്ടംതന്നെ, നാം ഈ ചെട്ടിയ്ക്കുവേണ്ടി ഇത്ര കഷ്ടപ്പെട്ടുവല്ലോ!" പിന്നെ രങ്കരായരെ നോക്കി, "ഏ രങ്കരായർ, നിങ്ങളുടെ നാട്ടിലുള്ള സ്ത്രീകൾ ഇമ്മാതിരിയാണോ?"

ഇതെല്ലാം കേട്ടിട്ടു രങ്കരായൎക്കു വല്ലാതെ ദേഷ്യം വന്നു. തൻെറ ദേഷ്യം മുഴുവനും നരസിംഹത്തിൻെറ നേരെയായി. അയാളെ പല്ലക്കിൽനിന്നു പിടിച്ചുവലിച്ചു പുറത്തിറക്കി അവിടെയിട്ടു രങ്കരായർ കാൽ കഴയ്ക്കുന്നതുവരെ ചവിട്ടി. ഒടുക്കം കൃഷ്ണരായർ തടുത്തുനിൎത്തികൊണ്ട് ഇങ്ങിനെ പറഞ്ഞു: "നീ എന്തിനാണ് അവനെ ചവിട്ടുന്നത്? അവൻ ഇഷ്ടപ്രകാരം കടന്നുകൂടിയതാവാൻ തരമില്ലെന്നു കണ്ടാലറിഞ്ഞുകൂടേ? അവനെ കെട്ടിയതു കണ്ടില്ലേ? ഏതെങ്കിലും അവൻെറ കെട്ടുകളഴിക്കട്ടെ. അവനോടു വൎത്തമാനങ്ങൾ ചോദിയ്ക്കാം.

ഒരു ഭടൻ വന്നു കെട്ടുകളഴിച്ച ഉടനേ നരസിംഹം ക്ഷീണിച്ചു നിലത്തുപതിച്ചു.

രങ്ക—നീ എങ്ങിനെ ഇതിന്നകത്തു വന്നു?

നര—(കൃഷ്ണരായരോടായിട്ട്) അങ്കത്തേ ഈ സ്ഥലത്തെത്തുന്നതിന്നു മുമ്പേ പല്ലക്ക് ഒരു സ്ഥലത്തു നിൎത്തിയിരുന്നു. അപ്പോഠം ഞാൻ പല്ലക്കിൽ ആരാണെന്നു നോക്കുവാൻ പല്ലക്കിൻെറ അടുക്കലേക്കു പോയി. തത്സമയം റോഡിൻെറ ഒരു ഭാഗത്തുനിന്നു കുറേ ആളുകഠം ഓടിവന്നു പല്ലക്കു തുറന്നു പെണ്ണിനെയും കൂട്ടിക്കൊണ്ടുപോയി. അവർ പോകുന്നതിന്നുമുമ്പേ എന്നെ പിടിച്ചുകെട്ടി പല്ലക്കിലിട്ടു.

കൃഷ്ണ—അപ്പോഠം ഭടന്മാരെല്ലാം എവിടെയായിരുന്നു?

നര—അവരെല്ലാം എവിടെയോ പോയിരുന്നു.

രങ്കരായരുടെ പരിഭ്രമവും ആശ്ചര്യവും അവസാനിക്കുന്നതിന്നു പകരം വൎദ്ധിച്ചതേയുള്ളു.

രങ്ക—എടാ, എവിടെവെച്ചാണ് ഇതുണ്ടായത്?

നരസിം—അന്ത അത്താണിക്കടുത്ത്.

ഇതെല്ലാം കേട്ടു നില്ക്കുന്ന ഭടന്മാരുടെ ആശ്ചര്യത്തിന്ന് ഒരു കണക്കുമുണ്ടായിരുന്നില്ല. അവരും പല്ലക്കിൽനിന്നു നരസിംഹത്തെ വലിച്ചിട്ടതു കണ്ടപ്പോഠം അത്ഭുതംകൊണ്ടു വായ തുറന്നു നിന്നുപോയിരുന്നു. കുറച്ചു കഴിഞ്ഞു രങ്കരായരുടെ കല്പന എന്തായിരിക്കുമെന്നാലോചിച്ചു ഭയപ്പെട്ടുംകൊണ്ട് അവർ രങ്കരായരുടെ മുഖത്തു നോക്കിക്കൊണ്ടു നിന്നു.

രങ്കരായർ കുറച്ചുനേരം ആലോചിച്ചതിൻെറ ശേഷം ഭടന്മാരെ നോക്കി, "ഒന്നുകിൽ നിങ്ങളുടെ അറിവോടുകൂടി, അല്ലെങ്കിൽ നിങ്ങളുടെ സൂക്ഷ്മക്കുറവുകൊണ്ട്. ഈ രണ്ടിലൊന്നുകൊണ്ടാണ് ആ പെണ്ണ് ചാടിപ്പോയത്. അതുകൊണ്ടു നിങ്ങഠം തന്നെ പോയി ആ പെണ്ണിനെ പിടിച്ചുകൊണ്ടുവരണം. അല്ലാത്തപക്ഷം നിങ്ങഠം സകലരുടേയും തല ഞാൻ എടുത്തുകളയും" എന്നു വിറച്ചുകൊണ്ടു പറഞ്ഞു. രങ്കരായക്കു വാശി കേറിയാൽ പിന്നെ ബ്രഹ്മാവിന്നുകൂടി തടുക്കാൻ സാധിക്കില്ലെന്നു ഭടന്മാക്കറിയാം. അതുകൊണ്ട് അവർ പോവാനൊരുങ്ങി. ഇതു കണ്ടു കൃഷ്ണരായർ "രങ്കാ, നമുക്കു നേരേ പോവുക്കളയാം. ഇവിടെ പാളയമടിക്കുവാൻ നല്ല സ്ഥലമല്ല."

രങ്ക—അവളെ വീണ്ടെടുത്തില്ലെങ്കിൽ നമുക്കു വലിയ അപമാനമായിരിയ്ക്കും. ഭടന്മാർ പോയി കാട്ടു തിരഞ്ഞുവരുന്നതുവരെ നമുക്കു് ഇവിടെത്തന്നെ താമസിയ്ക്കാം. ഞാനും പോയി തിരയാം.

കൃഷ്ണരായർ "നീ പോകേണ്ട. വേണമെങ്കിൽ ഭടന്മാർ പോയി തിരഞ്ഞോട്ടെ. അതും നാളെ മതി. ഇന്നു വളരെ വൈകിപ്പോയിരിയ്ക്കുന്നു" എന്നു പറഞ്ഞു ഭടന്മാരേയും രങ്കരായരെയും തടഞ്ഞുനിർത്തി. രങ്കരായർ മനമില്ലാമനസ്സോടേ പാളയമടിയ്ക്കുവാൻ കല്പനയും കൊടുത്തു.

ഈ സമയം മുഴുവനും നരസിംഹം നിലത്തുതന്നെ കിടക്കുകയായിരുന്നു. മാർത്താണ്ഡവർമ്മനും കൂട്ടക്കാരും ആ സ്ഥലത്തുനിന്നു മാറി കുറച്ചകലെപ്പോയി നിന്നിരുന്നു. നരസിംഹത്തിൻെറ പെരുമാററംകൊണ്ടു് അയാറം രങ്കരായരുടെ ഭാഗത്തല്ലെന്നു മനസ്സിലായതുകൊണ്ടു, തങ്കമ്മയെപ്പററിയുള്ള വിവരം അവിടെവെച്ചു ചോദിയ്ക്കാതെ നരസിംഹത്തിൻെറ പിന്നാലെ പോയി അന്വേഷിയ്ക്കാമെന്നു തീർച്ചപ്പെടുത്തിയിട്ടാണു് അവരവിടെ നിന്നതു്.

പാളയമടിയ്ക്കുന്നതിൻെറ ലഹളയിൽ നരസിംഹം കിടന്ന സ്ഥിതിയിൽത്തന്നെ സ്ഥലം മാറിത്തുടങ്ങി. യാതൊരനക്കവും കൂടാതെ പാളയസ്ഥലത്തുനിന്നു വിട്ടുവിട്ടു് അകലെയായി. നരസിംഹത്തെത്തന്നെ സൂക്ഷിച്ചുകൊണ്ടു നില്ക്കുന്ന മാർത്താണ്ഡവർമ്മനും കൂട്ടകാർക്കും ഇതു കണ്ടു് അയാറം അവിടെനിന്നു രങ്കരായരറിയാതെ രക്ഷപ്പെടുകയാണെന്നു മനസ്സിലായി. അയാറം എഴുന്നേററു് ഓടുന്ന സമയം പിന്നാലെ പോകുവാൻ തീർച്ചപ്പെടുത്തി കാത്തുനിന്നു. അവർ വിചാരിച്ചപ്രകാരംതന്നെ നരസിംഹം കുറച്ചുകൂടി അകലെ എത്തിയതിന്നുശേഷം എഴുന്നേററു് അടുത്തുള്ള ഒരു കുററിക്കാട്ടിൽ മറഞ്ഞു. വീരമാർത്താണ്ഡനും മററം ഉടനേ ആ സ്ഥലത്തേയ്ക്കോടി, അയാറം മറഞ്ഞ കാട്ടിന്നുള്ളിൽ നോക്കിനടന്നു. പക്ഷെ എത്ര തിരഞ്ഞിട്ടും അവിടെയെങ്ങും നരസിംഹത്തെ കണ്ടില്ല. വീരമാർത്താണ്ഡനു് ഇതു വല്ലാത്ത വ്യസനത്തിന്നു കാരണമായി. നരസിംഹം ഇല്ലെന്നു തീർച്ചപ്പെട്ടപ്പോറം തൻെറ കൂട്ടകാരോടു് "അയാറം പോയ്ക്കളഞ്ഞു. ഇനി അയാളെ കണ്ടുകിട്ടുക പ്രയാസമാണു്. ഞാൻ തങ്കമ്മയെ

ക്കൂടാതെ നാട്ടിലേയ്ക്കില്ല. നിങ്ങൾക്ക വേണമെങ്കിൽ തിരിച്ച പോകാം" എന്നു പറഞ്ഞു. രവിവമ്മൻ ഇതു കേട്ടിട്ട് "കഷ്ടം, ഇവിടുന്ന് ഇങ്ങിനെ പറഞ്ഞാലോ. ഇവിടുത്തെക്കൂടാതെ ഞങ്ങളും നാട്ടിലേയ്ക്കില്ല. നിരാശപ്പെടാനൊന്നുമായിട്ടില്ല. നമുക്ക നാളെയെങ്കിലും അയാളെ കണ്ടുപിടിപ്പാൻ സാധിയ്ക്കും" എന്നു പറഞ്ഞു, വീരമാർത്താണ്ഡനെ ആശ്വസിപ്പിച്ചു.

വീര—കഷ്ടം, അവർ എന്തപകടത്തിൽപ്പെട്ടു കിടക്കുന്നുവോ, ആക്കറിയാം?

ഇതു പറഞ്ഞുതീരുന്നതിന്നുമുമ്പേ ഒരു മരത്തിൻെറ മറവിൽനിന്ന് ഒരാൾ പ്രത്യക്ഷപ്പെട്ടു. അതു നരസിംഹമാണെന്നു മനസ്സിലായപ്പോൾ വീരമാർത്താണ്ഡൻ സന്തോഷത്തോടേ അയാളുടെ അടുക്കലേയ്ക്കോടി. അടുത്തെത്തിയ ഉടനേ നരസിംഹം "അയ്യാ, ഞാൻ അമ്മയെ കാണിച്ചുതരാം" എന്നു പറഞ്ഞു. ഇതു കേട്ടപ്പോൾ വീരമാർത്താണ്ഡനു നരസിംഹത്തിൻെറ ഭയങ്കരസ്വരൂപം വളരെ കൌതുകമുള്ള ഒരു ദേഹമായും അയാളുടെ കണ്ണകഠോരമായ ശബ്ദം വേണുഗാനമായും തോന്നി.

വീര—നരസിംഹം, നിങ്ങൾ പറയുന്നതു സത്യംതന്നെയാണോ? നിങ്ങൾ എന്നെ വെറുതേ കളിപ്പിയ്ക്കുണ്ട.

നരസിം—സത്യം. അമ്മ എൻെറ വീട്ടിലുണ്ട്. അവിടെ സാഹായ്യത്തിന്ന് എൻെറ ഭാര്യയുമുണ്ട്.

വീര—തങ്കമ്മയുടെ കൂടെ ഒരു കുട്ടിയുമുണ്ടോ?

നര—ഉണ്ട്.

വീരമാർത്താണ്ഡൻ "ഭയമെല്ലാം തീൻ. ഇനി അവരേയും കൊണ്ടു നാട്ടിലെത്തിയാൽ മതി. നിങ്ങൾ ഈവിധത്തിൽ അവരെ സഹായിച്ചതിന്ന് എന്താണ് തരേണ്ടതെന്നു മനസ്സിലാവുന്നില്ല. തല്ക്കാലം ഇതിരിയ്ക്കട്ടെ" എന്നു പറഞ്ഞു, തൻെറ കഴുത്തിലും അരയിലുമുള്ള രണ്ടു സ്വർണ്ണച്ചങ്ങലകൾ അഴിച്ചു നരസിംഹത്തിന്നു കൊടുത്തു.

നരസിംഹം ആ ചങ്ങലകൾ വാങ്ങി, അവരെ കൂട്ടി തങ്കമ്മയെ താമസിപ്പിച്ചിരുന്ന സ്ഥലത്തേയ്ക്കു പോവുകയും വീരമാർത്താണ്ഡനും കൂട്ടരും തങ്കമ്മയേയും അപ്പുവിനേയുംകൂട്ടി, വഴിക്ക വിഘ്നങ്ങളൊന്നും കൂടാതെ, തിരുവഞ്ചിക്കുളത്തേയ്ക്കു മടങ്ങുകയും ചെയ്തു.

# പതിന്നാലാമധ്യായം

മരുമകളെ കണ്ടുകിട്ടിയെങ്കിലും പടത്തലവൻനായരുടെ മനസ്സ് അസ്വാസ്ഥമായിത്തന്നെയിരുന്നു. പെരുമാളുടെ സുഖക്കേട് ഇനിയും ഭേദമായിട്ടില്ല. പടത്തലവൻനായർ മുക്കാലും സമയം കൊട്ടാരത്തിൽത്തന്നെയാണ് കഴിച്ചുകൂട്ടുന്നത്. കൊട്ടാരവൈദ്യന്മാർ സ്ഥിരമായി കൊട്ടാരത്തിൽ താമസിച്ചു ചികിത്സകൾ നടത്തുകയാണ്. പക്ഷേ അവർ എത്രതന്നെ ശ്രമിച്ചിട്ടും പെരുമാൾക്കു ഭേദമാവുന്നില്ല. ചിലപ്പോൾ ഒന്നിച്ച് ഒരാഴ്ചയോളം സുഖം കാണും. പിന്നെ പെട്ടെന്നധികമാവും. വൈദ്യന്മാർ തനിയെയായും ഒന്നിച്ചുകൂടിയും ആലോചിച്ചു ഗ്രന്ഥങ്ങളിലെ എല്ലാ മരുന്നുകളും പരീക്ഷിച്ചു പ്രയോഗിച്ചു നോക്കിക്കഴിഞ്ഞു. അതു കൂടാതെ പുറമേനിന്നു വൈദ്യരത്നങ്ങളെ വരുത്തി ചികിത്സിപ്പിച്ചു. എന്നിട്ടും സുഖക്കേട് എന്താണെന്നു കണ്ടുപിടിയ്ക്കുവാൻകൂടി സാധിച്ചില്ല. പിന്നെ മന്ത്രവാദികളെ കൊണ്ടുവന്നു ഹോമങ്ങളും ദേവതോപദ്രവങ്ങൾക്കു പരിഹാരങ്ങളുമെല്ലാം ചെയ്തുനോക്കി. എന്തു ചെയ്തിട്ടും ഫലം കാണാഞ്ഞതുകൊണ്ടു, ദേവിയെ അവിടെനിന്നു കൊണ്ടുപോയതിനാലാണ് സുഖക്കേടു ഭേദമാവാത്തതെന്നു പടത്തലവൻനായർ വിശ്വസിച്ചു. അതിന്റെ പരിഹാരത്തിന്നായി പല കർമ്മങ്ങളും നിത്യമായി ചെയ്തുപോന്നു.

ഈ സന്ദർഭത്തിലാണ് പാണ്ഡ്യരാജ്യത്തുനിന്നു കൃഷ്ണരായരുടെ എഴുത്തോടുകൂടി വൈദ്യരത്നസ്വാമികൾ എന്നൊരാൾ തിരുവഞ്ചിക്കുളത്തു വന്നുചേർന്നത്. സ്വാമികൾ രാമേശ്വരത്തു പോയി സേതുസ്നാനം കഴിപ്പാൻ പുറപ്പെട്ടതാണെന്നാണ് അവിടെയെല്ലാം നടന്ന വർത്തമാനം. സ്വാമികളുടെകൂടെ ആയുധപാണികളായി ശിഷ്യന്മാരായും ഭടന്മാരായും മുന്നൂറിൽപ്പരം ആളുകളും ഉണ്ടായിരുന്നു. സ്വാമികളുടെ സാമാനങ്ങൾ ചുമന്നുകൊണ്ടുവന്നത് ഒട്ടകങ്ങളും കുതിരകളുമാണ്.

ഒരു ദിവസം രാവിലെ തിരുവഞ്ചിക്കുളത്ത് ഈ സ്വാമി

കളും ആറംക്കാരും പ്രത്യക്ഷമായി. ആ ദിവസംതന്നെ ഒരു ഭടൻെറ വശം കൃഷ്ണരായരുടെ ഒരെഴുത്തു കൊട്ടാരത്തിലേയ്ക്കയയ്ക്കയും ചെയ്തു.

എഴുത്തു കിട്ടിയതു പടത്തലവൻനായരുടെ കയ്യിലാണ്. കൃഷ്ണരായരുടെ എഴുത്താണെന്നും ചികിത്സയ്ക്കുവേണ്ടി വൈദ്യനെ അയച്ചതാണെന്നും മനസ്സിലായതുകൊണ്ട് എഴുത്തു പെരുമാളുടെ കയ്യിൽ കൊടുക്കുന്നതിൽ അല്പം മടി തോന്നി. ഈ വൈദ്യൻ പെരുമാളുടെ സുഖക്കേടു ഭേദമാക്കുവാൻ വന്നതല്ലെന്നു പടത്തലവൻനായക്കു ബലമായ സംശയം ജനിച്ചു. അതു കൊണ്ട് എഴുത്ത് അപ്പോഠംത്തന്നെ പെരുമാളുടെ കൈവശം കൊടുക്കാതെ താൻ കയ്യിൽവെച്ചു. എന്താണ് ചെയ്യേണ്ടതെന്നറിയാതെ കാര്യക്കാരുടെ അടുക്കലേയ്ക്കു പോയി. എഴുത്തു കാര്യക്കാരെ കാണിച്ച് അഭിപ്രായം ചോദിച്ചതിൽ "തീച്ച്യായും എഴുത്തു വന്ന വിവരം തിരുമനസ്സറിയിയ്ക്കാതെ നിവൃത്തിയില്ല. ശേഷം കല്പനപോലെ പ്രവത്തിയ്ക്കാം" എന്നു പറഞ്ഞു.

പട—അവൻ കള്ളനാണെങ്കിലോ? തിരുമനസ്സിലിലേയ്ക്ക് ഇപ്പോറം വല്ല അപകടവും നേരിട്ടാൽ രാജ്യത്തിൽ വലിയ കുഴപ്പമുണ്ടായേയ്ക്കും.

കാര്യ—അങ്ങിനെ തകരാറുകളൊന്നും ഉണ്ടാകാതിരിയ്ക്കുവാൻ നാം കരുതണം. അതല്ലാതെ എഴുത്തു മറച്ചുവെച്ചാൽ വലിയ കുററമായി വന്നേയ്ക്കും.

"എന്നാൽ കാര്യക്കാരുംകൂടി വരു, നമുക്കു രണ്ടുപേക്കും കൂടി പോയി മുഖം കാണിച്ചു ശരിയായ വിവരമുണത്തിയ്ക്കാം" എന്നു പറഞ്ഞു രണ്ടുപേരുംകൂടി കൊട്ടാരത്തിലേയ്ക്കു പുറപ്പെട്ടു. കൊട്ടാരത്തിൽ കടന്നുചെന്ന ഉടനെ ക്രോധാവതാരംപോലെ ചെറോട്ടിയമ്മ അവരുടെ മുമ്പിൽ ചാടിവീണു. പടത്തലവൻനായരോട് "ആ എഴുത്തെവിടെ?" എന്നു വളരെ ഗാംഭീര്യത്തോടേ ചോദിച്ചു.

ചൊറൊട്ടിയമ്മയുടെ സ്വരവും മുഖപ്പകച്ചയും കണ്ടിട്ടു പടത്തലവൻനായക്കും ദേഷ്യം വന്നു. "ഏതെഴുത്ത്?" എന്ന് ഉറച്ച സ്വരത്തിൽത്തന്നെ ചെറോട്ടിയമ്മയോടും ചോദിച്ചു.

ചെറോ—തിരുമനസ്സിലേയ്ക്കു പാണ്ഡ്യരാജാവയച്ച എഴുത്ത്.

പട—അതെൻെറ കയ്യിലുണ്ട്.

ചെറോ—തിരുമനസ്സിലേയ്ക്കയച്ച എഴുത്തു പടത്തലവൻ നായർ എങ്ങിനെ കൈവശം വെച്ചു? നിങ്ങൾ കാര്യപ്പഴക്കവും പരിചയവുമെല്ലാം തികഞ്ഞ ഒരാളാണെന്നല്ലേ വെച്ചിരിയ്ക്കുന്നത്. എന്നിട്ടും നിങ്ങൾ ഈ ധിക്കാരം കാണിച്ചതിൽ എനിയ്ക്കു വളരെ ആശ്ചര്യമുണ്ട്.

പടത്തലവൻനായക്കും ദേഷ്യം വന്നിരിയ്ക്കുന്നു എന്നു മനസ്സിലായി കാര്യക്കാർ ശണ്ഠ വദ്ധിപ്പിയ്ക്കാതിരിയ്ക്കാൻ ഇങ്ങിനെ പറഞ്ഞു: "ഞങ്ങൾ ആ എഴുത്തുംകൊണ്ട് അങ്ങോട്ടു വരികയായിരുന്നു."

ചെറോ—പടത്തലവൻനായർ ആ എഴുത്തുംകൊണ്ടു കാര്യക്കാരുടെ അടുക്കലേയ്ക്കു വന്നു, ഇല്ലേ. വളരെ വിശേഷം! തിരുമനസ്സിലേയ്ക്കുള്ള ഒരെഴുത്തു തിരുമനസ്സിലെ അറിയിയ്ക്കാതെ കാര്യക്കാരെ കാണിച്ചു. ഈ ധിക്കാരം ഞാൻ സഹിയ്ക്കില്ല. ആ എഴുത്ത് ക്ഷണം ഇങ്ങട്ടു തരു.

പട—എഴുത്തു തിരുമനസ്സിലേയ്ക്കാണ്.

ചെറോ—പടത്തലവൻനായർ എന്നോട് കളിയ്ക്കരുത്. ഞാൻ കളിയ്ക്കാനുള്ള ആളല്ല. എഴുത്തിവിടെ തരു.

പട—എഴുത്തു ഞാൻ തിരുമനസ്സിലെ കയ്യിലെത്തിയ്ക്കാം. ഞാൻ ഇപ്പോൾത്തന്നെ കൊണ്ടുപോയി കൊടുക്കും.

ചെറൊട്ടിയമ്മയുടെ മുഖത്തുനിന്നു രക്തം പുറത്തേയ്ക്കു തെറിയ്ക്കുമെന്ന ഘട്ടത്തിലായി. പടത്തലവൻനായരായതുകൊണ്ടുമാത്രം പ്രഹരിയ്ക്കുവാൻ ധൈര്യപ്പെടാതെ "പടത്തലവൻനായർ! ഇനിയും ധിക്കാരം അധികമാക്കണ്ട. എഴുത്ത് എൻെറ കയ്യിൽ തരാനാണ് പറഞ്ഞത്."

പടത്തലവൻനായർ എഴുത്തു കൊടുക്കാതെ പിന്നെയും സംശയിച്ചുനിന്നു. ഇതു കണ്ടു കാര്യക്കാർ "എഴുത്തു കൊടുക്കു" എന്നു പറഞ്ഞു. "നിങ്ങൾ കൊടുത്തുകൊള്ളുക" എന്നു പറഞ്ഞു പടത്തലവൻനായർ എഴുത്തെടുത്തു കാര്യക്കാരുടെ കയ്യിൽ കൊടുത്ത് അവിടെനിന്നു പുറത്തേയ്ക്കു പോയി.

ചെറോട്ടിയമ്മ കാര്യക്കാരുടെ കയ്യിൽനിന്ന് എഴുത്തു വാങ്ങി. "അയാളുടെ ധിക്കാരം തീത്തിട്ടില്ലെങ്കിൽ ഞാൻ തിരുമന

സ്സിലെ ഭാര്യയല്ല. അയാഠം നോക്കിക്കൊള്ളട്ടെ. അയാളോട് ഈ കൊട്ടാരത്തിന്നകത്തു കാലെടുത്തുവെയ്ക്കുവാൻ പാടില്ലെന്നു ഞാൻ പറഞ്ഞതായി പറഞ്ഞുകൊള്ളുക. നിങ്ങളും ഇപ്പോഠം അങ്ങട്ടു വരണ്ട" എന്നു പറഞ്ഞു ചെറോട്ടിയമ്മ എഴുത്തുംകൊണ്ടു കൊട്ടാരത്തിൻെറ ഉള്ളിലേയ്ക്കു പോയി. കൊട്ടക്കാററടിച്ചുകയറുന്ന പ്രകാരത്തിൽ പെരുമാഠം കിടക്കുന്ന മുറിയിലേക്കു ചെന്നു. കയറിച്ചെന്ന ഉടനേ ചെറോട്ടിയമ്മ "തിരുമനസ്സിലെ ഇപ്പോഠം തന്നെ ഇവററയ്ക്കു വിലയില്ലാതായിരിയ്ക്കുന്നു. ഇവിടെയ്ക്കു പാണ്ഡ്യരാജ്യത്തുനിന്നയച്ച കത്ത് ഇവിടെ കൊണ്ടുവരാതെ ഒളിച്ചുവെച്ചിരിയ്ക്കയായിരുന്നു. അടിയൻ കാര്യവശാൽ അതറിഞ്ഞതുകൊണ്ട് എഴുത്തു കയ്യിൽ കിട്ടി. എന്നാലും തിരുമനസ്സിലേയ്ക്കു സുഖക്കേടാകുമ്പോഠംതന്നെ ഇത്രത്തോളം ധിക്കാരം പ്രവൎത്തിയ്ക്കുമെന്നു ഞാൻ സ്വപ്നേപി വിചാരിച്ചിരുന്നില്ല."

പെരു—ഇതാരാണ് ചെറോട്ടി, പ്രവൎത്തിച്ചത്?

ചെറോ—അതാരാണെന്നു ചോദിയ്ക്കണോ? ആ അധികപ്രസംഗിയല്ലാതെ വേറെ ആരെങ്കിലും ഈ പ്രവൃത്തി ചെയ്യുമോ? അവൻെറ മരുമകഠക്ക് ആ വേണാട്ടര അരചൻെറ അനന്തരവൻ പുടവ കൊടുക്കാൻ നിശ്ചയിച്ചതിന്നുശേഷമാണ് ഇത്ര ധിക്കാരം വൎദ്ധിച്ചത്. എൻെറ വിശ്വാസം, വേണാട്ടര അരചൻെറ ഭാഗത്തു നിന്നുംകൊണ്ട് ഉള്ളിൽക്കൂടി നമ്മെ ചതിയ്ക്കാൻ വട്ടം കൂട്ടുകയാണെന്നാണ്.

പെരുമാഠം ഇതെല്ലാം കേട്ടിട്ട് ഒന്നും പറയാതെ കണ്ണടച്ചുംകൊണ്ടുകിടന്നു.

ചേറോ—എന്താണ് ഇതിന്നൊന്നും പറയാനില്ലേ?

പെരു—ഞാൻ ചെറോട്ടി പറഞ്ഞതിനെപ്പററിത്തന്നെ ആലോചിയ്ക്കയാണ്. നീ പറഞ്ഞതിൽ വളരെ വാസ്തവമുണ്ട്. പടത്തലവൻനായക്ക് ഒന്നാളെ അയയ്ക്കുക.

ചെറോ—മാപ്പു ചോദിയ്ക്കാനാണോ? ഞാൻ അയാളോട് ഇതിന്നകത്തു കടക്കരുതെന്നു പറഞ്ഞിരിയ്ക്കുന്നു.

പെരു—എന്നാൽ വരാൻ പറയണ്ട. എനിയ്ക്കു ചേറോട്ടി പറഞ്ഞതിൽ വളരെ ബലമായി സംശയമുണ്ട്. എൻെറ സുഖക്കേടു ഭേദമാവാത്തതും അയാളുടെ ഈ പ്രവൃത്തിയും എല്ലാംകൂടി

നോക്കുമ്പോറം നമ്മെ ചതിയ്ക്കണമെന്ന വിചാരം നല്ലവണ്ണം മനസ്സിലുണ്ടാവണം.

ചെറോ—അതു തീച്ച്യയായും ശരിയാണ്. വേണാട്ടരരാജാവിൻെറ നിലയും ആ തങ്കമ്മപ്പെണ്ണിൻെറ പുടകൊടയും പടതലവൻനായരുടെ ഈ പ്രവൃത്തിയും എല്ലാംകൂടി നോക്കുമ്പോറം അതുമാത്രമേ വിചാരിപ്പാൻ തരമുള്ളു. പക്ഷെ നമ്മുടെ കണ്ണുകറം പൊട്ടിയിട്ടില്ല.

പെരു—എഴുത്തു വായിച്ചുവോ?

ചെറോ—വായിച്ചു. വളരെ ഭംഗിയിലുള്ള ഒരെഴുത്താണ്. ഇവിടത്തേയ്ക്കു സുഖമില്ലെന്നറിഞ്ഞതിൽ വ്യസനിയ്ക്കുന്നു എന്നും സുഖക്കേടു ഭേദമാക്കുവാൻ പററിയ ഒരാളെ ഇതാ അയയ്ക്കുന്നു എന്നുമാണ് അതിൻെറ താല്പര്യം.

പെരു—ശരി, ആ വൈദ്യനു വേഗത്തിൽ ആളെ അയയ്ക്കു. കൊട്ടാരത്തിൽ രായന്മാർ താമസിച്ച മാളികതന്നെ അദ്ദേഹത്തിന്നു സൌകര്യപ്പെടുത്തിക്കൊടുക്കട്ടെ. അംബികയുടെ വത്തമാനം—?

ചെറോട്ടിയമ്മ ഈ ചോദ്യം കേട്ടിട്ട് അല്പം ഒന്നു പരിഭ്രമിച്ചു. അംബികാദേവി ഓടിപ്പോയതും തങ്കമ്മയെ രങ്കരായർ പിടിച്ചുകൊണ്ടുപോയതുമൊന്നും പെരുമാളെ അറിയിച്ചിരുന്നില്ല. അതുകൊണ്ട് എന്താണ് പറയേണ്ടതെന്നറിയാതെ മൌനംപൂണ്ടു നിന്നു.

പെരു—എന്താണ് അംബികയ്ക്കു സുഖക്കേടൊന്നുമില്ലല്ലോ? അവറം എന്നോടു ചെയ്ത്തതോക്കുമ്പോറം എൻെറ നെഞ്ചു പൊട്ടുന്നു. ഞാൻ അവളെ എങ്ങിനെയാണ് വളത്തിക്കൊണ്ടുവന്നത്!

ചെറോ—പുതിയ സ്ഥലത്തായതുകൊണ്ടു മനസ്സിന്നു വലിയ വ്യാകുലതയുണ്ടായിരിയ്ക്കും. കുറച്ചു കഴിഞ്ഞാൽ എല്ലാം നേരെയാകും. അവറംക്കു തീരേ മനസ്സില്ലാത്ത ഒരു ബന്ധമായിരുന്നുവല്ലോ അത്.

പെരു—അവറംക്കു മനസ്സില്ലെന്ന് എന്നോടു പറഞ്ഞാൽ മതിയായിരുന്നല്ലോ. ഞാൻ ഒരുകാലത്തും അവളെ ഉപദ്രവിച്ചു ചെയ്യിയ്ക്കില്ലായിരുന്നു. കഷ്ടമായിപ്പോയി. പാവം, അവറം

ക്ക് ആ വിക്കിരനോടായിരുന്നുവോ സ്നേഹം എന്നുകൂടി എനിയ്ക്കു സംശയമുണ്ട്.

ചെറോട്ടിയമ്മ ഇതു കേട്ടപ്പോഠ ഉണ്ടായതെല്ലാം പറയുവാൻ അതു നല്ല അവസരമാണെന്നു കണക്കാക്കി പെരുമാളുടെ മനസ്സറിയുവാൻ ഇങ്ങിനെ ചോദിച്ചു: "വിക്കിരനെ എങ്ങിനെയാണ് അംബിക കല്യാണം കഴിയ്ക്കുക? നമുക്കു പോരായ്മയല്ലേ?"

പെരു—പോരായ്മയോ! അത് അവഠക്കും നമുക്കും നല്ലൊരു ബഹുമാനമാകുമായിരുന്നു. വിക്കിരൻ ആ ദിവസം കേരളത്തിന്നു മുഴുവനും മാനമുണ്ടാക്കിയ വീരയോദ്ധാവാണ്. വാഠയുദ്ധത്തിൽ നമ്മുടെ ഭാഗക്കാർ ജയിച്ചുവെങ്കിലും, വിക്കിരൻെറ വരവാണ് അവരെ വല്ലാതെ ഭയപ്പെടുത്തിക്കളഞ്ഞതു്. അവൻെറ അപ്പോഴത്തെ മുഖം ഓൎമ്മിയ്ക്കുമ്പോഠ എനിയ്ക്കു് ഇപ്പോഠക്കൂടി ഭയമാവുന്നു. അംബികയെ അവന്നു ഞാൻ സന്തോഷത്തോടേ കൊടുക്കും. കണ്ടാൽ ബഹുയോഗ്യൻ. നല്ല കുലത്തിൽ ജനിച്ചവൻ. നല്ല കാര്യപ്രാപ്തിയുള്ളവൻ. വളരെ നല്ല യോദ്ധാവ്. ഇതെല്ലാം തികഞ്ഞു വേറേ ആരാണുള്ളതു്?

ചെറോ—(ചിരിച്ചുകൊണ്ട്) എന്നാൽ അംബികയെ വിക്കിരന്നു കൊടുക്കുന്നതിൽ വിരോധമില്ലല്ലോ.

പെരു—എന്താണ് ചെറോട്ടി ഇങ്ങിനെ പറയുന്നതു്. അംബികയുടെ കല്യാണം കഴിഞ്ഞ് അവഠ പോയിക്കഴിഞ്ഞില്ലേ. ഇനി അതിനെപ്പററി പറഞ്ഞിട്ടെന്താണ് പ്രയോജനം?

ചെറോ—എന്നാൽ അടിയന്ന് ഒന്നുണത്തിപ്പാനുണ്ട്. അടിയനും ആ വൎത്തമാനം അറിഞ്ഞിട്ടു കുറച്ചുദിവസമേ ആയിട്ടുള്ളു. അംബികാദേവി വിക്കിരൻെറകൂടെയാണ് പോയതു്, രങ്കരായരുടെകൂടെയല്ല.

പെരുമാഠ ഈ വൎത്തമാനം കേട്ടിട്ടു ചെറോട്ടിയമ്മയുടെ മുഖത്തു കണ്ണുകഠ നല്ലവണ്ണം തുറന്നുകൊണ്ടു കുറച്ചുനേരം ഒന്നും സംസാരിയ്ക്കാതെ നോക്കി; അതിന്നുശേഷം സാവധാനത്തിൽ "എൻെറ മകഠ ഓടിപ്പോയയോ! എന്നെ ഇങ്ങിനെ അപമാനപ്പെടുത്തിയോ! കഷ്ടം!" എന്നും പറഞ്ഞു കണ്ണടച്ചു. പെരുമാളുടെ ദേഹം വിറയ്ക്കുവാൻ തുടങ്ങി. കൈകാലുകഠക്കു ശക്തി ക്ഷയിച്ചു. ബോധമില്ലാതായി. ചെറോട്ടിയമ്മ ഇതു കണ്ടു

വല്ലാതെ പരിഭ്രമിച്ചു. അടുത്തുള്ള ഭടനോട് "എടാ, ഓടി പ്പോയി വൈദ്യരത്നത്തോടു വേഗം വരുവാൻ പറ. കഷ്ടം, ഞാനിത് ആലോചിച്ചില്ല. ഈ വത്തമാനം ദീനം ഇങ്ങിനെ വദ്ധിപ്പിയ്ക്കുമെന്നു ഞാൻ ഒരിയ്ക്കലും കരുതിയില്ല. തിരുമനസ്സേ, തിരുമനസ്സേ!" എന്നിങ്ങിനെ വിളിച്ചുംകൊണ്ടിരുന്നു. പി ന്നേയും "എടാ, പോയില്ലേ? ഓടിൻ, വേഗം കൂട്ടിക്കൊണ്ടു വരിൻ!" എന്നെല്ലാം പറഞ്ഞുകൊണ്ട് ആ മുറിയിൽനിന്നു പുറത്തേയ്ക്കു പോകയും അകത്തേയ്ക്കു വരികയും പെരുമാളുടെ അടു ത്തു ചെന്നു നിലത്തിരുന്നു ശക്തി ക്ഷയിച്ച കൈകാൾ തലോടുക യുമെല്ലാം ചെയ്തുകൊണ്ടിരുന്നു.

ഉടനേ ദീഘകായനായ ഒരു കാഷായവസ്ത്രക്കാരൻ മുറി യ്ക്കുള്ളിൽ പ്രവേശിച്ചു, പെരുമാളേയും ചെറോട്ടിയമ്മയേയും നോക്കിക്കൊണ്ടു നിന്നു. ചെറോട്ടിയമ്മ എഴുന്നേറ്റുനിന്നു. "വൈദ്യരത്നസ്വാമികളല്ലേ?" ആഗതൻ തലകുനിച്ച് അതേ എന്നറിയിച്ചു. കയ്യിലുള്ള ഒരു കുപ്പി തുറന്നു പച്ചനിറത്തിലുള്ള ഒരു മരുന്നിൽനിന്ന് ഒരു തുള്ളിയെടുത്തു കടിയിട്ടിരുന്ന പെരു മാളുടെ വായ തുറപ്പിച്ച് ഇററിച്ചു. മരുന്നുചെന്ന് ഒരു നിമി ഷത്തിന്നുള്ളിൽ പെരുമാൾക്കു ചൈതന്യം വന്നു കണ്ണു തുറന്നു. "ചെറോട്ടി ഇതാരാണ്? ഞാൻ ഇത്തിരി ഉറങ്ങിപ്പോയി, ഇല്ലേ?" എന്നു ചോദിച്ചു.

ചെറോ—ഉവ്വ്, ഈ നില്ക്കുന്നതു പാണ്ഡ്യരാജ്യത്തുനിന്നു വന്ന വൈദ്യരത്നസ്വാമികളാണ്.

ആഗതൻ ഒരു പുഞ്ചിരിയോടുകൂടി പിന്നെയും തല കുനിച്ചു. ചെറോട്ടിയമ്മ വൈദ്യരോട് ഇരിയ്ക്കുവാൻ പറഞ്ഞു താൻ ഒരു ഭാഗത്തു നിന്നു.

പെരു—കണ്ടതു വളരെ സന്തോഷമായി. എനിയ്ക്കു ശരീ രത്തിന്നു നല്ല സുഖമില്ല.

വൈദ്യ—ഈശ്വരകാരുണ്യംകൊണ്ട് ഈ സുഖക്കേടു നാം മാററാം. ഇതു സാരമില്ല. പക്ഷെ നാം അടുത്തുതന്നെ വേണ്ടി വരും. ശുശ്രൂഷയ്ക്കു നമുക്കു വിശ്വാസമുള്ളവരെമാത്രമേ ആക്കു വാൻ പാടുള്ളൂ.

ചെറോ—അതിന്നെന്താണ് പ്രയാസം? വൈദ്യരുടെ താമ സത്തിന്ന് ഈ കൊട്ടാരത്തിന്നു തൊട്ടുള്ള കെട്ടിടം ഒഴിച്ചുവെച്ചി

ട്ടുണ്ട്. ശുശ്രൂഷയ്ക്കു ഞാനൊഴിച്ചു വേറെയാരെയും ഇതിനകത്തു കടത്താതെ നോക്കിക്കൊള്ളാം.

വൈദ്യ—ശരി, നല്ലതുതന്നെ. നാം ഈ കൊട്ടാരത്തിന്നടുത്തു താമസിയ്ക്കുന്നതുകൊണ്ടു വല്ലവൎക്കും ഉപദ്രവമുണ്ടെങ്കിൽ വേറേ താമസമാക്കിക്കളയാം.

ചെറോ—നല്ല കാൎയ്യം! ഇവിടെ ആൎക്കും യാതൊരുപദ്രവവും ഉണ്ടാവില്ല. ഞങ്ങൾക്കൊക്കെ അതു വലിയ സന്തോഷവുമായിരിയ്ക്കും.

പടത്തലവൻനായർ, വൈദ്യരത്നം കൊട്ടാരത്തിലേയ്ക്കു പോയി എന്നും രായന്മാരുടെ കൊട്ടാരം അയാളുടെ താമസത്തിന്നുവേണ്ടി ഒഴിച്ചുവെച്ചിട്ടുണ്ടെന്നും അറിഞ്ഞു തിരുമനസ്സിലെ കണ്ടു വൈദ്യരത്നത്തെ വിശ്വസിയ്ക്കുവാൻ പാടില്ലെന്നു തുറന്നു തന്നെ പറവാൻ നിശ്ചയിച്ചു കൊട്ടാരത്തിലേയ്ക്കു വന്നു. വൈദ്യരെ കൊട്ടാരത്തിൽനിന്നു പറഞ്ഞയയ്ക്കുവാൻ മനസ്സില്ലാത്ത പക്ഷം തന്നെ പെരുമാളുടെ ശുശ്രൂഷയ്ക്കെങ്കിലും സമ്മതിയ്ക്കണമെന്നു പറവാനും കരുതിയിരുന്നു. തിരുമനസ്സിലെ നേരിട്ടു കണ്ടാൽ താൻ ഇച്ഛിച്ചപ്രകാരത്തിൽ ചെയ്യിയ്ക്കാമെന്ന ധൈൎയ്യമാണ് പടത്തലവൻനായരെ കൊട്ടാരത്തിലേയ്ക്കു നയിച്ചത്. ഭടന്മാരെ മുൻകൂട്ടി പറഞ്ഞയച്ചു സമ്മതത്തിന്നാവശ്യപ്പെട്ടാൽ ചെറോട്ടിയമ്മ 'വരണ്ട' എന്നു പറഞ്ഞയയ്ക്കും എന്നറിഞ്ഞതുകൊണ്ടു പടത്തലവൻനായർ കൊട്ടാരത്തിൽ വന്നു ഭടന്മാരോടൊന്നും പറയാതെ തിരുമനസ്സുകൊണ്ടു കിടക്കുന്ന അറയിലേയ്ക്കു കടന്നുചെന്നു.

അതിന്നുള്ളിൽ പ്രവേശിച്ചപ്പോൾമാത്രമാണ് വൈദ്യരത്നം ആ മുറിയിലുണ്ടെന്നു മനസ്സിലായത്. ക്ഷണത്തിൽ പെരുമാളെ തൊഴുതുംകൊണ്ട് ഇങ്ങിനെ പറഞ്ഞു: "വൈദ്യരും മററും ഇതിനകത്തുള്ളത് അടിയൻ അറിഞ്ഞില്ല. അടിയൻ പിന്നെ ഒരവസരത്തിൽ വന്നു മുഖം കാണിച്ചുകൊള്ളാം" എന്നു പറഞ്ഞു മറുപടിയ്ക്കു കാത്തുനിന്നു.

പെരു—നില്ലവിടെ. പടത്തലവൻനായർ ഈ ധിക്കാരം പ്രവൎത്തിച്ചതിൽ എനിയ്ക്കാശ്ചൎയ്യമില്ല. ഇതിലും വലുതായ ഒരു ധിക്കാരം പ്രവൎത്തിച്ചതായി ചെറോട്ടി എന്നോടു പറഞ്ഞു. പടത്തലവൻനായൎക്കു ചെറുപ്പമല്ല. വിവേകം വരേണ്ടുന്ന കാലം

കഴിഞ്ഞു. എനിയ്ക്കു പണ്ടത്തെപ്പോലെ അത്ര പ്രാപ്തിയില്ലായിരിയ്ക്കാം. എന്നാലും മററുള്ളവൎക്കുവേണ്ടി എന്നോട് ഈ കാലത്ത് ഇങ്ങിനെ വിലയില്ലാതെ കാണിച്ചത് ഒട്ടും നന്നായില്ല. ഞാൻ പടത്തലവൻനായരെ ഇതിന്നു നല്ലവണ്ണം ശിക്ഷിയ്ക്കുയാണ് വേണ്ടത്. അതു ഞാൻ ചെയ്യുന്നില്ല. ഞാൻ ഇനി മേലിൽ പടത്തലവൻനായരെ കാണരുത്. രാജ്യസംബന്ധിയായ വല്ല കാൎയ്യവും നമ്മെ അറിയിയ്ക്കാനുണ്ടെങ്കിൽ ചെറോട്ടിയോടോ വൈദ്യരത്നസ്വാമികളോടോ പറഞ്ഞാൽ മതി. ഇനി പോകാം.

പട—തിരുമനസ്സുകൊണ്ട് ഇങ്ങിനെ കല്പിയ്ക്കരുത്. ഈ കല്പന തിരുമനസ്സിലേയ്ക്കു നല്ലവണ്ണം സുഖമായതിന്നുശേഷം ആദരിച്ചുകൊള്ളാം. സുഖമാകുന്നതുവരെയെങ്കിലും അടിയനെ കൊട്ടാരത്തിൽ താമസിപ്പിയ്ക്കുവാൻ കല്പനയുണ്ടാകണം. അടിയനെപ്പററി ഇതുവരെയുള്ള പരിചയം തിരുമനസ്സുകൊണ്ടു മറക്കരുത്.

പെരു—എന്താണ് വേണ്ടാട്ടര അരചൻ അതിന്നുമാത്രം ദ്രവ്യം തന്നിട്ടുണ്ടോ? അയാൾക്കു പെരുമാൾസ്ഥാനം വഹിയ്ക്കുവാൻ തിടുക്കമായി, അല്ലേ?

ഇതു കേട്ടിട്ടു പടത്തലവൻനായർ സഹിയ്ക്കവയ്യാത്ത വ്യസനംകൊണ്ടു ഹൃദയം പൊട്ടിത്തെറിച്ചുപോകുമെന്ന സ്ഥിതിയിലായി. അദ്ദേഹത്തിന്നു കോപവും വ്യസനവും ഒന്നിച്ച് അലതള്ളിവന്നു. അവയെ വളരെ ശക്തിയോടെ ഒതുക്കിക്കൊണ്ടു പെരുമാളുടെ മുഖത്തു നോക്കി ഇപ്രകാരം പറഞ്ഞു: "തിരുമനസ്സിലേയ്ക്ക് അടിയൻെറനേരേ ഇങ്ങിനെ തോന്നിയത് അടിയൻെറ ദുഷ്കാലമാണെന്നേ ഉണൎത്തിപ്പാനുള്ളു. അടിയൻെറ ഇരുപതാം വയസ്സിൽ തിരുമനസ്സിലെ കീഴിൽ ഉദ്യോഗം ഭരിച്ചു. ഈ കഴിഞ്ഞ മുപ്പത്താറു കൊല്ലത്തോളം അടിയൻ തിരുമനസ്സിലെ ശ്രേയസ്സ് ഒന്നുമാത്രം കരുതി പ്രവൃത്തിയെടുത്തു. തിരുമനസ്സിലെ കരുണകൊണ്ട് അടിയനെ ഓരോ പടിയായി കയററി ഇവിടുത്തെ പതിനായിരത്തിൻെറ പടത്തലവനാക്കി. ആ പ്രവൃത്തിയും അടിയൻ കഴിഞ്ഞ ഇരുപതുകൊല്ലത്തോളം നിറവേററി. ആ കാലങ്ങളിലൊന്നും അടിയൻെറ പേരിൽ യാതൊരു കുററവും തിരുമനസ്സുകൊണ്ടു കണ്ടില്ല. ഈ വയസ്സുകാലത്ത് ഇപ്പോൾ ഇതാ ഇതും തിരുമുഖത്തുനിന്നു കേൾക്കുവാൻ യോഗം വന്നു. വേറേ എന്തു പറഞ്ഞാലും, തിരുമനസ്സുകൊണ്ട് അവസാനം പറ

ഞ്ഞതു് അടിയൻെറ ഹൃദയത്തിൽനിന്നു മരിച്ചാൽക്കൂടി മാഞ്ഞു പോകുമെന്നു് തോന്നുന്നില്ല.''

പെരു—പടത്തലവൻനായർ എൻെറ കല്പന ഇനിയും അനാദരിയ്ക്കുവാൻ വിചാരിയ്ക്കുന്നുണ്ടോ?

പട—അടിയൻ—ഇല്ല. ഏതെങ്കിലും അടിയനുണത്തിപ്പാനുള്ളതു് ഉണത്തിച്ചു വിടകൊള്ളാം. ഈ വൈദ്യരെ വിശ്വസിയ്ക്കരുതു്.

ചെറോ—അധികപ്രസംഗത്തിന്നു് ഒരു കണക്കു വേണം. ഇയാളുടെ തലയെടുക്കുവാൻ കല്പനകൊടുക്കുകയാണു് വേണ്ടതു്.

പെരു—പുറത്തേയ്ക്കു പോകാം.

പട—അടിയനു വേറേ ഒരപേക്ഷയുണ്ടു്. അടിയൻ ഇവിടെ വരികയില്ല. വിക്കിരൻ ഇവിടെ ഇരുന്നുകൊള്ളട്ടെ.

പെരു—വിക്കിരൻ എൻെറ പേരിനെത്തന്നെ അപമാനിച്ചിരിയ്ക്കുന്നു. അതുകൊണ്ടു വിക്കിരനും മാനിച്ചനും രണ്ടുപേരും ഇതിന്നകത്തു കടക്കാനേ പാടില്ല. അംബികയെത്തന്നെ എനിയ്ക്കു കാണണ്ട.

പടത്തലവൻനായർ പെരുമാളുടെ കല്പന കേട്ടിട്ടു് ഒന്നും സംസാരിയ്ക്കാതെ താഴോട്ടു നോക്കി നിന്നു. ഹൃദയം നിറഞ്ഞു കണ്ണിൽക്കൂടി പുറത്തേയ്ക്കു കണ്ണീരായി കവിഞ്ഞൊഴുകുവാൻ പുറപ്പെട്ട വ്യസനത്തെ ധൈര്യംകൊണ്ടു തടുത്തു വേറെ യാതൊന്നും സംസാരിയ്ക്കാതെ പെരുമാളുടെ മുമ്പിൽ സാഷ്ടാംഗം നമസ്കരിച്ചു ആരുടെയും മുഖത്തു നോക്കാതെ വെളിയിലേയ്ക്കുപോയി. നേരേ ദേവീക്ഷേത്രത്തിലുള്ള ആൽത്തറയിൽച്ചെന്നിരുന്നു. തൻെറ വ്യസനം മുഴുവനും പുറത്തേയ്ക്കു വരുത്തി ദേവിയുടെ തൃപ്പാദങ്ങളിൽ സമപ്പിച്ചു. അവസാനം ഇങ്ങിനെ പറഞ്ഞു: "ഞാൻ ജീവിച്ചിരിയ്ക്കുന്നതുവരെ പെരുമാളെ കാക്കേണ്ടുന്ന ചുമതല എനിയ്ക്കുണ്ടു്. അതു ഞാൻ ഒളിച്ചിട്ടെങ്കിലും പ്രവത്തിയ്ക്കും. പിന്നെ എല്ലാം ദൈവേച്ഛപോലെ വരട്ടെ.'' അതിന്നുശേഷം അവിടെ നിന്നു വീട്ടിലേയ്ക്കു പോയി.

വൈദ്യരത്നസ്വാമികൾ ആ ദിവസംമുതൽ പെരുമാളുടെയും ചെറോട്ടിയമ്മയുടേയും പ്രധാനസേവകനായിത്തീൎന്നു. രായർ കൊട്ടാരത്തിൽ സ്ഥിരതാമസമാക്കി, പെരുമാളുടെ ചികിത്സയും തുടങ്ങി.

# പതിനഞ്ചാമദ്ധ്യായം

**കൊ**ട്ടാരത്തിൽനിന്നു ബഹിഷ്കൃതനായതിന്നുശേഷം പടത്തലവൻനായർ തിരുവഞ്ചിക്കുളത്തിന്നു വളരെ അകലെയാണ് ചെന്നു താമസിച്ചത്. തങ്കമ്മയും തങ്കമ്മയുടെ അമ്മയും വീരമാത്താണ്ഡൻെറകൂടെ പോയിരുന്നതുകൊണ്ടു പടത്തലവൻനായർ തിരുവഞ്ചിക്കുളത്തുള്ള തൻെറ വീടു പൂട്ടിയിട്ടു വേറേ ഒരു വീട്ടിൽ താമസമാക്കി. അദ്ദേഹം പെരുമാളുടെ കല്പന അനാദരിയ്ക്കുവാൻ ഒരുങ്ങിയില്ല. കൊട്ടാരത്തിൽ നടക്കുന്ന സംഭവങ്ങളാം ചാരന്മാർമുഖേന അറിഞ്ഞുംകൊണ്ടിരുന്നു. അവരിൽനിന്നുള്ള വൎത്തമാനത്തിൽനിന്നു, പെരുമാളുടെ സുഖക്കേടു പണ്ടത്തെപ്പോലെതന്നെ ഇടയ്ക്കിടെ ഭേദമാവുകയും അധികമാവുകയും ചെയ്തുകൊണ്ടിരിയ്ക്കയാണെന്നും മനസ്സിലായി. അതുകൊണ്ടു പടത്തലവൻനായൎക്കും വൈദ്യരത്നത്തെപ്പററിയുള്ള സംശയങ്ങളാം ദൃഢവിശ്വാസങ്ങളായിത്തീൎന്നു. പക്ഷെ വൈദ്യരത്നസ്വാമികാം വരുന്നതിന്നുമുമ്പും ഇമ്മാതിരിതന്നെയായിരുന്നതുകൊണ്ട് അയാളെ സഹായിപ്പാൻ ആരോ ഒരാാം ഉണ്ടെന്നു സംശയിച്ചു. അതാരായിരിയ്ക്കുമെന്നാലോചിച്ചിട്ട് യാതൊരാളെയും സംശയിയ്ക്കാൻ കണ്ടില്ല. കൊട്ടാരത്തിൽ ആരോ ഒരാാം എന്തോ പ്രവൎത്തിയ്ക്കുന്നുണ്ടെന്ന സംശയം നല്ലവണ്ണം തോന്നിയിരുന്നു, പക്ഷെ ആ സംശയത്തെപ്പററി ആരോടും പറഞ്ഞില്ല.

ഒരു ദിവസം വൈകുന്നേരം പടത്തലവൻനായർ താമസിക്കുന്ന ഭവനത്തിൽനിന്നിറങ്ങി തന്നെ കൊട്ടാരത്തിലെ വൎത്തമാനം വന്നറിയിക്കുവാൻ പറഞ്ഞുവെച്ചിരുന്ന സ്ഥലത്തേയ്ക്കു പുറപ്പെട്ടു. ഒരഞ്ചാറുനാഴിക ഇരുട്ടായിക്കാണും. പടത്തലവൻനായർ സ്ഥലത്തെത്തിയപ്പോാം ഒരു മരത്തിൻെറ മറവിൽച്ചെന്നു കൊട്ടാരഭടൻെറ വരവും കാത്തിരുന്നു. പതിവിലധികം സമയം അവിടെ നിന്നിട്ടും ഭടൻ വരാഞ്ഞതുകൊണ്ട് അദ്ദേഹത്തിന്നു മുഷിഞ്ഞു; പോകുവാൻ തീൎച്ചപ്പെടുത്തി മറവിൽനിന്നു പുറത്തേയ്ക്കു വന്നു. പെട്ടെന്ന് ആ സ്ഥലത്തിൻെറ മറെറാരു ഭാഗത്തുകൂടി ഒരു മനു

ഷ്യന്റെ നിഴൽ പോയതു കണ്ടു പടത്തലവൻനായർ മുന്നോട്ടു പോകാതെ ആ ഭാഗത്തേയ്ക്കുതന്നെ സൂക്ഷിച്ചുനോക്കിക്കൊണ്ടു നിന്നു. അടുത്ത നിമിഷം ആരോ ഒരാൾ സ്ഥലത്തുള്ള വേറൊരു മരത്തിന്റെ പിന്നിൽ മറയുന്നതു കണ്ടു.

പടത്തലവൻനായർ പിന്നോക്കം മടങ്ങി. ശബ്ദമുണ്ടാക്കാതെ താൻ അതുവരെ നിന്നിരുന്ന മരത്തിന്മേൽ കയറി വലിയ രണ്ടു കൊമ്പുകളുടെ ഇടയിൽ മറഞ്ഞിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ വേറേ ഒരാൾ ആ സ്ഥലത്തേയ്ക്കു വന്നു. അയാൾ വളരെ താഴ്ന്ന സ്വരത്തിൽ "മുത്തു മുത്തു!!" എന്നു വിളിച്ചു. അതിന്നു യാതൊരു മറുപടിയും കുറെ നേരത്തിന്നുണ്ടായില്ല. പിന്നേയും ആ വന്ന ആൾ "മുത്തു ഇവിടെ ഇല്ലേ?"

അപ്പോൾ മുൻപറഞ്ഞ ആൾ പുറത്തേയ്ക്കു വന്നു.

മുത്തു—ഇവിടെ കുറച്ചു മുമ്പ് ആരോ ഒരാൾ ഉണ്ടായിരുന്നു.

ആഗതൻ—തിരഞ്ഞില്ലേ?

മുത്തു—തിരഞ്ഞു. ഇപ്പോൾ ഇവിടെ കാണുന്നില്ല.

ആഗതൻ—നിന്റെ പ്രവൃത്തി ശരിയാവുന്നില്ല.

മുത്തു—രണ്ടുമൂന്നു ദിവസം എനിയ്ക്കു് അകത്തു കടക്കാൻ സാധിച്ചില്ല. അയാളുടെ ആൾക്കാർക്കു സംശയമുള്ളതുപോലെ തോന്നുന്നു.

ആഗത—അയാളെ കൊലപ്പെടുത്തിയാലോ?

മുത്തു—അത് ഇപ്പോൾ വന്നതുകൊണ്ടു തോന്നുന്നതാണ്. സാധ്യമല്ല.

ആഗത—ആളുകളെ മാററിക്കളയാം. വർത്തമാനങ്ങൾ ശരിയായി പോകുന്നില്ലേ?

മുത്തു—ഉണ്ട്.

ആഗത—ദേവിയെ കണ്ടുപിടിച്ചുവോ?

മുത്തു—സാധിച്ചിട്ടില്ല. അതിന്നും ശ്രമിച്ചുവരുന്നുണ്ട്.

ആഗത—ഇന്ന് ഇത്തിരി അധികമാക്കണം. നാക്ക് മൂടിക്കെട്ടുന്നതായിക്കൊള്ളട്ടെ.

മുത്തു—ഞാൻ പോകയാണ്. മറേറ ആളെസ്സംബന്ധിച്ചു വേറേ വല്ല വിദ്യയും—

ഈ സമയത്തു പടത്തലവൻനായർ താഴത്തേയ്ക്കു ചാട്ടവാൻ തീൎച്ചപ്പെടുത്തി അനങ്ങിയപ്പോൾ കൊമ്പ് ഒന്നു ഞെട്ടി ശബ്ദമുണ്ടാക്കി. ഉടനേ സംസാരം നിൎത്തി രണ്ടുപേരും അപ്രത്യക്ഷപ്പെട്ടു.

'കഷ്ടമായിപ്പോയി. മരമാണ് ചതിച്ചത്.'' എന്നും പറഞ്ഞു പടത്തലവൻനായർ താഴത്തേയ്ക്കിറങ്ങി. ആ സ്ഥലമെല്ലാം പരീക്ഷിച്ചു. അവിടെ ഒരാളുമുണ്ടായിരുന്നില്ല. "ആരാണ് ആ മൂത്തു? ആ വന്ന ആൾ ആര്?'' ഇങ്ങിനെ ആലോചിച്ചുംകൊണ്ട് ആ കുററിക്കാട്ടിനുള്ളിൽനിന്നു പുറത്തേയ്ക്കു വന്നു. ഈ സമയംകൊണ്ടു ചന്ദ്രൻ കിഴക്കുദിച്ചു പൊങ്ങിവന്നു. അധികസമയവും ചിന്നിച്ചിതറിയ മേഘങ്ങളുടെ ഇടയിലായിരുന്നതുകൊണ്ട് അന്നത്തെ ചന്ദ്രൻ ഒരു വിളറിയ മുഖത്തോടുകൂടിയാണ് പുറത്തേയ്ക്കു നോക്കിക്കൊണ്ടിരുന്നത്. ആ മങ്ങിയ നിലാവെളിച്ചത്തിൽ പടത്തലവൻനായർ ചുററും നോക്കി. അപ്പോൾ കുറേ ദൂരത്തായി രണ്ടു നിഴലുകൾ കണ്ടു. പടത്തലവൻനായർ വാൎദ്ധക്യത്തെ മറന്ന് ആ നിഴലുകളുടെ പിന്നാലെ ഓടി. പടത്തലവൻനായർ അടുത്തെത്തുന്നതിന്നുമുമ്പേ നിഴലുകൾ പിരിഞ്ഞു രണ്ടു ഭാഗത്തേയ്ക്കായിപ്പോയി. കൊട്ടാരത്തിന്നു നേരെ പോകുന്ന നിഴലിനെ ലക്ഷ്യമാക്കി അതിൻെറ പിന്നാലെ പോയി. പടത്തലവൻനായർ അടുത്തെത്തുന്നതിന്നുമുമ്പ് അതു കൊട്ടാരത്തിൻെറ ഒരു ചെറിയ വാതിൽ കടന്ന് ഉള്ളിൽ മറഞ്ഞു. പടത്തലവൻനായരും ആ വാതിലിൽക്കൂടിത്തന്നെ കടന്നു കൊട്ടാരമുററത്തെത്തി. ആരും കാണാതെ രായർമാളികയും കൊട്ടാരവും ചേരുന്ന സ്ഥലത്തുപോയി ഒളിച്ചുനിന്നു.

പടത്തലവൻനായൎക്ക് അവർ വിദേശീയരാണെന്നു മനസ്സിലായി. അതിൽ ഒരാൾ വൈദ്യരത്നസ്വാമികളാണെന്നു സംശയം തോന്നി. ആ സംശയം ശരിയാണോ എന്നറിവാനാണ് ഇത്രയും ബുദ്ധിമുട്ടിയത്. വിദേശീയരിൽ വല്ലവരും രായർമാളികയിലേയ്ക്കു പോകുന്നുണ്ടോ എന്നു സൂക്ഷിച്ചുകൊണ്ടു പടത്തലവൻനായർ അവിടെത്തന്നെ നിന്നു. ഇങ്ങിനെ കൊട്ടാരത്തിൽ ഒളിച്ചുനില്ക്കുന്നത് ആരു കണ്ടാലും ചെറോട്ടിയമ്മ കാണരുതെന്നുമാത്രമേ പടത്തലവൻനായൎക്കു വിചാരമുണ്ടായിരുന്നുള്ളു. കുറേനേരം അവിടെ നിന്നതിന്നുശേഷം പടത്തലവൻനായർ മെല്ലെ നടന്ന് ആയുധപ്പുരയുടെ അടുത്തുള്ള ആഭരണപ്പു

രയുടെ അടുത്തുചെന്നു നിന്നു.

പെട്ടെന്നു ചെറോട്ടിയമ്മയുടെ ശബ്ദം കേട്ട പടത്തലവൻ നായർ ആഭരണപ്പുരയുടെ വാതില്ക്കൽ അമൎന്നുനിന്നു. ചെറോട്ടിയമ്മ ആരോടോ സംസാരിച്ചുംകൊണ്ടു വരികയായിരുന്നു. ആളെ കണ്ടിട്ടും ചെറോട്ടിയമ്മയുടെ സംസാരം കേട്ടിട്ടും, അതു വൈദ്യരത്നമാണെന്നു മനസ്സിലായതുകൊണ്ടു തന്റെ മുമ്പിൽ ഓടിവന്നതു വൈദ്യരത്നമാവാൻ തരമില്ലെന്നു വിചാരിച്ചു. "പിന്നെ അതാരാണ്?" എന്ന് ആലോചിച്ചിരിക്കുന്നതിനിടയിൽ രണ്ടു ഭടന്മാർ പടത്തലവൻനായരുടെ അടുക്കലേക്കു വന്നു. അവൎക്ക് അദ്ദേഹത്തെ മനസ്സിലായി. പടത്തലവൻനായർ ചുണ്ടത്തു വിരൽവെച്ചതു കണ്ടതുകൊണ്ടു ഭടന്മാർ കാണാത്ത ഭാവം നടിച്ചുപോയി. ചെറോട്ടിയമ്മയും വൈദ്യരത്നവും സംസാരിച്ചുംകൊണ്ട് അടുത്തെത്തിത്തുടങ്ങി.

ചെ—പെരുമാറുംതിരുമനസ്സിലെ സുഖക്കേട് ഒരു പുതിയ മാതിരിയിലാണ് കാണുന്നത്. ഒരാഴ്ചയ്ക്കു നല്ല സുഖം കാണും. പിന്നെ പെട്ടെന്നു വളരെ അധികമാവും. ഇതു തീരേ സുഖപ്പെടുത്തുവാൻ സാധിയ്ക്കില്ലേ?

വൈദ്യ—നാം തീരെ സുഖപ്പെടുത്തും. മനസ്സിൽ എന്തോ വലിയ ഒരാധിയുണ്ട്. അതുകൊണ്ടാണ് എന്റെ മരുന്നിന്റെ ഫലം പൂൎണ്ണമാകാത്തത്.

ചെ—വൈദ്യസ്വാമികൾ ഒന്നു നല്ലവണ്ണം ശുശ്രൂഷിക്കണം. നല്ലവണ്ണം സുഖമാവാത്തതുകൊണ്ട് എനിയ്ക്കു മനസ്സിന്നു തീരേ സുഖമില്ല. അന്ന് അകത്തേയ്ക്കു കടന്നുവന്ന ഭടനെ പിരിച്ചയച്ചിരിയ്ക്കുന്നു.

വൈദ്യ—ഞാനതിനെപ്പററി പറയുവാനാണ് തുടങ്ങിയത്. ഞാൻ എന്തു മരുന്നു കൊടുത്താലും അതിന്റെ ഫലമില്ലാതാക്കുവാൻ മററുള്ളവർ വിചാരിച്ചാൽ കഴിയും. ഇവിടെയുള്ള ഭടന്മാരെല്ലാവരും നല്ല വിശ്വസ്തന്മാരായിരിയ്ക്കാം. പക്ഷെ അവൎക്കു ബഹുമാനമുള്ള വേറെ ആളുകൾ അവരെക്കൊണ്ടു വല്ലതും പ്രവൎത്തിപ്പിച്ചാൽ എന്റെ മരുന്നുകൊണ്ടു ഫലം കാണില്ല.

ചെ—അതിന്ന് എന്താണ് വേണ്ടതെന്നു പറഞ്ഞാൽ അതു പ്രകാരം ചെയ്യാമല്ലോ. ഇവിടെ ഇപ്പോഴുള്ള എല്ലാററിനേയും വേണമെങ്കിൽ പറഞ്ഞയയ്ക്കാം. എല്ലാം പുതിയ ആൾക്കാരെ കൊണ്ടുവന്നുകളയാം.

വൈദ്യ—അതുകൊണ്ടു ഒരു ഫലവുമുണ്ടാവില്ല. പുതിയ ആാംക്കാരെ അവർ മുൻകൂട്ടി കണ്ടുകളയും. അതാണ് തകരാറ്. നമ്മുടെ ഭടന്മാർ വളരെ വിശ്വസ്തന്മാരാണ്. അവരെ പാട്ടിലാക്കാൻ വിചാരിച്ചാൽ ആ്ക്കും സാധിയ്ക്കില്ല.

ഇതു കേട്ടിട്ടു ചെറോട്ടിയമ്മ അല്പമൊന്ന് ആലോചിച്ചതിന്നുശേഷം "കൂടിയേ കഴിയൂ എങ്കിൽ അതുമാവാം. ഇവിടുന്നു വേണാട്ടരശ്ശു പോകുന്നു എന്നു കേട്ടു. അതുകൊണ്ടു മനസ്സിന്നു തീരേ സുഖമില്ല."

വൈദ്യ—നാം എവിടെപ്പോയാലും പെരുമാാംക്കു സുഖക്കേട് അധികമായാൽ നാം അറിയും. ആളെ അയയ്ക്കുകപോലും വേണ്ടിവരില്ല.

ചെ—ഇതു കേട്ടിട്ട് എനിയ്ക്കു വലിയ സന്തോഷംതന്നെ. (സ്വാമിയുടെ ഉടുപ്പിലേയ്ക്കു നോക്കീട്ട്) എവിടെയാണ് സ്വാമികാം ഇന്നു പുറത്തേയ്ക്കു പോയത്? ഉടുപ്പിൽ എന്തോ കായകാം ഒട്ടിപ്പിടിച്ചു കാണുന്നു.

സ്വാമികാം ഈ ചോദ്യം കേട്ട് ഒന്നു പരിഭ്രമിച്ചു. ഒരു നിമിഷനേരത്തേയ്ക്ക് ഒന്നും മറുപടി പറയാതെ നിന്നതിന്നുശേഷം, "നാം ഒരാളെ ചികിത്സിയ്ക്കുവാൻ പുറത്തേയ്ക്കു പോയി. അയാാംക്കു കൊട്ടാരത്തിൽ വരാൻ പാടില്ല. എന്നാലും ചെറോട്ടിയമ്മയുടെ സൂക്ഷ്മതയെ ബഹുമാനിയ്ക്കണം. ഇത്ര ക്ഷണത്തിൽ ഞാൻ പുറത്തു പോയി എന്നു കണ്ടുപിടിച്ചില്ലേ" എന്നു പറഞ്ഞു ചെറോട്ടിയമ്മയെ സന്തോഷിപ്പിച്ചു.

ചെ—ഞാൻ ഇനി വേഗത്തിൽ തിരുമനസ്സിലെ അടുക്കലേയ്ക്കു പോകട്ടെ. അവിടെ ആരുമില്ല.

വൈദ്യ—ഇപ്പോാം ഭയപ്പെടാനൊന്നുമില്ല. എനിയ്ക്കു കുറച്ചുകൂടി കാര്യം പറവാനുണ്ട്. എൻെറകൂടെ കുറച്ചു ദൂരം വന്നുകൂടേ?

ചെ—വിരോധമില്ല.

വൈദ്യരത്നവും ചെറോട്ടിയമ്മയുംകൂടി രായർകൊട്ടാരത്തിൻെറ മററൊരു ഭാഗത്തേയ്ക്കു പോയി.

പടത്തലവൻനായർ അറിയേണ്ടതറിഞ്ഞു. ഈ വൈദ്യരത്നത്തെ ഇനി കൊട്ടാരത്തിൽ വെച്ചുകൂടാ എന്നു തീച്ച്യാക്കി വല്ലവിധത്തിലും അയാളെ കൊട്ടാരത്തിൽനിന്നു മാററം ചെയ്യു

വാൻ മനസ്സുകൊണ്ടുറച്ചു. ചെറൊട്ടിയമ്മ പെരുമാളുടെ മുറിയിലില്ലാത്ത സമയമായതുകൊണ്ടു പെരുമാളെ ഒന്നു കണ്ടുകളയാം എന്നു തീച്ച്പ്പെട്ടുത്തി വേഗത്തിൽ അവിടേയ്ക്കു നടന്നു.

തിരുമനസ്സുകൊണ്ട് ഉണൎന്നുകിടക്കുകയാണെങ്കിൽ മുറിയ്ക്കകത്തു പ്രവേശിയ്ക്കേണ്ട എന്നു പടത്തലവൻനായർ തീച്ച്പ്പെട്ടുത്തിയിരുന്നു. ശബ്ദമുണ്ടാക്കാതെ നടന്ന് അറയുടെ വാതില്ക്കലെത്തി മെല്ലെ അകത്തേയ്ക്കു നോക്കി. അവിടെ ആരുമുണ്ടായിരുന്നില്ല. ഉറങ്ങിക്കിടക്കുന്ന പെരുമാളെ കണ്ടിട്ടു പടത്തലവൻനായൎക്കു വല്ലാത്ത മനോവേദനയുണ്ടായി. അദ്ദേഹത്തിൻെറ ദേഹം ക്ഷീണിച്ചും മുഖം വിളറിയുമിരുന്നു. മുഖത്തെ തേജസ്സു ക്ഷയിച്ചിരുന്നുവെങ്കിലും അതപ്പോഴും കണ്ടാൽ ബഹുമാനം തോന്നിയ്ക്കുന്നൊന്നായിരുന്നു. നീണ്ടു വെളുത്ത താടിയും കേശവും മുഖത്തിന്നു സ്വതവേ ഇല്ലാത്ത ഒരു സ്വാത്വികഗുണവും കൊടുത്തിരുന്നു. പടത്തലവൻനായൎക്ക് അദ്ദേഹത്തെ അടുത്തു ചെന്നു കണ്ടാൽക്കൊള്ളാമെന്നും മോഹം തോന്നി. വാതില്ക്കലെത്തിയപ്പോഠം ആരോ നടന്നുവരുന്ന ശബ്ദം കേട്ടു. പെട്ടെന്ന് അവിടെനിന്നു മാറി ഒരിടനാഴിയിൽ ചെന്നുനിന്നു. ആ സമയത്ത് ഒരു വേലക്കാരി അകത്തു പ്രവേശിച്ചു പെരുമാഠംക്കു കഴിയ്ക്കുവാനുള്ള പാലെടുത്തു മറെറാരു പാത്രത്തിലേയ്ക്കൊഴിച്ച് ഒരു കുപ്പിയിൽനിന്ന് എന്തോ ചുകന്ന ഒരു മരുന്നു ചേൎത്തുവെച്ചു മുറിയിൽനിന്നു പുറത്തേയ്ക്കു പോയി. പടത്തലവൻനായർ ഇടനാഴിയിൽനിന്നു വാതില്ക്കലെത്തുന്നതിന്നു മുമ്പായി ആ സ്ത്രീ മറയുകയും ചെയ്തു. പടത്തലവൻനായർ ആ സ്ത്രീയെ മുമ്പു കണ്ടിട്ടില്ല. ഉടുപ്പെല്ലാം മലയാളമട്ടിൽത്തന്നെയായിരുന്നെങ്കിലും എന്തോ ആ സ്ത്രീയുടെ മട്ട് ആകപ്പാടെ തൃപ്തികരമായില്ല.

പടത്തലവൻനായർ അകത്തേയ്ക്കു കടക്കുവാൻതന്നെ തീച്ച്യയാക്കി. അകത്തേയ്ക്കു കടന്നു പാൽ കയ്യിലെടുത്തു. അല്പം കയ്യിലൊഴിച്ചു കുടിച്ചു നോക്കി. സ്വാദിന്ന് ഒരു വ്യത്യാസവും തോന്നിയില്ല. പക്ഷെ പാൽ കഴിച്ചുകഴിഞ്ഞ ഉടനെ ആ മുറിയും അതിലുള്ള വസ്തുക്കളും തിരിയുന്നുണ്ടെന്നു തോന്നി. "ഇതിൽ വിഷം ചേൎത്തിട്ടുണ്ട്. ഈ പാൽ പെരുമാഠംക്കു കൊടുത്തുകൂടാ" എന്നു മനസ്സുകൊണ്ടു തീച്ച്യയാക്കി. പാൽ അടുത്തുള്ള കോളാമ്പിയിൽ ഒഴിയ്ക്കുവാൻ ശ്രമിച്ചു. അയാളുടെ കൈയ്ക്കുകൂടി എന്തോ ഒരു ബലക്ഷയം വന്നതുകൊണ്ടു പാൽ അതിൽ വീഴാതെ നിലത്തു വീണ് ആ

മുറിയിൽ മുഴുവനുമായി. പടത്തലവൻനായൎക്കു ശരിയായി നില്ക്കുവാൻതന്നെ സാധിയ്ക്കാതായി. ആ സമയത്തു ചെറോട്ടിയമ്മയും മുറിയ്ക്കകത്തു പ്രവേശിച്ചു. ചെറോട്ടിയമ്മയ്ക്കു പടത്തലവൻനായരെ കണ്ടിട്ടു് ആശ്ചൎയ്യവും കോപവും വന്നു. "ഇതെന്തു കഥയാണു്! തിരുമനസ്സിലേയ്ക്കു കഴിപ്പാനുള്ള പാൽ എന്താണു് ഈയാറം ചെയ്തതു്?" എന്നു പറഞ്ഞു് അയാളെ നോക്കിക്കൊണ്ടുനിന്നു.

പടത്തലവൻനായർ താൻ കണ്ട സംഗതികളെല്ലാം തുറന്നു പറയുവാൻ ശ്രമിച്ചു. എന്തോ അൎത്ഥമില്ലാത്ത ചില ശബ്ദങ്ങറം പുറപ്പെട്ടതല്ലാതെ യാതൊന്നും വ്യക്തമായില്ല. ചെറോട്ടിയമ്മ പടത്തലവൻനായരുടെ സ്ഥിതി കണ്ടിട്ടു് "ഇയാറംക്കു ഭ്രാന്തോ, അല്ല കുടിച്ചതോ?" എന്നു ഉച്ചത്തിൽ പറഞ്ഞു. അപ്പോഴേയ്ക്കു കൊട്ടാരത്തിലെ ഭടന്മാരും മററും ഓടിവന്നു് അറയുടെ അടുത്തു കൂട്ടംകൂട്ടമായി നിന്നിരുന്നു. ചെറോട്ടിയമ്മ അവരോടു പടത്തലവൻനായരെ പിടിച്ചു കൊട്ടാരത്തിൽനിന്നു പുറത്തേയ്ക്കു കൊണ്ടുപോകുവാൻ പറഞ്ഞു.

ഭടന്മാൎക്കു പടത്തലവൻനായരുടെ സ്ഥിതി കണ്ടിട്ടു വല്ലാത്ത വ്യസനവും ആശ്ചൎയ്യവുമുണ്ടായി. പടത്തലവൻനായരെ പിടിച്ചു പുറത്തുകൊണ്ടുപോകുന്നതിൽ അവൎക്കു വളരെ മടിയുണ്ടായിരുന്നുവെങ്കിലും, ചെറോട്ടിയമ്മയുടെ കല്പന ബ്രഹ്മാവിൻെറ കല്പന പോലെ ലംഘിയ്ക്കുവാൻ വയ്യാത്തതാകകൊണ്ടു് അവർ പടത്തലവൻനായരെ കൊട്ടാരത്തിൽനിന്നു പുറത്തേയ്ക്കു കൊണ്ടുവന്നു. രണ്ടാറംകൂടി വീട്ടിൽ കൊണ്ടുപോയാക്കി.

പടത്തലവൻനായർ മദ്യപാനംചെയ്തു കൊട്ടാരത്തിൽ കയറിച്ചെന്നു പെരുമാറംക്കു കഴിയ്ക്കുവാനുള്ള പാലെടുത്തു നിലത്തൊഴിച്ചുകളഞ്ഞു എന്ന വൎത്തമാനം പട്ടണത്തിൽ മുഴുവനും പരന്നു. കേട്ടവൎക്കെല്ലാം അതു വലിയൊരത്ഭുതമായിട്ടാണു് തോന്നിയതു്. ചിലർ അതു വിശ്വസിച്ചതേയില്ല. വിശ്വസിച്ചവൎക്കു് ആ വൎത്തമാനം ഒരു വലിയ വ്യസനമായിട്ടും പരിണമിച്ചു. "കൊട്ടാരത്തിൽനിന്നു് ആട്ടിപ്പുറത്താക്കിയതിലുള്ള വ്യസനംകൊണ്ടു് അങ്ങിനെ ചെയ്തതായിരിയ്ക്കും" എന്നു പറഞ്ഞു ചിലർ സമാധാനിച്ചു. "എന്നാലും പടത്തലവൻനായർ കുടിച്ചതായി ഇതുവരെ കേട്ടിട്ടേ ഇല്ലല്ലോ" എന്നു മററു ചിലർ. "വലിയ വ്യസനങ്ങറം വന്നാൽ ആളുകറം എന്തും ചെയ്തു

പോകും. അത്രയേ പറവാനുള്ളു" എന്നിങ്ങിനെ വേറേ ചിലരും പറഞ്ഞു.

എന്നാൽ പടത്തലവൻനായരുടെ സ്ഥിതി വല്ലാത്ത കഷ്ട ത്തിലായി. അദ്ദേഹത്തിൻെറ മദ്യപാനത്തിൻെറ ഫലം ഒരു രാത്രികൊണ്ടോ മറേറാ തീരാത്ത ഒന്നായ്ത്തീൎന്നു. പടത്തലവൻ നായക്കു മററുള്ളവർ പറയുന്നതെല്ലാം മനസ്സിലാക്കാൻ സാധി ച്ചിരുന്നുവെങ്കിലും മറുപടി പറവാനോ ആംഗ്യംപോലും കാണി പ്പാനോ കഴിവില്ലാതായി. അദ്ദേഹം വീട്ടിലെത്തിയപ്പോൾ ഒരു വാക്കെങ്കിലും പറയണമെന്നുദ്ദേശിച്ചു കഠിനമായ പ്രയത്നം ചെയ്തുവെങ്കിലും സഫലമാകാതെ കട്ടിലിന്മേൽ ചെന്നു കിടന്നു. അനവധി ആളുകൾ തന്നെ കാണ്മാൻ വന്നുകൊണ്ടിരുന്നു. പക്ഷെ ആരോടും ഒരു വാക്കും പറഞ്ഞില്ല. പിറേറ ദിവസം രാവിലെ കാര്യക്കാർ പരിഭ്രമിച്ചുംകൊണ്ടു് അവിടെ വന്നു പടത്തലവൻനായരുടെ കട്ടിലിൻെറ അടുത്തു ചെന്നിരുന്നു. പട ത്തലവൻനായർ കാര്യക്കാരെ കണ്ടിട്ടു് മുഖത്തു നോക്കിക്കൊണ്ടു കിടന്നു. കാര്യക്കാർ "എന്താണു് ഇങ്ങിനെ വരാൻ കാരണം? വല്ല മരുന്നും കഴിച്ചുവോ?" എന്നു ചോദിച്ചതിന്നു പടത്തലവൻ നായർ കാര്യക്കാരുടെ മുഖത്തു നോക്കി ഒന്നും സംസാരിക്കാതെ കണ്ണുനീർ ഒലിപ്പിച്ചുംകൊണ്ടിരുന്നതേ ഉള്ളു.

കൊട്ടാരവൈദ്യൻ വന്നു് അയാൾക്കു കഴിയുന്നതെല്ലാം ചെയ്തുനോക്കി. മററു വൈദ്യന്മാരേയും വിളിച്ചു. അവരെല്ലാം കൂടി എത്ര ശ്രമിച്ചിട്ടും ഫലമുണ്ടായില്ല.

വൈദ്യരത്നത്തെ വിളിച്ചാലോ എന്നു കാര്യക്കാർ കൊട്ടാര വൈദ്യനോടു ചോദിച്ചു. അപ്പോൾ പടത്തലവൻനായർ വളരെ ബുദ്ധിമുട്ടി എന്തോ ഭയങ്കരമായ ഒരു ശബ്ദം പുറപ്പെടുവിച്ചു. അതു കേട്ടിട്ടു പടത്തലവൻനായക്കു് അതിഷ്ടമില്ലെന്നു മനസ്സി ലാക്കി അതു വേണ്ടെന്നുവെച്ചു. കാര്യക്കാർ വീട്ടിലേക്കു പോകാതെ അവിടെത്തന്നെ ഇരുന്നു. വൈകുന്നേരമായപ്പോൾ കാര്യക്കാർ പടത്തലവൻനായരെ നോക്കി ഇങ്ങിനെ പറഞ്ഞു: "ഇവിടെ ആരുമില്ലാത്ത സ്ഥിതിക്കു് ഇവിടുന്നു് ഇവിടെ താമ സിക്കുന്നതു് അത്ര നന്നല്ല. അതുകൊണ്ടു നമുക്കു വീട്ടിലേക്കു പോകാം. അതിന്നു വല്ല വിരോധവുമുണ്ടോ?" അതിന്നു വിപ രീതമായി യാതൊരടയാളവും കാണിക്കാത്തതുകൊണ്ടു പടത്തല വൻനായരെ കാര്യക്കാരുടെ വീട്ടിലേക്കു കൊണ്ടുപോയി.

ആ രാത്രിതന്നെ വേറേ ഒരു വത്തമാനവും കാര്യക്കാക്ക കിട്ടി. ആ വൎത്തമാനം കാര്യക്കാരെ ഭ്രാന്തുപിടിപ്പിയ്ക്കുമോ എന്നു സംശയിയ്ക്കത്തക്കതായിരുന്നു. പടത്തലവൻനായർ കൊട്ടാരത്തിൽ ചെന്നതിൻെറ പിറേറ ദിവസം രാവിലെ പെരുമാളുടെ തിരുവാഭരണങ്ങളെല്ലാം കളവുപോയതായിക്കണ്ടു. ആയുധപ്പുരയുടെ വാതിൽ പൊളിച്ചു കടന്നു ചുമരു മുറിച്ച് ആഭരണമുറിയിലേയ്ക്കു കടന്നിട്ടാണ് കളവു നടന്നത്. കാര്യക്കാർ ഇതു കേട്ട ഉടനേ കൊട്ടാരത്തിലേക്കോടി. കാര്യക്കാർ അവിടെ ചെല്ലുന്നതിനിടയിൽ, വൈദ്യരത്നസ്വാമികളിൽനിന്നു കിട്ടിയ ചില തെളിവുകളനുസരിച്ചു ചെറോട്ടിയമ്മ കുറേ ആാംക്കാരെ പടത്തലവൻനായരുടെ വീട്ടിൽച്ചെന്നു നോക്കുവാനയച്ചിരുന്നു. അവിടെച്ചെന്നു നോക്കിയതിൽ വീട്ടിൻെറ തൊടിയിൽനിന്നു കളവുപോയ ആഭരണങ്ങളെല്ലാം കണ്ടുകിട്ടി. അന്നു രാത്രിതന്നെ പെരുമാളുടെ കല്പനപ്രകാരം വൎത്തമാനം പറയുവാൻ കഴിയാത്ത പടത്തലവൻനായരെ കാരാഗൃഹത്തിലാക്കി. വിവരങ്ങാം കേട്ടറിഞ്ഞു തങ്കമ്മയും മററം മടങ്ങിവന്നു. പടത്തലവൻനായരെ കണ്ടതു കാരാഗൃഹത്തിൽവെച്ചാണ്.

# പതിനാറാമദ്ധ്യായം

**പ**ടത്തലവൻനായർ കാരാഗൃഹത്തിൽ വസിയ്ക്കുന്ന കാലത്താണ് അറബിയിൽനിന്നു സാധാരണമായി ആണ്ടുതോറും വരാറുള്ള ഒരറബിക്കച്ചവടക്കപ്പൽ തിരുവഞ്ചിക്കുളത്തു വന്നടുത്തത്. അതിൽ വന്നിറങ്ങിയ കച്ചവടക്കാരുടെ കൂട്ടത്തിൽ വേറേ ഒരു കൂട്ടം ആളുകളും ഇസ്ലാംമതപ്രചരണത്തിന്നായി വന്നിറങ്ങി. അവർ പല രാജ്യങ്ങളിലും സഞ്ചരിയ്ക്കണമെന്നുള്ള ഉദ്ദേശത്തോടേ പുറപ്പെട്ടവരാകകൊണ്ടു കുടുംബത്തോടുകൂടിയാണ് യാത്ര ചെയ്തിരുന്നത്. ഈ കൂട്ടത്തിലുള്ള രണ്ടു പ്രധാനന്മാർ തിരുവഞ്ചിക്കുളത്തു മുമ്പു വന്നു പരിചയമുള്ളവരാകയാൽ പെരുമാളെയും പടത്തലവൻനായരെയും കാണ്മാനിറങ്ങി.

ഇറങ്ങിയപ്പോഠം ആ രാജ്യത്തു നടന്ന സംഭവങ്ങഠം കേട്ടറികയാൽ കുടുംബങ്ങളെയൊന്നും കരയ്ക്കിറക്കാതെ പെരുമാളെ മാത്രം ഒന്നു കണ്ടുപോവാൻ തീർച്ചയാക്കി.

പടത്തലവൻനായരെ കാരാഗൃഹത്തിലിട്ട വർത്തമാനംതന്നെ നാട്ടിൽ ബഹളമുണ്ടാക്കിത്തീർത്തിരുന്നു. അതു കേട്ടവരെല്ലാം കഠിനമായി വ്യസനിയ്ക്കുകമാത്രമല്ല, അദ്ദേഹത്തെ കാരാഗൃഹത്തിൽനിന്നു രക്ഷപ്പെടുത്തുവാനുള്ള മാർഗ്ഗത്തെപ്പററി ആലോചിയ്ക്കുകയും ചെയ്തിരുന്നു. പതിനായിരം നായന്മാർ ലഹളയ്ക്കുതന്നെ പുറപ്പെട്ടു. പടത്തലവൻനായരെ കാരാഗൃഹത്തിൽനിന്നു ബലാല്ക്കാരമായി പുറത്തേയ്ക്കു കൊണ്ടുവന്നാലോ എന്നാലോചിച്ചു. പക്ഷേ പെരുമാഠംക്കെതിരായി പ്രവർത്തിയ്ക്കുന്നതു കൊലപാതകത്തിലും നീചമാണെന്ന ഒരു വിചാരം അവരെ ആ ഉദ്യമത്തിൽനിന്നു പിൻവലിപ്പിച്ചു. അക്കാലത്തു രാജാവിനോടു യുദ്ധത്തിന്നു പുറപ്പെടുക എന്ന സംഗതി അവക്കു വിചാരിയ്ക്കുവാൻകൂടി സാധിച്ചിരുന്നില്ല. ഏതെങ്കിലും, വൈദ്യരത്നസ്വാമികളോടു തോന്നിയ നീരസം അവർ പല പ്രകാരത്തിൽ പുറത്തു കാണിച്ചുംകൊണ്ടിരുന്നു.

രാജ്യത്തു ബഹളമുണ്ടാകുവാൻ പോകുന്നുണ്ടെന്നു ചാരന്മാർ

മുഖേന അറിഞ്ഞ വൈദ്യരത്നസ്വാമികഠം അങ്ങിനെയുള്ള കുഴപ്പങ്ങഠം സംഭവിയ്ക്കുന്നതിന്നു മുമ്പുതന്നെ പടത്തലവൻനായരുടെ കഥ കഴിയ്ക്കണമെന്നു തീച്ച്പ്പെടുത്തിയിരുന്നു. പടത്തലവൻനായർ കാരാഗ്രഹത്തിൽനിന്നു പുറത്തു പോയാൽ കാര്യങ്ങളെല്ലാം വെളിപ്പെടുമെന്നും, അയാളുടെകൂടെ രാജ്യക്കാർ ഒന്നായിളകുമെന്നും വൈദ്യരത്നത്തിന്നു ഭയമുണ്ടായി. അങ്ങിനെ സംഭവിച്ചാൽ രങ്കരായർ വിചാരിച്ച കാര്യങ്ങഠംക്കെല്ലാം തടസ്ഥമുണ്ടാവുമെന്നും അയാഠം മനസ്സിലാക്കി. പടത്തലവൻനായരെ പെരുമാളുടെ കല്പനപ്രകാരം കൊലപ്പെടുത്തിയാൽ പതിനായിരം നായന്മാർതന്നെ പെരുമാളുടെ ഭാഗത്തുനിന്നു വിട്ടുപിരിയുമെന്നും, അതുപ്രകാരം കേരളം എളുപ്പത്തിൽ പാണ്ഡ്യരാജാവിന്നു കീഴടക്കാമെന്നും രങ്കരായർ അയാളെ പറഞ്ഞുമനസ്സിലാക്കിയിരുന്നു. അതുകൊണ്ടു പടത്തലവൻനായരെ കഴിയുന്നവേഗത്തിൽ തൂക്കിലിടണമെന്നു തീച്ച്പ്പെടുത്തി അതിന്നു സമ്മതംനേടുവാനായി പെരുമാളുടെ കൊട്ടാരത്തിലേയ്ക്കു പോയി.

വൈദ്യരത്നസ്വാമികഠം ചെന്നപ്പോഠം പെരുമാഠം പുതുമതക്കാരായ അറബികളുമായി സംസാരിച്ചുകൊണ്ടിരിയ്ക്കയായിരുന്നു. വൈദ്യരത്നത്തിന്ന് അതു കണ്ടിട്ടു തീരേ രസിച്ചില്ല. കടന്നുചെന്ന ഉടനേ വൈദ്യരത്നം പെരുമാളെനോക്കി "ഇങ്ങിനെ സംസാരിയ്ക്കുന്നത് ഇവിടുത്തേയ്ക്കു വളരെ ചീത്തയാണ്. അതുകൊണ്ടു ക്ഷണത്തിൽ സംഭാഷണംനിൎത്തി ഇവരോടു പോകുവാൻ പറയണം" എന്നു പെരുമാളോടു കല്പിയ്ക്കുന്ന പ്രകാരത്തിൽ പറഞ്ഞു.

ഈ ധിക്കാരമായ വാക്കു കേട്ടിട്ട് അറബികഠം അവരുടെ വലിയ കണ്ണുകഠം നല്ലവണ്ണം തുറന്നു വൈദ്യരത്നത്തെ ഒന്നു നോക്കി.

"സംസാരിയ്ക്കുന്നതു ഞാനല്ലല്ലോ. ഇവർ സംസാരിയ്ക്കുന്നതു ഞാൻ കേഠംക്കുകമാത്രമല്ലേ ചെയ്യുന്നുള്ളു" എന്നു പെരുമാഠം വൈദ്യരത്നത്തെ നോക്കി സമാധാനം പറഞ്ഞു.

വൈദ്യരത്നം "കേഠംക്കുന്നതുതന്നെ ഇവിടുത്തേയ്ക്കു ശക്തിക്ഷയമാണ്. സുഖക്കേടു വദ്ധിച്ചാൽ ഇവർ ചികിത്സിച്ചു മാററുമോ?" എന്നു പറഞ്ഞു പുച്ഛരസം തുളുമ്പുന്ന ഒരു പുഞ്ചിരിയോടുകൂടി അറബികളുടെ മുഖത്തു നോക്കി.

ഇതു കേട്ടിട്ട് അതിൽ ഒരറബി എഴുന്നേററുനിന്നു വൈദ്യരത്നത്തിൻെറ മുഖത്തുനോക്കി, "നിങ്ങാം എന്തു പറഞ്ഞു, ചികിത്സിച്ചു മാററുവാൻ സാധിയ്ക്കുമോ എന്നോ! അല്ലാവിൻെറ കൃപകൊണ്ടു നിങ്ങളെക്കൊണ്ടു മാററുവാൻ സാധിയ്ക്കാത്ത സുഖക്കേടുകാം ഞാൻ മാററും. നിങ്ങാം ഈ മഹാരാജാവിന്നു സുഖക്കേടു ഭേദമാക്കുവാനല്ല മരുന്നു കൊടുക്കുന്നത്, ഇവിടുത്തെ ബുദ്ധി മന്ദിയ്ക്കുവാനും ശരീരം ക്ഷയിയ്ക്കുവാനുംകൂടിയാണ് എന്നു ഞാൻ പറയുന്നു. നിങ്ങാംക്ക് എൻെറ മരുന്നിൻെറ ശക്തി കാണണമോ?" എന്നു പറഞ്ഞു. അനന്തരം തൻെറ വലിയ ഉടുപ്പിൻെറ ഉള്ളിൽ നിന്ന് ഒരു വെള്ളിക്കുഴലെടുത്ത് അതിൻെറ മൂടിയൂരി ചില ഗുളികകാം പുറത്തെടുത്തു പെരുമാളുടെ മുഖത്തുനോക്കി ഇങ്ങിനെ പറഞ്ഞു: "ഈ ഗുളികകാം സേവിച്ചാൽ പെരുമാാംക്ക് ഒരു മണിക്കൂറിനകം ഇപ്പോഴുള്ള സുഖക്കേടു ഭേദമാവും. പോയ്പോയ ശക്തി തിരിച്ചുവരും. ഇയാാം പെരുമാാംക്കു തന്നിട്ടുള്ള വിഷത്തിൻെറ ശക്തി ക്ഷയിയ്ക്കും. മഹാരാജാവേ, ഈ മരുന്നു കഴിയ്ക്കുന്നുവോ?"

പെരുമാാം അപ്പോാം വൈദ്യരത്നത്തിൻെറ മുഖത്തു നോക്കി. വൈദ്യരത്നത്തിൻെറ മുഖം അപ്പോാം വല്ലാതെ വിളറിയിരുന്നു. പെരുമാാം തൻെറ മുഖത്തു നോക്കിയത് "അതു കഴിയ്ക്കട്ടെ?" എന്നൎത്ഥത്തിലാണെന്നു മനസ്സിലാക്കി അയാാം ഇങ്ങിനെ പറഞ്ഞു: "ഇതു പെരുമാാം കഴിച്ചാൽ ഒരു മണിക്കൂറിനുള്ളിൽ സുഖമാവും. പക്ഷേ ഉടനേ പെരുമാളെ മററാളുകാം എടുത്ത് ഈ മുറിയിൽനിന്നു പുറത്തേയ്ക്കു കൊണ്ടുപോകേണ്ടിയുംവരും."

ഇതു കേട്ടിട്ട് അറബി ആ ഗുളിക സ്വന്തം വായിലിട്ടു ചവച്ചിറക്കിയതിൻെറശേഷം പെരുമാളോട് "ഈ ഇവൻ മഹാ—മഹാ—കള്ളൻ, ചതിയൻ, വഞ്ചകൻ. മഹാരാജാവേ, ഇവനെ ആട്ടിപ്പുറത്താക്കണം. അല്ലെങ്കിൽ ഈ ഇവൻ മഹാരാജാവിനെ കൊല്ലും" എന്നു വളരെ ഗംഭീര സ്വരത്തിൽ അലറി.

വൈദ്യരത്നം ഇതു കേട്ടു കോപമടക്കുവാൻ കഴിയാതെ അരയിൽനിന്ന് ഒരു കാാരി വലിച്ചെടുത്ത് അറബിയുടെനേരെ പാഞ്ഞു. അപ്പോാം അറബിയുടെ മുഖം ചെമ്പരത്തിപ്പൂവിൻെറ നിറമായി. കറുത്ത വട്ടക്കണ്ണുകളിൽനിന്നു തീ പാറന്നു. അയാാം ഇടത്തേ കൈകൊണ്ടു വൈദ്യരത്നത്തിൻെറ കാാരിയുള്ള കൈ പിടിച്ച് ഒരു തിരിതിരിച്ചു കാാരിയെ നിലത്തുവീഴ്ത്തിയതിന്നു

ശേഷം ഇങ്ങിനെ പറഞ്ഞു: "താൻ വൈദ്യരത്നമാണെന്നു പറഞ്ഞ് ഈ മഹാരാജാവിനെ കബളിപ്പിയ്ക്കുന്നുണ്ട്. തന്നെ ഈ നിമിഷത്തിൽ ഈ കൈകൊണ്ടു പരലോകത്തേയ്ക്കയയ്ക്കുവാൻ സാധിയ്ക്കും. എന്നാൽ എല്ലാ കാര്യവും നടക്കുന്നതു പടച്ചവൻെറ കല്പനപ്രകാരമാണ്. അതുകൊണ്ട് അതിപ്പോൾ ഞാൻ ചെയ്യുന്നില്ല. ഞാൻ ചെയ്താൽ ഈ മഹാരാജാവിനേയും പടച്ചവനേയും അപമാനിയ്ക്കലായിരിയ്ക്കും." പിന്നെ പെരുമാളെ നോക്കി "ഈ മനുഷ്യൻ ഇവിടെയുള്ള കാലത്തോളം മഹാരാജാവിന്നു സ്വബുദ്ധിയുണ്ടാവില്ല. ഈയാൾ പോയാൽ പിന്നെ നമുക്കു കാണാം. നമ്മെ കാണണമെന്നു പെരുമാൾക്കു തോന്നിയെങ്കിൽ അപ്പോൾ ആളെ അയച്ചാൽ മതി." എന്നും പറഞ്ഞ്, ഈ സംഭവമെല്ലാം നടന്നിട്ടും മുഖത്ത് ഒരു വികാരഭേദവും കാണിയ്ക്കാതെ അനങ്ങാതിരിയ്ക്കുന്ന കൂട്ടുകാരനെയുംകൂട്ടി പതുക്കെ നടന്നു കൊട്ടാരത്തിൽനിന്നു പുറത്തേയ്ക്കു പോയി. വൈദ്യരത്നമോ അയാളുടെ ഭടന്മാരോ ആരും അവരുടെ പോക്കിനെ തടസ്ഥപ്പെടുത്തിയില്ല.

അറബി പോയിക്കഴിഞ്ഞിട്ടും വൈദ്യരത്നസ്വാമികൾ കുറേ നേരത്തിന്നു സംസാരിച്ചില്ല. പെരുമാളും അതേപ്രകാരത്തിൽ ഒന്നും സംസാരിയ്ക്കാതെ കിടന്നു. അദ്ദേഹം അറബി പറഞ്ഞ വാക്കുകളെപ്പററി ആലോചിയ്ക്കയായിരുന്നു. വൈദ്യരത്നസ്വാമികൾ താൻ അല്പം വിഡ്ഢിയായി എന്നു മനസ്സിലാക്കി പെരുമാളോട് എങ്ങിനെയാണ് സംസാരം തുടങ്ങേണ്ടതെന്നാലോചിച്ചുംകൊണ്ടിരുന്നു.

പെട്ടന്നു ചെറോട്ടിയമ്മ അകത്തേയ്ക്കു കടന്നു വന്നു "വർത്തമാനം കേട്ടില്ലേ? പടത്തലവൻനായരെ തടവിലാക്കിയതുകൊണ്ടു രാജ്യമൊട്ടാകെ ഇളകിയിരിയ്ക്കുന്നുവത്രേ. പതിനായിരപ്പട നമ്മെ ആക്രമിയ്ക്കുവാൻതന്നെ ഒരുങ്ങിയിരിയ്ക്കുന്നു എന്നാണ് വർത്തമാനം.

വൈദ്യ—ഞാൻ അതിനെപ്പററിത്തന്നെ പറയുവാനാണ് വന്നത്. അയാളെ തടവിൽ വെച്ചിരിയ്ക്കുന്ന കാലത്തോളം ബഹളം വർദ്ധിച്ചുകൊണ്ടിരിയ്ക്കും. അതുകൊണ്ട് അയാളെ കഴിയുന്ന ക്ഷണത്തിൽ ഇല്ലാതാക്കണം.

പെരു—സ്വാമികൾ, എനിയ്ക്കതു ചെയ്യുവാൻ മനസ്സു വരുന്നില്ലല്ലോ. അയാൾ ഈ രാജ്യത്തിലെ ഒന്നാമത്തെ ആളാണ്.

എന്നോടു വളരെ സ്നേഹമാണെന്നും എനിയ്ക്കു തോന്നുന്നു. അ യാറാം കുററക്കാരനായിരിയ്ക്കില്ലെന്ന് എൻെറ മനസ്സു പറയുന്നു. അങ്ങിനെയുള്ള ഒരാളെ ഞാൻ എങ്ങിനെയാണ് തൂക്കിലിടുവാൻ കല്പന കൊടുക്കുന്നത്?

വൈദ്യർ "ഇനി നമ്മെക്കൊണ്ട് ഇവിടെ ആവശ്യമില്ല. പൂണ്ണ വിശ്വാസമില്ലാത്ത ഒരു വൈദ്യൻ ഒരു കാലത്തും ഒരു രോഗി യെയും ചികിത്സിച്ചുകൂടാ. കുറച്ചുമുമ്പ് ഇവിടെനിന്നു പോയ ഹക്കീമിനെ വിളിപ്പിയ്ക്കാം." എന്നു പറഞ്ഞു പുറത്തേയ്ക്കു പുറ പ്പെട്ടു.

പെരു—നില്ല, പോവണ്ട. അയാളെ നാടുകടത്തിയാൽ പോരേ?

വൈദ്യ—നാടുകടത്തിയാൽ പിന്നെയും തിരിച്ചുവരാം. ജനങ്ങറാം അധികം ക്ഷോഭിയ്ക്കും. രാജ്യത്തിൽ ലഹള ഇരട്ടിയ്ക്കും. അതുമാത്രമേ അതിന്നു ഫലമുണ്ടാവൂ.

പെരു—എന്താണ് ചെറോട്ടി പറയുന്നത്?

ചെറോ—അടിയനെന്താണ് ഉണത്തിയ്ക്കേണ്ടത്? അയാറാം ധിക്കാരിയാണ്. അയാറാം ഇവിടെ വന്നു പ്രവത്തിച്ചതും വലിയ ധിക്കാരംതന്നെ. പെരുമാറാംക്കെതിരായി വേണാട്ടര അരചൻെറ ഭാഗംനിന്നു പെരുമാറാംപ്പട്ടവും മോഷ്ടിച്ചു. ഇതെല്ലാമാലോചിയ്ക്കു മ്പോറാം വൈദ്യരത്നം പറയുന്നതിലാണ് വാസ്തവമെന്നു തോന്നു ന്നു. പക്ഷെ ആ തങ്കമ്മയെ ആലോചിയ്ക്കുമ്പോറാം വേണ്ടെന്നും തോന്നുന്നു. ഇനിയെല്ലാം ഇവിടുന്നു തീച്ച്പ്പെടുത്തുംപോലെ.

വൈദ്യ—ചെറോട്ടിയമ്മയുടെ അഭിപ്രായവും നമ്മുടേതി നോടു യോജിച്ചിട്ടാണ്. അതുകൊണ്ട് അതിന്നു വേണ്ട കല്പന ഉടനേ തരണം.

പെരു—എന്നാൽ അങ്ങിനെയാവട്ടെ. ആ നാരായക്കാ രനെ ഒന്നു വിളയ്ക്കൂ.

വൈദ്യരത്നം ഉടനേ ഭടനെ അയച്ചു നാരായക്കാരനെ വിളി ച്ചുകൊണ്ടുവന്നു. പെരുമാറാം പറഞ്ഞപ്രകാരം നാരായക്കാരൻ ഓലയിൽ എഴുതി:—"നമ്മുടെ പടത്തലവൻനായർ നമ്മോടു പ്രവത്തിച്ച ധിക്കാരങ്ങറാം പൊറുത്തിട്ടും നമ്മെ ചതിയ്ക്കണമെന്നു കരുതി നമ്മുടെ പെരുമാറാംപ്പട്ടവും മററുരുപ്പടികളും അപഹരിച്ചു

തിന്നു് ഈ നാട്ടിലെ നടപടിപ്രകാരം പടത്തലവൻനായരായ താൻ അനുഭവിക്കേണ്ടതാണെന്നു നാം തീച്ചപ്പെടുത്തിയിരിക്കുന്നു. ഈ ശിക്ഷ നമ്മുടെ വൈദ്യരും ഇപ്പോഴത്തെ കാര്യക്കാരുമായ വൈദ്യരത്നസ്വാമികറം നടത്തിക്കേണ്ടതാണു്. എന്നു കേരള സാമ്രാജ്യത്തിൻെറ ഉടയവർ പള്ളിബാണപ്പെരുമാറം എന്ന ചേരമാൻപെരുമാറം.''

നാരായക്കാരൻ എഴുതിക്കഴിഞ്ഞതിൻെറശേഷം പെരുമാറം നാരായം വാങ്ങി വിറച്ചുംകൊണ്ടു് ഒപ്പുവെച്ചു്, ആ ഓലക്കഷ്ണം വൈദ്യരത്നത്തിൻെറ കയ്യിൽ കൊടുത്തു.

ഇതു കൊട്ടാരത്തിൽ നടക്കുമ്പോറം പടത്തലവൻനായരുടെ കാരാഗൃഹത്തിൽ വേറൊരു സംഭവം നടന്നിരുന്നു.

അറബികറം കൊട്ടാരത്തിൽനിന്നു പുറത്തു പോന്നതിൻെറ ശേഷം സ്വന്തം പാളയത്തിലേക്കു പോകാതെ നേരെ പടത്തലവൻനായരുടെ കാരാഗൃഹത്തിലേക്കു പോയി. അല്പം ബുദ്ധിമുട്ടിയെങ്കിലും, കാര്യക്കാരുടേയും മററും സഹായ്യംകൊണ്ടു പ്രവേശനം ലഭിച്ചു.

അവർ ചെന്നപ്പോറം പടത്തലവൻനായർ നിലത്തു് ഒരു കിടക്കയിൽ കിടക്കുകയായിരുന്നു. അടുത്തു തങ്കമ്മയും ഇരുന്നിരുന്നു. തങ്കമ്മയുടെ മുഖത്തു ശരിയായി വെളിപ്പെടുന്ന വ്യസനവും പടത്തലവൻനായരുടെ മഹാകഷ്ടസ്ഥിതിയും കണ്ടപ്പോറം ഈ വന്ന അറബികളുടെ കണ്ണിൽനിന്നു് അശ്രുക്കറം വീണു.

അവരെ ചെന്നു ബുദ്ധിമുട്ടിക്കണോ, അതല്ല തിരിച്ചുപോകയോ എന്നാലോചിച്ചു് അവർ അവിടെ കുറച്ചുനേരം നിന്നു.

തങ്കമ്മ ഇവരെ കണ്ടപ്പോറം ഇരുന്നേടത്തുനിന്നു് എഴുന്നേററു രണ്ടാംമുണ്ടുകൊണ്ടു കണ്ണു തുടച്ചു് ഒന്നും സംസാരിക്കാതെ നിന്നു.

ഇതു കണ്ടു കൂട്ടത്തിലുള്ള ഹക്കിം മുന്നോട്ടു് ഒരടി വെച്ചു് "അമ്മാ, ഞങ്ങറം അങ്ങോട്ടു വരട്ടെ?'' എന്നു ചോദിച്ചു.

തങ്കമ്മ—സംസാരിക്കുവാൻകൂടി വയ്യാത്ത അമ്മാമനെ കാണണമെന്നു തോന്നുന്നുണ്ടെങ്കിൽ വരാം. പക്ഷെ അദ്ദേഹത്തോടു് ഒന്നും സംസാരിക്കേണ്ട. സംസാരിച്ചാൽ അമ്മാമൻ മറുപടി പറയുവാൻ ശ്രമിക്കും, ആ ശ്രമംകൊണ്ടു വല്ലാത്ത ശബ്ദങ്ങറം പുറപ്പെടുകയല്ലാതെ വേറൊരു ഫലവുമുണ്ടാവില്ല.

ഹക്കിം—അമ്മാ, എല്ലാ കാര്യവും പടച്ചവൻെറ കയ്യിലാണ്. പടച്ചവൻെറ കൃപകൊണ്ടു ഞാൻ ചില വലിയ സുഖക്കേടുകാ ഭേദമാക്കീട്ടുണ്ട്. ഞങ്ങാ ഒന്നു വന്നു നോക്കട്ടെ?

"എനിയ്ക്കു വിരോധമൊന്നുമില്ല" എന്നു പറഞ്ഞു തങ്കമ്മ ഒരു പായയെടുത്തു പടത്തലവൻനായരുടെ കിടയ്ക്കയുടെ അടുത്ത് ഇട്ടുകൊടുത്തു ചുമരിൻെറ അടുത്തു പോയി നിന്നു.

ഇവർ വന്നപ്പോഠ പടത്തലവൻനായർ കണ്ണടച്ചു കിടക്കുകയായിരുന്നു. അറബികാ അടുത്തു വന്ന ശബ്ദം കേട്ടിട്ടു കണ്ണു തുറന്നു വന്നവരെ ഒന്നു സൂക്ഷിച്ചു നോക്കി. അതിൽ ഒരാളെ മനസ്സിലായി എന്നു മുഖത്തുണ്ടായ സ്തോഭംകൊണ്ട് അറബികാ മനസ്സിലാക്കി. പടത്തലവൻനായർ സംസാരിയ്ക്കുവാൻ ശ്രമിച്ചു. അത് എന്തോ ചില വെറും ശബ്ദങ്ങളായി പുറപ്പെട്ടു.

ഹക്കീം—അടുത്തു ചെന്നു പടത്തലവൻനായരെ സൂക്ഷിച്ചു നോക്കി ഇങ്ങിനെ പറഞ്ഞു: "ഞാൻ നിങ്ങളെ മുമ്പറിയില്ല. ഇദ്ദേഹം നിങ്ങളുമായി നല്ല പരിചയമുണ്ട്. നിങ്ങളെപ്പററി എനിയ്ക്കു നല്ലവണ്ണം കേട്ടറിവുണ്ട്. നിങ്ങാ കഴിഞ്ഞ കാലങ്ങളിൽ ഞങ്ങളുടെ രാജ്യക്കാക്കു ചെയ്ത ഉപകാരങ്ങളും, പടത്തലവൻെറ നിലയിൽ നിങ്ങാക്കുള്ള യോഗ്യതകളും ഈയാളും മററുള്ളവരും പറഞ്ഞു ഞാൻ അറിഞ്ഞിട്ടുണ്ട്. ഞാൻ എൻെറ രാജ്യത്ത് ഒരു ഷേക്കാണ്. ഞാനൊരു വൈദ്യനമാണ്. പക്ഷെ പണത്തിന്നുവേണ്ടി ചികിത്സിയ്ക്കുന്ന വൈദ്യനല്ല. പടച്ചവൻ എൻെറ മനസ്സിൽ ചികിത്സിയ്ക്കണമെന്നു തോന്നിയ്ക്കുന്നവക്കേ ഞാൻ മരുന്നു കൊടുക്കൂ. നിങ്ങാക്കു എന്നിൽ വിശ്വാസമുണ്ടെങ്കിൽ ഞാൻ മരുന്നു തരാം. പടച്ചവൻെറ കൃപയുണ്ടെങ്കിൽ എൻെറ മരുന്നിന്നു ഫലമുണ്ടാകും. നിങ്ങാക്കു സംസാരിയ്ക്കാറാകും. സമ്മതമാണെങ്കിൽ കണ്ണടയ്ക്കണം." പടത്തലവൻനായർ ഉടനെ കണ്ണടച്ചു തുറന്നു. ഹക്കീമിന്ന് അതു കണ്ടു വളരെ സന്തോഷമായി. "നിങ്ങാ യോഗ്യനാണെന്ന് എനിയ്ക്കിപ്പോഠ ബോധപ്പെട്ടു" എന്നു പറഞ്ഞു മരുന്നുകുഴലെടുത്തു ദൂരേ നില്ക്കുന്ന തങ്കമ്മയുടെ മുഖത്തേയ്ക്കു നോക്കി. "ഞാൻ മരുന്നുകൊടുക്കുന്നതിൽ അമ്മയ്ക്കു വിരോധമുണ്ടോ?"

"അമ്മാമനു നിങ്ങളിൽ വിശ്വാസമുണ്ടെങ്കിൽ എനിയ്ക്കുമുണ്ട്. അമ്മാമൻ ഒരു വാക്കെങ്കിലും സംസാരിയ്ക്കുന്നതു കേട്ടാൽ

ക്കൊള്ളാമെന്നു മോഹിച്ചുംകൊണ്ടാണ് ഞാൻ ഇവിടെ ഇരിയ്ക്കു ന്നത്'' എന്നു തങ്കമ്മ കണ്ണിൽനിന്നു അശ്രുകണങ്ങൾ തൂകി ക്കൊണ്ടു പറഞ്ഞു.

ഹക്കീം ''നിങ്ങൾ പടത്തലവൻനായർക്കു ചേൎന്ന മരുമകൾ തന്നെ. നിങ്ങളെ പടച്ചവൻ കാക്കും'' എന്നു പറഞ്ഞു കുഴൽ തുറന്നു പച്ചനിറത്തിലുള്ള ഒരു ഗുളികയെടുത്തു കയ്യിലിട്ടു തിരുമ്മി പ്പൊടിച്ചു പടത്തലവൻനായരുടെ വായിലിട്ടു.

ഒരരനാഴിക നേരത്തേയ്ക്കു് ആരും സംസാരിയ്ക്കാതെ എന്താ ണ് വരാൻ പോകുന്നതെന്നു നോക്കിക്കൊണ്ടു നിന്നു. തങ്കമ്മ വലിയ ഒരാശയോടെ പടത്തലവൻനായരുടെ മുഖത്തുതന്നെ നോക്കിക്കൊണ്ടു നിന്നു. കുറച്ചു കഴിഞ്ഞപ്പോൾ തങ്കമ്മ മനസ്സി ലുള്ള സ്തോഭം സഹിയ്ക്കാൻ കഴിയാതെ താനറിയാതെ അവിടെ ഇരുന്നുപോയി. ''അയ്യോ—അമ്മാമൻ സംസാരിയ്ക്കുമോ? മരു ന്നിന്നു ഫലമുണ്ടാകുമോ? ദൈവമേ! ഫലമുണ്ടായി വരണേ. ഒരു വാക്കെങ്കിലും പറയുവാൻ സാധിപ്പിയ്ക്കണേ!'' എന്നെല്ലാം മനസ്സുകൊണ്ടു പറഞ്ഞുകൊണ്ടിരിയ്ക്കുന്നതിന്നിടയിൽ ''ഹക്കീം'' എന്നു പടത്തലവൻനായർ ഒരു വലിയ ശബ്ദത്തിൽ പറഞ്ഞു.

ഇതു കേട്ടിട്ടു ഹക്കീംകൂടി സന്തോഷംകൊണ്ടു മതിമറന്നു പോയി. തങ്കമ്മ ഓടിവന്നു പടത്തലവൻനായരുടെ കിടയ്ക്ക യിൽ വീണു കരഞ്ഞു പോയി.

പടത്തലവൻനായർ തങ്കമ്മയെ ഒരു കൈകൊണ്ടു തലോ ടിക്കൊണ്ടു ഹക്കീമിനോടു പറഞ്ഞു: ''ഇനി എനിക്ക് ഇപ്പോൾത്തന്നെ മരിച്ചാൽക്കൂടി വിരോധമില്ല. നിങ്ങളാണ് യഥാൎത്ഥവൈദ്യരത്നം. പക്ഷെ എൻെറ ഇപ്പോഴത്തെ സ്ഥിതിയ്ക്കു നിങ്ങളെ വേണ്ടവിധം ആദരിയ്ക്കുകപോലും എനിയ്ക്കു സാധ്യ മല്ല. ഏതെങ്കിലും, നിങ്ങൾക്കും നിങ്ങളുടെ ആൾക്കാൎക്കും ഞാനും എൻെറ ബന്ധുക്കളും സ്നേഹിതരും എന്നും കടപ്പെട്ടവരു മായിരിയ്ക്കും.''

അപ്പോൾ ഹക്കീമിൻെറ മുഖം ആനന്ദംകൊണ്ടു വികസി ച്ചിരുന്നു. അയാൾ കുറച്ചു കഴിഞ്ഞു പടത്തലവൻനായരോട് ഇങ്ങിനെ പറഞ്ഞു: ''പടത്തലവൻനായർ! നിങ്ങളും നിങ്ങ ളുടെ ഈ മരുമകളും ഞാൻ ആശിച്ചിരുന്നതിലുമധികം ബഹുമാനം എനിയ്ക്കു തന്നിരിയ്ക്കുന്നു. ഈ കുട്ടിയുടെ മുഖത്തു പ്രകാശിച്ചുകണ്ട

പരമസന്തോഷം മരണക്കിടക്കയിൽ കിടക്കുന്ന സമയത്തുകൂടി എനിയ്ക്കു സന്തോഷം തരും. എനിയ്ക്കു തൃപ്തിയായി. ഇനി ഞാൻ നിങ്ങളോട് അല്പം കാര്യമായി സംസാരിയ്ക്കാനാണ് വന്നത്. അതിന്നുമുമ്പ് ഈ ഗുളികകറം ഞാൻ നിങ്ങളുടെ മരുമക്കളെ സമ്മാനിയ്ക്കാൻ പോകുന്നു" എന്നു പറഞ്ഞ് ആ ഗുളികകറം ഒരു ചെറിയ കുപ്പിയിലാക്കി തങ്കമ്മയുടെ കയ്യിൽ കൊടുത്തു. "ഈ ഗുളികകറം മഹാവിഷത്തെ നീക്കും. പെരുമാറംക്കുള്ള സുഖക്കേടു മുഴുവനും ഇതിലെ ഒരു ഗുളിക മാററും. പക്ഷെ അദ്ദേഹത്തിന്നു നമ്മെ വിശ്വാസമില്ല. മേലാൽ വല്ല കാലത്തും ആവശ്യം വന്നാൽ ഉപയോഗിയ്ക്കുയും ചെയ്യാം. ഇതു കഴിച്ചതു കൊണ്ട് ആക്കും ഒരപകടവും വരില്ല. ഇനി പടത്തലവൻ നായരോടു പറവാനുള്ളത്—"

പട—ഞാൻ ഇപ്പോറം പടത്തലവൻനായരല്ല.

ഹക്കീം—ഞങ്ങറംക്ക് എന്നും നിങ്ങറം പടത്തലവൻ നായർതന്നെയാണ്. ഞങ്ങറം പെരുമാളെ കാണുവാൻ പോയി. ഞങ്ങളുടെ പുതിയ മതത്തെപ്പററി സംസാരിച്ചുകൊണ്ടിരിയ്ക്കുമ്പോറം ഒരു മഹാഘാതകൻ വന്നു നമ്മെ അപമാനിച്ചു. പക്ഷെ നാം അവനെ അവൻെറ നിലയ്ക്കുതന്നെ ആക്കിവെച്ചു. കഷ്ടം, മഹാരാജാവ് അവൻെറ അടിമയായിപ്പോയിരിയ്ക്കുന്നു. അതു കൊണ്ടു നിങ്ങറം ഭയപ്പെടണം. നിങ്ങളെ അവൻ വെറുതെയിരിയ്ക്കുവാൻ സമ്മതിയ്ക്കില്ല. നിങ്ങറം ഞങ്ങളുടെകൂടെ വരണം. നിങ്ങറംക്ക് അവിടെ സകലയോഗ്യതകളും നാം തരും.

പട—ഹക്കീം, നിങ്ങറം എനിയ്ക്കു ചെയ്ത ഉപകാരത്തെ ആലോചിയ്ക്കുമ്പോറം ഞാൻ നിങ്ങളുടെകൂടെ വരേണ്ടതാണെന്നു തോന്നുന്നുണ്ട്. പക്ഷെ നിങ്ങറം ഒന്നാലോചിയ്ക്കണം. ഞാൻ പെരുമാളുടെ കീഴിലുള്ള ഒരു ഉദ്യോഗസ്ഥനായിരുന്നു. അദ്ദേഹത്തിൻെറ ഒരു പ്രജയുമാണ്. ഞാൻ കുററം ചെയ്തു എന്നു വെച്ചാണ് എന്നെ ഇതിന്നകത്താക്കിയിരിയ്ക്കുന്നത്. പെരുമാറംക്കു കഴിയ്ക്കുവാൻ വെച്ച പാലിൽ ഒരു സ്ത്രീ എന്തോ ഒഴിയ്ക്കുന്നതു കണ്ട് അതെന്താണെന്നറിവാൻ ഞാൻ അല്പം കഴിച്ചുനോക്കി. പെട്ടെന്ന് എൻെറ ശക്തി ക്ഷയിച്ചു. സംസാരിയ്ക്കുവാൻ വയ്യാതായി.

ഹക്കീം—ശരി. അതു പാലിൽ ഇളകിച്ചേരുന്നതിന്നുമുമ്പേ നിങ്ങറം കഴിച്ചു. ഒഴിച്ചതു മുഴുവൻ നിങ്ങളുടെ അകത്തായി.

പട—അങ്ങിനെയായിരിയ്ക്കണം. ഏതെങ്കിലും, ഞാൻ പെരുമാറ്റംക്കെതിരായി പല കുററങ്ങളും പ്രവൎത്തിച്ചു എന്നു പറയുന്നു. ഞാൻ നിങ്ങളുടെകൂടെ വന്നാൽ, അതു ശരിയാണെന്ന് എല്ലാവരും വിചാരിയ്ക്കില്ലേ. ഞാൻ അപരാധിയാണെന്നു തിരുമനസ്സുകൊണ്ടും ബാക്കിയെല്ലാവരും വിശ്വസിയ്ക്കും. രണ്ടു ദിവസത്തിനകം ഞാൻ പെരുമാളെ വിവരമറിയിയ്ക്കും.

ഹക്കിം—നിങ്ങളെ അവൻ കൊല്ലിയ്ക്കും. പെരുമാറ്റം അവൻ പറഞ്ഞതപോലെ കേറ്റംക്കും.

പട—ഹക്കീം, ഞാൻ നിങ്ങറ്റം പറഞ്ഞതിന്ന് എതിരു പറയുകയാണെന്നു വിചാരിയ്ക്കരുത്. എനിയ്ക്കു് ഇങ്ങിനെ മരിയ്ക്കാനാണ് യോഗമെങ്കിൽ, ഞാൻ നിങ്ങളുടെകൂടെ വന്നതുകൊണ്ട് ആ യോഗം പോയ്യോവില്ല. നമുക്കാക്കെങ്കിലും മരണത്തിൽനിന്ന് ഒളിയ്ക്കുവാൻ സാധിയ്ക്കുമോ ഹക്കീം? ഈശ്വരൻ സൎവ്വശക്തനാണ്. പിന്നെ പെരുമാറ്റം തിരുമനസ്സുകൊണ്ടു കല്പിച്ചുതരുന്നത് എല്ലാം അനുഭവിയ്ക്കുവാനും ഞാൻ പ്രാപ്തനായിരിയ്ക്കണം. ഞാൻ പടത്തലവൻനായരായിട്ടു വളരെക്കാലം ഇരുന്നു. ഞാൻ മരണത്തെ ഭയപ്പെട്ട് ഓടിയാൽപ്പിന്നെ എന്നെ എന്തിന്നു കൊള്ളാം? നിങ്ങറ്റംക്കുതന്നെ എന്നോടുള്ള ബഹുമാനം പോയ്യോകും.

ഹക്കീം—"പടത്തലവൻനായർ, നിങ്ങറ്റം മഹാനാണ്. നിങ്ങറ്റം പറഞ്ഞതെല്ലാം ശരി. ഞാൻ പറഞ്ഞതെല്ലാം പിൻവലിച്ചിരിയ്ക്കുന്നു. നിങ്ങറ്റം വളരെക്കാലം ജീവിച്ചിരിയ്ക്കട്ടെ എന്നു ഞാൻ പടച്ചവനോടു പ്രാൎത്ഥിയ്ക്കും. ഞങ്ങറ്റം ഇപ്പോറ്റം തന്നെ ലങ്കയിലേയ്ക്കു പോകയാണ്. അവിടെനിന്നു തിരിച്ചു പോകുന്ന വഴി ഇവിടെ ഇറങ്ങും. യോഗമുണ്ടെങ്കിൽ നമുക്കന്നു കാണാം. ഇപ്പോറ്റം പോകുവാൻ അനുവാദം തരണം." പടത്തലവൻനായർ എഴുന്നേററു; പക്ഷെ കാലിന്നു നല്ല ബലമില്ലാതിരുന്നതുകൊണ്ടു കിടക്കയിൽത്തന്നെ ഇരുന്നു. "ഈ ക്ഷീണം സാരമില്ല. രണ്ടുമൂന്നു ദിവസം നേരെ ഭക്ഷണം കഴിച്ചാൽ ശക്തി രണ്ടാമതും വരും" എന്നു പറഞ്ഞു ഹക്കീം അറബികളോടുകൂടി പോയി.

അവർ പോയശേഷം തങ്കമ്മ അടുത്തുവന്നിരുന്നു. "അമ്മാമാ, ഞാൻ അമ്മയുടെ അടുക്കലേയ്ക്കു് ആളെ അയയ്ക്കട്ടെ? അമ്മയ്ക്കു സുഖമില്ലാത്തതുകൊണ്ടു വീട്ടിലേയ്ക്കു പോയതാണ്."

പട—ഇപ്പോാം വേണ്ട. നേരം വളരെ വൈകിപ്പോയി. നീ പുറത്തു പോയി ഊൺ കഴിച്ചു വന്നോളു. നിൻെറ ശരീരം വല്ലാതെ ക്ഷീണിച്ചിരിയ്ക്കുന്നു.

തങ്കമ്മ "അമ്മാമൻെറ ഊൺ കഴിഞ്ഞിട്ടു മതി" എന്നു പറഞ്ഞു പടത്തലവൻനായയ്ക്കു ചോറു വിളമ്പിക്കൊടുത്തു.

പടത്തലവൻനായർ ഊൺ കഴിച്ചിട്ട് "ഞാൻ ഇതുവരെ ഇത്ര സുഖമായിട്ട് ഉണ്ടിട്ടില്ലെന്നുതന്നെ പറയണം. ഇനി നീ ഊൺ കഴിച്ചു വാ" എന്നു പറഞ്ഞു തങ്കമ്മയെ അയച്ചു. തങ്കമ്മ പോയശേഷം പടത്തലവൻനായർ ആ മുറിയിൽ നടക്കുവാൻ ശ്രമിച്ചു. പക്ഷെ വളരെ ബുദ്ധിമുട്ടായിത്തോന്നിയതുകൊണ്ടു കിടക്കയിൽത്തന്നെ ഇരുന്നു. "രണ്ടുമൂന്നു ദിവസം നടന്നാൽ ശരിയാകും" എന്നു പറഞ്ഞു കൈകൊണ്ടു കാൽ തടവി. കുറച്ചു കഴിഞ്ഞപ്പോാം തങ്കമ്മ വന്നു പടത്തലവൻനായരുടെ കാല്ക്കൽ ഇരുന്നു. "അമ്മാമാ, അദ്ദേഹവും മററുള്ളവരും പാണ്ടിയ്ക്കു പോയിരിയ്ക്കയാണ്. സ്വാമികാം വന്നാൽ എല്ലാം ശരിയാകുകയില്ലേ, അമ്മാമാ?"

പട—നീ പരിഭ്രമിയ്ക്കാതിരിയ്ക്കു്. എനിയ്ക്കു യാതൊരു ഭയവുമില്ല. പെരുമാാം ആലോചിയ്ക്കാതെ പ്രവൎത്തിച്ചിട്ടുണ്ടെങ്കിൽ അതിൻെറ ഫലം അദ്ദേഹംതന്നെ അനുഭവിയ്ക്കേണ്ടിവരും. എനിയ്ക്കു നിന്നെപ്പററിയുണ്ടായിരുന്ന വിചാരം തീരേ തീൎന്നു. നിന്നെ എന്നെക്കാാം പോരുന്ന ഒരാളുടെ കയ്യിൽ ഏല്പിച്ചതുകൊണ്ട് എൻെറ മനസ്സിലുള്ള ഭാരംതീൎന്നു. പ്രവൃത്തിയെടുത്തിട്ടും എനിയ്ക്കു തൃപ്തിയായിരിയ്ക്കുന്നു. എനിയ്ക്കു വയസ്സുമായി. ഇനി എനിയ്ക്കു മരിച്ചാൽക്കൂടി ഒരു വ്യസനവുമില്ല.

തങ്ക—ആരുണ്ടെങ്കിലും, ഞങ്ങാംക്ക് അമ്മാമൻെറ മാതിരി വേറെ ആരുമുണ്ടാവില്ല. അമ്മയ്ക്കു് ആരാണുള്ളത്?

പട—പാവം! അവാംക്കു ദേഹസുഖവും പോരാ. ഞാൻ ഈ സ്ഥിതിയിലോ മററോ തന്നെയാണെങ്കിൽ നീ അവളെ നിൻെറകൂടെത്തന്നെ താമസിപ്പിയ്ക്കണം, കേട്ടോ.

ഇതു കേട്ടിട്ടു തങ്കമ്മ കരയുവാൻ തുടങ്ങി.

പട—കരയരുത്. നീ കരയുകയാണെങ്കിൽ എനിയ്ക്കുള്ള ധൈര്യവും പോയ്പോകും. നീ ഇത്തിരി കിടന്നുറങ്ങിക്കൊള്ളുക.

തങ്ക—എനിയ്ക്കുറക്കം വരുന്നില്ല.

"ഉറക്കം വരുന്നില്ലെങ്കിലും ഇത്തിരി കണ്ണടച്ച് കിടന്നു നോക്ക്. എനിയ്ക്കു കാര്യമായ ചിലത് എഴുതുവാനുണ്ട്. ഞാൻ എഴുതിനോക്കട്ടെ" എന്നു പറഞ്ഞു തങ്കമ്മയോടു തന്റെ കിടയ്ക്ക യിൽ കിടക്കുവാൻ പറഞ്ഞു. പടത്തലവൻനായർ ഓലയും നാരായവുമെടുത്തു തനിയ്ക്കറിയുന്ന വാസ്തവസംഗതികളെപ്പററി ഒരെഴുത്തെഴുതുവാൻ ചെന്നിരുന്നു.

ഒരു കാൽനാഴിക നേരത്തിന്നുള്ളിൽ തങ്കമ്മ സുഖനിദ്രയെ പ്രാപിച്ചു. പടത്തലവൻനായർ, താൻ കാട്ടിൽവെച്ചു കേട്ട സംസാരത്തെപ്പററിയും കൊട്ടാരത്തിലേയ്ക്കു വന്നതും പെരുമാളുടെ മുറിയിൽ പോയതുമെല്ലാം എഴുതി.

പെട്ടെന്ന് ആരോ ചിലർ വാതിലിന്റെ പുറത്തു വന്നിട്ടുണ്ടെന്നും വാതിൽ തുറക്കുവാൻ ശ്രമിയ്ക്കുന്നുണ്ടെന്നും മനസ്സിലായി. പടത്തലവൻനായർ ആകപ്പാടെ മനസ്സിൽ ഒരു സുഖമില്ലായ്മ തോന്നി അവിടെനിന്നെഴുന്നേററു. ഉടനെ വാതിൽ തുറന്ന് അകത്തേയ്ക്ക് ആയുധപാണികളായ ഇരുപതു ഭടന്മാരും വൈദ്യരത്നസ്വാമികളുംകൂടി പ്രവേശിച്ചു.

പട—എന്താണ് ഈ സമയത്ത് ഇങ്ങട്ടു വരാൻ കാരണം?

പടത്തലവൻനായർ സംസാരിയ്ക്കുന്നതു കേട്ടിട്ടു വൈദ്യരത്നം അത്ഭുതംകൊണ്ടു കുറച്ചു നേരത്തേയ്ക്കു നിശ്ചേഷ്ടനായിപ്പോയി. 'ഈയാറം എല്ലാം പുറത്തു പറയില്ലേ. ഇപ്പോറം വന്നതു വളരെ നന്നായി' എന്നെല്ലാം മനസ്സിൽ ആലോചിച്ചുകൊണ്ടു നിന്നു. അല്പനേരം കഴിഞ്ഞു വൈദ്യരത്നം വളരെ പ്രയാസപ്പെട്ടിട്ട് "പെരുമാറംതിരുമനസ്സിലെ ഒരു കല്പനയുംകൊണ്ടാണ് ഞാൻ വന്നിരിയ്ക്കുന്നത്."

പട—എന്താണ്, കേറംക്കട്ടെ.

വൈദ്യരത്നം പെരുമാളുടെ കല്പന വായിച്ചു കേറംപ്പിച്ചു പടത്തലവൻനായരുടെ മുഖത്തു നോക്കിനിന്നു. പക്ഷെ അദ്ദേഹത്തിന്റെ മുഖത്ത് ഒരു വികാരഭേദവും കാണാത്തതുകൊണ്ടു വൈദ്യരത്നസ്വാമികറംക്കുതന്നെ പടത്തലവൻനായരെപ്പററി ബഹുമാനം വൎദ്ധിച്ചു.

പടത്തലവൻനായർ കുറച്ചു നേരത്തിന്നു ഒന്നും സംസാരിയ്ക്കാതെ എന്തോ ആലോചിച്ചുകൊണ്ടിരുന്നു. പിന്നെ ഉറങ്ങുന്ന തങ്കമ്മയെ നോക്കി "അവളെ ഉണത്തരുത്. എവിടെവെച്ചാണ്?"

വൈ—ഇവിടെവെച്ചുതന്നെയാവാം.

പട—അതു വേണ്ട. പുറത്തു വല്ലേടത്തും ആയിക്കൊള്ളട്ടെ.

വൈ—വിശേഷിച്ചു വല്ലതും വല്ലവരോടും പറയാനുണ്ടോ?

പടത്തലവൻനായർ പിന്നേയും ആലോചിച്ചിട്ട് ഇങ്ങനെ പറഞ്ഞു: "എനിയ്ക്കു പെരുമാൾതിരുമനസ്സിനോടു കുറച്ചു കാര്യമായി പറയുവാനുണ്ടായിരുന്നു. പക്ഷെ അതും വേണമെന്നു വിചാരിയ്ക്കുന്നില്ല. തിരുമനസ്സുകൊണ്ട് എന്നെപ്പററി ചോദിച്ചുവെങ്കിൽ ഇതു പറഞ്ഞാൽമതി:—'തിരുമനസ്സുകൊണ്ട് ചെയ്യുന്ന ഈ പ്രവൃത്തി തെററിപ്പോയി എന്ന് ഒരു കാലത്തു തിരുമനസ്സിലേയ്ക്കു ബോധപ്പെടും. അന്ന് ഇവിടെയിരിയ്ക്കാൻ മനസ്സു സമ്മതിയ്ക്കില്ല. അന്ന്, ഇന്നു വന്ന പുതുമതക്കാരുടെ കൂടെ പോയാൽ മനസ്സിന്നു സമാധാനം കിട്ടും' എന്നുമാത്രം."

വൈ—ഇതല്ലാതെ വേറെയൊന്നുമില്ലല്ലോ?

പട—ഇല്ല.

വൈദ്യരത്നത്തിൻെറ ആജ്ഞപ്രകാരം ആയുധപാണികളായ ഭടന്മാർ വന്നു പടത്തലവൻനായരെ പിടിച്ചു. നല്ലവണ്ണം നടക്കുവാൻ സാധിയ്ക്കാഞ്ഞതുകൊണ്ട് അയാളെ താങ്ങിപ്പിടിച്ചു പുറത്തേയ്ക്കു കൊണ്ടുപോയി. പടത്തലവൻനായർ പോകുമ്പോൾ ഉറങ്ങിക്കിടന്നിരുന്ന തങ്കമ്മയെത്തന്നെ നോക്കിക്കൊണ്ടിരുന്നു.

ഭടന്മാർ അയാളെ ഒരു വൃക്ഷത്തിൻെറ ചുവട്ടിൽ കൊണ്ടുപോയിനിൎത്തി. ഭടന്മാർ ആ വൃക്ഷത്തിന്മേൽ കയറി കയറുകളെല്ലാം ശരിപ്പെടുത്തുന്ന സമയത്തു പടത്തലവൻനായർ ചുററും നോക്കി. ലോകം മുഴുവനും അന്ധകാരത്തിൽ മറഞ്ഞുകിടക്കുകയാണെങ്കിലും തൻെറ കണ്ണുകൾക്കു തൻെറ കഴിഞ്ഞ ജീവദശ മുഴുവനും ഒരു നീണ്ട ചലച്ചിത്രംപോലെ കാണുവാൻ സാധിച്ചു. താൻ അപ്പോൾ ഇരുട്ടിലാണെങ്കിലും തൻെറ ആത്മാവ് എപ്പോഴും പ്രഭയുള്ള ഒരു പുതിയ ലോകത്തേയ്ക്കാണ് പോകുന്നതെന്നു വിശ്വസിച്ചു ഹൃദയത്തിൽ അലതല്ലിക്കൊണ്ടിരുന്ന വേദനയെ ആശ്വസിപ്പിച്ചു. പെരുമാളേയും സുഖമായി കിടന്നുറങ്ങുന്ന മരുമകളേയും പെങ്ങളേയും തിരുവഞ്ചിക്കുളം പട്ടണത്തേയും രാജ്യത്തേയുംകുറിച്ച് ആലോചിച്ചുകൊണ്ടു നിന്നു.

"എല്ലാം ശരിയായിരിയ്ക്കുന്നു" എന്നു പറഞ്ഞ ഉടനേ,

താൻ പടത്തലവൻ എന്ന നിലയിൽ സാധാരണമായി കൊട്ടാരത്തിലേയ്ക്കു നടന്നുപോകുമ്പോഴുള്ള ഗാംഭീര്യത്തോടും മുഖവികാസത്തോടുംകൂടി അവസാനയാത്രയ്ക്കു പുറപ്പെട്ടുനിന്നു.

*　　　*　　　*　　　*

വൈദ്യരത്നവും അയാളുടെ ഭടന്മാരും കൊട്ടാരത്തിലേയ്ക്കു തിരിച്ചു. പോകുംവഴി ഒന്നുകൂടി പടത്തലവൻനായരെ ഇട്ട ജെയിലിൽ കടന്നുനോക്കി. തങ്കമ്മ ഉണർന്നിരുന്നില്ല. തങ്കമ്മയുടെ സൌന്ദര്യം അയാളെ വല്ലാതെ ആകർഷിച്ചുവെങ്കിലും ആ ഉറങ്ങിക്കിടക്കുന്ന യുവതിയുടെ അടുത്തുപോകുവാൻ അയാൾക്ക് അപ്പോൾ ധൈര്യമുണ്ടായില്ല. പടത്തലവൻനായർ എഴുതിവെച്ച ഓലകൾ കണ്ടു. അതെടുത്തു വായിച്ച് "ഇവിടെവെച്ചുകൂടാ" എന്നും പറഞ്ഞ് ആ ഓലകൾ കയ്യിലെടുത്തുംകൊണ്ടു തിരിച്ചുപോയി.

# പതിനേഴാമദ്ധ്യായം

പടത്തലവൻനായരെ ആരുമറിയാതെ തൂക്കിലിട്ടു കൊല പ്പെടുത്തിയിരിക്കുന്നു എന്ന വൎത്തമാനം ഇടിമുഴക്കംപോലെ നാടൊക്കെ പരന്നു. കേട്ടവർ കേട്ടവർ നിന്ന സ്ഥലത്തുതന്നെ സ്തംഭിച്ചു നിന്നുപോയി. പെരുമാളുടെ സ്വശക്തി എത്ര ക്ഷയി ച്ചാലും, ഇങ്ങിനെ ഒരു കടുംകൈ പ്രവൎത്തിക്കുവാൻ അനുവാദം കൊടുക്കുമെന്നു് ആരും വിശ്വസിച്ചില്ല. നാട്ടിലുള്ള ജനങ്ങൾക്കു പെരുമാളോടു വല്ലാതെ വെറുപ്പുതോന്നി. പതിനായിരം നായ ന്മാർ ഈ വൎത്തമാനം കേട്ട ഉടനേ സ്വമേധയാ ആയുധങ്ങളെ ടുത്തു പെരുമാളുടെ കോട്ടയെത്തന്നെ ആക്രമിക്കുവാൻ നിശ്ച യിച്ചു. ജനങ്ങൾക്കും ഇളക്കം തട്ടി. അവർ വിദേശികളെ കണ്ടേടത്തുവെച്ചുപദ്രവിച്ചു. അതു വൎദ്ധിച്ചു് അവരെ പിന്തുടൎന്നു കൊട്ടാരത്തിൽത്തന്നെ എത്തി. വിദേശികൾ കൊട്ടാരത്തിന്നു ള്ളിൽ അഭയം പ്രാപിച്ചതു കണ്ടു് ആളുകൾ വൈദ്യരത്നത്തിൻെറ കൊട്ടാരത്തിന്നു കല്ലേറു തുടങ്ങി. ജനലുകളിൽക്കൂടി കല്ലുകൾ വന്നു് അകത്തു വീണതുകൊണ്ടു ജനലുകൾ അടച്ചു പൂട്ടുവാൻ പുറപ്പെട്ട ഭടന്മാർ തലയ്ക്കേറുതട്ടി രക്തം ഒലിപ്പിച്ചുകൊണ്ടു കൊട്ടാരത്തിന്നുള്ളിലേയ്ക്കു പിൻവലിഞ്ഞു. വൈദ്യരത്നത്തിൻെറ ഭടന്മാരിൽ ഒരാൾക്കെങ്കിലും തല പുറത്തേയ്ക്കു കാണിക്കുവാൻ നിവൃത്തിയില്ലാതായി. ഒരു വലിയ ജനക്കൂട്ടം കൊട്ടാരത്തിൻെറ മുമ്പിൽ വന്നു സ്ഥാനമുറപ്പിച്ചു ശരിക്കു ജനലുകളെ ലാക്കാക്കി എറിഞ്ഞുകൊണ്ടിരുന്നു. വൈദ്യരത്നസ്വാമികൾക്കും ഭടന്മാൎക്കും കുറച്ചു നേരത്തിന്നു കൊട്ടാരത്തിലെ ആയുധപ്പുരയിലും മററിരുട്ടറ കളിലും പോയി അഭയം പ്രാപിക്കേണ്ടിവന്നു.

ഓരോ നാഴിക കഴിയുംതോറും ജനക്കൂട്ടത്തിൻെറ വണ്ണവും ബഹളവും വൎദ്ധിച്ചുവന്നു. അവർ കൊട്ടാരത്തെ ആക്രമിച്ചു കളയുമോ എന്നു ഭയപ്പെട്ടു കാൎയ്യക്കാർ ചെന്നു സമാധാനമുണ്ടാ കുവാൻ ശ്രമിച്ചു.

അയാൾ കൊട്ടാരത്തിന്നുള്ളിൽനിന്നു വന്ന ഉടനേ "കള്ള,

കള്ള, നീയും അതിൽ പങ്ക കൊണ്ടവനാണ്, കടന്നുപോ!'' എന്ന വിളികളും കല്ലേറം തുടങ്ങിയതുകൊണ്ടു അയാളും കൊട്ടാരത്തിന്നുള്ളിലേയ്ക്കു തിരിച്ചുപോകേണ്ടിവന്നു. ഒടുക്കം വേറെ ഒരു നിവൃത്തിയുമില്ലെന്നുകണ്ടു വൈദ്യരത്നം പെരുമാളുടെ അടുക്കലേയ്ക്കു പാഞ്ഞുചെന്നു. "പുറത്ത് ആളുകറം വർദ്ധിച്ചിരിയ്ക്കുന്നു. അവർ കൊട്ടാരത്തിലേയ്ക്കു കയറുവാൻ ശ്രമിയ്ക്കുന്നുണ്ട്. കൊട്ടാരത്തിൽ കയറുകയാണെങ്കിൽ പിന്നെ എനിയ്ക്കിവിടെ ഇരിയ്ക്കുവാൻ സാധിയ്ക്കില്ല. ഇവിടെ മുഴവൻ കുഴപ്പമാകും. അതുകൊണ്ടു തിരുമനസ്സുതന്നെ അവരോടു പോയി സംസാരിയ്ക്കണം. എന്നാലേ അവർ അടങ്ങുകയുള്ളു.'' എന്നു പറഞ്ഞു. പെരുമാറം പോവാൻ സമ്മതിച്ചുവെങ്കിലും അദ്ദേഹത്തിന്ന് എഴുന്നേല്പാൻ സാധിച്ചില്ല. അതുകൊണ്ടു വൈദ്യരത്നവും കുറെ ഭടന്മാരുംകൂടി പെരുമാളെ താങ്ങിയെടുത്ത് ആളുകറം കാണത്തക്ക വിധത്തിൽ ഒരു ചാരുപടിയുടെ ജനലിന്റെ അടുത്തുകൊണ്ടുപോയിരുത്തി.

ലഹള കൂട്ടിക്കൊണ്ടിരുന്ന ജനക്കൂട്ടം പെരുമാളെ കണ്ട ഉടനേ നിശ്ശബ്ദമായി. വെള്ളിപോലെ നരച്ച താടിയും മീശയും വിളർത്തു ശോഷിച്ച മുഖവും ക്ഷീണിച്ച ദേഹവും എല്ലാംകൂടി കണ്ടപ്പോറംതന്നെ അവരുടെ മനസ്സലിഞ്ഞു. അദ്ദേഹം വല്ലതും പറയുന്നുണ്ടോ എന്നു ശ്രദ്ധിച്ചുംകൊണ്ടു കൈകറം കൂപ്പിനിന്നു. അവക്കു തന്നോടുള്ള അതിസ്നേഹപ്രദർശനം കണ്ടു പെരുമാളുടേയും മനസ്സലിഞ്ഞു. അവക്ക് അനുഗ്രഹം നല്കുവാനായി അദ്ദേഹം കൈ പൊക്കി എന്തോ പറഞ്ഞു. പെരുമാറം ചുണ്ടനക്കിയതുപോലെയും ശോഷിച്ച കൈ പൊക്കിയതുപോലെയും ജനങ്ങറംക്കു തോന്നി. അതുകൊണ്ട് അവർ ഉടനേ ശബ്ദമൊന്നുമുണ്ടാക്കാതെ കൂട്ടം കൂട്ടമായി പിരിഞ്ഞുപോയി. പോകുന്ന വഴിയ്ക്ക്.

ഒരുത്തൻ—പെരുമാളെ കുററംപറഞ്ഞിട്ടു കാര്യമൊന്നുമില്ലെടോ.

മററവൻ—ശരിയാണ്, പെരുമാറം തിരുമനസ്സുകൊണ്ട് എന്തു ചെയ്യും?

ആദ്യത്തെ—ആ വൈദ്യരത്നക്കശവനെയാണ് പിടിയ്ക്കേണ്ടത്. അവൻ പെരുമാറംതിരുമനസ്സിലെ അടുക്കലൊയ്യോയല്ലോ.

വെറൊരാറം—വിക്കിരനും വീരമാർത്താണ്ഡനും ഇതിന്നു

പകരം ചോദിയ്ക്കാതിരിയ്ക്കില്ല. അവർ ഇവിടെ ഇല്ലാത്തതു വലിയ കഷ്ടമായിപ്പോയി.

ആദ്യത്തെ—അവർ എവിടെയാണ് പോയിരിയ്ക്കുന്നത്?

വേറൊരാൾ—അവർ സ്വാമികളെ കൂട്ടിക്കൊണ്ടു വരുവാനായി പാണ്ഡ്യരാജ്യത്തേയ്ക്കു പോയിരിയ്ക്കുയാണ്. കഷ്ടം, സ്വാമികൾ വരുമ്പോൾ ഈ വർത്തമാനമാണറിയുക.

ഇങ്ങിനെ പല പ്രകാരത്തിൽ സംസാരിച്ചുംകൊണ്ടു അവർ ഓരോ വഴിയ്ക്കു പോയി.

പതിനായിരം നായന്മാർ വൈദ്യരത്നസ്വാമികളെ കയ്യിൽ കിട്ടുന്നതുവരെ കോട്ട വളയുവാൻ തീർച്ചപ്പെടുത്തി. അടുത്ത ദിവസം അവർ കോട്ട വളഞ്ഞു. "ആ കള്ളനെ കയ്യിൽ കിട്ടിയാലല്ലാതെ ഞങ്ങൾ വിട്ടുപോവില്ല" എന്നും പറഞ്ഞായിരുന്നു അവരുടെ ഇരിപ്പ്. അവർ ആ വിവരം ഒരു ഭടൻമുഖേന പെരുമാളെ അറിയിച്ചു. "ഒന്നുകിൽ അവനെ ഞങ്ങൾക്കു തരണം, അല്ലെങ്കിൽ ഞങ്ങളുടെ കയ്യിൽനിന്ന് ആയുധം വാങ്ങണം." എന്നാണ് അവർ പറഞ്ഞയച്ചത്.

പെരുമാൾ എന്താണ് മറുപടി പറഞ്ഞയയ്ക്കേണ്ടതെന്നറിയാതെ വല്ലാതെ ബുദ്ധിമുട്ടി. "തന്നെ അതുവരെ ശുശ്രൂഷിച്ച ഒരാളെ എങ്ങിനെയാണ് വിട്ടുകൊടുക്കുക? ഇത്രകാലമായി നമ്മുടെ രാജ്യത്തെ രക്ഷിച്ചുപോന്ന സൈന്യത്തെ എങ്ങിനെയാണ് ഇല്ലായ്മചെയ്യുക?" ഈ രണ്ടു ചോദ്യങ്ങൾക്കും പെരുമാൾക്ക് ഉത്തരം ലഭിച്ചില്ല. വളരെ നേരം ആലോചിച്ച് ഒടുക്കം "സ്വാമികളെ വിട്ടുകൊടുക്കുകയില്ലെ"ന്നു മറുപടി പറഞ്ഞയച്ചു.

ഈ മറുപടി കിട്ടിയ ഉടനേ അവർ ആയുധം വെച്ചുതുടങ്ങി. ആയുധംവെയ്ക്കൽ രണ്ടു ദിവസത്തോളം നീണ്ടുനിന്നു. പതിനായിരം നായന്മാരുടെ, കുന്തം വാൾ പരിച കവിണ മുതലായവയെല്ലാം കൊട്ടാരമുററത്തു കൊണ്ടുപോയി കൂട്ടി. അന്നുമുതൽ പെരുമാളുടെ പതിനായിരപ്പട ഇല്ലാതായി. അവരുടെ ആയുധങ്ങൾ ഒരു കുന്നുപോലെ ആ മുററത്തു കിടന്നു. ഇവയെല്ലാമെടുത്തു കൊട്ടാരത്തിലുള്ള ആയുധപ്പുരയിലാക്കുവാൻ കൊട്ടാരഭടന്മാർക്കു വളരെ ദിവസം വേണ്ടിവന്നു.

പതിനായിരപ്പട കോട്ട വളഞ്ഞിരുന്നപ്പോൾ വൈദ്യരത്ന

സ്വാമികൾ വല്ലാതെ ഭയപ്പെട്ടിരുന്നു. ആയുധം വാങ്ങുവാൻ കല്പനകൊടുത്തപ്പോൾ അയാൾക്കു വലിയ സന്തോഷമായി. രങ്കരായരും ആൾക്കാരും അടുത്ത ദിവസം കടൽവഴിയായി തിരുവഞ്ചിക്കളത്തു വന്നിറങ്ങുമെന്നു പിച്ചക്കാരൻ മുത്തുമുഖേന അറിവു കിട്ടിയിരുന്നു. അവർകൂടി എത്തിക്കഴിഞ്ഞാൽ പെരുമാൾപ്പട്ടവും രാജ്യവും പാണ്ഡ്യരാജ്യത്തേയ്ക്കുറച്ചു എന്നു വൈദ്യരത്നവും തീർച്ചപ്പെടുത്തി മുമ്പിലത്തേതിലുമധികം ശക്തി കൊട്ടാരത്തിൽ നടത്തിത്തുടങ്ങി. അന്നുമുതൽ ഓരോ കാരണങ്ങളുണ്ടാക്കി കൊട്ടാരത്തിലെ ഉദ്യോഗസ്ഥന്മാരെ പിരിച്ചയയ്ക്കുവാൻ തുടങ്ങി. ചെറോട്ടിയമ്മയുടെ ചില പ്രത്യേക ദാസിമാർകൂടി വീട്ടിൽപ്പോകണമെന്നും പറഞ്ഞു പിരിഞ്ഞു.

വൈദ്യരത്നത്തിൽ പെട്ടെന്നു വന്ന മാററം പെരുമാൾതന്നെ കാണാതിരുന്നില്ല. പക്ഷെ അതെല്ലാം തനിയ്ക്കു വെറുതെ തോന്നുകയായിരിയ്ക്കുമെന്നു പറഞ്ഞു തന്നെത്താൻ ആശ്വസിപ്പിച്ചു. അതിനു പുറമെ താൻ വല്ലതും പ്രവത്തിച്ചാൽ അപ്പോൾ തനിയ്ക്കാരും സഹായമില്ലാത്ത സ്ഥിതിയ്ക്കു, വൈദ്യരത്നത്തോടു ശണ്ഠകൂടുന്നതു് അപകടമാണെന്നും തോന്നി.

ഇങ്ങിനെയുള്ള വിചാരങ്ങൾ കുറേശ്ശയായി ചെറോട്ടിയമ്മയേയും അസഹ്യപ്പെടുത്തിയിരുന്നു. പടത്തലവൻനായരുടെ ഗുണങ്ങൾ ചെറോട്ടിയമ്മയ്ക്കു മനസ്സിലായിത്തുടങ്ങി. താൻകൂടി അറിഞ്ഞനുകൂലിച്ചുചെയ്ത മഹാപാതകത്തെപ്പററി ആലോചിച്ചു വല്ലാതെ വ്യസനിച്ചു. ചെറോട്ടിയമ്മയുടെ മുൻകോപവും എന്തും ചെയ്യാമെന്ന ധൈര്യവുമെല്ലാം പോയി; ശരിയായ സ്വഭാവത്തോടുകൂടിയ ഒരു സ്ത്രീയായി മാറിവന്നുതുടങ്ങി.

ഈ കാലത്തു വൈദ്യരത്നത്തിൻെറ ശുശ്രൂഷകൊണ്ടു, ചെറോട്ടിയമ്മയ്ക്കു പെരുമാളുമായി തനിയേ കാണുവാൻകൂടി സാധിച്ചിരുന്നില്ല. ചെറോട്ടിയമ്മ പെരുമാളെ കാണുവാൻ ചെന്നാൽ ആ സമയത്തു വേറേ വല്ലവരും അവിടെ എത്തുക പതിവായിരുന്നു.

ഒരു ദിവസം രാത്രി ചെറോട്ടിയമ്മ ധൈര്യപ്പെട്ടു പെരുമാളുടെ മുറിയിൽ പോയി. ചെന്നപ്പോൾ മുറിയിൽ വേറെയാരുമുണ്ടായിരുന്നില്ല. ചെറോട്ടിയമ്മയ്ക്കു കൊട്ടാരത്തിലെ സ്ഥിതികൾ പെരുമാളെ പാഞ്ഞു മനസ്സിലാക്കണമെന്നുണ്ടായിരുന്നു.

അതുകൊണ്ടു ചെറോട്ടിയമ്മ അങ്ങുമിങ്ങും നോക്കി എവിടെയും തൊടാതെകണ്ടുള്ള ചില സംസാരങ്ങൾ തുടങ്ങി. ഉടനേ വാതില്ക്കൽ ഒരു ഭടൻ ഹാജരായി. പെരുമാളും ഇതു കണ്ടു, പക്ഷെ ഒന്നും പറഞ്ഞില്ല. ചെറോട്ടിയമ്മയ്ക്കു് ഇതു കണ്ടു സഹിച്ചില്ല. അല്പനേരത്തേയ്ക്കു തന്റെ അപ്പോഴത്തെ സ്ഥിതി മറന്നു, മുമ്പുള്ള ശൌര്യത്തെ പുറത്തെടുത്തു് അവനോടു്, "എന്തെടാ, നീ വന്നു നില്ക്കുന്നതു്? കടന്നുപോ!" എന്നു് ഉച്ചത്തിൽ പറഞ്ഞു.

ഭടൻ—(സംശയിച്ചുകൊണ്ടു്) അയ്യോ, അമ്മാ, വലിയ അങ്കത്തെ കല്പനയാണു്, ഇവിടെ എപ്പോഴും ഉണ്ടായിരിയ്ക്കണമെന്നു്.

ചെറോട്ടിയമ്മയുടെ മുഖം ആകെ ചുവന്നു. ഭടന്റെ നേരെ തിരിഞ്ഞു "പോ!" എന്നു വളരെ ഉച്ചത്തിൽ നിലവിളിച്ചു പറഞ്ഞു.

ഭടൻ ഒന്നുകൂടി സംശയിച്ചുവെങ്കിലും, ചെറോട്ടിയമ്മയുടെ മുഖഭാവം കണ്ടു വേഗത്തിൽ അവിടെനിന്നു പോയി.

അവൻ പോയി കുറച്ചുകഴിഞ്ഞപ്പോഴേയ്ക്കു വൈദ്യരത്നസ്വാമികൾ മുറിയിലേയ്ക്കു വന്നു. ചെറോട്ടിയമ്മയെ നോക്കി "എന്തമ്മാ, ആ ഭടനെ ചീത്തപറഞ്ഞയച്ചു എന്നെല്ലാം അവൻ വന്നുപറഞ്ഞു. അവർ എന്തു ചെയ്തു? ധിക്കാരം കാണിച്ചെങ്കിൽ ഞാൻ ഇപ്പോൾത്തന്നെ അവനെ ശിക്ഷിച്ചുകളയാം."

ചെറോട്ടിയമ്മ കുറച്ചുനേരത്തിന്നു് ഒരു സമാധാനവും പറയാതിരുന്നു. ഒടുക്കം ഇങ്ങിനെ പറഞ്ഞു: "നിങ്ങൾ എനിയ്ക്കുവേണ്ടി ശിക്ഷിയ്ക്കയും മററും വേണ്ട. അവൻ ധിക്കാരം കാണിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ എനിയ്ക്കുതന്നെ ശിക്ഷിയ്ക്കാനറിയാം. ഞാൻ ഇതിന്നകത്തിരിയ്ക്കുമ്പോൾ നിങ്ങളുടെ ഭടന്മാരോടു് ഇവിടെ വന്നുനില്ക്കരുതെന്നു പ്രത്യേകിച്ചു പറഞ്ഞേയ്ക്കുക."

വൈ—കഷ്ടം, ഞാൻ എന്നും പെരുമാളുടെ സുഖക്കേടു ഭേദമാക്കുവാൻ ശ്രമിയ്ക്കുന്നു. പടത്തലവൻനായർ അന്നു വിഷം കൊടുക്കുവാൻ ശ്രമിച്ചതുമുതൽ എനിയ്ക്കു വളരെ ഭയമാണു്. അതുകൊണ്ടാണു് ഞാൻ പെരുമാളുടെ അടുക്കെ എപ്പോഴും ആളുണ്ടായിരിയ്ക്കണമെന്നു പറഞ്ഞതു്. വൈദ്യന്നു രോഗിയുടെ കാര്യത്തിൽ ചില അധികാരങ്ങൾ നടത്തുവാൻ അവകാശമുണ്ടു്.

ചെറോട്ടിയമ്മയ്ക്കു കോപം സഹിയ്ക്കുവയ്യാതെ വന്നു.

പക്ഷെ അതെല്ലാമടക്കി, വൈദ്യരത്നത്തോട് ഒരു സമാധാനവും പറയാതെ അവിടെനിന്ന് എഴുന്നേററുപോയി.

വൈദ്യരത്നസ്വാമികൾ ചെറോട്ടിയമ്മയുടെ പോക്കുകണ്ട് ഒരു പുഞ്ചിരിയോടുകൂടി "വല്ലാത്ത കോപം! വല്ലാത്ത കോപം! സ്ത്രീകൾക്കു കോപം പാടില്ല." എന്നിങ്ങിനെ പെരുമാൾ കേൾക്കത്തക്കവണ്ണം തന്നോടുതന്നെ പറഞ്ഞു. പെരുമാൾ ഇതിന്ന് ഒരു സമാധാനവും പറയാതെ കണ്ണടച്ചുംകൊണ്ടുതന്നെ കിടന്നു. വൈദ്യരത്നം ഒരു ഭടനെ വിളിച്ച്, "എടാ ഇവിടെ, എപ്പോഴും നില്ക്കണം. പെരുമാളെ വിട്ടുപോകരുത്. നല്ല ജാഗ്രതയായിരിക്കണം, കേട്ടോ" എന്നു പറഞ്ഞു പെരുമാളുടെ നേക്ക് ഒന്നു നോക്കി പുറത്തേയ്ക്കു പോയി.

ചെറോട്ടിയമ്മ അന്നുമുതൽ വേട്ടയാടിയ ഒരു മൃഗത്തിൻെറ മാതിരിയിലായി. കൊട്ടാരത്തിൽ ഒരിടത്തും ഇരിയ്ക്കുവാനോ കിടക്കുവാനോ സുഖമില്ലാതെ അവിടെയും ഇവിടെയും നടന്നു കൊണ്ടിരുന്നു. പെരുമാളുടെ മുറിയിൽ കടന്നാലപ്പോൾ ഭടന്മാരെത്തും. അതുകൊണ്ട് അവരെപ്പേടിച്ച് പെരുമാളെ കാണ്മാൻകൂടി പോകാതായി. തൻെറ മുറിയിൽ പോയാൽ ഉടനേ വാതില്ക്കൽ ഒരുവൻ ഹാജരുണ്ടായിരിയ്ക്കും. കൊട്ടാരത്തിൽ എവിടെപ്പോയാലും വൈദ്യരത്നസ്വാമികളുടെ ഭടന്മാരെ കാണാതിരിയ്ക്കില്ല. പെരുമാൾ ആ സ്ഥിതിയിലല്ലായിരുന്നുവെങ്കിൽ ചെറോട്ടിയമ്മ അവിടെനിന്നു പോയ്ക്കളയുമായിരുന്നു. പക്ഷെ അതിന്നു നിവൃത്തിയില്ലാത്തതുകൊണ്ടു തനിയ്ക്കു ഭ്രാന്തുപിടിച്ചേക്കും എന്നുകൂടി തോന്നി.

ഒരു ദിവസം ചെറോട്ടിയമ്മ എന്തോ ആലോചനയിലിരുന്നു "കഷ്ടം, കണ്ണുപോയാലല്ലേ കണ്ണിൻെറ ഗുണം അറിയൂ!" എന്നു പറഞ്ഞുപോയി. ഉടനേ പിന്നിൽനിന്ന് "അതു വളരെ ശരിയാണ്. ഞാൻ ഇവിടെനിന്നു പോയാലറിയാം എൻെറ ഗുണങ്ങൾ" എന്ന് വൈദ്യരത്നസ്വാമികൾ പറഞ്ഞു. ചെറോട്ടിയമ്മ ഇതിന്നു സമാധാനമൊന്നും പറഞ്ഞില്ല.

വൈ—അമ്മയ്ക്കെന്താണ് കോപത്തിന്നു കാരണം?

ചെറോ—എനിക്കു നിങ്ങളോടു സംസാരിയ്ക്കണമെന്നില്ല.

വൈ—ആർ നിഷ്കർഷിച്ചു? എപ്പോൾ പോകണമോ അപ്പോൾ പോകാം.

ചെറോ—ആര്?

വൈ—നിങ്ങാംതന്നെ.

ചെറോട്ടിയമ്മ താനറിയാതെ ഒരു വലിയ ദീർഘശ്വാസം വിട്ടുപോയി. ചേരമാൻപെരുമാളുടെ പട്ടമഹിഷിയായ തന്നോടു, വെറും ഒരു വിദേശീയച്ചെട്ടി സ്വന്തം കൊട്ടാരത്തിൽനിന്നു പോയ്ക്കൊള്ളുവാൻ പറയുന്നതു കേൾക്കേണ്ടിവന്നില്ലേ എന്നാലോചിച്ചു, തൻെറ ദേഹമാസകലം വിറച്ചു. ചെറോട്ടിയമ്മ സകലതും മറന്നു. നിലത്തുണ്ടായിരുന്ന ഒരു വിളക്കുകാൽ കയ്യിലെടുത്തു ഭദ്രകാളിയുടെ രൂപത്തിൽ വൈദ്യരത്നസ്വാമികളുടെ നേക്കു തിരിഞ്ഞു. അയാം ഒരു നിമിഷംമാത്രം ചെറോട്ടിയമ്മയുടെ മുഖത്തു നോക്കി, അവിടെനിന്നോടി. ചെറോട്ടിയമ്മ പിന്നാലെതന്നെ കുതിച്ചു. വൈദ്യരത്നസ്വാമികാം തൻെറ കൊട്ടാരംവരെ ഓടി. അകത്തു കടന്നു വാതിലടച്ചു. ചെറോട്ടിയമ്മ അവിടെത്തന്നെ കുറച്ചു നേരംകൂടി നിന്നു. തനിയ്ക്കു് ആലോചനാശക്തി രണ്ടാമതും വന്നു. താൻ അപ്പോാം കാണിച്ചതു മഹാവിഡ്ഢിത്തമാണെന്നു തോന്നി. ക്ഷണത്തിൽ അവിടെനിന്നു തിരിച്ചുപോന്നു. നടന്നുവരുമ്പോാം താൻ അതുവരെ കാണിച്ചിരുന്ന ശക്തിയുടേയും ധൈര്യത്തിൻേറയുമെല്ലാം അടിസ്ഥാനം തൻെറ ഭത്താവായ പെരുമാളുടേതായിരുന്നുവെന്നും, പെരുമാാംക്കു ശക്തി ക്ഷയിച്ചപ്പോാം അതിൻെറകൂടെ തൻെറ ശക്തിയും ക്ഷയിച്ചതാണെന്നും, താൻ പെരുമാളോടു വിലയില്ലാതെ പ്രവത്തിച്ചതെല്ലാം തെററായിപ്പോയി എന്നും മനസ്സിൽ ഉദിച്ചുതുടങ്ങി. ചെറോട്ടിയമ്മയ്ക്കു വല്ലാതെ വ്യസനം വന്നു. നേരെ പെരുമാളുടെ മുറിയിലേയ്ക്കു പോയി, കട്ടിലിൽച്ചെന്നിരുന്നു ചെറിയൊരു പെൺകുട്ടിയെപ്പോലെ വിങ്ങി വിങ്ങി കരഞ്ഞുതുടങ്ങി. ഭാഗ്യവശാൽ ചെറോട്ടിയമ്മയുടെ കയ്യിൽ വിളക്കുകാൽ ഉണ്ടായിരിയ്ക്കുമെന്നു ശങ്കിച്ചിട്ടോ എന്തോ അപ്പോാം ഭടന്മാർ അടുത്തെങ്ങുമുണ്ടായിരുന്നില്ല. പെരുമാാം കണ്ണു തുറന്നു നോക്കി; ചെറോട്ടിയമ്മ കരയുന്നതു കണ്ടിട്ടു് അദ്ദേഹവും വല്ലാതെ വ്യസനിച്ചു. തൻെറ ശോഷിച്ച കൈകാം പൊക്കി ചെറോട്ടിയമ്മയുടെ കൈകാം തലോടിക്കൊണ്ടു സംസാരിയ്ക്കാതെ ആശ്വസിപ്പിയ്ക്കുവാൻ ശ്രമിച്ചു. അപ്പോാം ചെറോട്ടിയമ്മ "ഇവിടത്തെ ഈ സ്ഥിതി കണ്ടിട്ടു് അടിയൻെറ വയറു കത്തുന്നു. കഷ്ടം, ആ പടത്തലവൻ........" എന്നു പറഞ്ഞു

രണ്ടാമതും പൊട്ടിക്കരഞ്ഞുകൊണ്ടു പെരുമാറം തല വെച്ചിരുന്ന തലയണയിൽ തലതാഴ്ത്തി വിങ്ങി വിങ്ങി കരഞ്ഞുകൊണ്ടിരുന്നു. പെരുമാറം പിന്നേയും ചെറോട്ടിയമ്മയുടെ ദേഹം തലോടിക്കൊണ്ടും എന്തോ സംസാരിച്ചുകൊണ്ടും ഇരുന്നു. സംസാരിയ്ക്കുന്നതിന്നിടയിൽ “ആ വിക്കിരൻ—” എന്നു പറഞ്ഞു നിൎത്തി. ആ സമയത്തു വൈദ്യരത്നം അകത്തേയ്ക്കു കടന്നു വന്നിരുന്നു. അയാറം പെരുമാളെ നോക്കി, “പെരുമാറംക്കു മരുന്നു കഴിയ്ക്കാറായില്ലേ?”

പെരു—വൈദ്യരത്നസ്വാമികറംക്ക് ഇവിടെ ആരാണ് കിടക്കുന്നതെന്നു മനസ്സിലായില്ലേ?

വൈദ്യ—പെരുമാറംക്കു സുഖക്കേടാണ്. ഞാൻ വൈദ്യനാണ്. വൈദ്യന്ന് എവിടേയും എപ്പോഴും പോകുവാൻ വിരോധമില്ല. അതിന്നു പുറമേ, ഞാൻ സന്യാസിയുമാണ്. വയസ്സായവർ ഇങ്ങിനെയുള്ള ചാപല്യങ്ങറം കാണിയ്ക്കുമ്പോറം നിൎത്തേണ്ടതു വൈദ്യൻെറ ചുമതലയാണ്.

പെരു—ധിക്കാരം പറയണ്ട. നിങ്ങറം അതിർകടന്നു സംസാരിയ്ക്കുന്നു.

വൈദ്യ—നിങ്ങറംക്കെന്നെ മനസ്സിലാവാത്തതുകൊണ്ടാണ് ഇങ്ങിനെ പറയുന്നത്. ഞാൻ പാണ്ഡ്യരാജാവിൻെറ ആളാണ്. നിങ്ങറം എൻെറ സ്വാമിയുടെ വെറും അടിമ. ഞാനും നിങ്ങളും സമമാണ്. നിങ്ങളെ പെരുമാറംസ്ഥാനത്തുനിന്നു നീക്കിയിരിയ്ക്കുന്നു എന്ന എഴുത്തും കിട്ടിക്കഴിഞ്ഞു. രങ്കരായർ വരുന്നതുവരെ വേണമെങ്കിൽ പെരുമാളെന്നും പറഞ്ഞിരിയ്ക്കാം. അദ്ദേഹം വന്നാൽ പെരുമാറംപ്പട്ടം അദ്ദേഹത്തിന്ന് ഒഴിഞ്ഞുകൊടുത്തു പാണ്ഡ്യരാജ്യത്തു പോയാൽ തിരുമനസ്സുകൊണ്ടു വല്ലതും കല്പിച്ചുതരും.

അവസാനത്തെ വാക്കു കേട്ടപ്പോറം പെരുമാറംക്കു സഹിച്ചില്ല. “താൻ എന്താണ് പറഞ്ഞത്?” എന്നും പറഞ്ഞു കിടക്കയിൽനിന്നു പെട്ടെന്നെഴുന്നേററു: പക്ഷെ ഉടൻതന്നെ പിന്നോക്കം മറിഞ്ഞുവീണു.

വൈദ്യരത്നസ്വാമികറം ചിരിച്ചുകൊണ്ടു “വെറുതേ വിഡ്ഢിവേഷമൊന്നും കെട്ടേണ്ട. ജീവൻ വേണമെങ്കിലും ഇനിയും വഷളാകാതിരിയ്ക്കണമെങ്കിലും രങ്കരായരെ ഇനിയത്തെ പെരുമാ

ളായി നിശ്ചയിച്ചിരിയ്ക്കുന്നു എന്നെഴുതി എൻെറ കയ്യിൽ തരുന്നതാണ് നല്ലത്. രങ്കരായർ നിങ്ങളുടെ ജാമാതാവുമാണ്. അതല്ല അതിന്നു വിപരീതം പ്രവൎത്തിയ്ക്കുകയാണെങ്കിൽ, നിങ്ങളെക്കൊണ്ടു ഞങ്ങൾക്കുള്ള ആവശ്യം കഴിഞ്ഞാൽ രണ്ടു പേരേയും പടത്തലവൻനായർ പോയ സ്ഥലത്തേയ്ക്കു പറഞ്ഞയയ്ക്കും. കേരളം മുഴുവനും പാണ്ഡ്യപ്പട നശിപ്പിയ്ക്കുകയും ചെയ്യും. എന്താണ്, ഞാൻ പറയുന്നതുപോലെ ചെയ്യുവാൻ ഭാവമുണ്ടോ?"

പെരു—ഇല്ല.

വൈദ്യ—കാര്യം അപകടത്തിലാവും!

പെരു—ഞാൻ ഒരുങ്ങിയിരിയ്ക്കുന്നു. ഞാൻ കാണിച്ച വിഡ്ഢിത്തത്തിൻെറ ഫലം ഞാൻതന്നെ അനുഭവിയ്ക്കണം. അതനുഭവിയ്ക്കുവാനുള്ള ശക്തിയെങ്കിലും എനിയ്ക്കു ബാക്കിയുണ്ടെന്നാണ് എൻെറ വിശ്വാസം. ഞാൻ നിങ്ങളുടെ കയ്യാൽ മരിയ്ക്കുകയാണെങ്കിൽ, അതുകൊണ്ടെങ്കിലും ഞാൻ ചെയ്ത കുററത്തിന്നു ശിക്ഷയനുഭവിച്ചു എന്ന നിലയിലെങ്കിലും എൻെറ പ്രജകൾ എനിയ്ക്കു മാപ്പു തരും. എനിയ്ക്കതു മതി.

വൈദ്യരത്നസ്വാമികൾ "ശരി, ആരവിടെ?" എന്നു വിളിച്ചപ്പോൾ കുറേ ഭടന്മാർ വന്നു. അവരോട്, "നിങ്ങൾ ഇനി എല്ലായ്പോഴും പെരുമാളുടേയും ഈ സ്ത്രീയുടേയും അടുക്കെ പാറാവുണ്ടായിരിയ്ക്കണം. എൻെറ സമ്മതംകൂടാതെ ഇവർ രണ്ടുപേരേയും പുറത്തേയ്ക്കു പോകുവാനോ വേറെയാരെങ്കിലും കാണുവാനോ സമ്മതിയ്ക്കരുത്. മനസ്സിലായോ?"

ഭട—മനസ്സിലായി. ആ സ്ത്രീ ഞങ്ങളെ ചീത്ത പറഞ്ഞാലോ?

"എടാ, സ്ത്രീ ചീത്തപറകയാണെങ്കിൽ എന്താണ് ചെയ്യേണ്ടതെന്നു മനസ്സിലായിട്ടില്ലേ? സ്ത്രീകളെ എപ്പോഴും അടിയ്ക്കാം." എന്നു പറഞ്ഞു വൈദ്യരത്നസ്വാമികൾ പെരുമാളേയും ചെറോട്ടിയമ്മയേയും ഒന്നു നോക്കി തൻെറ കൊട്ടാരത്തിലേയ്ക്കു പോയി.

അന്നുമുതൽ പെരുമാളും ചെറോട്ടിയമ്മയും അവരവരുടെ മുറികളിൽ വെറും തടവുകാരായിത്തീൎന്നു.

# പതിനെട്ടാമദ്ധ്യായം

**ശ**ങ്കരാചാര്യസ്വാമികൾ സർവ്വജ്ഞപീഠം കയറുന്നതു പ്രമാണിച്ചു പരദേശത്തേക്കു പോയിരുന്ന വീരമാർത്താണ്ഡനും കൂട്ടുകാരും നാട്ടിലേക്കു തിരിച്ചു വന്നപ്പോൾ സ്വാഗതം ചെയ്തതു പടത്തലവൻനായരെ തൂക്കിലിട്ട വർത്തമാനമാണു്. ഇടിത്തീപോലെയാണു് അവരുടെ ഹൃദയത്തിൽ അതു ചെന്നു വീണതു്. എന്തു ചെയ്യേണ്ടുവെന്നറിയാതെ അല്പനേരത്തേയ്ക്കെല്ലാവരും തരിച്ചുനിന്നുപോയി. ഉത്തരക്ഷണത്തിൽ ആ ഇതികർത്തവ്യതാമൂഢതയിൽ നിന്നവരുണർന്നു. പടത്തലവൻനായർ പോയെങ്കിലും കേരളത്തിന്റെ മാനം രക്ഷിക്കാൻ മതിയായ യോദ്ധാക്കൾ ഇല്ലാതായിട്ടില്ലെന്നവർ തീരുമാനിച്ചു. പരദേശപ്പടയുടെ അധീനത്തിൽനിന്നു പെരുമാളേയും രാജ്യത്തേയും വീണ്ടെടുക്കുവാനുള്ള ദൃഢനിശ്ചയത്തോടെ പടയൊരുക്കത്തിനുള്ള സന്നാഹങ്ങളാരംഭിച്ചു. പതിനായിരത്തിൽ കുറയാത്ത ഒരു സൈന്യത്തെ ശേഖരിക്കുവാനായിരുന്നു നിശ്ചയം.

ഇതേ സമയത്തുതന്നെ, കേരളത്തിലെ രാജ്യരക്ഷയ്ക്കുവേണ്ട ഏർപ്പാടുകൾ അവതാളത്തിലാണെന്നറിഞ്ഞപ്പോൾ പാണ്ഡ്യരാജാവു കേരളത്തിലേയ്ക്കയക്കേണ്ടുന്ന സൈന്യത്തെ ശേഖരിച്ചു യുദ്ധത്തിനൊരുങ്ങി. അല്പം ദിവസങ്ങൾകൊണ്ടു വലിയൊരു സൈന്യത്തെ ഒരുക്കി കേരളത്തിലേയ്ക്കു രണ്ടു ഭാഗമായി രണ്ടു വഴികളിൽക്കൂടി അയയ്ക്കുവാൻ തീർച്ചപ്പെടുത്തി. ഈ സൈന്യങ്ങളെല്ലാം ശരിപ്പെടുത്തിയതിന്റെശേഷം രങ്കരായർ മൂന്നൂറു ഭടന്മാരടങ്ങിയ ഒരു ചെറുസൈന്യത്തോടുകൂടി ഗൂഢമായി പുറപ്പെട്ടു നേരെ കടല്ക്കരയ്ക്കു പോയി, അവിടെനിന്നു കപ്പൽ കയറി തിരുവഞ്ചിക്കുളത്തു വന്നടുത്തു. മുൻകൂട്ടി നിശ്ചയിച്ചപ്രകാരത്തിൽ അടയാളവെളിച്ചം കണ്ടപ്പോൾ നിശ്ശബ്ദമായി രാത്രിയിൽ കരക്കിറങ്ങി അവരുടെ കൂട്ടത്തെ പകുത്തു പലവഴികളിൽക്കൂടി കൊട്ടാരക്കോട്ടയിലേയ്ക്കു പോയി.

രങ്കരായർ കപ്പലിൽ വന്നടുത്ത രാത്രിതന്നെയാണു് വിക്കി

രൻ കൊട്ടാരപരിശോധനയ്ക്കു തീച്ച്പ്പെടുത്തിയത്. പുറപ്പെട്ട പ്പോാം അംബികാദേവി വിക്കിരനെ വിളിച്ച് ഒരു കുപ്പി കയ്യിൽ കൊടുത്തിട്ട് ഇങ്ങിനെ പറഞ്ഞു: "ഈ കുപ്പിയിൽ ഹക്കീം പടത്തലവൻനായൎക്ക കൊടുത്ത ഗുളികകളാണ്. ഇതു ഹക്കീം തങ്കമ്മയുടെ കയ്യിൽ അന്നു കൊടുത്തതാണത്രേ. ഈ ഗുളിക കഴി ച്ചിട്ടാണ് പടത്തലവൻനായരുടെ സുഖക്കേട പെട്ടെന്നു ഭേദമാ യത്. അച്ഛന്നും ആ സുഖക്കേടതന്നെയാണെന്നാണ് ഹക്കീ മിൻെറ അഭിപ്രായം. പക്ഷെ ഈ ഗുളിക സേവിപ്പാൻ ആ വൈദ്യരത്നസ്വാമികാം അനുവദിച്ചില്ല. അച്ഛനെ കാണുന്ന പക്ഷം ഈ കുപ്പി അച്ഛൻേറയോ ചെറോട്ടിയമ്മയുടേയോ കൈവശം ഏല്പിച്ചാൽ നന്നായിരുന്നു."

വിക്കി—ഈ ഗുളികതന്നെ വിഷമാണെങ്കിലോ? ഹക്കീം ഇവിടെ ഇല്ലാത്ത സ്ഥിതിയ്ക്ക് എങ്ങിനെയാണ് ഇതു ധൈര്യ പ്പെട്ടു കൊടുക്കുക?

ഇതു കേട്ട തങ്കമ്മ "ഇതു വിഷമാണെന്നു ഭയപ്പെടേണ്ട. ഹക്കീം തന്നെ ഇത് എൻെറ മുമ്പാകെ കഴിച്ചു. ഇതു കഴിച്ചാൽ ഗുണമുണ്ടായില്ലെങ്കിൽത്തന്നെ ഒരുപദ്രവും ചെയ്യില്ലെന്നു പ്രത്യേകം പറഞ്ഞിട്ടുണ്ട്."

"അതുകൊണ്ടു മതിയായില്ല. ഞാൻതന്നെ അതു കഴിച്ചു നോക്കി എനിയ്ക്കു തൃപ്തി വന്നാൽമാത്രമേ ഞാൻ തിരുമനസ്സിന്നു കൊടുക്കൂ" എന്നു പറഞ്ഞു വിക്കിരൻ കുപ്പി തുറന്ന് ഒരു ഗുളിക എടുത്തു. അംബികാദേവി തങ്കമ്മയുടെ മുഖത്തു നോക്കി. തങ്കമ്മയ്ക്ക് ആ നോട്ടത്തിൻെറ അൎത്ഥം മനസ്സിലായി "ദേവി ഭയ പ്പെടേണ്ട. അതു കഴിച്ചാൽ വിക്കിരജ്യേഷ്ഠന്നു യാതൊരപക ടവും വരില്ല" എന്നു പറഞ്ഞു.

വിക്കിരൻ ഗുളിക വായലിട്ടു നല്ലവണ്ണം ചവച്ചതിൻെറ ശേഷം ഇറക്കി കുറേ വെള്ളവും കഴിച്ചു. ഒരു നാഴിക നേര ത്തോളം അതിൻെറ ഫലമറിവാൻ ഒന്നും പ്രവൎത്തിയ്ക്കാതെ നിന്നു.

വിക്കി—ഇതു കഴിച്ചാൽ അപകടമൊന്നും വരില്ല, തീച്ച്. ഗുണം എത്രകണ്ടുണ്ടാവുമെന്നു പറയുവാൻ കഴികയില്ല. ഏതെ ങ്കിലും, ഞാനിതു കൊണ്ടുപോവാം.

തങ്ക—വിഷമുണ്ടെങ്കിൽ ഈ ഗുളിക ഗുണം ചെയ്യുമെന്നാണ് ഹക്കീം പറഞ്ഞത്. പിന്നെ ദേവിയുടെ ആഭരണപ്പെട്ടി ദേവി

യുടെ അറയിലുണ്ടത്രേ. അതുകൂടി ഒന്നു കൊണ്ടുവന്നാൽ വേണ്ടില്ല എന്നുണ്ട്. ചുമരിലുള്ള സിംഹത്തിൻെറ കണ്ണു കുത്തിയാൽ തെക്കുഭാഗത്തുള്ള വാതിൽ തുറക്കും.

വിക്കിരൻ "സാധിച്ചെങ്കിൽ രണ്ടും ചെയ്യാം. പെരുമാറംക്ക് ഇതു കൊടുക്കാം. ഇല്ലെങ്കിൽ തിരിച്ചുകൊണ്ടുവരും. പിന്നെ ഞങ്ങറം രണ്ടുപേരും പോയാൽ ഇവിടെ പ്രത്യേകിച്ച് സൂക്ഷിയ്ക്കണം." എന്നു പറഞ്ഞു വാതിലുകളും പടിവാതിലുകളും ഭദ്രമായി അടച്ചതിന്നുശേഷം മാനിച്ചനോടുകൂടി ഇരുട്ടിൽ മറഞ്ഞു.

നേരെ കോട്ടയുടെ ഒരു ഭാഗത്തു പോയി ഇരുട്ടിൽ ഒളിഞ്ഞിരുന്നു. കോട്ടവാതിൽ അടച്ചിരുന്നതുകൊണ്ട് അകത്തേയ്ക്കു കടപ്പാൻ വഴി കണ്ടില്ല. അതുകൊണ്ടു മതിൽ ചാടിക്കടക്കുവാൻ തീച്ചപ്പെടുത്തി.

കോട്ടവാതിൽ നിശ്ശബ്ദമായി എന്നു കണ്ടപ്പോറം വിക്കിരൻ മാനിച്ചൻെറ ദേഹത്തിന്മേൽ ചവുട്ടി മതിൽ പിടിച്ചുകയറി. അതിന്നുശേഷം വിക്കിരൻ തൻെറ കൈ തൂക്കിയിട്ടുകൊടുത്തു. മാനിച്ചൻ വിക്കിരൻെറ കൈ പിടിച്ചും കയറി. രണ്ടുപേരും ക്ഷണത്തിൽ മുററത്തേയ്ക്കു ചാടി. ഇരുട്ടുള്ള ഭാഗത്തു പോയി ഒളിഞ്ഞിരുന്നു.

കുറച്ചു കഴിഞ്ഞപ്പോറം കൊട്ടാരത്തിൻെറ പടിഞ്ഞാറുഭാഗത്തുള്ള ഒരു ചെറിയ ഒളിവാതിൽ തുറന്ന് ആരോ രണ്ടുപേർ പുറത്തേയ്ക്കു വന്നു. അതിൽ ഒരാറം "സമയമായിപ്പോയി നമുക്കു വേഗത്തിൽ പോകാം." പിന്നെ ആ വാതില്ക്കൽ നില്ക്കുന്ന ഒരു ഭടനോട് "നീ ഈ വാതില്ക്കൽത്തന്നെ നില്ക്കണം. ഞാൻ വന്നു ശബ്ദിച്ചാൽ വാതിൽ തുറക്കണം" എന്നു പറഞ്ഞു. പുറത്തു വന്ന രണ്ടുപേരുംകൂടി വേഗത്തിൽ നടന്നു കോട്ടയുടെ പടിവാതില്ക്കലേയ്ക്കു പോയി.

ആ രണ്ടുപേരിൽ ഒരാറം വൈദ്യരത്നസ്വാമികളാണെന്ന് അവക്കു രണ്ടാറംക്കും മനസ്സിലായി. പെട്ടെന്നു മാനിച്ചൻ മാനിനെക്കണ്ട നായാട്ടുനരിയെപ്പോലെ അയാളുടെ നേരേ ചാടുവാൻ തുനിഞ്ഞു. ഉടനേ വിക്കിരൻ പിടിച്ചുനിത്തി. "നിക്ക്, കാര്യം വഷളാക്കാനല്ല നാം വന്നത്. വരു, നമുക്ക് അകത്തേയ്ക്കു കടക്കാം." എന്നു പറഞ്ഞു ശബ്ദമുണ്ടാക്കാതെ വാതില്ക്കൽ ചെന്നുനിന്നു. ഭടൻ വാതിൽ പകുതി ചാരി അവിടെ

ത്തന്നെ നിന്നിരുന്നു. വിക്കിരൻ വാതിലിൽക്കൂടി കൈ നീട്ടി ഭടനെ പിടിച്ചു. അവൻ എന്തോ ഒരു ശബ്ദംമാത്രം പുറപ്പെട്ടുവിച്ചു. ക്ഷണത്തിൽ അകത്തേയ്ക്കു കടന്നു. ചുററും നോക്കി. അടുത്തു വേറെയാരെയും കണ്ടില്ല. വിക്കിരൻ പോകുന്നതിന്നു മുമ്പു മാനിച്ചനോടു താഴ്ന്ന സ്വരത്തിൽ "നീ ഇവിടെ ആ ഭടന്നു പകരം നില്ക്കണം. നാം തിരിച്ചുപോകുന്നതിന്നുമുമ്പു വൈദ്യരത്നം വന്നാൽ വാതിൽ തുറന്നുകൊടുക്കണം. ഞാൻ പോയി ക്ഷണത്തിൽ വരാം" എന്നും പറഞ്ഞ് ഇരുട്ടിൽ മറഞ്ഞു. മാനിച്ചൻ വാതില്ക്കൽ കാവലും നിന്നു.

വിക്കിരന്ന് ഇരുട്ടത്തു കാണുവാൻ സാധിയ്ക്കുന്നതുകൊണ്ടും കൊട്ടാരത്തിൽ നല്ല പരിചയമുള്ളതുകൊണ്ടും പ്രയാസംകൂടാതെ അതിൻെറ ഇടവഴികളിൽക്കൂടി പോകുവാൻ സാധിച്ചു. ആദ്യം തന്നെ പെരുമാറാം കിടക്കുന്ന അറയിലേയ്ക്കു പോയി. വാതില്ക്കൽ കാവല്ക്കാർ ആരുമുണ്ടായിരുന്നില്ല. മെല്ലെ വാതിലിൽക്കൂടി അകത്തേയ്ക്കു കടന്നു. കട്ടിലിൽ ആരോ കിടന്നിരുന്നു. സൂക്ഷിച്ചുനോക്കിയപ്പോറം അതു ചെറോട്ടിയമ്മയാണെന്നു മനസ്സിലായി. അപ്പോറം വിക്കിരൻ കണ്ട ചെറോട്ടിയമ്മ പണ്ടത്തെ ചെറോട്ടിയമ്മയാണെന്ന് ആരും പറയുകയില്ല. മുഖം, മുമ്പത്തെ തേജസ്സും ഗാംഭീര്യവും പോയി വിളറിയും, ദേഹം മെലിഞ്ഞു തൊലിതൂങ്ങിയുംകൊണ്ടുള്ള വൃദ്ധസ്ത്രീയേയാണ് അവിടെ കണ്ടത്. വിക്കിരന്നു ചെറോട്ടിയമ്മയോടു സ്നേഹം തോന്നുവാൻ ഒരു കാരണവുമില്ലെങ്കിലും ചെറോട്ടിയമ്മയുടെ അപ്പോഴത്തെ സ്ഥിതി കണ്ടിട്ടു വലിയ അനുകമ്പ തോന്നി.

വിക്കിരൻ ചെറോട്ടിയമ്മയെ ഉണർത്താതെ മുറിയിൽനിന്നു പുറത്തേയ്ക്കു വന്നു. പെരുമാറാം ഉപയോഗിയ്ക്കാറുള്ള വേറേ ഒരറയിലേയ്ക്കു പോയി. അതിൽ വിദേശീയവസ്ത്രങ്ങളും മററും തൂക്കിയിട്ടതു കണ്ടതുകൊണ്ട് അതു പെരുമാളുപയോഗിയ്ക്കുന്ന മുറിയല്ലെന്നു മനസ്സിലാക്കി പുറത്തേയ്ക്കു വന്നു. പിന്നെ ആ കൊട്ടാരം മുഴുവനും തിരഞ്ഞുവെങ്കിലും പെരുമാളെ ഒരു സ്ഥലത്തും കണ്ടില്ല. കൊട്ടാരത്തിന്നുള്ളിൽ വലിയൊരു മാററവും വന്നിട്ടുള്ളതായി വിക്കിരന്നു തോന്നി. അതു ചേരമാൻപെരുമാളുടെ കൊട്ടാരമായിട്ടല്ലാ, ഏതോ ഒരു വിദേശീയപ്പട്ടാളപ്പാളയംപോലെയാണ് വിക്കിരന്നു തോന്നിയത്. അതിന്നുള്ളിൽ അവിടവിടെയായി കിടന്നുറങ്ങിയിരുന്ന ഭടന്മാരും മുഖപരിചയമി

ല്ലാത്ത വിദേശീയർതന്നെ.

പെരുമാളെ അവിടെയെങ്ങും കാണാതിരുന്നതുകൊണ്ടു വിക്കിരൻെറ മനസ്സിൽ വല്ലാത്ത ഒരു ഭയം തോന്നി. “പെരുമാളെ അവർ കൊന്നുകളഞ്ഞിരിയ്ക്കുമോ!” എന്ന സംശയം ബലമായി മനസ്സിൽ ജനിച്ചു. ഏതെങ്കിലും, അവിടെനിന്നു പോകുന്നതിന്നുമുമ്പു രായന്മാരുടെ മാളികകൂടി പരിശോധിയ്ക്കുവാൻ തീച്ച്യയാക്കി. അവിടേയ്ക്കു പുറപ്പെട്ടുപോകുംവഴി അംബികാദേവി ഉപയോഗിച്ചിരുന്ന അറ ഓമ്മവന്നു. അതിലുംകൂടി നോക്കിക്കളയാമെന്നു നിശ്ചയിച്ച് അതിൻെറ വാതില്ക്കലേയ്ക്കു ചെന്നു.

അതിൻെറ വാതിലടച്ചു പുറത്തുനിന്നു പൂട്ടിട്ടു പൂട്ടിയിരുന്നു. പക്ഷെ ആ പൂട്ടിയ വാതിലിൻെറ മുമ്പിൽ ആയുധപാണിയായ ഒരു ഭടൻ കിടന്നുറങ്ങുന്നതു കണ്ടിട്ടു വിക്കിരന്ന് ആശ്ചര്യം തോന്നി. പൂട്ടിയ മുറിയുടെ വാതില്ക്കൽ കാവൽ നില്ക്കണമെങ്കിൽ തീച്ച്യയായും അതിന്നകത്ത് എന്തോ വിലപിടിച്ച സാധനം ഉണ്ടായിരിയ്ക്കണമെന്നൂഹിച്ചു. പെരുമാറം അതിന്നകത്താണെന്നു തീച്ച്പ്പെടുത്തി വിക്കിരൻ ആ മുറിയ്ക്കകത്തു കടപ്പാൻ വഴിയാലോചിച്ചു. കാവല്ക്കാരൻ അറിയാതെ വാതിൽ തുറക്കുവാൻ സാധിയ്ക്കില്ലെന്നു മനസ്സിലാക്കി അവൻെറ കഥ കഴിച്ചാലോ എന്നാലോചിച്ചു. തൻെറ കാൽ പൊക്കി പിന്നേയും ഉറങ്ങുന്നവനെ എങ്ങിനെയാണ് കൊല്ലുക എന്നു സംശയിച്ചുനില്ക്കുമ്പോറം ആ അറയ്ക്കുള്ള കൃത്രിമവാതിൽ ഓമ്മവന്നു. ക്ഷണത്തിൽ അവിടെ നിന്നോടി രായന്മാരുടെ കൊട്ടാരത്തിന്നുള്ളിൽ കടന്നു. അതിൽ ആയുധപാണികളായ അനവധി ഭടന്മാർ കിടന്നുറങ്ങിയിരുന്നു. അവരെയൊന്നും ഉണത്താതെ ഒന്നുരണ്ട് ഇടനാഴികളിൽക്കൂടി തിരിഞ്ഞു ദേവിയുടെ അറയുടെ പുറത്തെത്തി. ചുമരിന്മേൽ വലിയ ഒരു സിംഹത്തിൻെറ ചിത്രംവരച്ചിട്ടുള്ളതു സൂക്ഷിച്ചു നോക്കി. അതിൻെറ കണ്ണുകളിൽ അമത്തി. പെട്ടെന്നു സിംഹത്തിൻെറ ദേഹം തലയിൽനിന്നു വേർപെട്ടു. വിക്കിരൻ ദേവിയുടെ അറയിലേയ്ക്കു പ്രവേശിച്ചു.

അംബികാദേവി ഉപയോഗിച്ചിരുന്ന കട്ടിലിൽ തനിച്ചു കേരളത്തിൻെറ ഉടയവരായ ചേരമാൻപെരുമാറം കിടക്കുന്നതു കണ്ടു. കട്ടിലിൻെറ ഒരു ഭാഗത്തു വെളിച്ചം മങ്ങിയ ഒരു വിളക്കുമുണ്ടായിരുന്നു. വിക്കിരൻ അകത്തു കടന്നതിന്നുശേഷം വാതി

ലടച്ച കട്ടിലിൻെറ അടുക്കെ പോയി പെരുമാളെത്തന്നെ സൂക്ഷിച്ചുനോക്കിക്കൊണ്ടു നിന്നു. പെരുമാൾ കിടക്കുന്നതു കണ്ടപ്പോൾ മരിച്ചുകിടക്കുകയാണെന്നാണ് വിക്കിരന്ന് ആദ്യം തോന്നിയത്. പിന്നെ അടുത്തു ചെന്നു വളരെ സൂക്ഷിച്ചുനോക്കിയപ്പോൾ അദ്ദേഹത്തിൻെറ വയറു മെല്ലെ പൊങ്ങുകയും താഴുകയും ചെയ്യുന്നുണ്ടെന്നുകണ്ട് ആശ്വസിച്ചു.

പെരുമാൾ വെറും എല്ലും തൊലിയും മാത്രമായിരുന്നു. കിടക്കുന്നതുകണ്ടാൽ ആരും അദ്ദേഹത്തിന്നു ജീവനുണ്ടെന്നു പറയില്ല. കണ്ണുകൾ കുഴിയിൽ ആണ്ടുകിടന്നിരുന്നു. വിക്കിരൻ അദ്ദേഹത്തിൻെറ ദേഹം ഒന്നു തൊട്ടുനോക്കി. പക്ഷെ തൊട്ടിട്ടും യാതൊരനക്കവുമുണ്ടായില്ല. കൈപിടിച്ചു പൊക്കിയപ്പോൾ ശക്തിയില്ലാതെ കിടക്കയിലേക്കുതന്നെ വീണു. ഉറങ്ങുകയായിരിക്കുമെന്നു വിചാരിച്ചു വല്ല അനക്കവുമുണ്ടാകുമോ എന്നറിവാൻ കൈ പിടിച്ചു നല്ലവണ്ണം കുലുക്കി. എന്തു ചെയ്തിട്ടും പ്രകൃതത്തിന്ന് ഒരു മാററവുമുണ്ടായില്ല. പെരുമാൾ അപ്പോൾ മരിച്ചിട്ടില്ലെങ്കിലും അതിന്നു വളരെ താമസമില്ലെന്നു വിക്കിരന്നു തോന്നി. അദ്ദേഹം മരിച്ചുപോയാൽപ്പിന്നെ താൻ എന്താണ് ചെയ്യേണ്ടതെന്നും ദേവിയോട് എന്താണ് പറയേണ്ടതെന്നും മററും ആലോചിച്ചുകൊണ്ടു വിക്കിരൻ അവിടെത്തന്നെ നിന്നു.

ആ സമയത്തു വളരെ ആളുകൾ ഒന്നായി സംസാരിച്ചുകൊണ്ടു കൊട്ടാരമാളികയിലേക്കു കയറിവരുന്ന ശബ്ദം കേട്ടു വിക്കിരൻ ഒളിക്കുവാൻ വല്ല സ്ഥലവുമുണ്ടോ എന്നു നോക്കി. മുമ്പു രങ്കരായർ മറഞ്ഞിരുന്ന പെട്ടി കണ്ടു. വല്ലവരും വാതിൽ തുറന്നാൽ അതിൻെറ പിന്നിൽ ചെന്നിരിക്കാമെന്നുറച്ചു ചെകിടോർത്തുകൊണ്ടു നിന്നു. കുറച്ചു സമയത്തിന്നുള്ളിൽ അവർ ആ അറയുടെ വാതില്ക്കൽ വന്നു. വാതിൽ തുറക്കുന്ന ശബ്ദം കേട്ടു. വിക്കിരൻ ക്ഷണത്തിൽ പെട്ടിയുടെ മറവിൽ പോയിരുന്നു.

വാതിൽ തുറന്ന് അകത്തേക്കു കടന്നതു രങ്കരായരും വൈദ്യരത്നസ്വാമികളുമാണ്. രണ്ടുപേരുംകൂടി പെരുമാൾ കിടക്കുന്നതിൻെറ അടുത്തു വന്നു. പെരുമാളെ നോക്കിക്കൊണ്ടു

രങ്കരായർ—ഇതെന്താണ് മരിച്ചിട്ടില്ലല്ലോ!

വൈദ്യരത്നം—ഇല്ല. ഞാൻ അവിടേക്കു വരുന്നതിന്നു

മുമ്പു കുറച്ചധികം ചുവപ്പുമരുന്നു കൊടുത്തു. അതുകൊണ്ടു് ഇങ്ങിനെ മയങ്ങിക്കിടക്കുകയാണു്.

രങ്ക—മരുന്നിന്നു് ഇത്ര ബലമുണ്ടാകുമെന്നു ഞാൻ മനസ്സിലാക്കിയിരുന്നില്ല. അതു് എത്ര ചെലവായി.

വൈ—ഇനിയും അരക്കുപ്പിയോളം ബാക്കിയുണ്ടു്.

രങ്ക—നമ്മുടെ ആവശ്യത്തിന്നു് അതു മതിയാകും. ഇപ്പോറം ഒന്നുണത്താം.

വൈ—(ഒരു ഭടനോടു്) എടാ, പോയി, ഞാൻ കിടക്കുന്ന മുറിയുടെ ചുമരിൽനിന്നു കുപ്പി എടുത്തു കൊണ്ടുവാ. പച്ച നിറത്തിലുള്ള മരുന്നാണു് വേണ്ടതു്.

രങ്ക—രണ്ടും കൊണ്ടുവരാൻ പറയൂ.

വൈ—രണ്ടു കുപ്പിയും എടുത്തു കൊണ്ടുവാ.

ഭടൻ പോയി രണ്ടു കുപ്പി മരുന്നും എടുത്തു കൊണ്ടുവന്നു വൈദ്യരത്നത്തിൻെറ കയ്യിൽ കൊടുത്തു. അതിൽ ഒരു കുപ്പിയിൽ രക്തംപോലുള്ളതും, മറേറതിൽ പച്ചിലയുടെ നിറത്തിലുള്ളതുമായിരുന്നു. പച്ചമരുന്നുകുപ്പി തുറന്നു് ആറു തുള്ളിയെടുത്തു കുറച്ചു പച്ചവെള്ളവുംകൂട്ടി പെരുമാളുടെ വായിലൊഴിച്ചു. കാൽ നാഴികകൊണ്ടു പെരുമാറം കണ്ണു തുറന്നു ചുററുപാടും നോക്കി.

രങ്കരായർ ഒരു പുഞ്ചിരിയോടുകൂടി "എന്നെ മനസ്സിലായില്ലേ? സുഖക്കേടു് എങ്ങിനെയിരിക്കുന്നു?" എന്നു ചോദിച്ചു.

പെരുമാറം—(ഒരു കിണററിൻെറ ഉള്ളിൽനിന്നു ശബ്ദിക്കുന്നപോലെ) മനസ്സിലായി, രങ്കരായർ—നിങ്ങറം പോയില്ലേ?

രങ്ക—പോയി. തിരിച്ചുവന്നു. പെരുമാളോടു് ഇത്തിരി കാര്യം സംസാരിപ്പാനുണ്ടു്.

പെരു—ഞാൻ എങ്ങിനെയാണു് ഈ മുറിയിൽ വന്നതു്? ചെറോട്ടി എവിടെ?

വൈ—ഇനി ഇവിടെ കിടന്നാൽ മതി. ചെറോട്ടി മുമ്പു കിടന്ന മുറിയിലുണ്ടു്.

പെരു—നിങ്ങറം പുറത്തേക്കു പോകുക. ഇപ്പോറം എനിക്കു നിങ്ങളോടു സംസാരിക്കുവാൻ വയ്യ. ക്ഷണത്തിൽ ചെറോട്ടിയെ ഇങ്ങോട്ടയയ്ക്കുക.

രങ്ക—നിങ്ങളോടു് എനിക്കു പറയുവാനുള്ളതു പറഞ്ഞുക

ഴിഞ്ഞിട്ട പിന്നെ ചെറോട്ടിയെ വിളിയ്ക്കാം. നിങ്ങാം എന്നെ പെരുമാളായി നിശ്ചയിച്ചിരിയ്ക്കുന്നു എന്നെഴുതിത്തരണം. അതി ന്നാണ് ഞാൻ ഇപ്പോഠം ഇങ്ങട്ട പുറപ്പെട്ടത്. എഴുതിത്തന്നി ല്ലെങ്കിൽ ഞാൻ പറഞ്ഞതുകൊണ്ടുമാത്രം ജനങ്ങാം വിശ്വസി യ്ക്കില്ല.

ഇതു കേട്ടിട്ട പെരുമാളുടെ മുഖം അല്പം ചുവന്നുവോ എന്നു രങ്കരായക്കു തോന്നി. കണ്ണുകാം അല്പംകൂടി വിടന്നു രങ്കരായരുടെ മുഖത്തു സൂക്ഷിച്ചുനോക്കിക്കൊണ്ട്, "ഇല്ലെങ്കിലോ?"

രങ്ക—ഇല്ലെങ്കിൽ ഇതിനകത്തുനിന്നു ജീവനോടുകൂടി പുറത്തു പോവില്ല. (മരുന്നുകുപ്പികളെടുത്തു കയ്യിൽ പിടിച്ചു പെരു മാാംക്കു കാണിച്ചുകൊണ്ട്) ഈ ചുകന്ന മരുന്നു മരണമാണ്. ഈ പച്ചമരുന്നു ജീവനമാണ്. ഈ കൊട്ടാരത്തിലും കോട്ടയി ലുമുള്ള എല്ലാവരും എൻെറ ഭടന്മാരാണ്. ഒരു സൈന്യം വന്നു വളഞ്ഞാൽക്കൂടി ഈ കോട്ട രക്ഷിയ്ക്കുവാൻ വേണ്ടുന്ന ആളുകാം ഇന്ന് എൻെറകൂടെ വന്നിട്ടുണ്ട്. നിങ്ങളുടെ ഭാഗക്കാർ വന്ന് ആക്രമിച്ച് ഈ കോട്ട പിടിച്ചു എന്നുതന്നെ വിചാരിയ്ക്കുക. എന്നാലും നിങ്ങാം ഞങ്ങളുടെ കയ്യിലുള്ള കാലത്തോളം ഞങ്ങാം ക്കു ഭയപ്പെടാനില്ല. കോട്ട പിടിച്ചു ഉള്ളിൽ പ്രവേശിച്ചാൽ അന്നു നിങ്ങളുടെ കഥ കഴിയ്ക്കും. അതിനെല്ലാം പുറമെ, 12,000 കാലാാംപ്പടയും 5,000 കുതിരപ്പട്ടാളവും അനവധി ആനകളുമടങ്ങിയ സൈന്യം ഈ കേരളത്തെ ആക്രമിയ്ക്കുവാൻ ഒരുങ്ങിനില്ക്കുന്നുണ്ട്. നിങ്ങാം എഴുതിത്തരാത്തപക്ഷം ഈ സൈന്യം ഉടനേ മലയിറങ്ങും. പിന്നെ ഇവിടുത്തെ സ്ഥിതി യാലോചിച്ചാൽ നിങ്ങാംക്കു യാതൊന്നും പ്രവൎത്തിയ്ക്കുവാൻ ശക്തിയില്ല. ഞങ്ങാംക്കു ഭയമുള്ള ഒരാളുണ്ടായിരുന്നതു മററ ലോകത്തേയ്ക്കു പോയ്ക്കഴിഞ്ഞു. അയാളെ കൊന്നതും നിങ്ങളുടെ കല്പനപ്രകാരമാണ്. അതുകൊണ്ടു നിങ്ങളുടെ സൈന്യം പോയി. ജനങ്ങാംക്കെല്ലാം നിങ്ങളോടു വിരോധവുമായിക്ക ഴിഞ്ഞു. പടത്തലവൻനായർ കുററക്കാരനല്ല എന്ന സംഗതി ജനങ്ങളുടെയിടയിൽ പരന്നിരിയ്ക്കുന്നു. അയാാം നിങ്ങളെ കാണിപ്പാനെഴുതിയ എഴുത്തു നിങ്ങാം വായിച്ചിട്ടുണ്ടായിരിയ്ക്കും.

പെ—അയ്യോ ഞാനതു കണ്ടില്ല—അതെവിടെ?

രങ്ക—(വൈദ്യരത്നത്തോട്) അതു കൊടുത്തിട്ടില്ലേ?

വൈ—ഇല്ല, എൻെറ കയ്യിലുണ്ട്.

രങ്ക—അതു കൊടുക്കു. പെരുമാാംക്കു് അതു വായിച്ചാൽ നാം പറയുന്നതിൽ വിശ്വാസംവരും. ഏതെങ്കിലും അതു പിന്നെ വായിയ്ക്കാം. ജനങ്ങാം, പടത്തലവൻനായരെ ഇങ്ങിനെ കൊന്നതുകൊണ്ടു നിങ്ങളെ സഹായിയ്ക്കില്ല. മററുള്ള രാജാക്കന്മാരും നിങ്ങാംക്കു സഹായമല്ല. എല്ലാംകൊണ്ടും ഞാൻ പറയുന്നതുപോലെ പ്രവൎത്തിയ്ക്കുന്നതാണുത്തമം. എനിയ്ക്കു നിങ്ങളുടെ എഴുത്തുണ്ടെങ്കിൽ കാൎയ്യം വളരെ എളുപ്പമായിരിയ്ക്കും. ഏതുവിധത്തിലായാലും ഞങ്ങാം ഈ രാജ്യം പിടിയ്ക്കാതിരിയ്ക്കില്ല. രണ്ടുദിവസം ഇടതരാം. അതിന്നുള്ളിൽ ആലോചിച്ചു മറുപടി തരണം.

പെരു—എനിയ്ക്കു പടത്തലവൻനായരുടെ ആ എഴുത്തൊന്നു വായിച്ചാൽ വേണ്ടില്ലെന്നുണ്ടു്. ചെറോട്ടിയേയും ഒന്നു കാണണം.

രങ്ക—ആ എഴുത്തു കൊടുക്കു.

ഇതു കേട്ടു വൈദ്യരത്തം പുറത്തു പോയി ആ ഓലക്കഷ്ണങ്ങാം എടുത്തു കൊണ്ടുവന്നു പെരുമാളുടെ കയ്യിൽ കൊടുത്തു.

രങ്ക—ഇതു പതുക്കെ വായിയ്ക്കാം. ഞങ്ങളോടു യോജിച്ചു പ്രവൎത്തിയ്ക്കയാണെങ്കിൽ കുറേക്കൂടി പെരുമാളായി സുഖത്തിലിരിയ്ക്കാം. അല്ലാത്തപക്ഷം ഞങ്ങാംക്കാവശ്യമുള്ളതുവരെ ഒരു ജെയിൽപ്പുള്ളിയെപ്പോലെ ജീവിയ്ക്കാം. രണ്ടിലൊന്നു തീൎച്ചയാക്കി എന്നോടു പറയണം. എന്നാൽ ഞങ്ങാം പോയിവരാം. (ഭടനോടു്) ആ വിളക്കൊന്നു നല്ലവണ്ണം നീട്ടിക്കത്തിച്ചുവെച്ചു കൊടുക്കു.

അവർ പുറത്തേയ്ക്കു പോയി. ഭടൻ വിളക്കു നല്ലവണ്ണം കത്തിച്ചു വെച്ചതിന്നുശേഷം പുറത്തു കടന്നു വാതിൽ അടച്ചുപൂട്ടിപോയി.

അവർ പോയതിൻെറശേഷം പെരുമാാം വളരെ ബുദ്ധിമുട്ടി വൈദ്യരത്തം കൊടുത്ത ഓലക്കഷ്ണങ്ങാം വായിച്ചു. കൈ വിറച്ചിട്ടു് ആ ഓലകാം നേരേ പിടിയ്ക്കുവാൻകൂടി സാധിച്ചിരുന്നില്ല. എങ്കിലും അതു മുഴുവനും വായിച്ചുതീൎത്തു് ആ ഓലക്കഷ്ണങ്ങാം തൻെറ അടുത്തു കിടയ്ക്കയിൽ വെച്ചു അനങ്ങാതെ കിടന്നു. വായിച്ചുതീൎന്നതോടുകൂടി തൻെറ കണ്ണുകളിൽക്കൂടി കണ്ണുനീർ ഒഴുകിക്കൊണ്ടിരുന്നു. കുറച്ചു കഴിഞ്ഞശേഷം പെരുമാാം

"അയ്യോ ദേവീ, എൻെറ പടത്തലവൻനായരേ, ഞാൻ നിങ്ങളോടു ചെയ്ത കുററത്തിന്നുള്ള ശിക്ഷ ഇങ്ങനെ നിസ്സഹായനായി ഇത്ര ക്ഷണത്തിൽ അനുഭവിയ്ക്കാറായല്ലോ. ഈശ്വരാ, ഞാൻ ഇവററ പറയുന്നതു കേട്ടിട്ട് ഇങ്ങനെ ഒരു മഹാപാതകം ചെയ്തുപോയല്ലോ ദേവി. ഞാൻ കൊലപാതകം നടത്തി. സൈന്യവും നാട്ടുകാരും എനിയ്ക്കു സഹായമല്ലാതേയുമായി. എൻെറ ശക്തിയും ക്ഷയിച്ചു. ഞാൻ ഇവററയുടെ കയ്യിൽ പെടുകയും ചെയ്തു. ആട്ടെ, ഇനി എനിയ്ക്കു ഭയപ്പെടാനെന്താണുള്ളത്—മരണം. അതിനെ ഞാൻ ഭയപ്പെടുന്നുമില്ല. പക്ഷെ അതു ഞാൻ ചെയ്ത കുററത്തിൽ ഞാൻ പശ്ചാത്തപിയ്ക്കുന്നു എന്ന് എൻെറ പ്രജകളെ അറിയിച്ചതിന്നുശേഷമായാൽ വേണ്ടില്ലെന്നേ ഉള്ളു. പക്ഷെ അതെങ്ങിനെ സാധിയ്ക്കും? അവർ എന്തു ചെയ്താലും ഞാൻ എഴുതികൊടുക്കില്ല. എന്നാൽ എനിയ്ക്കു മനസ്സമാധാനത്തോടുകൂടിയെങ്കിലും മരിയ്ക്കാറാകും."

വിക്കിരൻ ഒളിഞ്ഞിരുന്ന സ്ഥലത്തുനിന്ന് എഴുന്നേററു നിന്നു. എങ്ങിനെയാണ് പെരുമാളെ ഭയപ്പെടുത്താതെ അടുത്തു ചെല്ലേണ്ടതെന്ന് ആലോചിച്ചു മെല്ലെ പെട്ടിയ്മ്മേലൊന്നു തട്ടി. പെരുമാറം അതു കേട്ട് ആ ഭാഗത്തേയ്ക്കു നോക്കി. അപ്പോറം ഒന്നുകൂടി തട്ടി. പെരുമാറം അതു കേട്ട് "ആരാത്?" എന്നു ചോദിച്ചു. "അടിയനാണ്" എന്നു പറഞ്ഞു വിക്കിരൻ മറവിൽനിന്നു വെളിച്ചത്തു വന്നു.

പെട്ടെന്നു പെരുമാറം പരിഭ്രമിച്ചു കിടന്ന സ്ഥലത്തുനിന്നു പകുതി എഴുന്നേററു. ശക്തിയില്ലാത്തതുകൊണ്ടു പിന്നോക്കം മറിഞ്ഞു. ക്ഷണത്തിൽ വിക്കിരൻ പോയി താങ്ങിപ്പിടിച്ചു കിടയ്ക്കയിൽത്തന്നെ കിടത്തി. പെരുമാറം വിക്കിരൻെറ മുഖത്തു തന്നെ നോക്കിക്കൊണ്ടു "ഞാൻ നിന്നെ ആദ്യം കണ്ടപ്പോറം പടത്തലവൻനായരുടെ പ്രേതമെന്നാണ് വിചാരിച്ചത്."

വിക്കി—ഇവിടുത്തെ സ്ഥിതി ഇത്ര കഷ്ടമാണെന്ന് ആക്കും നിശ്ചയമില്ല. സ്വാമികറം ഞങ്ങളോടു തിരുമനസ്സിലെ കാര്യങ്ങറം പ്രത്യേകിച്ചു ശ്രദ്ധവെയ്ക്കണമെന്നു നിഷ്കഷിച്ചു പറഞ്ഞിട്ടുണ്ട്. അതുപ്രകാരം പ്രവത്തിയ്ക്കുവാൻ ഞങ്ങറം ഒരുങ്ങിയിട്ടുമുണ്ട്. പടത്തലവൻനായരുടെ കാര്യം മഹാകഷ്ടമൈ ആയിപ്പോയിരിയ്ക്കുന്നു. ജനങ്ങറം വല്ലാതെ ക്ഷോഭിച്ചിട്ടുണ്ട്. എങ്കിലും തിരുമനസ്സിലേയ്ക്കുവേണ്ടി ജീവൻ കളയുവാൻ നാട്ടിൽ ഇനിയും

ആളുകളുണ്ടാവും. പാണ്ഡ്യറ്റപ്പട വരുന്നുണ്ട്. അതിനോടു പൊരുതുവാൻ അടിയനും വീരമാർത്താണ്ഡനും രവിവർമ്മനും രാമവർമ്മനും കഴിയുന്ന ശ്രമവും ചെയ്തുവരുന്നുണ്ട്. ഇനിയെല്ലാം തിരുമനസ്സിലെ കല്പനപോലെ.

പെരു—വിക്കിരാ, നീ പടത്തലവൻനായക്കു പകരം വന്നവനാണ്. നിൻെറ വാക്കുകറം എനിക്കു വലിയ സന്തോഷവും സന്താപവും തരുന്നുണ്ട്. നിങ്ങളെല്ലാമുണ്ടായിട്ടും ഞാൻ നിങ്ങളെ ഉപേക്ഷിച്ചു രങ്കരായക്കു വശഗതനായല്ലോയല്ലോ എന്നാണ് മനസ്താപം. ഞാൻ ചെയ്തതു കടുകയ്യായിപ്പോയി. പക്ഷെ ഞാൻ ഇനിയെന്താണ് ചെയ്യേണ്ടത്? നീ പറഞ്ഞ വാക്കുകറം എനിക്കു വളരെ സമാധാനം തരുന്നുണ്ട്. നിങ്ങറം അഞ്ചുപേർ മാത്രം ഒരു സൈന്യത്തോട് എന്തു ചെയ്യും?

വിക്കി—സൈന്യത്തെ ശേഖരിക്കുവാൻ ഞങ്ങറം പ്രയത്നിക്കുന്നുണ്ട്. തിരുമനസ്സിനെ കണ്ടു വിവരമറിയുവാനാണ് അടിയൻ ഇങ്ങിനെ ഒളിച്ചുവന്നത്.

പെരു—വളരെ നന്നായി. നീ എനിക്കു പുതിയ ജീവൻ തന്നിരിക്കുന്നു. ഇനി എനിക്കു മരിച്ചാൽക്കൂടി വിരോധമില്ല. നിങ്ങറംക്ക് ഒന്നു കൂടിച്ചേരുവാൻ ഒരു താവളംകൂടിയില്ലല്ലോ. ഞാൻ നിനക്ക് എന്താണ് തരേണ്ടത്? ഒരു സ്ഥലം എൻെറ കൈവശത്തിലുണ്ട്. ചെറിയ സ്ഥലമാണ്. എങ്കിലും അത് ഒരു വലിയ രാജ്യമാണെന്നു വിചാരിച്ചു നീ അത് എൻെറ കയ്യിൽനിന്നു വാങ്ങണം. കൊക്കോഴിക്കോട് എന്നൊരു സ്ഥലമുണ്ട്. അവിടെ ഒരു കോട്ടയുമുണ്ട്. അത് ആരുടേയും കൈവശത്തിലല്ല. അതു നിനക്കും നിൻെറ അനുജനുമായി ഞാൻ തന്നിരിക്കുന്നു. യുദ്ധസമയത്ത് അതു നിനക്കു വലിയ ഉപകാരവുമായിരിക്കും. അതിനുപുറമേ, നിനക്ക് അതുകൊണ്ടു മേലിൽ ഗുണവും വദ്ധിക്കും. അതാ, ആ പെട്ടിപ്പുറത്തു രങ്കരായർ കൊണ്ടുവന്ന എഴുത്താണിയുണ്ട്—അതിങ്ങോട്ട് എടുക്ക്.

വിക്കിരൻ എഴുത്താണി എടുത്തുകൊടുത്തു. പെരുമാറം പടത്തലവൻനായർ എഴുതിയ ഓലയുടെ പുറത്ത് എഴുതുവാൻ ശ്രമിച്ചു. സാധിക്കാഞ്ഞതുകൊണ്ടു വിക്കിരനോട് എഴുതുവാൻ പറഞ്ഞു. വിക്കിരൻ എഴുതി; പെരുമാറം അതിൻെറ ചോടേ ഒപ്പിട്ടു വിക്കിരൻെറ കൈവശം കൊടുത്തു. "ഈ ഓല അവി

ടത്തെ കാര്യക്കാർവശം കൊടുക്കണം. എന്നെ വിലയുണ്ടെങ്കിൽ ആ സ്ഥലം വിക്കിരന്ന് ഏല്പിച്ചുതരും. അതു വിക്കിരന്നും മാനിച്ചന്നും കുടുംബങ്ങൾക്കുംവേണ്ടി ഞാൻ തരുന്നതാണ്."

വി—തിരുമനസ്സിലെ കല്പനയുണ്ടെങ്കിൽ അയാൾ തന്നില്ലെങ്കിലും അടിയൻ എടുത്തുകൊള്ളാം.

പെ—ശരി, എടുത്തുകൊള്ളുക. നീ എനിയ്ക്കുവേണ്ടി മേലിൽ ഒന്നും പ്രവർത്തിച്ചില്ലെങ്കിൽക്കൂടി എനിയ്ക്കു വ്യസനമില്ല.

പെട്ടെന്നു വിക്കിരൻ എന്തോ ശബ്ദം കേട്ടു ചുണ്ടിന്മേൽ വിരൽവെച്ചു സംസാരിയ്ക്കരുതെന്ന് അറിയിച്ചു. പെട്ടിയുടെ മറവിൽ പോയൊളിച്ചു.

വൈദ്യരത്നസ്വാമികൾ അകത്തു വന്നു പെരുമാളോട് "ഇതാരോടാണ് സംസാരിയ്ക്കുന്നത്?

പെ—ഞാൻ തന്നത്താൻ പറഞ്ഞുപോകയാണ്.

"ഇത്ര പെട്ടെന്ന് ഉറക്കിൽനിന്ന് ഉണർത്തിയതുകൊണ്ടായിരിയ്ക്കണം" എന്നു പറഞ്ഞു, ചുകന്ന മരുന്ന് അഞ്ചാറു തുള്ളി ഒരു പാത്രത്തിൽ ഒഴിച്ചുവെച്ച് "ഇതു കുറേശ്ശയായി സേവിച്ചാൽ ഉറക്കുവരും" എന്നു പറഞ്ഞു, പാത്രം കട്ടിലിൻെറ അടുത്തുവെച്ച് അയാൾ പുറത്തേയ്ക്കു പോയി വാതിൽ രണ്ടാമതും അടച്ചുപൂട്ടി.

വിക്കിരൻ പിന്നേയും പെരുമാളുടെ അടുക്കലേയ്ക്കു വന്ന് "ഈ മരുന്നു കഴിയ്ക്കരുത് അഥവാ കഴിച്ചുപോയിട്ടുണ്ടെങ്കിൽത്തന്നെ ഈ ഗുളിക ദിവസേന ഓരോന്നു കഴിയ്ക്കണം. ഇതു ഹക്കീം പടത്തലവൻനായക്കു കൊടുത്ത മരുന്നാണ്." എന്നു പറഞ്ഞും കുപ്പി പെരുമാളുടെ കയ്യിൽ കൊടുത്തു. "അവർ വിഷമരുന്നു തന്നുകൊണ്ടിരിയ്ക്കും. പക്ഷെ ഈ ഗുളികയ്ക്ക് ആ വിഷം പോക്കുവാൻ ശക്തിയുണ്ട്."

പെരു—കഷ്ടം, ആ ഹക്കിം എനിയ്ക്കു മരുന്നു തരാമെന്നു പറഞ്ഞു. പക്ഷെ അന്നെനിയ്ക്കു വിശ്വാസമുണ്ടായില്ല.

വിക്കി—ഇവിടുത്തെ എടുത്തു കൊണ്ടുപോകുവാൻ അനുവദിച്ചാൽ ഇപ്പോൾതന്നെ പുറത്തുപോകാമായിരുന്നു.

പെരു—അയ്യോ, അതു സാദ്ധ്യമാണെന്നു തോന്നുന്നില്ല. ഒന്നാമത് എനിയ്ക്കുത്രയ്ക്കു ശക്തിയില്ല. ഞാൻ പുറത്തെത്തുന്ന

തിന്നു മുമ്പേ മരിച്ചുപോകും. പിന്നെ ചെറോട്ടി ഇവിടെയു ണ്ട്. അവളെ ഇവിടെയിട്ടു ഞാൻ വരില്ല. അതിനെല്ലാററി ന്നുംപുറമെ, ഇവരെ ഇവിടെനിന്നോടിച്ച് എനിയ്ക്കു പുറത്തു വരുവാൻ സാധിയ്ക്കുന്ന കാലത്തേ ഞാൻ പുറത്തേയ്ക്കു വരു. അല്ലാത്ത പക്ഷം ഇവിടെത്തന്നെ.

വിക്കിരൻ "അതിന്നു കഴിയുന്നതും ശ്രമം ചെയ്തുകൊള്ളാം. ഇപ്പോഠം പോകുവാൻ സമ്മതം തരണം." എന്നു പറഞ്ഞ് ആ മുറിയിൽനിന്നു പുറത്തേയ്ക്കു വന്നു. വിക്കിരൻ പുറത്തു വന്നു നോക്കിയപ്പോഠം ആ കോട്ടയിൽ അനവധി ആളുകഠം വദ്ധിച്ച തായി കണ്ടു. ഓരോ സ്ഥലത്ത് ആയുധങ്ങഠം കൂട്ടിയിരുന്നു. പക്ഷെ അവരെല്ലാം ഓരോ സ്ഥലത്തായി ക്ഷീണിച്ചു കിടന്നുറ ങ്ങുകയായിരുന്നതുകൊണ്ടു വിക്കിരന്ന് എളുപ്പത്തിൽ താഴത്തിറ ങ്ങുവാൻ സാധിച്ചു.

മാനിച്ചൻ നില്ക്കുന്ന സ്ഥലത്തെത്തി ശബ്ദിച്ച ഉടനേ മാനി ച്ചൻ വാതിലിൻെറ മറവിൽനിന്നു രണ്ടു ഭടന്മാരെ പിടിച്ചും കൊണ്ടു പുറത്തേയ്ക്കു വന്നു. വിക്കിരൻ ഇതു കണ്ടിട്ട് ആശ്ചര്യ ത്തോടേ "മാനിച്ചാ, ഇതെന്താണ്?"

"ഇവററ ഞാൻ ഒളിച്ചിരിയ്ക്കുന്നതു കണ്ടുപിടിച്ചുകളഞ്ഞു. ഞാൻ രണ്ടെണ്ണത്തിൻെറയും കഴുത്തിൽ പിടിച്ച് എൻെറ കൂടെ ത്തന്നെ നിത്തി. ഇവരെ ഇവിടെനിന്നു വിട്ടുകൂടാ." എന്നു പറഞ്ഞു രണ്ടാളേയും പിടിച്ചു വലിച്ചുകൊണ്ടു മാനിച്ചൻ കൊട്ടാ രത്തിൽനിന്നു പുറത്തേയ്ക്കു വന്നു. ഇരുട്ടുള്ള സ്ഥലത്തു കൊണ്ടു വന്നു നോക്കിയപ്പോഠം അവർ രണ്ടുപേരും മരിച്ചിരുന്നു എന്നു കണ്ടതുകൊണ്ട് അവരെ കൊട്ടാരത്തിൻെറ ഒരു ഭാഗത്തു വലി ച്ചെറിഞ്ഞു രണ്ടുപേരുംകൂടി വന്ന വഴിയേ മടങ്ങിപ്പോയി.

വിക്കിരൻ നേരെ കാര്യക്കാരുടെ വീട്ടിലേയ്ക്കു പോയി അയാളെ വിളിച്ചുണത്തി വിവരങ്ങഠം പറഞ്ഞു പെരുമാളുടെ ഓല കാണിച്ചുകൊടുത്തു.

കാര്യക്കാർ—എനിയ്ക്ക് ഈ സ്ഥലമറിയാം. അവിടെ നല്ല ഒരു കോട്ടയുമുണ്ട്. പക്ഷെ കേടുപാടുകഠം തീക്കാനുണ്ട്.

വിക്കി—അതിന്നു നില്ക്കുവാൻ എനിയ്ക്കു സമയവുമില്ല. മാനിച്ചനെ അവിടെ അയയ്ക്കാമെന്നു വിചാരിച്ചാൽ ഇവിടെ പിന്നെ ആരും ഉണ്ടാകയുമില്ല.

കാര്യ—ഞാൻ ഒരു കാര്യം ചെയ്യാം. ഞാൻ നാളെ രാവിലെ അവിടെയ്ക്കു പുറപ്പെടാം. അവിടെയുള്ള കാര്യക്കാരെ എനിയ്ക്കറിയാം. ഞാൻ പോയി വിക്കിരന്നുവേണ്ടി ആ സ്ഥലം കൈവശപ്പെടുത്താം.

വിക്കി—എന്നാൽ ഒരു കാര്യംകൂടി ചെയ്യു. സ്ഥലം കൈവശം കിട്ടിയതിന്നുശേഷം പ്രവൃത്തിയും ആരംഭിച്ചുകൊള്ളട്ടെ. പിന്നെ അമ്മയേയും വീട്ടിലുള്ള മററുള്ളവരേയും അവിടെ കൊണ്ടുചെന്നാക്കണം. യുദ്ധം തുടങ്ങിയാൽ അവരെ ഇവിടെ ഇരുത്തുന്നതു വലിയ അപകടമായിരിയ്ക്കും. പാണ്ഡ്യപ്പട എപ്പോഴാണു് വരുന്നതെന്നറിഞ്ഞുകൂട.

കാര്യ—ഞാൻ അതെല്ലാം ചെയ്തുതരാം. ഇതുവരെ എന്റെ ധൈര്യമെല്ലാം അവസാനിച്ചിരുന്നു. ഇപ്പോഠ എനിയ്ക്കും ധൈര്യം വന്നു. ഞാനും ഈ കൂട്ടത്തിൽ കുറെ സൈന്യത്തെ ശേഖരിയ്ക്കുവാൻ ശ്രമിയ്ക്കാം. വിക്കിരൻ പോയ്ക്കോളു. എന്നെ ഏല്പിച്ചതെല്ലാം ഞാൻ ശരിയായി ചെയ്തുതരാം.

"സമാധാനമായി. എനിയ്ക്കു മറേറ കാര്യത്തെപ്പററി പ്രവൃത്തി തുടങ്ങാം. ഇവരെ ഇവിടെനിന്നു് അടിച്ചോടിച്ചിട്ടു കാര്യം" എന്നുപറഞ്ഞു് കാര്യക്കാരുടെ കയ്യിൽ ഓലയേല്പിച്ചു കൊടുത്തു, വീട്ടിൽപ്പോയി വിവരങ്ങളെല്ലാം വീട്ടിലുള്ളവരെ ധരിപ്പിച്ചു. മാനിച്ചനെ അവിടെനിത്തി വിക്കിരൻ അപ്പോഠ തന്നെ പുറപ്പെട്ടുപോയി.

# പത്തൊമ്പതാമദ്ധ്യായം

കൊക്കോഴിക്കോട്ടുകുന്നും കോട്ടയും വിക്കിരനുവേണ്ടി പ്രയാസമൊന്നും കൂടാതെ കാര്യക്കാരുടെ കൈവശം കിട്ടി. ഉടനേ അവിടെയുള്ള കേടുപാടുകഠം തീപ്പാനുള്ള പ്രവൃത്തിയും ആരംഭിച്ചു. കേടുപാടുകഠം നന്നാക്കുന്നതോടുകൂടിത്തന്നെ യുദ്ധസാമഗ്രികളും ശേഖരിച്ചു സൂക്ഷിപ്പാനും കാര്യക്കാർ ഉത്സാഹിച്ചു. ഈ പ്രവൃത്തികളെല്ലാം കാര്യക്കാരുടെ മേലന്വേഷണത്തിൽത്തന്നെയാണ് നടന്നത്.

ഇതിനിടയിൽ പെരുമാളും പെരുമാളുടെ തിരുവഞ്ചിക്കുളം കോട്ടയും വിദേശീയരുടെ കയ്യിൽ പെട്ടുകഴിഞ്ഞിരിയ്ക്കുന്നു എന്നും, പാണ്ഡ്യപ്പട കേരളത്തെ ആക്രമിയ്ക്കുവാൻ പുറപ്പെട്ടിരിയ്ക്കുന്നു എന്നുമുള്ള വത്തമാനം നാടൊക്കെ പരന്നുകഴിഞ്ഞിരുന്നു. അതു കേട്ട ജനങ്ങഠം കൂട്ടംകൂട്ടമായി നാടൊഴിയുവാൻ തുടങ്ങി. തിരുവഞ്ചിക്കുളത്തുള്ള നിവാസികളും കാൽനടയായി ഓരോ സ്ഥലങ്ങളിൽപ്പോയി അഭയം പ്രാപിച്ചു. പാണ്ഡ്യപ്പട വരുന്നു എന്നു കേട്ട വഴിയ്ക്കുള്ള സ്ഥലങ്ങഠം തീരെ ജനശൂന്യമായ്ത്തീന്നു. ഇതിനുപുറമേ പരദേശീയപ്പെരുംപടയുടെ മുൻഗാമികളായ ചില സൈന്യശകലങ്ങഠം അടുത്ത ദിവസങ്ങളിൽ വന്നെത്തി നാട്ടിൽക്കൂടി സഞ്ചരിച്ച് ഓരോരോ സ്ഥലങ്ങഠം നോക്കി നടന്നിരുന്നതുകൊണ്ടു ജനങ്ങളുടെ ഓട്ടത്തിന്ന് ഒന്നുകൂടി വേഗംകൂടി. അംബികാദേവിയും തങ്കമ്മയും കൊക്കോഴിക്കോട്ടെ കോട്ടയിലേയ്ക്കു താമസം മാററുവാൻ തീരുമാനിച്ചു. ഇതറിഞ്ഞു കാര്യക്കാർ തൻെറ കുടുംബത്തേയും കൊണ്ടുവരാനായി തിരുവഞ്ചിക്കുളത്തേയ്ക്കു പോയി. കോട്ടയുടെ രക്ഷ മാനിച്ചനെ ഏല്പിച്ചിട്ടാണു പോയത്. കാര്യക്കാർ ഭാര്യയേയും കുട്ടിയേയും മുമ്പിലയച്ച് സൈന്യശേഖരത്തിന്നായി പിന്നിൽ തങ്ങി. മടങ്ങിവന്നതു രണ്ടു ദിവസം കഴിഞ്ഞിട്ടാണ്, ദുഘടം പിടിച്ച ഒരു സന്ദഭത്തിലായിരുന്നു കാര്യക്കാരുടെ വരവ്.

കോക്കോഴിക്കോട്ട ആവശ്യപ്പെട്ടകൊണ്ടു രങ്കരായരുടെ ഒരു ചെറിയ സൈന്യവും ആ സന്ദർഭത്തിലാണെത്തിച്ചേൎന്നത്. മാനിച്ചൻ കോട്ട വിട്ടുകൊടുക്കാത്തതുകൊണ്ട് ഒരു ചെറിയ യുദ്ധം തന്നെ അവിടെ നടന്നു. പാണ്ഡ്യസൈന്യം എണ്ണത്തിൽ വലു തായിരുന്നതുകൊണ്ടും കോട്ടയുടെ രക്ഷയ്ക്കു മാനിച്ചൻെറ കീഴി ലുള്ള ആരംക്കാരുടെ എണ്ണം പരിമിതമായിരുന്നതുകൊണ്ടും മാനി ച്ചൻ ധീരധീരം പോരാടി, മുറിവേററു വീണു. ഭാഗ്യവശാൽ ആ സമയത്തു വിക്കിരൻെറ കീഴിൽ ഒരു സൈന്യം എത്തുകയും പാണ്ഡ്യപ്പട തോറേറാടുകയും ചെയ്തു. എങ്കിലും കഠിനമായ മുറിവുകരം പററിയതുനിമിത്തം മാനിച്ചൻ വീരസ്വൎഗ്ഗം പ്രാപിച്ചു. വിക്കിരന് ഇതു തീൎത്താൽ തീരാത്ത ദുഃഖത്തിന്നു കാരണമായി. തനിക്കു പററിയ ഈ കഠിനമായ ആപത്തു പാണ്ഡ്യപ്പടയോടുള്ള വിക്കിരൻെറ അമൎഷത്തെ പതിന്മടങ്ങു വൎദ്ധിപ്പിച്ചു. പരദേശി കളെ ഓടിച്ചേ ഇനി താൻ അടങ്ങു എന്നു ദൃഢപ്രതിജ്ഞ ചെയ്തു. വിക്കിരൻ തിരുവഞ്ചിക്കുളത്തേയ്ക്കു നീങ്ങി. തൻെറ സഹ സൈന്യാധിപന്മാരുമൊരുമിച്ചു യുദ്ധതന്ത്രത്തെപ്പററി കൂടിയാ ലോചനകരം നടത്തി.

വിക്കി—തിരുവഞ്ചിക്കുളംകോട്ട ഞാൻ വളഞ്ഞിരിയ്ക്കുന്നു. പക്ഷേ പെരുമാളെ കയ്യിൽക്കിട്ടുന്നതുവരെ ഒന്നും പ്രവൎത്തിയ്ക്കു വാൻ നിവൃത്തിയില്ല. പാണ്ഡ്യപ്പടയെ കേരളത്തിൽ കടക്കു വാനും നാം അനുവദിയ്ക്കരുത്. അവർ ഇങ്ങട്ടു കടന്നുപോയാൽ പ്പിന്നെ നമ്മുടെ സൈന്യം തീരേ മതിയാവില്ല. അതുകൊണ്ട് അവരുമായി കൂട്ടിമുട്ടുന്നത് ആ ഇടുക്കുസ്ഥലങ്ങളിൽവെച്ചുതന്നെ യായിരിയ്ക്കണമെന്നാണ് എനിയ്ക്കു തോന്നുന്നത്.

വീര—ഞാനും വിക്കിരനോടു യോജിയ്ക്കുന്നു. നമ്മുടെ സൈന്യത്തിൻെറ ബലം എത്രകണ്ടുണ്ടാവുമെന്ന് ആദ്യമായി ആലോചിയ്ക്കണം. എൻെറക്കൂടെ 3000 ആരം വന്നിട്ടുണ്ട്. രാമവൎമ്മനും രവിവൎമ്മനുംകൂടി മൂവായിരം ആളെ കൊണ്ടുവന്നി ട്ടുണ്ട്.

വിക്കി—എന്നെസ്സംബന്ധിച്ചേടത്തോളം 500 ആളില ധികം ചുരത്തിലേയ്ക്കയയ്ക്കുവാൻ സാധിയ്ക്കുമെന്നു തോന്നുന്നില്ല. 500 പേരെ കൊക്കോഴിക്കോട്ട നിൎത്തിയിരിയ്ക്കുന്നു. 500 പേർ തിരുവഞ്ചിക്കുളത്തുമുണ്ട്. വേറെ ഒരഞ്ഞൂററുപേർ നാളെ

ഇവിടെയെത്തും. അതിന്നു പുറമേ 500 കുതിരപ്പട്ടാളവും 30 ആനകളും നമുക്കുണ്ടാവും.

രാമ—വടക്കേച്ചുരത്തിൽ നമുക്കു കഴിയുന്നത്ര സൈന്യത്തെ ചുരുക്കാം. കഴിയുന്നത്ര തെക്കേച്ചുരത്തിൽ കൊണ്ടുപോകേണ്ടിവരും.

വിക്കി—ഒരു 500 പേരെയെങ്കിലും ചുരം കഴിഞ്ഞു നിൎത്തണം. അവർ ചുരത്തിലെ സൈന്യത്തെ കടന്നു സമഭൂമിയിലെത്തിയെങ്കിൽ അവരോടു നേരിടുവാൻ ആളില്ലാതിരിക്കരുത്.

രവി—പിന്നെ വഴിയിൽ അവർ കുഴിച്ചപോലെയുള്ള കുഴികറം കുത്തിയാലെന്താ?

വിക്കി—അതു ചെയ്യുന്നപക്ഷം ഉടനെ ചെയ്യണം. എൻെറ അഭിപ്രായത്തിൽ വടക്കേച്ചുരത്തിൽ 2000 പേരും തേക്കേച്ചുരത്തിൽ 4000 പേരും വേണമെന്നാണ്. തെക്കേചുരത്തിലെ സൈന്യത്തെ നടത്തുവാൻ വീരമാൎത്താണ്ഡൻതന്നെ പോവണം. വടക്കേച്ചുരത്തിലേക്കു രാമവൎമ്മനും രവിവൎമ്മനും. ഞാൻ തിരുവഞ്ചിക്കുളത്തിരിക്കാം. ഏതു ഭാഗത്താണ് എന്നെക്കൊണ്ടാവശ്യമെന്നറിയിച്ചാൽ ഞാൻ എപ്പോഴും തെയ്യാറായിരിക്കുകയും ചെയ്യാം. എൻെറ ആദ്യത്തെ ശ്രമം പെരുമാളെ കേടുകൂടാതെ കയ്യിൽക്കിട്ടുവാനായിരിക്കും. പെരുമാളില്ലാതെ നമുക്കു യുദ്ധം ചെയ്യുവാൻ തന്നെ അധികാരമില്ലല്ലോ. ഇതിന്നെല്ലാററിന്നും പുറമേ കൊക്കോഴിക്കോട്ടുള്ളവരെ സൂക്ഷിക്കേണ്ടുന്ന ചുമതലയുമുണ്ട്. അതും ഞാനേല്ക്കാം.

"അതു ശരിയാണ്. ഞങ്ങറംക്കവിടെ ഒന്നും ചെയ്യുവാൻ സാധിക്കില്ല. അതുകൊണ്ട് വിക്കിരൻ അതു നല്ലവണ്ണം കരുതണം. അവർ പലേ വിദ്യകളും എടുത്തുകളയും" എന്നു പറഞ്ഞു കുറച്ചു കഴിഞ്ഞതിന്നുശേഷം വീരമാൎത്താണ്ഡൻ "ഇനി നമുക്കു പിരിയാം അല്ലേ?" എന്നു പറഞ്ഞു എല്ലാവരും അവരവരുടെ സ്ഥാനങ്ങളിലേക്കു യാത്രയായി.

രണ്ടാമത്തെ കോഴി കൂകിയപ്പോറം സൈന്യത്തിലുള്ളവൎക്കെല്ലാം ഉത്സാഹം വൎദ്ധിച്ചു. അവർ വാളുകളും കുന്തങ്ങളും ശീലകൊണ്ടു തുടച്ചു യുദ്ധത്തിന്നൊരുങ്ങിനിന്നു. ക്രമേണ നേരം പുലൎന്നു. ആ ചുരത്തിൽക്കൂടി വളഞ്ഞുപുളഞ്ഞുകൊണ്ടു പോകുന്ന വഴി ഇരുഭാഗത്തുള്ള ആളുകറംക്കും കുറച്ചു നേരത്തിന്നു ഗോചര

മായി. ഉടനേ പുറപ്പെട്ട ഒരു മൂടൽമഞ്ഞ് ക്ഷണനേരംകൊണ്ട് ആ സ്ഥലം മുഴുവനും മൂടി.

പാണ്ഡ്യപ്പടയുടെ വരവു നോക്കിയറിയിയ്ക്കുവാനായി രവിവർമ്മൻ ഒരു കൂട്ടം ഭടന്മാരെ, ചുരത്തിൻെറ മുകൾഭാഗത്ത് ഇരുന്നു കൊള്ളുവാനും ശത്രുസൈന്യത്തിൻെറ വരവു കണ്ടാലുടൻ ഇവർക്ക് അറിവു കൊടുക്കുവാനും പറഞ്ഞയച്ചു.

അഞ്ചു നാഴിക പുലർന്നപ്പോൾ സൈന്യം വരുന്നുണ്ടെന്ന വർത്തമാനം കിട്ടി. ഇരുഭാഗത്തുള്ളവരും ഒരുങ്ങിനിന്നു. മൂടൽമഞ്ഞ് ഒളിച്ചിരുന്നവർക്കു കുറേക്കൂടി ആച്ഛാദാനം കൊടുത്തു.

ആദ്യമായി പാണ്ഡ്യരാജാവിൻെറ ആനപ്പട്ടാളം ചുരമിറങ്ങി. ഈരണ്ടീരണ്ടായി മുപ്പത്താറാനകൾ കടന്നുപോകുന്നതു രണ്ടു ഭാഗത്തും ഒളിവിലിരുന്ന സൈന്യങ്ങൾ നോക്കിനിന്നു. ആനകൾ പോയ്ക്കഴിഞ്ഞപ്പോൾ കാലാൾപ്പട തിങ്ങിവിങ്ങിക്കൊണ്ടിറങ്ങി. ആനകൾ ഉപദ്രവമൊന്നും കൂടാതെ പോയതുകൊണ്ടു ശത്രുസൈന്യം അടുത്തെങ്ങും ഉണ്ടാവില്ലെന്നു തീർച്ചപ്പെടുത്തി ഒരു കരുതലും കൂടാതെ "ഞാനാദ്യം ഞാനാദ്യം" എന്ന വിചാരത്തോടുകൂടിയാണ് കാലാൾപ്പട കടന്നു പോയത്.

ശത്രുക്കൾ അടുത്തുണ്ടായിരിയ്ക്കാം എന്ന് അവർക്ക് ആദ്യമായി സംശയം തോന്നിയത്, ആനകൾ സഞ്ജീവിനിയുടെ കുഴികളിൽ വീണതിന്നു ശേഷംമാത്രമാണ്.

കുഴികൾ അവിടവിടെയായിരുന്നതുകൊണ്ടു ചില ആനകൾ മുൻകാലുകളും ചിലവ പിൻകാലുകളും തെററി കുഴികളിൽ പെട്ടു. ഈ സമയംകൊണ്ട് ഏകദേശം പകുതി കാലാൾസൈന്യവും ചുരമിറങ്ങിയിരുന്നതുകൊണ്ടും അവർ യുദ്ധത്തിന്ന് ഒരുങ്ങാതിരുന്ന സമയമായതുകൊണ്ടും അവരെ ആക്രമിയ്ക്കുവാൻ നല്ല തക്കമാണെന്ന് ഇരുപുറത്തുള്ള നേതാക്കന്മാർക്കും മനസ്സിലായി. അവർ പുറപ്പെടുന്നതിന്നുമുമ്പു കാട്ടിൽ ഒളിപ്പിച്ചു നിർത്തിയിരുന്ന എട്ടാനകളെ കാലാൾപ്പടയുടെ നേക്ക് ഓടിച്ചു. പെട്ടെന്ന് ആ ആനകളുടെ അലറിക്കൊണ്ടുള്ള ചാട്ടംകൊണ്ടു സൈന്യമാകെ ചിന്നിച്ചിതറി പല വഴികളിൽക്കൂടി ഓടി രക്ഷപ്പെടുവാൻ ശ്രമിച്ചു. ആനകളുടെ കാലിന്നിടയിൽപ്പെട്ട് ഓടുവാൻ സ്ഥലമില്ലാതെ അന്യോന്യം മുട്ടിയും വളരെ ആളുകൾക്ക് അപായം വന്നു. ഇതു കണ്ട്, ആനപ്പുറത്തിരിയ്ക്കുന്ന സൈന്യനായകൻ

മുമ്പിൽ പോയ ആനകളെ തിരിച്ചുകൊണ്ടുവരാൻ കല്പന കൊടുത്തു. ഈ സമയത്താണ് കുഴിയ്ക്കടുത്തു നില്ക്കുന്ന രണ്ടാമ കൾ പുറത്തേയ്ക്കു വന്നു കുഴിയിൽപ്പെട്ട ആനകളോട് എതിർത്തത്.

സൈന്യനായകൻ വളരെ പണിപ്പെട്ടു തന്റെ സൈന്യത്തെ ഒന്നിച്ചുകൂട്ടി നിർത്തി. അപ്പോൾ രവിവർമ്മനും തന്റെ സൈന്യത്തോടുകൂടി അവരെ ആക്രമിച്ചു. പാണ്ഡ്യപ്പടനായകൻ തന്റെ യോഗ്യത മുഴുവനും അവിടെ പ്രദർശിപ്പിച്ചു. അയാൾ ആ ദുർഘടംപിടിച്ച സ്ഥലത്തു തന്റെ ഛിന്നിച്ചിതറിയ സൈന്യത്തെ ഒന്നിച്ചു കൂട്ടിനിർത്തി രവിവർമ്മന്റെ പിന്നേയും പിന്നേയുമുള്ള ആക്രമണത്തെ തടുത്തുനിന്നു. ഇങ്ങിനെ യുദ്ധം കുറച്ചുനേരം നിലനിർത്തി. ഈ സമയംകൊണ്ടു പിന്നിലുള്ള കാലാൾപ്പടയെ ക്ഷണത്തിൽ അവിടേയ്ക്കു കൊണ്ടുവന്നു, ചുരത്തിലുള്ള സൈന്യത്തിന്നു ബലം കൊടുത്തുകൊണ്ടിരുന്നു. മുമ്പിൽ നില്ക്കുന്ന ആളുകൾ അവസാനിയ്ക്കുന്നതിന്നനുസരിച്ചു പിന്നേയും പിന്നേയും ആളുകളെ അയച്ചുകൊണ്ടിരുന്നു.

ഇങ്ങിനെ ഘോരമായ യുദ്ധം നടത്തിക്കൊണ്ടിരിയ്ക്കെ, രാമവർമ്മൻ പിന്നിൽനിന്ന് അതേ സൈന്യത്തെ ആക്രമിച്ചു. പെട്ടെന്നുണ്ടായ ഈ ആക്രമണംകൊണ്ടു പാണ്ഡ്യസൈന്യത്തിന്റെ ഉറച്ച നില വിട്ടുപോയി. അവർ യുദ്ധം ചെയ്വാൻ സാധിയ്ക്കാതെ പല വഴികളിൽക്കൂടി ഓട്ടം തുടങ്ങി.

ഈ തക്കം നോക്കി കാട്ടിന്നുള്ളിൽ ഒളിച്ചിരുന്ന ബാക്കി സൈന്യവും അവരെ പിൻതുടൎന്നു.

ഇത്രയെല്ലാമായിട്ടും അവരുടെ സൈന്യനായകൻ തന്റെ ചുറവുമുള്ള ഒരു ചെറുസൈന്യത്തെക്കൊണ്ടു തന്റെ നില വിടാതെ യുദ്ധം തുടൎന്നു. രവിവർമ്മനും രാമവർമ്മനും രണ്ടു ഭാഗത്തുനിന്നും ആയാളെ ആക്രമിച്ചിട്ടും ആയാൾ സ്ഥലം വിട്ടില്ല. വളരെ ആളുകൾ ആയാളുടെ ചുറവും വീണുതുടങ്ങിയെങ്കിലും പാണ്ഡ്യരാജ്യാവിന്റെ കൊടി പറപ്പിച്ചുകൊണ്ടുതന്നെ ഇരുന്നു. പെട്ടെന്ന് അയാൾ കയറിയിരുന്ന ആനയുടെമേൽ കാട്ടിന്നുള്ളിൽനിന്നു രണ്ടു മൂന്നു ചുട്ടമ്പുകൾ വന്നുതട്ടി. ആന പെട്ടെന്നു വിറളിപിടിച്ചു സൈന്യനായകനെയുംകൊണ്ടു കാട്ടിന്നുള്ളിൽക്കൂടി ഓടി.

സൈന്യനായകൻ പോയതോടുകൂടി ബാക്കി സൈന്യവും ഛിന്നിച്ചിതറി ഓടി.

രവിവമ്മനും രാമവമ്മനും തങ്ങളുടെ സൈന്യത്തെ വിളിച്ചു കൂട്ടി രണ്ടായി പകുത്ത് ഒരു പകുതിയെ അവിടെത്തന്നെ നിത്തി മറേറ പകുതിയെ കാട്ടുകളിൽ പോയ പാണ്ഡ്യസൈന്യത്തിൻെറ പിന്നാലെ അയച്ചു. കാട്ടിന്നുള്ളിൽ പല സ്ഥലങ്ങളിലുംവെച്ചു കേരളസൈന്യവും പാണ്ഡ്യസൈന്യവുമായി രണ്ടു ദിവസത്തോളം യുദ്ധം നടന്നു. പക്ഷെ പാണ്ഡ്യസൈന്യത്തെ കാത്തു അധിക ദിവസം ചുരത്തിൽ ഇരിക്കേണ്ടിവന്നില്ല. തെക്കെച്ചുരം കാത്തിരുന്ന വീരമാത്താണ്ഡൻെറ കീഴിലുള്ള സൈന്യം കഠിനമായ യുദ്ധത്തിന്നുശേഷം പാണ്ഡ്യപ്പടയെ തോല്പിച്ചോടിച്ചു. അതിന്നുശേഷം വടക്കെ ചുരത്തിൽ യുദ്ധം ചെയ്തുകൊണ്ടു നിൽക്കുന്ന രാമവമ്മനേയും രവിവമ്മനേയും സഹായിക്കുനായി വീരമാത്താണ്ഡൻ തൻെറ സൈന്യത്തെ ഒന്നിച്ചുകൂട്ടി പുറപ്പെട്ടു. പക്ഷേ പകുതി വഴിക്കുവെച്ചു തന്നെ വടക്കെ ചുരത്തിലും തങ്ങൾക്കു ജയം കിട്ടിയെന്നറിഞ്ഞു സന്തോഷിക്കുകയും വിവരം വിക്കിരനെ അറിയിക്കാനായി ഒരു ഭടനെ ഉടൻ ഓടിക്കുകയും ചെയ്തു.

വിക്കിരൻെറ സ്ഥിതിയാണു കഷ്ടത്തിലായത്. പെരുമാൾ രങ്കരായരുടെ കയ്യിലാകകൊണ്ടു വിക്കിരൻ കോട്ടവാതിൽ പൊളിച്ച് അകത്തേയ്ക്കു കടപ്പാൻ ശ്രമിച്ചില്ല. ബലം പ്രയോഗിച്ച് അകത്തു കടന്നാൽ പെരുമാളെ കൊന്നുകളയുമെന്നു ഭയമുള്ളതുകൊണ്ട് അങ്ങിനെയൊന്നും പ്രവത്തിയ്ക്കാതെ രങ്കരായരെക്കൊണ്ടു തന്നെ വല്ലവിധത്തിലും കോട്ട തുറപ്പിയ്ക്കണമെന്നു കരുതി അതിന്നും ശ്രമിച്ചുവന്നു. വിക്കിരൻ കോട്ട വളഞ്ഞതുകൊണ്ടു രങ്കരായക്കും ഭയം നല്ലവണ്ണമുണ്ടായി. പക്ഷെ പാണ്ഡ്യപ്പട ജയഭേരിയടിച്ചുംകൊണ്ടു തിരുവഞ്ചിക്കുളത്തെത്തുമെന്ന വിശ്വാസം അയാൾക്കു ധൈര്യം കൊടുത്തു. തൻെറ ഭടന്മാരെ വേണ്ടവിധത്തിൽ കോട്ടയിൽ നിത്തി ശത്രുസൈന്യത്തെ എതിത്തുംകൊണ്ടുതന്നെ നിന്നു.

വിക്കിരൻ എന്തു ചെയ്യേണ്ടു എന്നറിയാതെ വിഷമിച്ചുകൊണ്ടു സമയം കഴിച്ചു. പെരുമാളേയും ചെറോട്ടിയമ്മയേയും കൂടി വല്ല വിധത്തിലും ഒരു മുറിയിലാക്കി അല്പനേരത്തേയ്ക്കെങ്കിലും രങ്കരായരുടെ ബാധയില്ലാതെ കിട്ടിപ്പോയാൽ, ആ സമയംകൊണ്ടു കോട്ട പിടിയ്ക്കാമെന്ന ധൈര്യവും ഉറപ്പും വിക്കിരന്നുണ്ടായിരുന്നു. പെരുമാളെയോ ചെറോട്ടിയമ്മയേയോ വിവരമറിയിയ്ക്കുവാൻ പല ശ്രമങ്ങളും ചെയ്തുനോക്കിയെങ്കിലും ഒന്നും സഫലമായില്ല.

ഇങ്ങിനെ മനസ്സു വേദനിച്ചുംകൊണ്ടു കുറച്ചു ദിവസങ്ങറം കഴിഞ്ഞു. ഒരു ദിവസം ചെറോട്ടിയമ്മയുടെ ദാസിയായ ഒരു സ്ത്രീയെ കോട്ടയിൽനിന്നു വെളിയിലേയ്ക്കു തള്ളിയിരിയ്ക്കുന്നു എന്നൊരു വത്തമാനം കിട്ടി. അവളെ തൻെറ മുമ്പിൽ കൊണ്ടു വരുവാൻ കല്പന കൊടുത്തു.

അവറം മുഖാന്തരം പെരുമാളും ചെറോട്ടിയമ്മയും ബന്ധനസ്ഥരായിക്കിടക്കുന്നതു കോട്ടയുടെ വടക്കുഭാഗത്തെ ഭിത്തിയിൽ നിന്നുകഷ്ടി എട്ടടി വിട്ടുനില്ക്കുന്നതും ചാരുപടിയോടുകൂടിയതുമായ ഒരു മുറിയിലാണെന്നു മനസ്സിലാക്കി. കാര്യക്കാരുടെ മകൻ അപ്പുവിനെപ്പോലെയുള്ള ഒരു ചെറിയ കുട്ടിക്കു ചാരുപടി നില്ക്കുന്ന ജനലിൽക്കൂടി അകത്തേക്കു കടക്കുവാനുള്ള പഴുതുണ്ട്. വിക്കിരനു ഉടനെ ഒരു ഉപായം തോന്നി. അപ്പുവിനെ അതിൽക്കൂടി അകത്തു കടത്തി വല്ലവിധത്തിലും ചെറോട്ടിയമ്മയെ വിവരമറിയിക്കുവാൻ തീച്ച്പ്പെടുത്തി. ഈ ഉദ്ദേശത്തോടുകൂടി ഉടനെ കൊക്കോഴിക്കോട്ടുനിന്നു അപ്പുവിനെ കൊണ്ടുവന്നു. കഥകറം പറഞ്ഞും പെരുമാളുടെ കഷ്ടസ്ഥിതി പറഞ്ഞും മനസ്സിലാക്കി അവൻെറ ഹൃദയത്തിൽ ചെട്ടികളോടു വെറുപ്പും ദേഷ്യവും പെരുമാളോടു ദയയും തോന്നിച്ചതിനുശേഷം അവൻ ചെയ്യേണ്ടുന്ന കാര്യം പറഞ്ഞു മനസ്സിലാക്കി. അപ്പുവിന്നു കൊട്ടാരത്തിൽ സ്വന്തം വീട്ടിലെന്നപോലെ പരിചയമുള്ളതുകൊണ്ടു ചെറോട്ടിയമ്മയുള്ള മുറി പറഞ്ഞ ഉടനേ അവന്നു മനസ്സിലായി. പെരുമാളെ അദ്ദേഹത്തിൻെറ മുറിയിൽനിന്നു ചെറോട്ടിയമ്മയുടെ മുറിയിൽ കൊണ്ടുവന്നു വാതിൽ അകത്തുനിന്നു ബന്ധിയ്ക്കണമെന്നു ചെറോട്ടിയമ്മയോടു പറയുവാൻ അപ്പുവിനെ പഠിപ്പിച്ചു. അതിനുവേണ്ട ഒരുക്കങ്ങളും ചെയ്തു.

ആദ്യമായി തൻെറ സൈന്യങ്ങളെ കോട്ടയുടെ കിഴക്കും തെക്കുമുള്ള വാതിലുകളുടെ അടുത്തു നിത്തി, അദ്ധരാത്രിയ്ക്കു് ആ വാതിലുകറം പൊളിയ്ക്കുവാൻ കല്പന കൊടുത്തു. പെരുമാറം പതിവായി കയറിപ്പോകുന്ന വലിയ ആനയെ അടുത്തൊരു സ്ഥലത്തു നിത്തി അദ്ധരാത്രിയാവാൻ കാത്തിരുന്നു. വിക്കിരൻെറ സൈന്യങ്ങറം രണ്ടു വാതിലുകളുടെ അടുത്ത് ഒന്നിച്ചുകൂടി നില്ക്കുന്നതുകൊണ്ട് ആ വാതിലുകറം പൊളിയ്ക്കുവാനാണ് ശ്രമമെന്നു മനസ്സിലാക്കി രങ്കരായർ തൻെറ സൈന്യങ്ങളെ അതു

തട്ടക്കുവാൻ അതിനടുത്തുള്ള ഭിത്തികളിന്മേലും മറവുമായിനിൎത്തി. അതിന്നുപുറമേ, വിക്കിരനും മറവും അറിവാനായി, കോട്ട പൊളിച്ചു അകത്തു കടന്നാൽ പെരുമാളേയും ചെറോട്ടിയമ്മയേയും വധിച്ചുകളയുമെന്നു് ഒരു വിളംബരമെഴുതി സൈന്യങ്ങളുടെ ഇടയിൽ ഇട്ടുകയും ചെയ്തു.

വിക്കിരൻ ചെറോട്ടിയമ്മയെ അറിയിപ്പാനുള്ള വൎത്തമാനം അപ്പുവിനെ പറഞ്ഞു പാിപ്പിച്ചതിന്നുപുറമേ, ഒരോലക്കഷ്ണത്തിൽ എഴുതി വെക്കുകയും ചെയ്തു. ഏകദേശം അൎദ്ധരാത്രിയായപ്പോൾ സൈന്യങ്ങൾ വളരെ കോലാഹലത്തോടുകൂടി തെക്കും കിഴക്കുമുള്ള കോട്ടവാതിലുകൾ പൊളിയ്ക്കുവാൻ ശ്രമവും യുദ്ധവും തുടങ്ങി. തെക്കേ വാതിൽ പൊളിച്ചതുകൊണ്ടു് അവിടെവെച്ചു രങ്കരായരുടേയും വിക്കിരൻേറയും ഭടന്മാർ തമ്മിൽ ഘോരമായ യുദ്ധം നടന്നുകൊണ്ടിരുന്നു. അങ്ങിനെ രങ്കരായരുടേയും കോട്ടയിലുള്ള സൈന്യങ്ങളുടേയും ശ്രദ്ധ മുഴുവനും കോട്ടവാതിൽ പൊളിയ്ക്കുന്നേടത്തായിരുന്ന തക്കം നോക്കി വിക്കിരൻ ആനയെ കോട്ടയുടെ വടക്കുഭാഗത്തു കൊണ്ടുവന്നു നിൎത്തി. അപ്പുവിൻേറ കയ്യിൽ ഓലക്കഷണവും കൊടുത്തു് ആനയുടെ അടുത്തു നിൎത്തി. ആന അപ്പുവിനെ എടുത്തു ചാരുപടിയുള്ള ജനാല്ക്കൽ വെച്ചു.

ആ സന്ദൎഭത്തിൽമാത്രമാണു് വിക്കിരൻ ആകെ ജീവദശയിൽ ഭയം എന്താണെന്നറിഞ്ഞതു്. അപ്പു ജനലിലെത്തി. വിക്കിരൻേറ നേക്കു് ഒന്നു തിരിഞ്ഞുനോക്കി ജനലിൽക്കൂടി അകത്തേയ്ക്കു കടന്നു.

# ഇരുപതാമധ്യായം

പെരുമാളുടേയും ചെറോട്ടിയമ്മയുടേയും സ്ഥിതി മഹാ കഷ്ടത്തിലായിരുന്നു. രണ്ടുപേക്കും ശരിയ്ക്കു ഭക്ഷണംകൂടി കിട്ടാറില്ല. എന്നാൽ, ചെയ്തുപോയ മഹാപാതകത്തിൻെറ ഫലമാണ് തങ്ങളിപ്പോഠം അനുഭവിയ്ക്കുന്നതെന്നു മനസ്സിൽ കരുതിയതുകൊണ്ടു രണ്ടുപേരും അതിനെപ്പററി വ്യസനിച്ചില്ല. രങ്കരായരുടെ കല്പന, ചെറോട്ടിയമ്മ പെരുമാളെ ദിവസത്തിൽ രണ്ടു പ്രാവശ്യത്തിലധികം കാണുവാൻ പാടില്ലെന്നായിരുന്നു. പക്ഷെ ചെറോട്ടിയമ്മ ആരുമില്ലെന്നു കണ്ടാൽ മുക്കാലും സമയം പെരുമാളുടെ അടുക്കൽത്തന്നെയായിരിയ്ക്കും. തനിയ്ക്കുള്ള ഭക്ഷണത്തിൽ സാധാരണയായി മരുന്നൊഴിയ്ക്കാറുണ്ടെന്നു മനസ്സിലായതിന്നുശേഷം പെരുമാഠം അവർ കൊണ്ടുകൊടുക്കുന്ന ഭക്ഷണം കഴിയ്ക്കാറേ ഇല്ല. ചെറോട്ടിയമ്മ വല്ല സമയത്തും തൻെറ ഭക്ഷണത്തിൻെറ ഒരു ഭാഗം ഒളിച്ചു കൊണ്ടു കൊടുത്താൽ കഴിയ്ക്കുന്നതല്ലാതെ വേറേ ഭക്ഷണമൊന്നുമുണ്ടായിരുന്നില്ല.

വിക്കിരൻ കൊടുത്ത ഗുളികകഠം കയ്യിലുള്ളതുകൊണ്ടു വല്ല സമയത്തും അസുഖം തോന്നിയാൽ അതും കഴിച്ചുകൊണ്ടിരുന്നു. അതുകൊണ്ടു പെരുമാഠക്കുള്ള സുഖക്കേടു ഭേദമായി, കഷ്ടിച്ചു നടക്കാമെന്ന സ്ഥിതിയിലായിരുന്നു. വൈദ്യരത്നസ്വാമികളും രങ്കരായരും മുറിയ്ക്കകത്തു വരുന്ന സമയത്തെല്ലാം പെരുമാഠം ശക്തി ക്ഷയിച്ചു വളരെ ക്ഷീണിച്ച പ്രകാരത്തിൽ കിടന്നുവന്നതുകൊണ്ട് അവർ തങ്ങളുടെ മരുന്നിന്നു ഫലമില്ലെന്നു ശങ്കിച്ചിരുന്നുമില്ല.

അപ്പു കൊട്ടാരത്തിന്നുള്ളിൽ പ്രവേശിയ്ക്കുവാൻ തീച്ച്പ്പെടുത്തിയ സമയത്തിന്ന് അല്പം മുമ്പു ചെറോട്ടിയമ്മ ശബ്ദമുണ്ടാക്കാതെ തൻെറ ഭക്ഷണവുമെടുത്തു പെരുമാഠം കിടക്കുന്ന മുറിയിൽ പ്പോയി, പെരുമാഠക്കു ഭക്ഷണം കൊടുത്ത് അടുത്തിരുന്നു.

അപ്പോഠം പെരുമാഠം "ചെറോട്ടി, എത്ര കാലമാണ് നാം

ഇങ്ങിനെ കഴിയ്ക്കുക? ഞാൻ ചെയ്ത ആ കുററത്തിന്നുള്ള ശിക്ഷ അനുഭവിച്ചു കഴിഞ്ഞില്ലേ? മരണംകൂടി നാം ഇപ്പോഠം അനുഭവിയ്ക്കുന്ന കഷ്ടതകളെപ്പോലെ കഠിനമാണോ? നമുക്കു രണ്ടുപേക്കും ഒന്നിച്ച് അവരുടെ മരുന്നു കഴിച്ച് ഈ ജീവദശയെ അവസാനിപ്പിച്ചാലെന്താ?"

ചെറോട്ടിയമ്മയുടെ കണ്ണുകളിൽ വെള്ളം നിറഞ്ഞു. "അയ്യോ, തിരുമനസ്സേ, അടിയൻ മരണത്തിൽ ഭയംകൊണ്ടു പറയുന്നതല്ല. തിരുമനസ്സുകൊണ്ടു മാനമായി പുറത്തേയ്ക്കു പോവണമെന്നാണ് അടിയന്ന് ഇനിയുള്ള മോഹം. ആ വിക്കിരനും മററുള്ളവരും അതിന്നുവേണ്ടി ശ്രമിയ്ക്കുന്നുമുണ്ട്. ഇവിടുന്നു പോയാൽപ്പിന്നെ അവർ ആക്കുവേണ്ടിയാണ് യുദ്ധം ചെയ്യുന്നത്?"

പെരു—അതു ശരിയാണ്. കഷ്ടം, ഞാൻ ആ പടത്തലവൻനായരെ കൊന്നുവല്ലോ ചെറോട്ടി. ഞാൻ പുറത്തേയ്ക്കു പോയാൽത്തന്നെ എങ്ങിനെയാണ് മററുള്ളവരുടെ മുഖത്തു നോക്കുക? അതും എനിയ്ക്കുവേണ്ടി പ്രവൎത്തിച്ചതിന്നാണ് ഞാൻ സമ്മാനമായി മരണശിക്ഷ കൊടുത്തത്.

ചെറോ—അയ്യോ, തിരുമനസ്സേ, അതടിയനാണ് ചെയ്യിച്ചത്. അതിൻെറ ചുമതല അടിയൻ ഏല്ക്കണം. എൻെറ ദുസ്സ്വഭാവംകൊണ്ട് ആ മഹാൻെറ മഹാമനസ്കത അറിഞ്ഞില്ല. എൻെറ ദുസ്സ്വഭാവത്താൽ ഇവിടത്തെക്കൊണ്ട് അടിയൻ അതു ചെയ്യിച്ചു. അതിൻെറ മഹാപാപം അടിയൻതന്നെ അനുഭവിയ്ക്കണം. അതടിയൻ അനുഭവിയ്ക്കുയും ചെയ്യും.

ആ സമയത്തു കോട്ടയുടെ തെക്കുഭാഗത്തുനിന്നു കോട്ടവാതിലിന്മേൽ ഇടിയ്ക്കുന്ന ശബ്ദം കേട്ടു. അതിൻെറകൂടെ ആപ്പുവിളികളും വാളുകഠം തമ്മിലിടയുന്ന ശബ്ദങ്ങളും കേട്ടിട്ടു പെരുമാഠം, "എന്താണ് വിക്കിരൻെറ ആഠംക്കാർ അകത്തേയ്ക്കു പ്രവേശിച്ചുവോ, ചെറോട്ടി?"

"എന്തോ ഒന്നും അറിയുവാൻ നിവൃത്തിയില്ല. എന്തോ ഉണ്ടായിട്ടുണ്ട്. ഭടന്മാരെല്ലാവരും ആ ഭാഗത്തേയ്ക്കോടുന്ന ശബ്ദം കേഠംക്കുന്നില്ലേ? ഒരു സമയം ആരെങ്കിലും ഇങ്ങോട്ടു വന്നുകളവാൻ മതി. അതുകൊണ്ട് അടിയൻ മറേറ മുറിയിലേയ്ക്കു പോയ്ക്കൂ

ളയാം. വല്ല ആവശ്യവുമുള്ളപക്ഷം ആ കത്തി നിലത്തിട്ടാൽ മതി'' എന്നു പറഞ്ഞു ചെറോട്ടിയമ്മ പുറത്തേക്കിറങ്ങി. അകത്തെ ഇടനാഴിയിലെത്തിയപ്പോൾ അതിൽക്കൂടി ഒരു ചെറിയ കുട്ടി നടന്നുവരുന്നതു കണ്ടു വല്ലാതെ പരിഭ്രമിച്ചു നല്ലവണ്ണം സൂക്ഷിച്ചുനോക്കിയപ്പോൾ കാര്യക്കാരുടെ മകൻ അപ്പുവാണെന്നു മനസ്സിലായി. ചെറോട്ടിയമ്മയ്ക്കു് അപ്പോഴുണ്ടായ സന്തോഷവും അതിന്നൊപ്പമുണ്ടായ ഭയവും ഇത്രയാണെന്നു കണക്കില്ല. ആ കുട്ടിയെ വാരിയെടുത്തു മാറോടണച്ചു്, ''എന്റെ മകൻ എങ്ങിനെ ഇതിന്റെ ഉള്ളിൽ വന്നു?'' അപ്പു ജനൽ ചൂണ്ടി ക്കാണിച്ചു് ''ഞാൻ ആനപ്പുറത്തു വന്നു'' എന്നു മറുപടി പറഞ്ഞു. തന്റെ കയ്യിലുള്ള ഓലക്കണ്ണും ചെറോട്ടിയമ്മയുടെ കയ്യിൽ കൊടുത്തു, ''പെരുമാളെ നിങ്ങളുടെ മുറിയിലാക്കി വാതില ടയ്ക്കുവാൻ വിക്കിരജ്യേഷ്ഠൻ പറഞ്ഞിരിയ്ക്കുന്നു'' എന്നു പറഞ്ഞു. ചെറോട്ടിയമ്മയ്ക്കു പരിഭ്രമംകൊണ്ടു് ഒന്നും അപ്പോൾ മനസ്സി ലായില്ല, എങ്കിലും ക്ഷണത്തിൽ അപ്പുവിനെ എടുത്തുംകൊണ്ടു പെരുമാളുടെ അടുക്കലേയ്ക്കുതന്നെ പോയി.

പെരുമാൾ കുട്ടിയെ കണ്ടു് ആശ്ചര്യത്തോടേ ''ഇതാരാണു് ചെറോട്ടി?''

''കാര്യക്കാരുടെ മകൻ. വിക്കിരൻ അയച്ച എഴുത്തും കൊണ്ടു വന്നിരിയ്ക്കുയാണു്'' എന്നു പറഞ്ഞു. ക്ഷണത്തിൽ ഓലക്കഷ്ണം വായിച്ചു ചെറോട്ടിയമ്മ കാര്യം മനസ്സിലാക്കി.

ഉടനെ പെരുമാളെ കാര്യം പറഞ്ഞു മനസ്സിലാക്കി പിടി ച്ചെഴുന്നേല്പിച്ചു പകുതി താങ്ങിയെടുത്തും പകുതി നടത്തിയും കൊണ്ടു തന്റെ മുറിയിൽ കൊണ്ടുപോയാക്കി തിരിച്ചുവന്നു് അപ്പുവിനെ എടുത്തു ചാരുപടിയുടെ അടുക്കലേയ്ക്കു വന്നു.

അപ്പു ജനലിൽക്കൂടി രണ്ടാമതും കടന്നു. ആനയുടെ തുമ്പി വന്നു് അപ്പുവിനെ എടുത്തു വിക്കിരന്റെ കയ്യിൽ കൊടുത്തു. വിക്കിരന്നു ശ്വാസം നേരേ വീണു. ''പെരുമാളെ ചെറോട്ടിയമ്മയുടെ മുറിയിൽ കൊണ്ടുപോയാക്കി'' എന്നു കേട്ട ഉടനേ വിക്കിരൻ അപ്പുവിനെ തന്റെ മാറോടണച്ചു.

''നീ മിടുക്കനാണു്. നീ വേഗത്തിൽ പാളയത്തിലേയ്ക്കു പോയ്ക്കൊള്ളു. ഞാൻ ക്ഷണത്തിൽ വരാം'' എന്നു പറഞ്ഞു്

അവനെ ഒരു ഭടന്റെ വശം ഏല്പിച്ചയച്ച് വിക്കിരൻ അപ്പോൾ ത്തന്നെ കോട്ടയുടെ തെക്കുഭാഗത്തേയ്ക്കോടി.

ഇതിനിടയിൽ കോട്ടവാതിൽ പൊളിച്ചതിന്റെ അടുക്കൽ വെച്ച് ഭയങ്കരമായ യുദ്ധം നടന്നിരുന്നു. വിക്കിരൻ കോട്ട യുടെ ഒരു ഭാഗത്തുള്ള ചെറിയ വാതിൽ കൊത്തിപ്പൊളിച്ച് അതിന്റെ ഉള്ളിൽക്കൂടി ചാടി. തന്റെ നേക്കു വന്ന ഭട ന്മാരെ ഒന്നായി വെട്ടിവീഴ്ത്തി വഴിയുണ്ടാക്കിക്കൊണ്ടു കൊട്ടാര ത്തിന്നടുക്കലേയ്ക്കു പോയി. ഇതിനിടയിൽ തന്റെ ഭടന്മാരും അകത്തേയ്ക്കു പ്രവേശിച്ച് കൊട്ടാരത്തിന്നടുക്കൽ എത്തിയിരുന്നു. വിക്കിരൻ കൊട്ടാരവാതില്ക്കൽ ചെന്നു. അതു വളരെ കനമുള്ള വാതിലുകളാകകൊണ്ട് എത്ര ശ്രമിച്ചിട്ടും പൊളിയ്ക്കുവാൻ കഴി ഞ്ഞില്ല. വിക്കിരൻ വാതിൽ പൊളിയ്ക്കുവാൻ ശ്രമിയ്ക്കുന്നതു കണ്ടിട്ടു രങ്കരായരുടെ ഭടന്മാർ ഓടിവന്നു. പക്ഷെ അപ്പോ ഴെയ്ക്കു തന്റെ ഭടന്മാരും അവിടെയെത്തി. അവർതമ്മിൽ ഘോരമായി യുദ്ധം നടന്നു.

വിക്കിരൻ അകത്തു കടപ്പാൻ വഴി കാണാതെ അങ്ങുമിങ്ങും ഓടുകയായി. ഒടുക്കം എവിടെനിന്നോ ഒരു മഴു കൊണ്ടുവന്നു. കൊട്ടാരത്തിന്റെ വടക്കുഭാഗത്തുള്ള വാതിൽ വെട്ടിപ്പൊളിച്ച് അകത്തു കടന്നു. അതിന്നകത്തുള്ള ഭടന്മാർ കൂട്ടമായി വിക്കിര ന്റെ നേരേ പാഞ്ഞടുത്തു. പക്ഷെ അവർ കൊടുങ്കാററിൽപ്പെട്ട കരിയിലകൾപോലെ, വിക്കിരന്റെ വാൾവെട്ടും ചവിട്ടുമേററ് അവിടെനിന്നു ദൂരെപ്പോയി വീണു. വിക്കിരൻ അവരുടെ ഇട യിൽക്കൂടി ചാടിപ്പോയി മാളികയിൽ ചെന്നു. ക്ഷണത്തിൽ കൊട്ടാരത്തിന്റെ വടക്കുഭാഗത്തായി ഇടനാഴിയിലേയ്ക്കോടി. വിക്കിരൻ അവിടെ തക്കസമയത്താണ് എത്തിയത്.

ചെറോട്ടിയമ്മ പെരുമാളെ അകത്താക്കി വാതിൽ ബന്ധി ച്ചിരുന്നു. വിക്കിരന്റെ സൈന്യം അകത്തേയ്ക്കു പ്രവേശിച്ച എന്നറിഞ്ഞ ഉടനേ രങ്കരായരും വൈദ്യരത്നസ്വാമികളും പെരു മാളുടെ മുറിയിലേയ്ക്കോടി. അവിടെ പെരുമാളെ കാണാഞ്ഞതു കൊണ്ട് ഉടനേ ചെറോട്ടിയമ്മയുടെ മുറിയിലേയ്ക്കോടിച്ചെന്നു. ആ മുറിയുടെ വാതിൽ അകത്തുനിന്നടച്ചതുകണ്ടു രങ്കരായർ ഭട ന്മാരെ വിളിച്ച് പൊളിയ്ക്കുവാൻ കല്പന കൊടുത്തു. ആ സമയ ത്താണ് വിക്കിരൻ അവിടെ എത്തിയത്. അതു കൊത്തിപ്പൊ

ളിയ്ക്കുവാൻ പ്രയത്നിച്ച ഭടന്മാരെ ഓരോററ വെട്ടുകൊണ്ടു് ഈരണ്ടു കഷ്ണങ്ങളാക്കി നിലത്തിട്ടു. വിക്കിരനെ കണ്ടപ്പോൾത്തന്നെ രങ്ക രായരും വൈദ്യരത്നസ്വാമികളും അവിടെനിന്നോടി. പെരു മാൾക്കു് അപകടമൊന്നും പററരുതെന്ന ആഗ്രഹംകൊണ്ടു വിക്കി രൻ രങ്കരായരെ തിരഞ്ഞു പിന്നാലെ പോകാതെ വാതില്ക്കൽ ത്തന്നെ കാവൽനിന്നു. വിക്കിരൻെറ സൈന്യം കൊട്ടാരത്തിൽ കടന്നു് ഓരോ വാതില്ക്കൽവെച്ചു രങ്കരായരുടെ ഭടന്മാരുമായി യുദ്ധം നടത്തിയിരുന്നു. നേരം പുലൎന്നുതുടങ്ങിയപ്പോൾ പെരു മാളുടെ കൊട്ടാരത്തിൽ സ്ഥലം പിടിച്ച വിദേശീയ ഭടന്മാരെല്ലാം അവിടെനിന്നു് ഓടിക്കഴിഞ്ഞിരുന്നു.

കൊട്ടാരം തൻെറ കൈവശത്തിലായി എന്നറിഞ്ഞപ്പോൾ വിക്കിരൻ വാതിലിന്നു മുട്ടി ചെറോട്ടിയമ്മയെ വിവരമറിയിച്ചു.

ചെറോട്ടിയമ്മ വാതിൽ തുറന്നു വിക്കിരനെ കണ്ട ഉടനേ "രക്ഷപ്പെട്ടു രക്ഷപ്പെട്ടു" എന്നു വിളിച്ചുപറഞ്ഞുംകൊണ്ടു പെരു മാളുടെ അടുക്കലേയ്ക്കു പോയി. പെരുമാൾ കിടയ്ക്കയിൽ ചെ റോട്ടിയമ്മയുടെ സാഹായ്യത്താൽ എഴുന്നേററിരുന്നു "വിക്കിരാ!" എന്നു വിളിച്ചു. വിക്കിരൻ അടുത്തു ചെന്നുനിന്നപ്പോൾ നില ത്തിരിയ്ക്കുവാൻ പറഞ്ഞു. വിക്കിരൻ നിലത്തിരുന്നു. പെരു മാൾ ക്ഷീണിച്ച രണ്ടു കയ്യും അടുപ്പിച്ചു വിക്കിരൻെറ തലയിൽ വെച്ചു്, "വിക്കിരന്നു് എൻെറ കാലശേഷം മഹാരാജാവായിരി യ്ക്കുവാൻ യോഗമുണ്ടാകും. വളരെക്കാലം വളരെ കീൎത്തിയോടേ രാജ്യം ഭരിച്ചു സുഖമായിരിയ്ക്കുവാൻ നിനക്കു സംഗതി വരട്ടെ. ഞാൻ ചെയ്ത കുററങ്ങളുടെ ഫലം ഞാനനുഭവിച്ചുകഴിഞ്ഞിരി യ്ക്കുന്നു. എങ്കിലും എൻെറ പോയ്പ്പോയ മാനം വിക്കിരൻ വീണ്ടെ ടുത്തു തന്നു. അതിന്നു പ്രതിഫലം ഞാൻ വിചാരിച്ചാൽ തരു വാൻ സാധിയ്ക്കില്ല. വിക്കിരന്നു വേണ്ടതെല്ലാം ഈശ്വരൻ തരും. മാനിച്ചൻ മരിച്ചുപോയി എന്നു രങ്കരായർ പറഞ്ഞറിഞ്ഞു. പക്ഷെ മാനിച്ചനും മാനത്തോടേ മരിച്ചതുകൊണ്ടു വിക്കിരനിൽ എന്നും ജീവിച്ചിരിയ്ക്കട്ടെ. ഇന്നുമുതൽ വിക്കിരൻ "മാനവിക്രമൻ രാജാ" എന്ന പേരോടുകൂടി ഈ രാജ്യത്തെ രക്ഷിച്ചുപോരുവാൻ ഞാൻ ഏല്പിയ്ക്കുന്നു" എന്നു പറഞ്ഞു് അനുഗ്രഹിച്ചു. "ഇന്നു മുതൽ സൈന്യത്തിൻെറ പടത്തലവനും കൊട്ടരം സൎവ്വാധികാ രിയും മാനവിക്രമൻ രാജാവാണു്."

വിക്കി—ഇതെല്ലാം ചെയ്യുവാൻ സാധിച്ചത് എൻെറ സ്നേഹിതന്മാരുടെ സാഹായ്യംകൊണ്ടുമാത്രമാണ്. കാര്യക്കാരുടെ മകൻ അപ്പുവാണ് തിരുമേനിയ്ക്കു് ആപത്തുവരാതെ രക്ഷിയ്ക്കാൻ സഹായിച്ചത്. പാണ്ഡ്യസൈന്യത്തെ വടക്കേ ചുരത്തിൽ വെച്ചു രാമവമ്മനും രവിവമ്മനും തോല്പിച്ചു. അതേപ്രകാരം തെക്കേ ചുരത്തിൽവെച്ചു വീരമാത്താണ്ഡനും തോല്പിച്ചയച്ചു.

പെരു—എനിയ്ക്കിതെല്ലാം കേരംക്കുമ്പോരം ഞാൻ പടത്തലവൻനായരോടു ചെയ്തതിൻെറ കഠിനതയാണ് ഓമ്മവരുന്നത്. നിങ്ങളെല്ലാവരും പടത്തലവൻനായരുടെ സ്നേഹിതന്മാരാണ്. അങ്ങിനെയുള്ള നിങ്ങരംക്ക് എന്നെ എത്രകണ്ടു ബഹുമാനമുണ്ടാവും? ഞാൻ വീരമാത്താണ്ഡനെത്തന്നെ അവമാനിച്ചയച്ചു. ഞാൻ അവരെല്ലാവരെയും പിന്നെക്കാണാമെന്ന് അവരോടു പറയണം. അതെല്ലാം ഈ കുഴപ്പങ്ങരം അവസാനിച്ചതിൻെറ ശേഷം മതി. ഇനിമേലാലുള്ള കാര്യങ്ങളെല്ലാം വിക്കിരൻ നടത്തണം. എല്ലാ രാജാക്കന്മാക്കും എന്നെ വന്നു കാണുവാൻ കല്പനകളയയ്ക്കണം.

വിക്കി—കല്പനപോലെ. ഇനിയും കുറച്ചു പ്രവൃത്തികരം ബാക്കിയുണ്ട്. വിദേശീയർ മുഴുവനും ഈ നാട്ടിൽനിന്നു പോയിട്ടില്ല. അവരുടെ കൈവശത്തിൽ ഇനിയും കുറേ സ്ഥലങ്ങളുണ്ട്. അവരെ മുഴുവനും പറഞ്ഞയയ്ക്കാതെ ഇവിടെ നമുക്കു സൈ്വരമുണ്ടാവില്ല. അതുകൊണ്ട് ഇപ്പോരം പോവാൻ കല്പന തരണം.

പെരു—ശരി, ആ പ്രവൃത്തിയെല്ലാം നടക്കട്ടെ. എനിയ്ക്കു് ഈ കോട്ടയിലിരിയ്ക്കുവാൻ സുഖമില്ല. ഈ കൊട്ടാരം ശൂന്യമായിരിയ്ക്കുന്നു. അതുകൊണ്ടു ഞാൻ കുറച്ചു ദിവസത്തിന്നു തിരുനാവായകോട്ടയിലാണ് താമസിയ്ക്കുവാൻ വിചാരിയ്ക്കുന്നത്. അതിന്നുള്ള ഏർപ്പാടുകളും ചെയ്യണം.

വിക്കിരന്ന് അംബികാദേവിയെപ്പററി പറയണമെന്നുണ്ടായിരുന്നു. പക്ഷെ പെരുമാരം പറയാതെ എങ്ങിനെയാണ് അങ്ങട്ടു പറയേണ്ടതെന്നു വിചാരിച്ച് ഒന്നും പറഞ്ഞില്ല. പെരുമാരംക്കും അംബികാദേവിയെ കാണണമെന്നും വത്തമാനമറിയണമെന്നുമുണ്ടായിരുന്നു. പക്ഷെ വിക്കിരൻ പറയാത്തതുകൊണ്ടു പെരുമാളും പറഞ്ഞില്ല. അതുകാരണം, അംബികാദേവി പെരുമാളുടെ അടുക്കലേയ്ക്കു വരാതെ, പെരുമാരംക്കു തന്നോടുള്ള അലോഗ്യം തീൎന്നിട്ടില്ലെന്നു വിചാരിച്ചു കൊക്കോഴിക്കോട്ടുകോട്ടയിൽത്തന്നെ താമസിച്ചു.

# ഇരുപത്തൊന്നാമദ്ധ്യായം

**താൻ** ശരിയായ സ്വാതന്ത്ര്യത്തോടേ വീണ്ടും തൻെറ സ്ഥാനത്തു വന്നുവെങ്കിലും പെരുമാറാക്ക താൻ ചെയ്തുപോയ മഹാപാപത്തെ മറക്കുവാൻ സാധിച്ചില്ല. അതിനെന്താണ് ഒരു പരിഹാരം ചെയ്യേണ്ടതെന്നാലോചിച്ചുകൊണ്ടാണ് തിരുനാവായ കൊട്ടാരത്തിൽ താമസിച്ചത്. ആത്മഹത്യ ചെയ്താലെന്താണെന്നുകൂടി ആലോചിച്ചു. പക്ഷെ അത് ഇതിലും വലിയ ഒരപരാധമായ്ത്തോകുമെന്നു ഭയപ്പെട്ടു മടിച്ചു.

പെരുമാറം തിരുനാവായക്കോട്ടയിൽ താമസമാക്കിയതിന്നു ശേഷം വിക്കിരൻ ബാക്കിയുള്ള വിദേശീയരെ കേരളത്തിൽ നിന്ന് ആട്ടിക്കളഞ്ഞു രാജ്യം മുൻസ്ഥിതിയിൽ വരുത്തി. പാണ്ഡ്യസൈന്യത്തോടു യുദ്ധംചെയ്ത കേരളീയസൈന്യത്തെ പിരിച്ചയക്കാതെ തൻെറ നായകത്വത്തിൻകീഴിൽ അവരെ സ്ഥിരമായ ഒരു സൈന്യമാക്കിത്തന്നെ വെച്ചു. ഈ വിവരങ്ങളെല്ലാമറിഞ്ഞു പെരുമാറം സന്തോഷിച്ചു. എങ്കിലും തൻെറ മനസ്സിലുള്ള വിചാരം ഒരാധിയായി കലാശിച്ചു. പെരുമാളായി വാഴുവാൻ തനിയ്ക്കു യോഗ്യതയില്ലെന്നു ബലമായി തോന്നിത്തുടങ്ങി. ഇങ്ങിനെയുള്ള ആലോചനയിൽ നിമഗ്നനായിരിയ്ക്കുന്ന ഒരവസരത്തിൽ ചെറോട്ടിയമ്മ അദ്ദേഹത്തിൻെറ അടുത്തുവന്ന് "എന്താണ് ഇവിടുന്നിങ്ങിനെ ചിന്താമഗ്നനായിരിയ്ക്കുന്നത്?" എന്നു ചോദിച്ചു. ചെറോട്ടിയമ്മയുടെ സ്വഭാവം ഇപ്പോറം മുമ്പത്തെ മാതിരിയൊന്നുമല്ലാതായിരുന്നു. കോപവും അഹംഭാവവുമെല്ലാം പോയി,പെരുമാളുടെ ഇഷ്ടത്തിന്നനുസരിച്ചു നടക്കുന്ന ഒരുത്തമസ്ത്രീയായി മാറിയിരുന്നു.

ചെറോട്ടിയമ്മയുടെ ചോദ്യത്തിന്നു മറുപടിയായി പെരുമാറം "ഞാൻ കഴിഞ്ഞ കാര്യങ്ങളെപ്പററി ആലോചിയ്ക്കുകയാണ്."

ചെ—കഴിഞ്ഞതിനെപ്പററി ആലോചിച്ചിട്ട് എന്താണ്

കാര്യം? ഇനി അതിനെപ്പററി വിചാരിച്ച ദേഹം കേടവരുത്തുക എന്നല്ലാതെ വേറെ വല്ല ഫലവും ഉണ്ടാകുമോ?

പെരു—ഞാൻ ചെയ്തുപോയ ആ മഹാപരാധത്തെപ്പററി ആലോചിച്ച വേദനപ്പെട്ടകയാണ്.

ചെ—അടിയന്ന മനസ്സിലായി. അടിയനും അതിൽ പങ്കെടുക്കേണ്ടവളാണ്. ഇവിടുന്ന് അതിലൊരു ലഗ്നമായി നിന്നു എന്നുമാത്രമേ ഉള്ളു.

പെരു—അതാണ് എനിക്കധികം മനോവേദനയ്ക്കു കാരണം. എന്നെ സ്നേഹിച്ച രാജ്യത്തിൻെറ നന്മമാത്രം മുൻനിൎത്തി പ്രവൃത്തിയെടുത്ത ഒരാളെ, ഞാൻ സൂക്ഷ്മസ്ഥിതിയെപ്പററി ആലോചിക്കാതെയും ഒരന്വേഷണവും നടത്താതെയും വെറും ഒരു കള്ളനെ എന്നപോലെ അപമാനമായി കൊല്ലിച്ചു. അങ്ങിനെ പ്രവൎത്തിച്ച ഒരു രാജാവിനെ എങ്ങിനെയാണ് ജനങ്ങൾ വിശ്വസിക്കുകയും ബഹുമാനിക്കുകയും ചെയ്യുക?

ചെ—ഇവിടുന്നു പറഞ്ഞതു ശരിയാണെങ്കിലും, അതു ചെയ്തുപോയില്ലേ. ഇനി നാം അതു മാററാൻ വിചാരിച്ചാൽ സാധിക്കുമോ?

പെരു—അതാണ് ചെറോട്ടി മഹാകഷ്ടം. നാം ഒരു പ്രവൃത്തി ചെയ്തുപോയാൽ അതിൻെറ ഫലത്തെ ഇല്ലായ്മ ചെയ്യാൻ കഴിയുമെങ്കിൽ എത്ര നന്നായിരുന്നു. അങ്ങിനെ സാധിക്കാത്തതുകൊണ്ട് ആ പ്രവൃത്തിയുടെ ഫലമായിവരുന്ന കഷ്ടപ്പാടുകളും മനോവേദനകളും ആ ചെയ്ത ആൾ ജീവകാലം മുഴുവനും അനുഭവിക്കേണ്ടിവരും.

ചെ—നാം എന്താണ് ചെയ്യുക തിരുമേനി?

പെരു—നാം എന്നു പറയേണ്ട; ഞാൻമാത്രമേ ഉള്ളു. ചെറോട്ടി ആ കാര്യം ചെയ്യേണമെന്നു പറഞ്ഞാൽത്തന്നെ ചെയ്യരുതെന്നു പറയേണ്ടവനാണ് ഞാൻ. അതു ഞാൻ ചെയ്തില്ല. അതുകൊണ്ടു ഞാൻ തനിച്ചുവേണം അതിൻെറ ഫലമനുഭവിക്കുക. ഞാൻ ഈ രാജ്യമെല്ലാം വിക്കിരനെ ഏല്പിച്ചുകൊടുത്ത് ആത്മഹത്യ ചെയ്തുകളയാമെന്നാണ് ആലോചിക്കുന്നത്. ആത്മഹത്യ ചെയ്ത് എനിക്കുതന്നെ നിന്ദ്യമായിത്തോന്നുന്ന ഈ ജീവിതം അവസാനിപ്പിച്ചുകളയാം.

ചെ—എന്നാൽ അടിയനെ ആദ്യമായി കൊലപ്പെടുത്തണം. അതിനുശേഷം ഇവിടുത്തേയ്ക്കാവാം.

പെരു—അതെന്തിനാണ് ചെറോട്ടി?

ചെ—തിരുമനസ്സുകൊണ്ടു പോയ്ക്കഴിഞ്ഞാൽപ്പിന്നെ അടിയൻ എന്തിനാണ് ജീവിച്ചിരിയ്ക്കുന്നത്? അടിയനു പിന്നെ ജീവിച്ചിരിയ്ക്കുവാൻ തീരേ സാധിയ്ക്കില്ല. തിരുമനസ്സുകൊണ്ട് അടിയൻ ചെയ്ത കുററങ്ങളെല്ലാം ക്ഷമിച്ച് അടിയനെ ആദ്യമായി വധിയ്ക്കണം. അടിയന്നു മരിയ്ക്കുന്നതിൽ ഒരു ഭയവുമില്ല. മരണം ഇവിടുത്തെ കൈകൊണ്ടുതന്നെയായാൽ അടിയന്നു വളരെ സന്തോഷംകൂടിയായിരിയ്ക്കും.

പെരു—കഷ്ടം, എൻെറ അപ്രാപ്തി ഒന്നുമാത്രമാണ് എല്ലാ അനർത്ഥത്തിന്നും കാരണമായത്. ആട്ടെ നമുക്ക് അതിനെപ്പററി ആലോചിയ്ക്കാം. വിക്കിരൻ എവിടെയാണ്? അയാളും അയാളുടെ സ്നേഹിതന്മാരുംകൂടിയാണ് നമ്മുടെ മാനം രക്ഷിച്ചത്.

ചെ—അയ്യോ, ആ ചെറിയ കുട്ടിയെ മറക്കരുതേ.

പെരുമാറ് "ശരിയാണ്. അവന്നു നമ്മുടെ വകയായി കുറേ സ്വത്തുക്കളും ഒരു സ്ഥാനവും കൊടുക്കുവാൻ ഏല്പിയ്ക്കാം" എന്നു പറഞ്ഞ് ഒരു നീട്ടെഴുതി ഒരു ഭടനെ വിളിച്ചു കാര്യക്കാരുടെ കൈവശം ഏല്പിച്ചു കൊടുക്കുവാൻ കല്പിച്ചയച്ചു. "ഞാൻ പോകുമ്പോറ് ആരെയാണ് പെരുമാളാക്കേണ്ടതെന്ന് ഇനിയും തീച്ച്യയായില്ല."

ചെ—മാനവിക്രമൻ രാജാവിനെത്തന്നെ ആക്കിയാലെന്താണ്?

പെരു—എനിയ്ക്ക് ഒരു വിരോധവുമില്ല. പക്ഷെ രാജ്യത്തിൽ വലിയ കുഴപ്പത്തിന്നിടയാവും. മററു രാജാക്കന്മാർ യുദ്ധത്തിന്നൊരുങ്ങിയേയ്ക്കും. ഇപ്പോറ് അവസാനിച്ച യുദ്ധത്തിന്നു പകരം വേറെ ഒരു യുദ്ധം തുടങ്ങേണ്ടിവരും. അത് ഈ യുദ്ധം അവസാനിച്ചപ്രകാരത്തിൽ അവസാനിയ്ക്കുകയുമില്ല.

ചെ—ഇവിടുന്നെന്താണ് അംബികയെ വരുത്തി അവളെ വിക്കിരന്നു കൊടുക്കാത്തത്?

പെരു—ഒന്നാമത് അയാറ് ഇതുവരെ എന്നോടാവശ്യപ്പെട്ടിട്ടില്ല. പിന്നെ അവറ് രങ്കരായരെ കല്യാണം ചെയ്തില്ലേ?

ചെ—അതിൽ ഒരർത്ഥവുമില്ല. രങ്കരായർ അംബികയുടെ കയ്യിൽനിന്നു മാല വാങ്ങി താൻതന്നെ ഇട്ടതാണത്രേ. പിന്നെ തിരുമനസ്സിലെ സമ്മതംകൂടാതെ അയാൾക്ക് അംബികയെ കല്യാണം കഴിയ്ക്കുവാൻ പാടുണ്ടോ?

പെരു—വിക്കിരൻ അതിനെപ്പററി ഒന്നും പറഞ്ഞില്ല.

ചെ—അയാൾ ആവശ്യപ്പെടാത്തതു ഭയപ്പെട്ടിട്ടാണെന്നാണ് തോന്നുന്നത്. അംബികാദേവിയെ മടക്കിവിളിയ്ക്കാത്തതുകൊണ്ടു മുഷിച്ചൽ തീർന്നിട്ടില്ലെന്നാണ് അവർ വിചാരിയ്ക്കുന്നത്.

പെരു—അവളെ എനിയ്ക്കൊന്നു കാണ്മാൻ മോഹമായിരിയ്ക്കുന്നു. അവളോട് ഇങ്ങോട്ടു വരുവാൻ ഒന്നു പറഞ്ഞയയ്ക്കു.

ചെ—ഒരു കാര്യം ചെയ്താലോ: വിക്കിരൻതന്നെ അംബികയേയും കൂട്ടിവരട്ടെ. രണ്ടാളേയും ഒന്നിച്ച് കണ്ട് അംബികയെ വിക്കിരനെ ഏല്പിയ്ക്കുകയും ചെയ്യാം.

പെരു—എന്നാൽ അങ്ങിനെയാണ് നല്ലത്. വിക്കിരൻ ഇപ്പോൾ എവിടെയോ ആയിരിയ്ക്കും. അയാൾകൂടി മുഖം കാണിയ്ക്കേണ്ട സമയത്തിന്നുമാത്രമേ എത്തുകയുള്ളു എന്നു തോന്നുന്നു.

ചെ—ഏതുതെങ്കിലും നാടുവാഴികളുടെയെല്ലാം മുഷിച്ചൽ അവസാനിച്ചുവെന്നാണ് തോന്നുന്നത്. അവരെല്ലാവരും വരുന്നുണ്ടെന്നാണല്ലോ വർത്തമാനം കേട്ടത്.

പെരു—രങ്കരായക്കു പട്ടം കൊടുത്തുകളയുമെന്നായിരുന്നുവല്ലോ അവരുടെ ഭയം. അതിപ്പോൾ അവസാനിച്ചു, അവരുടെ മുഷിച്ചലും തീർന്നു. ഇനി വേറെ വല്ലവർക്കും കൊടുക്കുന്നു എന്നു കേട്ടാൽ രണ്ടാമതും കലഹത്തിന്നു പുറപ്പെടും. ഞാൻ എന്താണ് ചെയ്യേണ്ടത്? എന്തോ ഇനി എനിയ്ക്ക് ഈ രാജ്യത്തിൽ മുമ്പത്തെ സ്ഥിതിയിൽത്തന്നെ പെരുമാളായിരിയ്ക്കുവാൻ സാധിയ്ക്കുമെന്നു തോന്നുന്നില്ല. എനിയ്ക്ക് അശേഷം മോഹവുമില്ല. ഈശ്വരൻ ഈ ധർമ്മസങ്കടത്തിൽനിന്ന് ഒഴിവാകുവാൻ ഒരു വഴി കാട്ടിത്തരാതിരിയ്ക്കുമോ?

ചെറോട്ടിയമ്മ "അടിയൻ പോയി വിക്കിരൻ എവിടെയാണെന്നൊന്നന്വേഷിയ്ക്കുവാൻ പറയാം" എന്നു പറഞ്ഞ് അവിടെനിന്നെഴുന്നേററു പുറത്തേയ്ക്കു പോയി.

ചെറോട്ടിയമ്മ പോയപ്പോൾ പെരുമാൾക്കു രണ്ടാമതും

ആലോചനകറം വന്നു. സമാധാനമില്ലാതെ അങ്ങോട്ടുമിങ്ങോട്ടും നടക്കുകയായി. "നാട്ടവാഴികറം വരേണ്ടുന്ന സമയമടുത്തു. ഞാൻ എങ്ങിനെയാണ് അവരുടെ മുഖത്തു നോക്കുക? ജനങ്ങറംക്കെല്ലാം എന്തഭിപ്രായമായിരിയ്ക്കും എന്നെപ്പററി?" എന്നെല്ലാം ആലോചിച്ചുംകൊണ്ടു സമയം കഴിച്ചു. നടന്നു നടന്നു കാൽ കഴച്ച് ഒരു സ്ഥലത്തു ചെന്നു പുറത്തെ ഇരുട്ടിലേയ്ക്കുതന്നെ നോക്കിക്കൊണ്ടിരുന്നു.

ഇന്ന് അമാവാസിയാണ്. അതാണ് ഇത്ര ഇരുട്ട്. എനിയ്ക്കിപ്പോറം വെളിച്ചത്തെക്കാറം ഇരുട്ടാണ് അധികം സുഖമായി തോന്നുന്നത്. വെളിച്ചം വന്നാൽ പലവിധം ബുദ്ധിമുട്ടുകറം പുറപ്പെട്ടുന്നു. മനസ്സിലുള്ള വേദനകറം പുറത്തേയ്ക്കു കാണിയ്ക്കാതെ ലൌകികത്തിന്നുവേണ്ടി മറച്ചുവെയ്ക്കേണ്ടിവരുന്നതുകൊണ്ട് എൻെറ കഷ്ടപ്പാടുകളുടെ ശക്തി വദ്ധിയ്ക്കുന്നു. അല്ലയോ ഇരുട്ടേ, നിൻെറ മഹിമ എനിയ്ക്കിപ്പോഴേ അറിവാൻ സാധിച്ചുള്ളു. ജീവിതയുദ്ധത്തിൽ തോല്മ പററിയവക്കും, എന്നെപ്പോലെ മനസ്സിൽ അന്ധകാരം നിറഞ്ഞവക്കും നീ ഇല്ലായിരുന്നുവെങ്കിൽ എന്താണ് ഗതി? പക്ഷെ ഒരു കാര്യമുണ്ട്. ഈ ലോകത്തിൻെറ ഭംഗി കണ്ട് അതിൽ ലയിച്ചവക്കു നിന്നെ ഭയമായിരിയ്ക്കും. നീ ലോകത്തിൻെറ വിവിധവണ്ണങ്ങളെ നശിപ്പിയ്ക്കുന്നു. പുഷ്പങ്ങറം നിറഞ്ഞ ഉദ്യാനങ്ങളും മരുഭൂമിയും വൻകാടുകളും വെള്ളവും കരയുമെല്ലാം നിൻെറ വലയിൽപ്പെട്ടാൽ തുല്യങ്ങളാവുന്നു. മഹാരാജാവും പിച്ചക്കാരനും സമന്മാരാകുന്നു. ലോകവന്ദ്യന്മാരും ലോകനിന്ദ്യന്മാരും ഒരുപോലെയാവുന്നു. വെളിച്ചം വന്നാൽ മനുഷ്യർ എന്തെല്ലാം വികൃതവേഷങ്ങറം കെട്ടുന്നു. അവരുടെ ചിരികളും കളികളും നല്ല വാക്കുകളും എത്രകണ്ടു വാസ്തവമാണെന്നു നീ വന്നാലേ അറിയൂ. നീയാണ് സത്യവാൻ. എല്ലാ ജീവജന്തുക്കളുടെയും ഒടുക്കത്തെ ഗതി ഒന്നാണെന്നു കാണിയ്ക്കാനായിരിയ്ക്കുമോ?, ഇരുട്ടേ, നീ എല്ലാ ദിവസവും ഒരു പ്രാവശ്യം വരുന്നത്? സൂര്യനും നക്ഷത്രജാലവും എല്ലാം നശിച്ച് ആബ്രഹ്മപ്രളയകാലത്തുക്കൂടി അനശ്വരനായി ആദ്യന്തവിഹീനനായി സ്ഥിതിചെയ്യുന്നതും നീതന്നെ. അങ്ങിനെയുള്ള നിന്നെ എന്താണ് മനുഷ്യൻ സ്നേഹിയ്ക്കാതെ ഭയപ്പെടുന്നത്? തീച്ചയായും ആലോചിയ്ക്കാത്തതുകൊണ്ടുതന്നെ. നീയാണ് സാക്ഷാൽ

ബ്ര്യഹ്മം. ഞാനിതാ നിന്നെ നമസ്ക്കരിയ്ക്കുന്നു. നീ എന്നെ രക്ഷിച്ചാലും!"

പെട്ടെന്നു തൻെറ മുമ്പിൽ ആരോ ഒരാൾ വന്നുനിന്നു. സൂക്ഷിച്ചു നോക്കിയപ്പോൾ അതു പടത്തലവൻനായരാണെന്നു തോന്നി. പടത്തലവൻനായർ സാധാരണമായി പെരുമാളെ മുഖം കാണിയ്ക്കുവാൻ വരാറുള്ള സമ്പ്രദായത്തിലാണ് കാണപ്പെട്ടത്. പെരുമാൾക്ക് അപ്പോൾ ഭയമൊന്നും തോന്നിയില്ല. എന്തെങ്കിലും സംസാരിയ്ക്കണമെന്നു മനസ്സിൽ വിചാരിച്ചു. "എന്തു വേണം?" എന്നു ചോദിച്ചു.

പടത്തലവൻനായർ പെരുമാളെത്തന്നെ സൂക്ഷിച്ചുനോക്കി കൈകൊണ്ട് എന്തോ ആംഗ്യം കാണിച്ചു പെട്ടെന്ന് അപ്രത്യക്ഷപ്പെട്ടു.

പടത്തലവൻനായരുടെ രൂപം കാണാതായപ്പോൾ പെരുമാൾക്ക് അല്പം ഭയമുണ്ടായി. നേരം അർദ്ധരാത്രിയോടടുത്തിരിയ്ക്കുന്നു എന്ന് ആകാശത്തിലെ നക്ഷത്രങ്ങളുടെ സ്ഥിതികൾ കൊണ്ടു മനസ്സിലാക്കി. പെരുമാൾ തീരേ ചൈതന്യം ക്ഷയിച്ചുപോയപോലെ ആ ഇരുന്ന സ്ഥലത്തുതന്നെ ഇരുന്നു. "ഈശ്വരാ, ഞാൻ എന്താണ് ചെയ്യേണ്ടത്?" എന്നു വളരെ ദീനസ്വരത്തിൽ തന്നോടുതന്നെ പറഞ്ഞു.

ആ സമയത്തു കിഴക്കുഭാഗത്തു പെട്ടെന്നുണ്ടായ ഒരു പ്രഭ തൻെറ ദൃഷ്ടിയെ ആകർഷിച്ചു. പെരുമാൾ ആ ഭാഗത്തേയ്ക്കു തന്നെ നോക്കിക്കൊണ്ടിരുന്നു. ക്ഷണത്തിൽ ആ പ്രഭ വർദ്ധിച്ചു തുടങ്ങി. അടുത്ത നിമിഷം ഒരു പൂർണ്ണചന്ദ്രൻ പ്രത്യക്ഷപ്പെട്ടു.

"ഇന്ന് അമാവാസിയല്ലേ? ഞാൻ തെററിദ്ധരിച്ചതായിരിയ്ക്കുമോ? ഇന്നു പൌർണ്ണമിയാണോ? പൌർണ്ണമിയാണെങ്കിൽ തന്നെ അർദ്ധരാത്രിയ്ക്കാണോ ചന്ദ്രോദയം? ഇതെന്താശ്ചര്യമാണ്!" എന്നു പറഞ്ഞ് അത്ഭുതപരതന്ത്രനായി ആ ഉദിച്ചുപൊങ്ങുന്ന ചന്ദ്രനെത്തന്നെ സൂക്ഷിച്ചു. ചന്ദ്രൻ വളരെ വേഗത്തിൽ ആകാശത്തിലേയ്ക്കു പൊങ്ങുന്നതു കണ്ടു. നോക്കിക്കൊണ്ടു നില്ക്കത്തന്നെ പൊങ്ങിപ്പൊങ്ങി ആകാശമദ്ധ്യത്തിൽ ചെന്നുനിന്നു. അവിടെവെച്ചു രണ്ടായി പിളർന്നു. അതിൽ ഒരു ഭാഗം പെരുമാൾ നില്ക്കുന്നതിൻെറ മുൻഭാഗത്തുകൂടി ഭൂമിയിലേയ്ക്കു താണുവന്നു ഭൂമിയുടെ അന്തർഭാഗത്തു പോയി മറഞ്ഞു. മറേറപ്പകുതി ഉദിച്ചു

പൊങ്ങിയ വേഗത്തോടെതന്നെ പടിഞ്ഞാറുപോയി സമുദ്രത്തിൽ അസ്തമിച്ചു. ഈ അത്ഭുതസംഭവത്തിന്നുശേഷം പെരുമാൾ അതിനെപ്പററിത്തന്നെ ആലോചിച്ചുംകൊണ്ടിരുന്നു. പിന്നെ പെട്ടെന്ന് അവിടെനിന്നെഴുന്നേററ്, "ഇത് എനിയ്ക്കൊരടയാളമാണ്, സംശയമില്ല. എൻെറ ഒരു പകുതി ഇവിടെ സ്ഥാപിച്ചു മറേറപ്പകുതി വേറെ ഒരു സ്ഥലത്തു കൊണ്ടുപോകണമെന്നാണ് അതിൻെറ താല്പര്യം. അതെവിടെയാണ്? ശരി, എനിയ്ക്കിപ്പോൾ ഓമ്മവന്നു. അന്ന് ആ ഹക്കീം എന്നോടു പറഞ്ഞതും ഇതുതന്നെയാണ്. "പടച്ചവൻ നമുക്കു വേണ്ടതു പോലെ പ്രവൎത്തിയ്ക്കുവാൻ അടയാളങ്ങൾ കാണിച്ചുതരും. കണ്ണുള്ളവർ അവയെ നോക്കി പ്രവൎത്തിയ്ക്കും. കണ്ണില്ലാത്തവർ കാണില്ല." തീൎച്ചയായും അതെനിയ്ക്ക് ഒരടയാളമാണ്. എൻെറ ജീവദശയുടെ അസ്തമയം സമുദ്രത്തിൻെറ അക്കരെയ്ക്കുള്ള രാജ്യത്തു വെച്ചുതന്നെ. എൻെറ കീഴിലുള്ള ഈ കേരളം രാജാക്കന്മാർ വരുന്നതിന്നു മുമ്പുതന്നെ ഭാഗിച്ച് ഓരോരുത്തൎക്കും കൊടുത്തുകളയാം. രാജ്യം ഇന്നപ്രകാരത്തിൽ ഭരിയ്ക്കണമെന്ന് ഒരു തീൎപ്പും എഴുതിവെച്ചു ഞാൻ ഈ രാജ്യത്തുനിന്ന് അപ്രത്യക്ഷപ്പെടും. ഈ വിവരം അവരെ അറിയിയ്ക്കുവാൻ സ്വാമികളെ ഭരമേല്പിയ്ക്കുകയും ചെയ്യാം.

ഈ നിശ്ചയത്തോടേ ക്ഷണത്തിൽ തൻെറ എഴുത്തുമുറിയിൽ ച്ചെന്ന് ഓലകളും നാരായവുമെടുത്ത് എഴുതുവാൻ തുടങ്ങി. എഴുതിയവസാനിച്ചപ്പോൾ നേരം പുലൎന്നു എന്നു മനസ്സിലായി. അപ്പോൾത്തന്നെ ആ രാജ്യം വിടുവാനുള്ള മററൊരുക്കങ്ങളും ചെയ്തുതുടങ്ങി. തനിയ്ക്കു സ്വന്തമായി അവകാശപ്പെട്ട സ്വൎണ്ണങ്ങളും രത്നങ്ങളും രണ്ടു ഭാഗമാക്കി രണ്ടു പെട്ടികളിൽ നിറച്ചു ബാക്കി വേണ്ടുന്ന കാര്യങ്ങളും ചെയ്തതിന്നുശേഷം പെരുമാൾ നീരാട്ടുകുളിയ്ക്കു പുറപ്പെട്ടു.

രങ്കരായരും വൈദ്യരത്നസ്വാമികളും കോട്ടയിൽനിന്നു പുറത്തേയ്ക്കു രക്ഷപ്പെട്ടെങ്കിലും ഉടനേ നേരെ പാണ്ഡ്യരാജ്യത്തേയ്ക്ക് ഓടിപ്പോകാതെ തിരുവഞ്ചിക്കുളത്തുതന്നെ ഒരു സ്ഥലത്ത് ഒളിച്ചിരുന്നു. മുത്തു എന്നു പറഞ്ഞ ഒററുകാരൻെറ പല വസതികളിൽ ഒന്നിലാണ് അവർ താമസിച്ചിരുന്നത്. പാണ്ഡ്യസൈന്യത്തെ കേരളസൈന്യത്തെക്കൊണ്ടു തോല്പിയ്ക്കുവാൻ കഴിയു

മെന്നു രങ്കരായർ വിശ്വസിച്ചില്ല. അതുകൊണ്ടു പാണ്ഡ്യ സൈന്യം ഉടനേ വരാതിരിയ്ക്കില്ലെന്നു കരുതിയിട്ടാണ് അയാൾ മുത്തുവിൻെറകൂടെ പാപ്പുറപ്പിച്ചത്.

മുത്തു തൻെറ ഓരോ വസതിയിലും ഓരോവിധം വേഷത്തിലാണ് താമസിച്ചിരുന്നത്. ഭിക്ഷക്കാരൻെറ വേഷത്തിൽ നാടൊക്കെ നടന്നു വർത്തമാനം അന്വേഷിച്ചറികയും, ഭടൻെറ വേഷത്തിൽ കൊട്ടാരത്തിൽ കടക്കുകയും, ചിലപ്പോൾ സ്ത്രീയുടെ വേഷത്തിൽ പെരുമാൾക്കുള്ള ഭക്ഷണത്തിൽ മരുന്നു ചേക്കുകയും ഇങ്ങിനെ പലവിധം പ്രവൃത്തികൾ ചെയ്തുവന്നു. രങ്കരായരുടെ താമസത്തിന്നുവേണ്ടി കൊടുത്തതു യവനപ്പാളയത്തിന്നടുത്തുള്ള ഇടിഞ്ഞുപൊളിഞ്ഞ ഒരു ഭവനമാണ്. പുറമേനിന്നു നോക്കിയാൽ അതിൻെറ ഉള്ളിൽ കടപ്പാൻതന്നെ വയ്യെന്നു തോന്നും. പക്ഷെ ഒരു പ്രത്യേക വഴിയിൽക്കൂടി പോയാൽ അതിൻെറ ഉള്ളിലുള്ള വിശാലമായ ഒരു മുറിയിൽ ചെന്നെത്തും. രങ്കരായർ അവിടെ താമസമാക്കിയതിന്നുശേഷം മുത്തു പടത്തലവൻനായരുടെ ഗൃഹത്തിലുള്ള ഒരു മുറിയിൽ താമസമാക്കി, അതാതു ദിവസത്തെ വർത്തമാനം രങ്കരായക്ക് എത്തിച്ചുകൊടുത്തു വന്നു. കോട്ടയിൽനിന്നു പുറത്തേയ്ക്കു വന്നതിൻെറ നാലാം ദിവസം പാണ്ഡ്യപ്പട മുഴുവനും നശിച്ചു എന്ന വർത്തമാനം കൊണ്ടുപോയി കൊടുത്തു. അതു കേട്ടു രങ്കരായർ ആശ്ചര്യവും വ്യസനവുംകൊണ്ട് അന്നു മുഴുവനും പട്ടിണി കിടന്നു. പിറേറന്നുമുതൽ അവിടെനിന്നു രക്ഷപ്പെടുവാൻ വഴിയാലോചിച്ചു തുടങ്ങി. കരവഴിയായി പോകുന്നതു വളരെ അപകടമാണെന്നു തോന്നിയതുകൊണ്ടു വെള്ളം വഴിയായി പോകുവാൻ തീച്ചപ്പെടുത്തി, മുത്തുവിനോട് ഒരു കപ്പലേപ്പെടുത്തുവാൻ പറഞ്ഞു. പക്ഷെ അതു സാധിച്ചില്ല. ദിവസങ്ങൾ കുറേക്കൂടി കഴിഞ്ഞു. രങ്കരായർ ലോകത്തെ ശപിച്ചുകൊണ്ടു സമയം കഴിച്ചുകൂട്ടി. ഒരു ദിവസം മുത്തു തൻെറ മുറിയിൽ ഓടിവന്നതു കണ്ടിട്ട്.

രങ്ക—എന്താണ്, വിശേഷം വല്ലതുമുണ്ടോ?

മുത്തു—സ്വാമി, ഇവിടുത്തെ ഭാര്യയെ കണ്ടുപിടിച്ചിരിയ്ക്കുന്നു.

രങ്ക—(സംഭ്രമത്തോടുകൂടി) എവിടെയുണ്ട്?

മുത്തു—ഇന്ന് ഒരു വഞ്ചിയിൽനിന്നിറങ്ങുന്നതു ഞാൻ ദൂര

ത്തുനിന്നു കണ്ടു. താമസിയ്ക്കുന്നതെവിടെയാണെന്നറിവാൻ സാധിച്ചിട്ടില്ല.

രങ്ക—ഒരു കാര്യം ചെയ്യു. കപ്പൽ ഏൎപ്പാടു ചെയ്യുന്നത് അവൾ എവിടെയാണ് താമസിയ്ക്കുന്നതെന്നറിഞ്ഞതിന്നുശേഷം മതി. നീയും വൈദ്യരത്തവുംകൂടി അവളെ എൻെറ കയ്യിൽ എത്തിച്ചുതരണം. ഞാൻ ഇത്രയും കഷ്ടപ്പെട്ടതിന്ന് ഒരു ഗുണമെങ്കിലും ഉണ്ടാവട്ടെ.

മുത്തു—ശ്രമിയ്ക്കാം. പക്ഷെ കൊണ്ടുവന്നാൽത്തന്നെ എങ്ങിനെയാണ് ഇവിടെനിന്നു കൊണ്ടുപോകുക? കപ്പലിൽ കയററുവാൻ ഇവിടെവെച്ച് സാധിയ്ക്കില്ല. രാവും പകലും കപ്പൽ കയറുന്ന സ്ഥലത്താളുകളുണ്ടായിരിയ്ക്കും.

രങ്ക—കപ്പൽ തിരുനാവായയ്ക്കടുത്തു കൊണ്ടുപോയി നിൎത്തിയാൽ മതി. നീ അവളെ രാത്രി ഇവിടെ എത്തിച്ചാൽപ്പിന്നെയെല്ലാം ചെയ്തുകൊള്ളാം. നീ ചുരംവഴിയായിട്ടു പാണ്ടിയ്ക്കു പോയ്ക്കൊള്ളുക.

അംബികാദേവിയെ കണ്ടുപിടിയ്ക്കുവാനായി മുത്തു പോയി.

രങ്കരായക്ക് ഈ വൎത്തമാനം ഒരു വലിയ നിധി കിട്ടിയതുപോലെയുള്ള സന്തോഷമുണ്ടാക്കി. അംബികാദേവിയെ വല്ലവിധത്തിലും കൊണ്ടുപോകുവാൻ സാധിച്ചെങ്കിൽ തിരുവഞ്ചിക്കുളത്തുവെച്ചു തനിയ്ക്കുണ്ടായ ഇച്ഛാഭംഗങ്ങൾക്കു തക്കൊരു പരിഹാരമാകുമെന്നു വിചാരിച്ച് അയാൾ അതിനെപ്പററിത്തന്നെ ആലോചിച്ചുംകൊണ്ടിരുന്നു. ആലോചിയ്ക്കുംതോറും അതിനാലുണ്ടാകാവുന്ന പല ഗുണങ്ങൾ ഓരോന്നോരോന്നായി മനസ്സിൽ ഉദിച്ചുതുടങ്ങി. ഒന്നാമതു വിക്കിരൻ അതുവരെ നേടിയതിൻെറ ഫലം ഇല്ലാതാകും. രണ്ടാമതു ദേവി തന്നോടു കാണിച്ച ധിക്കാരത്തിന്നും വഞ്ചനയ്ക്കും തക്കൊരു ശിക്ഷയുമായിരിയ്ക്കും. ഇങ്ങിനെ ഓരോന്ന് ആലോചിച്ച് അസ്വാസ്ഥനായിച്ചമഞ്ഞു, മുത്തുവിൻെറ വരവും കാത്തിരുന്ന് ഒരു ദിവസം കഴിച്ചു. തൻെറ ഭടന്മാരും മററും ഓടിപ്പോയിരുന്നുവെങ്കിലും, തിരുവഞ്ചിക്കുളത്തു പെരുമാളില്ലാത്തതുകൊണ്ട് അംബികാദേവിയെ കയ്യിൽ കിട്ടിയാൽ എളുപ്പത്തിൽ കപ്പൽ കയററി നാട്ടിലേയ്ക്കു കൊണ്ടുപോകാമെന്നു രങ്കരായർ ആശിച്ചിരുന്നു. അതിന്നെല്ലാംപുറമേ വിക്കിരൻ അവിടെയില്ലെന്നു തനിയ്ക്കറിയാവുന്നതുകൊണ്ടു, വിക്കി

രൻ വരുന്നതിന്നു മുമ്പുതന്നെ അംബികാദേവിയെ കയ്യിൽക്കി ട്ടേണമെന്നായിരുന്നു രങ്കരായരുടെ പ്രാൎത്ഥന. പെട്ടെന്നു് ആരോ ഒരാറം അവിടെ വരുന്ന ശബ്ദം കേട്ടു. മുത്തുവായിരിയ്ക്കുമെന്നു വിചാരിച്ചു സന്തോഷത്തോടേ എഴുന്നേററു നോക്കി. പക്ഷെ വന്നതു വൈദ്യരത്നസ്വാമികളായിരുന്നു.

രങ്ക—ഓ, താനാണു്. മുത്തുവാണെന്നാണു് ഞാൻ വിചാ രിച്ചതു്.

വൈദ്യ—കപ്പൽ വേണ്ടുന്ന സമയമറിയിച്ചാൽ കൊണ്ടുവ രാമെന്നു പറഞ്ഞിരിയ്ക്കുന്നു. പക്ഷെ ഇരട്ടി കൂലി പറയുന്നുണ്ടു്.

രങ്ക—അതുകൊണ്ടൊന്നും തരക്കേടില്ല. കപ്പൽ തിരുനാ വായെ കൊണ്ടുവരാൻ ഏല്പിയ്ക്കു.

വൈദ്യ—അതെവിടെവേണമെങ്കിലും കൊണ്ടുവന്നുകൊള്ളും. അതിൻെറ കപ്പിത്താൻ തിരുവഞ്ചിക്കുളത്തു വന്നിട്ടുണ്ടു്. എ പ്പോറം വേണമെന്നു് ഇന്നു രാത്രി പറയാമെന്നാണു് ഞാൻ അയാ ളോടു പറഞ്ഞിരിയ്ക്കുന്നതു്.

ഇങ്ങിനെ സംസാരിയ്ക്കുന്നതിനിടയിൽ മുത്തു വന്നു. അയാ ളെ കണ്ട ഉടനേ രങ്കരായർ "എന്തെടാ, കണ്ടുപിടിച്ചുവോ?"

മുത്തു—സ്ഥലം കണ്ടുപിടിച്ചു. പക്ഷെ എന്നെക്കൊണ്ടു തനിയേ സാധിയ്ക്കില്ല. ഈയാളെക്കൂടി അയയ്ക്കണം.

രങ്ക—ഓ, ഈയാറം വേണ്ടതൊക്കെ ചെയ്തുതരും. എവി ടെയാണു് സ്ഥലം?

മുത്തു—താമസം കാൎയ്യക്കാരുടെ വീട്ടിലാണു്. അവിടെ ദാസിമാരും ഭടന്മാരുമെല്ലാമുണ്ടു്. അതുകൊണ്ടു വീട്ടിൽനിന്നു സാധിയ്ക്കില്ല. പക്ഷെ വൈകുന്നേരം കുളത്തിൽ വരുന്നുണ്ടു്. ദാസിമാർ കൂടെയുണ്ടെങ്കിൽ അവരെ കൊലപ്പെടുത്തേണ്ടിവരും. ചെറുക്കനുണ്ടെങ്കിൽ അവനേയും.

രങ്ക—ഏതു ചെറുക്കൻ?

മുത്തു—കാൎയ്യക്കാരുടെ മകൻ. അവർ രണ്ടുപേരും എപ്പോഴും ഒന്നിച്ചാണു്.

രങ്ക—ശരി, ആരെങ്കിലും കൂടെയുണ്ടെങ്കിൽ തമെത്തണം. അല്ലാത്തപക്ഷം ഇവിടെനിന്നു രക്ഷപ്പെടുവാൻ സാധിയ്ക്കില്ല. എപ്പോഴാണു് സമയം നല്ലതു്?

മുത്തു—നാളെ വൈകുന്നേരമാവാം. ഈയാൾ നേരത്തെ കൂട്ടി വേഷംമാറി തൊടിയിൽ നില്ക്കണം. ഞാനും അവിടെയെ ങ്ങാനും നില്ക്കാം. ദേവിയെ കണ്ടാൽ അപ്പോൾ അവിടെയെ ത്തണം. പിടിച്ചുകെട്ടുവാൻ സഹായ്യമില്ലാതെ ആവില്ല.

രങ്കരായരും വൈദ്യരത്നവും അതിനു സമ്മതിച്ചു, പിറേറന്നു രാത്രിക്കു കപ്പൽ തിരുനാവായയ്ക്കടുത്തു കടലിൽ കൊണ്ടുവന്നു കൊള്ളുവാൻ വൈദ്യരത്നത്തെ ഏല്പിച്ചു. ആ സ്ഥലം വിടുവാ നുള്ള ഒരുക്കങ്ങളും ചെയ്തുവെച്ചു.

പിറേറന്നു സന്ധ്യയ്ക്കുമുമ്പ് ഒരു ഭിക്ഷു ദേവി താമസിക്കുന്ന സ്ഥലത്തു വന്ന് അല്പം വെള്ളം കുടിച്ചു തൊടിയിൽനിന്നു ചില പച്ചമരുന്നുകൾ പറിക്കുവാൻ സമ്മതം വാങ്ങി തൊടിയിൽ പോയി. ആ സമയത്ത് ഒരു പിച്ചക്കാരി സ്ത്രീയും ആ തൊടി യിൽനിന്നു ചുള്ളികൾ പെറുക്കിയിരുന്നു.

അന്നു കാര്യക്കാർ കൊട്ടാരത്തിലെ പ്രവൃത്തികൾ എത്ര കണ്ടായി എന്നു നോക്കുവാൻ പോയിരുന്നു. കുഞ്ചിയമ്മ അംബി കാദേവിയോടു വർത്തമാനം പറഞ്ഞുകഴിഞ്ഞു താൻ താമസിക്കുന്ന വീട്ടിലേക്കും പോയി. അതിന്നുശേഷം അപ്പുവും അംബികാദേ വിയുംകൂടി ഓരോന്നു പറഞ്ഞുകൊണ്ടിരുന്നു. അംബികാദേ വിക്ക് അപ്പുവിനോടു കൊക്കോഴിക്കോട്ടു കോട്ടയിൽ താമസമാ ക്കിയതിന്നുശേഷം വളരെ സ്നേഹമായിരുന്നു. അപ്പു ചിലപ്പോൾ താൻ തങ്കച്ചേച്ചിയോടു കാണിക്കാറുള്ള സ്വാതന്ത്ര്യങ്ങളും എടുത്തി രുന്നു. അപ്പുവുമായി സംസാരിച്ചും കളിച്ചുംകൊണ്ടിരുന്നതു കൊണ്ടു സമയം പോയതറിഞ്ഞില്ല. വിളക്കു വെയ്ക്കേണ്ട സമയ മായപ്പോൾ അംബികാദേവി “ഞാൻ ഒന്നു കുളത്തിൽപ്പോയി മേൽക്കഴുകി വന്നു കളയാം. അപ്പു ഞാൻ വരുന്നതുവരെ അമ്മ യുടെ അടുത്തുപോയി ഇരിക്കു” എന്നു പറഞ്ഞു.

അപ്പു—അയ്യോ, ഞാനും കൂടെ വരാം.

അംബി—നേരം സന്ധ്യയായിപ്പോയി. ഈ സമയത്തു ചെറിയ കുട്ടികൾക്കു കുളത്തിലേക്കു വന്നുകൂടാ.

അപ്പു—ഞാൻ വരും. വിക്കിരജ്യേഷ്ഠന്റെ കൂടെ അദ്ധ രാത്രിക്കല്ലേ ഞാൻ കൊട്ടാരത്തിൽ പോയത്!

അംബി—അതു വിക്കിരജ്യേഷ്ഠൻ ഉള്ളപ്പോഴല്ലേ! അപ്പു അ മ്മയുടെ അടുത്തു പോയിരിക്കൂ. ഞാൻ മടങ്ങിവന്നിട്ടു നല്ല ഒരു കഥ പറഞ്ഞുതരാം.

അപ്പു—കഥ തീൎച്ച്യയാണേ!

അംബികാദേവി "തീൎച്ച്" എന്നു പറഞ്ഞു ദാസിയോടൊപ്പം പുറത്തേയ്ക്കിറങ്ങി. പുറത്തിറങ്ങിയശേഷം അംബികാദേവി ദാസിയോട് അപ്പുവിനെ അവന്റെ അമ്മയുടെ അടുത്തുകൊണ്ടുപോയാക്കുവാൻ പറഞ്ഞു താൻ നേരേ കുളത്തിലേയ്ക്കു നടന്നു.

ഈ സമയം മുഴവനും മുത്തുവും വൈദ്യരത്നസ്വാമികളും, അംബികാദേവിയെ കാണാത്തതുകൊണ്ടു വന്നില്ലെങ്കിലോ എന്നു ഭയപ്പെട്ടുകൊണ്ടിരിയ്ക്കുയായിരുന്നു. പെട്ടെന്നു ദേവിയെ കണ്ടപ്പോൾ അവൎക്കു വലിയ സന്തോഷമായി. മെല്ലെ ഒളിച്ചുകൊണ്ടു പിന്നാലെ പോയി.

ദേവി കുളക്കരയിലേയ്ക്കു പോയി നേരം വളരെ വൈകിയതുകൊണ്ട് ഇറങ്ങണോ എന്നു സംശയിച്ചു നിന്നു.

പെട്ടെന്നു പിന്നിൽക്കൂടി ഒരു നനഞ്ഞ വസ്ത്രം തന്റെ തലയിൽ വന്നുവീണു. ക്ഷണത്തിൽ അതിൽപ്പെട്ടു നിലത്തുവീണു. ആരോ വന്നു തന്നെ പിടിച്ചുകെട്ടി. ക്ഷണനേരംകൊണ്ട് അംബികാദേവി ഒരു ഭാണ്ഡമായി ചമഞ്ഞു. വൈദ്യരത്നസ്വാമികൾ ഭാണ്ഡത്തെ ഒരു കൊട്ടയിൽവെച്ച് അതെടുത്തുംകൊണ്ട് അവിടെനിന്നു നടന്നു.

# ഇരുപത്തിരണ്ടാമദ്ധ്യായം

**പെ**രുമാറം തൻെറ രാജ്യത്തെസ്സംബന്ധിച്ച താൻ ഉദ്ദേശിച്ച പ്രകാരത്തിലെല്ലാം ചെയ്തുവെച്ചതിൻെറ ശേഷം ശങ്കരാചാര്യസ്വാമികഠംക്കുള്ള എഴുത്തും കൊടുത്ത് ഒരു ഭടനെ ശൃംഗേരിയ്ക്കയച്ചു. അവിടെനിന്നു പോകുവാൻ ഏപ്പാടുകഠം ചെയ്തുവെച്ചു.

ഹക്കീമും കൂട്ടക്കാരും കുളമ്പിൽനിന്നു തിരിച്ച് അറബിയ്ക്കു പോകുന്ന വഴി തിരുവഞ്ചിക്കുളത്തു വന്നിറങ്ങിയിരിയ്ക്കുന്നു എന്ന വത്തമാനം കിട്ടിയതുകൊണ്ട്, അവരെ ഗൂഢമായി തിരുനാവായ ക്കോട്ടയിൽ വരുത്തുവാൻ ആളെ അയച്ചു. അവരുമായി കണ്ടു സംസാരിച്ച് അവരുടെ കൂടെ അറബിയ്ക്കു പോകുവാൻ തീച്ച്പ്പെടുത്തി. അവരുടെ കപ്പൽ തിരുനാവായയ്ക്കടുത്തു കൊണ്ടുവന്നു നിത്താനും ശട്ടംകെട്ടി. പിറേറന്നു പുലച്ച്യ്ക്കു തിരുനാവായ നിന്നു കപ്പൽ കയറുവാനും നിശ്ചയിച്ചു. പെരുമാറംക്കു കൊണ്ടു പോകുവാൻ വെച്ചിരുന്ന ധനവും മററു സാധനങ്ങളും അവരുടെ വശം ഏല്പിച്ചു. താൻ പെരുമാളെ വിട്ടു തനിയേ അവിടെ താമസിയ്ക്കില്ലെന്ന പിടുത്തംകൊണ്ടു ചെറോട്ടിയമ്മയേയും കൊണ്ടു പോകുവാൻ തീച്ച്പ്പെടുത്തി. ആരെയും അറിയിയ്ക്കാതെ സ്ഥലം വിടണമെന്നാണ് പെരുമാറം ഉദ്ദേശിച്ചത്. അതുകൊണ്ടു ഒരു രാത്രി മുഴുവനും തിരുനാവായക്ഷേത്രത്തിൽ കഴിച്ചുകൂട്ടേണ്ടതുണ്ടെന്നു കൊട്ടാരത്തിലെ ഉദ്യോഗസ്ഥന്മാരേയും ക്ഷേത്രഭാരവാഹികളേയും അറിയിച്ച് അതിന്നു വേണ്ടുന്ന ഒരുക്കങ്ങളെല്ലാം ചെയ്തുവെപ്പിച്ചു. സന്ധ്യ കഴിഞ്ഞതിന്നു ശേഷം പെരുമാളും ചെറോട്ടിയമ്മയുംകൂടി ക്ഷേത്രത്തിലേയ്ക്കു പുറപ്പെട്ടു.

പെരുമാറം തിരുനാവായക്ഷേത്രത്തിലേയ്ക്കു പോയ അതേ സമയത്താണ് കാര്യക്കാർ തിരുവഞ്ചിക്കുളം കൊട്ടാരത്തിലെ പ്രവൃത്തി കഴിഞ്ഞു വീട്ടിലേയ്ക്കു മടങ്ങിയത്. വീട്ടിൽ കയറി ച്ചെല്ലുന്നതിന്നുമുമ്പുതന്നെ അപ്പു എന്തിന്നോ ശാഠ്യംപിടിച്ചു കരയുന്നുണ്ടെന്നു മനസ്സിലായി. കാര്യക്കാർ കുറച്ചു ദേഷ്യത്തോടെ

വീട്ടിലേയ്ക്കു കയറിവന്ന് "എന്തിനാണ് അവനിങ്ങിനെ ശാഠ്യം പിടിച്ചു കരയുന്നത്?" എന്നു ഭാര്യയോടു ചോദിച്ചു.

കുഞ്ചി—അവൻ അംബികാദേവിയെ കാണാത്തതുകൊണ്ടു കരയുകയാണ്.

കാര്യ—ദേവിയെ എപ്പോഴും ചെന്നുപദ്രവിയ്ക്കരുതെന്നു ഞാൻ എത്ര പ്രാവശ്യം പറഞ്ഞിട്ടുണ്ട്. ദേവി എവിടെ?

കുഞ്ചി—കുളത്തിൽ പോയിരിയ്ക്കയാണ്.

കാര്യ—ഇത്ര വൈകീട്ടോ!

അപ്പോൾ അപ്പു പുറത്തേയ്ക്കു വന്നീട്ട് "അച്ഛാ, അംബികാദേവി മേല്ക്കുഴകുവാൻ പോയിട്ടു വളരെ നേരമായി."

കാര്യക്കാർ "പോയി അംബികാദേവി എവിടെ എന്നു നോക്കുക" എന്നു കുഞ്ചിയമ്മയോടു പറഞ്ഞു.

പെട്ടെന്ന് അംബികാദേവിയുടെ ദാസി ഓടിവന്നു ദേവിയെ കുളത്തിൽ കാണ്മാനില്ലെന്നു പറഞ്ഞു. കുഞ്ചിയമ്മ അതു കേട്ട് ആ ഭവനം മുഴുവനും തിരഞ്ഞുനടന്നു. തിരിച്ചുവന്നു ദേവിയെ അവിടെയങ്ങും കാണ്മാനില്ലെന്നു പറഞ്ഞപ്പോൾ കാര്യക്കാരും പരിഭ്രമിച്ചെഴുന്നേററു. തൊടിയിലും മററം തിരയുവാൻ ഭടന്മാരോടും മററം പറഞ്ഞു താനും പുറത്തിറങ്ങി. കാര്യക്കാർ കുളത്തിലേയ്ക്കു പോയി അവിടെയെല്ലാം തിരഞ്ഞുനോക്കി. ഒടുക്കം അവിടെയെങ്ങും കാണാത്തതുകൊണ്ട് അവിടെയുള്ള ദാസിമാരും ഭടന്മാരുമെല്ലാംകൂടി വിളക്കുകളും പന്തങ്ങളുമായി അടുത്തുള്ള തൊടികളും പ്രദേശങ്ങളും തിരഞ്ഞുനടന്നു.

വിക്കിരൻ കൊക്കോഴിക്കോട്ടുനിന്നു പുറപ്പെട്ടു തിരുവഞ്ചിക്കുളത്തെത്തുവാൻ കുറേ താമസിച്ചു. താനും തൻെറ കുതിരയും ക്ഷീണിച്ചിരുന്നതുകൊണ്ടു വളരെ മെല്ലെയേ കുതിരയെ നടത്തിയുള്ളു. കാര്യക്കാരുടെ വീട്ടിലേയ്ക്കു പോകുന്ന വഴിയ്ക്കു യവനപ്പാളയത്തിൻെറ അടുത്തെത്തിയപ്പോൾ, അതിൻെറ അടുത്ത് ഏതോ ഒരു സ്ഥലത്തുവെച്ച് ഒരു സ്ത്രീയുടെ നിലവിളി കേട്ടതായും അതിന്നടുത്തുള്ള ഇടിഞ്ഞുപൊളിഞ്ഞ ഗൃഹത്തിൻെറ ഉള്ളിൽനിന്ന് ഒരു വെളിച്ചം കത്തിയതായും തോന്നി. വിക്കിരൻ കുതിരയെ നിർത്തി ഒന്നുകൂടി ശ്രദ്ധിച്ചു. പിന്നെ ഒരു ശബ്ദവും കേൾക്കാത്തതുകൊണ്ട് തനിയ്ക്കു വെറുതെ തോന്നിയതായിരിക്കുമെന്നു വിചാരിച്ചു പിന്നേയും യാത്ര തുടൎന്നു. കൊട്ടാരത്തിൻെറ

സമീപത്തെത്തിയപ്പോറം കാൎയ്യക്കാരും രണ്ടുമൂന്നാളുകളുംകൂടി വെളിച്ചവും മറവുമായി വേഗത്തിൽ നടന്നുവരുന്നതുകണ്ടു. വിക്കിരൻ കുതിരയെ നിൎത്തി, കാൎയ്യക്കാർ വിക്കിരനെ കണ്ട ഉടനെ "അംബികാദേവിയെ കാണ്മാനില്ല" എന്നു കിതച്ചുംകൊണ്ടു പറഞ്ഞു.

വിക്കി—എത്ര നേരമായി കാണാതായിട്ട്?

കാൎയ്യ—സന്ധ്യയ്ക്കു മേല്ക്കുഴുകാൻ പോയതിനുശേഷം കണ്ടിട്ടില്ല.

വിക്കിരൻ അപ്പോറംതന്നെ കൊട്ടാരത്തിലേയ്ക്കു പോയി, കുതിരപ്പട്ടാളത്തിലെ ഐമ്പതു ഭടന്മാരെ തിരുവഞ്ചിക്കുളത്തു നിന്നു പോകുന്ന എല്ലാ പാതകളും തിരയുവാനയച്ചു. വേറെ ഒരു കൂട്ടം ഭടന്മാരെ തിരുവഞ്ചിക്കുളം പട്ടണം തിരയുവാനും ഏൎപ്പാടുചെയ്തു. കാൎയ്യക്കാരോടു വീട്ടിലേയ്ക്കു മടങ്ങിപ്പോയ്ക്കൊള്ളുവാൻ പറഞ്ഞു താൻ ആ ഇടിഞ്ഞുപൊളിഞ്ഞ ഗൃഹത്തിന്റെ അടുത്തായി ഇരുട്ടിൽ മറഞ്ഞു കാവൽ നിന്നു. വളരെനേരം നിന്നിട്ടും അവിടെ ഒരനക്കവും വെളിച്ചവും കാണാത്തതുകൊണ്ട് അവിടെ നില്ക്കുന്നതു വെറുതെയാണെന്നു തോന്നി. കുറച്ചുകൂടി കഴിഞ്ഞപ്പോറം അതിന്റെ ഉള്ളിൽനിന്ന് ഒരാറം മെല്ലെ പുറത്തേയ്ക്കു വന്നു നേരെ വടക്കോട്ട് ഓടുന്നതു കണ്ടു. അവന്റെ കയ്യിൽ ഒരു സഞ്ചി മാത്രമേ ഉണ്ടായിരുന്നുള്ളു. അതാരാണെന്നറിയട്ടെ എന്നുദ്ദേശിച്ചു വിക്കിരനും പിന്നാലെ ഓടി. തന്നെ ആരോ പിൻതുടരുന്നുണ്ടെന്നു മനസ്സിലാക്കി അവൻ വളരെ വേഗത്തിൽ ഓടിത്തുടങ്ങി. അവൻ ഓടുന്ന മാതിരികണ്ടു നല്ലവണ്ണം ഓടുവാൻ പരിചയമുള്ളവനാണെന്നു മനസ്സിലാക്കി വിക്കിരൻ ഒന്നുകൂടി വേഗം വൎദ്ധിപ്പിച്ചു. ഒരു നാഴിക കഴിയുന്നതിന്നുമുമ്പേ അവനെ പിടിച്ചു. പിടിച്ച ഉടനേ അവൻ "അയ്യോ, ഞാൻ പാവം. ഞാൻ പിച്ചക്കാരൻ." എന്നെല്ലാം പറഞ്ഞു നിലത്തിരുന്നു വിക്കിരന്റെ കാൽ പിടിച്ചു.

വിക്കി—എടാ, നിണക്ക് എന്നെ ഇനിയും നല്ലവണ്ണം മനസ്സിലായിട്ടില്ല, അല്ലേ? ദേവി എവിടെ? ക്ഷണം പറ.

അവൻ—ദേവി! ഏതു ദേവി? ആരത്? എനിയ്ക്കൊന്നും മനസ്സിലാവുന്നില്ലല്ലോ.

വിക്കിരൻ ഭിക്ഷക്കാരന്റെ പിന്നിൽ തൂങ്ങിക്കിടക്കുന്ന തല

മുടി പിടിച്ചു രണ്ടു കുലുക്കു കുലുക്കി. തലമുടി മുഴുവനും വിക്കിരന്റെ കയ്യിൽവന്നു. അവന്റെ തലയിൽനിന്നു രക്തമൊഴുകി.

വിക്കി—ഇനി പറ. ഞാൻ കളിയ്ക്കുവാൻ വന്നതല്ലെന്ന് ഇനിയും മനസ്സിലായില്ലേ?

മുത്തുവിന്റെ ധൈര്യമെല്ലാം അസ്തമിച്ചു. വിവരം മുഴുവനും ഓരോന്നായി പറഞ്ഞുതുടങ്ങി. രങ്കരായർ തന്റെ കൂടെ ഒളിച്ചു താമസിച്ചതും, താൻ അംബികാദേവിയെ കാര്യക്കാരുടെ കൂടെ കണ്ട വിവരം അയാളോടു പറഞ്ഞതും, താനും വൈദ്യരത്ന സ്വാമികളുംകൂടി കാര്യക്കാരുടെ തൊടിയിൽ ഒളിച്ചുനിന്ന് അംബികാദേവി കുളത്തിലിറങ്ങിയപ്പോറം പിടിച്ചുകെട്ടി രങ്കരായരെ ഏല്പിച്ചതും, അയാറം അംബികാദേവിയേയുംകൊണ്ട് അവിടെനിന്നു പോയതുമെല്ലാം വിവരിച്ചു പറഞ്ഞുകൊടുത്തു.

വിക്കി—ഞാൻ വരുമ്പോറം ഒരു സ്ത്രീയുടെ നിലവിളി കേട്ടു. അതെന്തായിരുന്നു?

മുത്തു—അത് അംബികാദേവിയുടേതായിരുന്നു. ദേവിയെ പിടിച്ചുകൊണ്ടുവന്നു കെട്ടഴിച്ചു ഞങ്ങളെല്ലാവരും ആ മുറിയിൽ ഒക്കാതെ നില്ക്കുമ്പോറം, ദേവി അവിടെനിന്ന് ഒരു വാറം കരസ്ഥമാക്കി ഞങ്ങളെല്ലാവരേയും ആ മുറിയിൽനിന്നോടിച്ചു. എന്നിട്ടു പുറത്തേയ്ക്കോടിയപ്പോറം എന്തോ തടഞ്ഞു വീണു. അപ്പോറം ഞങ്ങറം മൂന്നുപേരുംകൂടി ചെന്നു പിടിച്ചു. അപ്പോഴാണ് ആ നിലവിളിയുണ്ടായത്. അതിന്നുശേഷം രണ്ടാമതും കെട്ടി രങ്കരായർ വശം ഏല്പിച്ചു.

വിക്കി—ഏതു വഴിയ്ക്കാണ് പാണ്ഡ്യരാജ്യത്തേയ്ക്കു കൊണ്ടുപോകുവാൻ തീർച്ചപ്പെടുത്തിയത്?

മുത്തു—തിരുനാവയയ്ക്കടുത്തു കപ്പൽ നിർത്തീട്ടുണ്ട്. ഒരു സ്ഥലത്തടുപ്പിച്ച് അതിൽക്കൂടി പാണ്ഡ്യരാജ്യത്തേയ്ക്കു കൊണ്ടുപോവും. കപ്പൽ തുളുനാട്ടിൽചെല്ലും. തുളുരാജാവ് അവക്കനുകൂലനാണ്. ഇവിടെ നിന്നു തിരുനാവായയ്ക്കാണ് കൊണ്ടുപോയിട്ടുള്ളത്.

വിക്കി—ആ വൈദ്യരത്നം എവിടെ?

മുത്തു—അയാറം ആദ്യം പോയി. പിന്നെയാണ് രങ്കരായർ പോയത്.

വിക്കി—നിന്റെ ആ സഞ്ചിയിലെന്താണ്?

മുത്തു—അയ്യോ, അതിലൊന്നുമില്ല.

വിക്കിരൻ പിടിച്ചു തുറന്നു നോക്കിയപ്പോറം അതിൽ അംബികാദേവിയുടെ ആഭരണങ്ങളാണെന്നു മനസ്സിലായി. വിക്കിരൻ ആ നിന്ന നില്പിൽത്തന്നെ ആ പിച്ചക്കാരനെ കാൽകൊണ്ടു് ഒരു തട്ടുതട്ടി. അവൻ ഒരു നനഞ്ഞ തുണിപോലെ പോയി ഒരു മരത്തോടു ചെന്നടിച്ചു. തല ചിന്നിച്ചിതറി, ആളെ മനസ്സിലാക്കുവാൻ വയ്യാത്ത വിധത്തിലായി നിലത്തു വീണു, രാത്രിഞ്ചരന്മാരായ കുറുക്കന്മാരുടെ ഭക്ഷണമായി അവസാനിച്ചു.

വിക്കിരൻ ക്ഷണത്തിൽ അവിടെനിന്നോടി കൊട്ടാരത്തിൽ വന്നു നല്ലൊരു കുതിരയെ തിരഞ്ഞെടുത്തു് അതിൻെറ പുറത്തു കയറി അതിവേഗത്തിൽ അവിടെനിന്നു പോയി. വഴിയിൽ പല സ്ഥലത്തും അന്വേഷണങ്ങറം നടത്തിക്കൊണ്ടാണു് പോയതു്. ഒരു സ്ഥലത്തു് അന്വേഷിച്ചതിൽ ഒരാറം കുതിരപ്പുറത്തു് ഒരു കെട്ടുംകൊണ്ടു് പോയിട്ടുണ്ടെന്നറിഞ്ഞു. ഇതു കേട്ടു കുതിരയെ മുന്നോട്ടു കുതിച്ചുപായിച്ചു. കുറേദൂരം പോയപ്പോറം ആ വഴിക്കു് ഒരു കുതിരയും പോയിട്ടില്ലെന്നു മനസ്സിലായി. വിക്കിരൻ കുതിരയെ തിരിച്ചു വേറൊരു വഴിക്കു വിട്ടു. ആ വഴി സാധാരണമായി ഉപയോഗിക്കാത്തതാകകൊണ്ടു വിക്കിരൻ പിന്നേയും അന്വേഷണം നടത്തി. പാതയുടെ അടുത്തുള്ള ഒരു വീട്ടിലെ കോലായിൽ ഒരു സ്ത്രീ ഇരുട്ടിലേക്കു നോക്കിക്കൊണ്ടു നില്ക്കുന്നതു കണ്ടു. ആ സ്ത്രീയോടന്വേഷിച്ചപ്പോറം, ചോദ്യം മുഴുവനാകുന്നതിനുമുമ്പേ,

സ്ത്രീ—ഉണ്ടു്, ഉണ്ടു്. ഇതിലേ പോയിട്ടുണ്ടു്. ഇവിടെ അടുത്തുവെച്ചു് ആ സ്ത്രീ കുതിരപ്പുറത്തുനിന്നു നിലത്തു ചാടി. രണ്ടാമതും ആ സ്ത്രീയെ പിടിച്ചു കെട്ടി കുതിരപ്പുറത്തു കയററിക്കൊണ്ടു പോയ്ക്കളഞ്ഞു. ശബ്ദം കേട്ടിട്ടാണു് ഞങ്ങറം ഉണൎന്നതു്. അടുത്തെത്തുവാൻ കഴിയുന്നതിനുമുമ്പേ അയാറം ആ സ്ത്രീയേയുംകൊണ്ടു പോയ്ക്കളഞ്ഞു. എൻെറ ഭൎത്താവു് അവരുടെ പിന്നാലെ ഓടിയിട്ടുണ്ടു്.

വിക്കി—ഏതു വഴിക്കാണു് പോയതു്?

"അതാ, നേരേ ആ കാണുന്ന വഴിക്കുതന്നെ" എന്നു പറഞ്ഞു സ്ത്രീ വഴി ചൂണ്ടിക്കാണിച്ചുകൊടുത്തു. വിക്കിരൻ

പിന്നെ ഒരു നിമിഷം അവിടെ നില്ക്കാതെ കുതിരയെ പറപ്പിച്ചുപോയി. കുറച്ചുദൂരം പോയപ്പോൾ ഒരാൾ കിതച്ചുംകൊണ്ട് ആ പാതയിൽക്കൂടി വരുന്നതു കണ്ടു. അയാളോടന്വേഷിച്ചപ്പോൾ "ശരിയാണ്. ഞാൻ പിന്നാലേ കുറേ ഓടി. പക്ഷേ കുതിരയോടൊപ്പം എത്തുവാൻ സാധിച്ചില്ല."

വിക്കി—പോയിട്ട് എത്ര സമയമായിരിക്കും?

ആൾ—ഞാൻ കാണാതായിട്ട് ഒരരമുക്കാൽ നാഴികയിലധികമായിട്ടില്ല.

വിക്കിരൻ പിന്നെ ഒന്നും പറയുവാൻ നില്ക്കാതെ വേഗത്തിൽ കുതിരയെ മുമ്പോട്ടു വിട്ടു. ഇങ്ങിനെ പോകുമ്പോഴെല്ലാം വിക്കിരൻെറ പ്രാർത്ഥന കുതിര വീണുപോകരുതേ എന്നുമാത്രമായിരുന്നു. രങ്കരായരെ ഒന്നു കണ്ടതിന്നുശേഷം വീണാൽക്കൂടിവിരോധമില്ലെന്നു വിചാരിച്ചു. കുതിരയുടെ ഗതി പിന്നേയും ഒന്നുകൂടി കൂട്ടി. കോഴി കൂകിയപ്പോൾ തിരുനാവയയടുത്തെത്തിത്തുടങ്ങി. ഒരു തിരുവു തിരിഞ്ഞ ഉടനേ കുറേ അകലെയായി സ്വപ്നത്തിൽ കാണുന്നപോലെ കുതിരപ്പുറത്ത് ഒരാൾ സവാരി ചെയ്തുപോകുന്നതു കണ്ടു. വിക്കിരൻ ഇതു കണ്ട ഉടനേ കുതിരയുടെ വേഗം ഒന്നുകൂടി കൂട്ടുവാൻ ശ്രമിച്ചു. കുതിര വളരെ ക്ഷീണിച്ചിരുന്നുവെങ്കിലും, അപ്പോൾ അതു ബാക്കിയുള്ള ശക്തി മുഴുവനും പുറത്തെടുത്തു മിന്നൽവേഗത്തിൽ മുന്നോട്ടു കുതിച്ചു. ഒരോ നിമിഷം കഴിയുന്തോറും മുമ്പിൽ കുതിക്കുന്ന കുതിരയോട് അല്പാല്പം അടുത്തുതുടങ്ങി, തമ്മിലുള്ള അകലം വളരെ കുറഞ്ഞുവന്നു. കുതിരയേയും പുറത്തുള്ള ആളെയും നല്ലവണ്ണം കാണുവാൻ സാധിക്കുന്നത്ര അടുത്തെത്തി. ഈ സമയത്തു മുമ്പിൽ പോകുന്ന ആൾ ഒന്നു പിന്നോക്കം തിരിഞ്ഞുനോക്കി. തന്നെ പിൻതുടരുന്നുണ്ടെന്നു മനസ്സിലായി തൻെറ കുതിരയെ ചാട്ടകൊണ്ടടിച്ചു മുന്നോട്ട് അതിവേഗത്തിൽ പായിപ്പാൻ ശ്രമിച്ചു. കുതിര കുറച്ചു നേരത്തേയ്ക്ക് ഒന്നുകൂടി വേഗം കൂട്ടിയെങ്കിലും, അടുത്ത നിമിഷത്തിൽ തന്നെ അതു കുറച്ചു.

തൻെറ മുമ്പിൽ പോകുന്നതു രങ്കരായരാണെന്നും കുതിരയുടെ പുറത്തുള്ള മറേറ സാധനം ഒരു സ്ത്രീയാണെന്നും വിക്കിരന്നു മനസ്സിലായി. വിക്കിരൻ തൻെറ ദൃഷ്ടി മുഴുവനും രങ്കരായരിൽ പതിപ്പിച്ചുംകൊണ്ടു കുതിരയെ സാധിക്കുന്നത്ര വേഗ

ത്തിൽ മുന്നോട്ടടിച്ചു. ഈ സമയംകൊണ്ടു രണ്ടുപേരും പുഴ യ്ക്കടുത്തെത്തി. കപ്പലിലേയ്ക്കു പോകുവാൻ സാധാരണമായി ഇറങ്ങുന്ന സ്ഥലം ദൂരേ നിഴലിച്ചു കണ്ടു. രങ്കരായർ ആ സ്ഥല ത്തെത്തുന്നതിന്നുമുമ്പുതന്നെ അയാളെ പിടിയ്ക്കണമെന്നു കരുതി വിക്കിരൻ ആദ്യമായി കുതിരയെ തൻെറ കയ്യിലുള്ള ചാട്ടവാർ കൊണ്ടു് ഒന്നടിച്ചു. കുതിര ഈ അടികൊണ്ടു ഉടനേ ഒന്നു മുന്നോട്ടു ചാടിയെങ്കിലും അടുത്തനിമിഷം തല കുത്തി നിലത്തു മറിഞ്ഞു. വിക്കിരനും നിലത്തുവീണു കുറേ ദൂരം ഉരുണ്ടുപോയി.

ക്ഷണത്തിൽ വിക്കിരൻ നിലത്തുനിന്നെഴുന്നേററു രങ്കരാ യരുടെ പിന്നാലെ ഓടി.

രങ്കരായർ ഒന്നുകൂടി തിഞ്ഞുനോക്കി. വിക്കിരൻ പിന്നാലെ ഓടിവരുന്നതു കണ്ടു പിന്നേയും കുതിരയെ അടിച്ചോടിച്ചു.

വിക്കിരൻ എത്തുന്നതിന്നുമുമ്പേ രങ്കരായർ പുഴക്കരയി ലെത്തി. അവിടെ തണ്ടുകാർ കെട്ടിനിർത്തിയിരുന്ന തോണിയിൽ അംബികാദേവിയെ കുതിരപ്പുറത്തുനിന്നെടുത്തുവെച്ചു താനും കയറി തോണി പുഴയിലേയ്ക്കു വിട്ടു.

ഇങ്ങിനെയുള്ള സന്ദർഭങ്ങളിലാണു് വിക്കിരൻെറ ധൈര്യവും ശൌര്യവും ശരിയായി പുറത്തേയ്ക്കു വരാറുള്ളതു്. അയാൾ അംബികാദേവിയെ കൊണ്ടുപോകുവാൻ സമ്മതിയ്ക്കില്ലെന്നു മന സ്സുകൊണ്ടുറച്ചു. പുഴക്കരയിൽക്കൂടി കുറച്ചു ദൂരം ഓടി. യാതൊരു സംശയവും കൂടാതെ അലതല്ലിക്കൊണ്ടിരുന്ന വെള്ളത്തിലേയ്ക്കു ചാടി.

അഴിമുഖത്തിൻെറ കുറച്ചപ്പുറത്തായി നില്ക്കുന്ന രണ്ടു കപ്പലു കളിൽ ഒന്നിൻെറ അടുത്തേയ്ക്കാണു് രങ്കരായരുടെ തോണി തണ്ടും വലിച്ചു പോയിരുന്നതു്. ഏകദേശം മധ്യത്തിലെത്തിയപ്പോൾ വിക്കിരൻ തോണിയ്ക്കടുത്തെത്തി.

വിക്കിരനെ തോല്പിച്ചു എന്ന വിശ്വാസത്തോടെ മന്ദഹ സിച്ചുംകൊണ്ടു രങ്കരായരും വൈദ്യരത്നസ്വാമികളും അംബികാ ദേവിയുടെ മുഖത്തു നോക്കി, "നിൻെറ പ്രാണപ്രിയൻ വെള്ള ത്തിൽ പോയിരിയ്ക്കുന്നു. പാവം, വളരെ ബുദ്ധിമുട്ടി. രാത്രി മുഴുവനും നമ്മുടെ പിന്നാലെ വന്നു. ഒടുക്കം തിരുനാവായ അഴി മുഖത്തുപെട്ടു് അവസാനിയ്ക്കുയുംചെയ്തു. മഹാകഷ്ടംതന്നെ!"

പെട്ടെന്നു തോണി ഒന്നു വല്ലാതെ ഇളകി രങ്കരായരും വൈ

ദ്യരത്നസ്വാമികളും കാൽതെററി തോണിയ്ക്കകത്തു വീണു. പരിഭ്രമിച്ചെഴുന്നേററു നോക്കിയപ്പോഠം ചുക്കാൻ പിടിച്ചിരുന്ന ആളും ചുക്കാനും അപ്രത്യക്ഷപ്പെട്ടതായി കണ്ടു. ചുക്കാനില്ലാത്തതുകൊണ്ടു തോണി പുഴയിൽ കിടന്നു തിരിയുവാനും തുടങ്ങി.

രങ്കരായർ വല്ലാതെ പരിഭ്രമിച്ചു. അതിൻെറ കാരണമെന്താണെന്നറിവാൻ വെള്ളത്തിലേയ്ക്കു നോക്കിയപ്പോഠം തോണിയുടെ ഒരു ഭാഗത്തായി നീന്തിക്കൊണ്ടിരുന്ന വിക്കിരനെ കണ്ടു. രണ്ടുപേരും ക്ഷണത്തിൽ തങ്ങളുടെ വാളൂരി വിക്കിരൻ നീന്തുന്ന ഭാഗത്തേയ്ക്കു ചെന്നു. പെട്ടെന്നു വിക്കിരൻ വെള്ളത്തിന്നടിയിൽ താണു. തോണിയുടെ മറേറ ഭാഗത്തു പൊങ്ങി വന്നു. തോണിയുടെ ഒരു തണ്ടു വലിച്ചു പൊട്ടിച്ചു. ഇതു കണ്ടു രങ്കരായർ ആ ഭാഗത്തേയ്ക്കോടി, വിക്കിരൻെറ തല നോക്കി വെട്ടി. പക്ഷെ വെട്ടു തോണിയുടെ ഒരു ഭാഗത്താണ് തട്ടിയത്. വിക്കിരൻ അപ്പോഴേയ്ക്കു വെള്ളത്തിൽ താണു. ആദ്യം ചെയ്തതുപോലെ അടിയിൽക്കൂടി പോയി മറേറ ഭാഗത്തെ ഒരു തണ്ടു പൊട്ടിച്ചു. ഇതു കണ്ടു രങ്കരായരും വൈദ്യരത്നസ്വാമികളും തോണിയുടെ ഓരോ ഭാഗത്തു വാളും പൊക്കി വിക്കിരൻ വരുന്നതു നോക്കിക്കൊണ്ടു നിന്നു. വിക്കിരൻ ഇതു കണ്ടു മനസ്സിലാക്കി പൊട്ടിച്ച തണ്ടിൻെറ ഒരു കഷ്ണം കയ്യിലെടുത്തു രങ്കരായർ നിന്ന ഭാഗത്തു പൊങ്ങിവന്നു തോണിയുടെ വക്ക് ഒരു കൈകൊണ്ടു പിടിച്ച് അയാളുമായി യുദ്ധം തുടങ്ങി. തോണിയുടെ ഇളക്കംകൊണ്ടും അത് അവിടെ കിടന്നു തിരിഞ്ഞതുകൊണ്ടും രങ്കരായക്കും വൈദ്യരത്നത്തിന്നും വിചാരിച്ച വിധത്തിൽ വാളുപയോഗിയ്ക്കുവാൻ സാധിച്ചില്ല. വിക്കിരൻ വെട്ടുകഠം തടുത്തുംകൊണ്ടിരുന്നതിന്നിടയിൽ തക്കംനോക്കി കയ്യിലുള്ള മരക്കഷ്ണംകൊണ്ടു രങ്കരായരുടെ തല നോക്കി ഒരടിയടിച്ചു. അടികൊണ്ടു രങ്കരായർ വെള്ളത്തിലേയ്ക്കു മറിഞ്ഞു. അയാഠം വീണ സ്ഥലത്തേയ്ക്കു വിക്കിരൻ ക്ഷണത്തിൽ നീന്തിച്ചെന്നു. പക്ഷെ അയാളുടെ തല അടികൊണ്ടു ചിന്നിച്ചിതറിപ്പോയിരുന്നതുകൊണ്ടു വിക്കിരന്നു വേറെയൊന്നും ചെയ്യേണ്ടിവന്നില്ല. രങ്കരായരുടെ മരണം കണ്ടു ഭയപ്പെട്ടു വൈദ്യരത്നസ്വാമികളും ബാക്കി തോണിക്കാരും വെള്ളത്തിലേയ്ക്കു ചാടി വേഗത്തിൽ കപ്പലിന്നടുക്കലേയ്ക്കു നീന്തുവാൻ തുടങ്ങി. വിക്കിരൻ വൈദ്യരത്നസ്വാമികഠം നീന്തുന്നതു കണ്ടു പിന്നാലെ നീന്തിപ്പോയി അയാളെ പിടിച്ചു. അയാളും കുറച്ചു

നേരത്തേയ്ക്കു വിക്കിരനോടു ശക്തി പ്രയോഗിച്ചുവെങ്കിലും, വിക്കിരൻ അയാളുടെ കഥ കഴിച്ചു. ഇതിനിടയിൽ തോണി ഒഴുകി നേരെ അഴിമുഖത്തേയ്ക്കു പോകുകയായിരുന്നു. വിക്കിരൻ നീന്തിച്ചെന്നു തോണി പിടിച്ചു നിൎത്തി രങ്കരായരുടെ വാറംകൊണ്ടു് അംബികാദേവിയെ കെട്ടിയിരുന്ന കയറുകളറുത്തു. തോണി വലിച്ചു കരയിലേയ്ക്കു കൊണ്ടുപോകുവാൻ ശ്രമം തുടങ്ങി. പക്ഷെ ഈ പ്രവൃത്തി വിക്കിരന്നുതന്നെ വളരെ പ്രയാസമാണെന്നു മനസ്സിലായി. ഒഴുക്കിനോടു യുദ്ധം ചെയ്യുന്നതു, രങ്കരായരോടും വൈദ്യരത്നസ്വാമികളോടും യുദ്ധം ചെയ്യുന്നതിനേക്കാറം എത്രയോ പ്രയത്നമേറിയതായിരുന്നു. വിക്കിരൻ തൻെറ ശക്തി മുഴുവൻ പ്രയോഗിച്ചിട്ടും തോണി ഒരടി മേലോട്ടു കൊണ്ടുപോകുവാൻ സാധിച്ചില്ല. യാതൊരു വഴിയും കാണാത്തതുകൊണ്ടു് തോണി കീഴ്പ്പോട്ടുപോകാതെ നിൎത്തിയാൽ മതിയെന്നു വിചാരിച്ചു് അതിന്നുള്ള പ്രയത്നം തുടങ്ങി. ഈ അവസരത്തിൽ മറേറ കപ്പലിൽനിന്നു തണ്ടു കെട്ടിയ ഒരു തോണി വരുന്നതു കണ്ടു. വിക്കിരൻ അതിലുള്ളവൎക്കു കാൎയ്യം മനസ്സിലാക്കിക്കൊടുത്തു് അംബികാദേവിയെ ആ തോണിയിൽ കയററി കരയിലേയ്ക്കു കൊണ്ടുവന്നു. വിക്കിരനും തോണിയോടൊപ്പം നീന്തി കരയ്ക്കു കയറി.

ഇതെല്ലാം കഴിഞ്ഞു വിക്കിരനും അംബികാദേവിയുംകൂടി കരയിൽ കയറിനിന്നപ്പോഴാണു്, ചേരമാൻപെരുമാളും ചെറോട്ടിയമ്മയുംകൂടി അവിടെ എത്തിയതു്.

പെരുമാളും ചെറോട്ടിയമ്മയും ക്ഷേത്രത്തിൽ പോയി വാതിലടച്ചതിൻെറ ശേഷം രാത്രി മുഴുവനും ഉറങ്ങാതെ കഴിച്ചുകൂട്ടി. കോഴി കൂകിയപ്പോറം അവർ ക്ഷേത്രത്തിൽനിന്നു പുറത്തേയ്ക്കു വന്നു. കുളി കഴിഞ്ഞു ദേവദൎശനം കഴിച്ചു. അതിന്നുശേഷം പെരുമാറം ചെറോട്ടിയമ്മയോടിങ്ങിനെ പറഞ്ഞു: "ചെറോട്ടീ, എൻെറകൂടെ വരാതെ ഇവിടെത്തന്നെ താമസിച്ചുകൂടേ? അന്യരാജ്യത്തു പോയാൽ എന്തെല്ലാം ബുദ്ധിമുട്ടുകറം സഹിക്കേണ്ടിവരുമെന്നു് എനിയ്ക്കുതന്നെ അറിഞ്ഞുകൂടാ."

ചെ—തിരുമനസ്സുകൊണ്ടു് അതിനെപ്പററി ഇനി പറയണമെന്നില്ല. സമയമായാൽ നമുക്കു പുറപ്പെടാം.

പെരുമാറം "ഓ, ശരി, ഞാൻ ഒന്നുകൂടി പോയി ത്രിമൂൎത്തികളെ തൊഴുതു വന്നുകളയാം" എന്നു പറഞ്ഞു ശ്രീകോവിലിൻെറ

മുമ്പിൽ ചെന്നുനിന്നു ഇങ്ങിനെ പറഞ്ഞു. "അല്ലയോ പരബ്ര ഹ്മസ്വരൂപങ്ങളേ, ഈ കഴിഞ്ഞ മുപ്പത്താറു കൊല്ലം ഞാൻ ഈ രാജ്യം ഭരിച്ചു. എൻെറ മൂഢത്വത്തിൻേറയും ഗ്രഹചാരത്തി ൻേറയും ശക്തികൊണ്ട് എൻെറ പ്രജകാംക്ക മറക്കുവാൻ സാധി ക്കാത്ത ചില കുററങ്ങാം ചെയ്തുപോയി. ഇനി ഇവിടെ ഇരിക്കു വാൻ എനിക്കൎഹതയില്ല. ഏതു രാജ്യത്തായാലും ഈ രാജ്യ ത്തിൻെറ ശ്രേയസ്സിന്നുവേണ്ടി ഞാൻ എപ്പോഴും പ്രാൎത്ഥിച്ചുകൊ ണ്ടിരിക്കും. എനിക്ക് എൻെറ സ്ഥാനം വേറൊരാളുടെ കയ്യിൽ ഏല്പിക്കുവാനില്ലാത്തതുകൊണ്ടു ഞാൻ ഇതാ ആ സ്ഥാനം ഇവി ടുത്തെ തൃപ്പടിയിൽ സമൎപ്പണം ചെയ്യുന്നു." എന്നു പറഞ്ഞു നമസ്കരിച്ച് അടുത്തു നിന്നിരുന്ന ചെറോട്ടിയമ്മയുടെ കയ്യുംപിടി ച്ചു നേരേ പുഴക്കരയിലേക്കു നടന്നു. പോകുന്ന വഴിക്കു ചെറോ ട്ടിയമ്മയോട്, "എനിക്കു അംബികയെ ഒന്നു കാണാതെ പോകു ന്നതിൽ വലിയ മനോവേദനയുണ്ട്. അതും അങ്ങിനെ വേണ മെന്നായിരിക്കാം ഈശ്വരകല്പിതം" എന്നു പറഞ്ഞു പുഴക്കരയിൽ എത്തിയപ്പോഴാണ്, അംബികാദേവിയെ തനിക്കു കാണുവാൻ വേണ്ടി കൂട്ടിക്കൊണ്ടു വന്ന പ്രകാരത്തിൽ തോണിയിൽനിന്നു കരക്കിറക്കിയത്.

അംബികാദേവി വളരെ ക്ഷീണിച്ചിരുന്നുവെങ്കിലും പെരു മാളെക്കണ്ടു മനസ്സിലായ ഉടനേ ഓടിച്ചെന്നു നമസ്കരിച്ചു. "അച്ഛാ, എനിക്കു മാപ്പു തരണേ. ഞാൻ പോകുന്ന ദിവസം രാത്രി അച്ഛനെ വന്നു കണ്ടു യാത്ര പറഞ്ഞിട്ടാണ് പോയത്. എനിക്കു രങ്കരായരുടെ കൂടെ പോകുന്നതിലും നല്ലതു മരണമാ ണെന്നു നിശ്ചയിച്ച്, ആത്മഹത്യ ചെയ്വാൻ പോയപ്പോാം വിക്കിരൻ എന്നെ രക്ഷിച്ചു. പിറേറ ദിവസം രങ്കരായരുടെ കയ്യിൽനിന്നു രക്ഷപ്പെടുവാൻ ഓടുകയല്ലാതെ വേറെ മാൎഗ്ഗമില്ലാ ഞ്ഞതുകൊണ്ടാണ് ഞാൻ ഓടിപ്പോയത്. ഇപ്പോഴും ഇതാ വിക്കിരൻ എന്നെ രങ്കരായരുടെ കയ്യിൽനിന്നു രണ്ടാമതും രക്ഷി ച്ചിരിക്കുന്നു. ഞങ്ങാംക്കു മാപ്പു തന്ന് അച്ഛൻ അനുഗ്രഹി ക്കണേ" എന്നു കരഞ്ഞുകൊണ്ടു പറഞ്ഞു.

പെരുമാാം അംബികാദേവിയെ കൈ പിടിച്ചെഴുന്നേല്പിച്ച് "ഈ സമയത്ത് അംബികയെ കണ്ടത് എനിക്കു വലിയ സന്തോ ഷമായി. ദൈവമാണ് ആ സന്തോഷം എനിക്കു തന്നത്. ഞാൻ അംബികയെ കാണാതെ പോകേണ്ടിവരുമെന്ന വേദനയോ

ട്ടുകൂടിയാണ് ഇവിടേയ്ക്കു വന്നത്. അംബിക ഒരു തെററും ചെ യ്തിട്ടില്ല. ഞാൻ പോയാലും അംബിക സുഖമായിരിയ്ക്കുന്നു എന്ന വിശ്വാസംതന്നെ എൻെറ മനസ്സിന്നു വളരെ സമാധാനം തരും" എന്നു പറഞ്ഞു.

അംബി—അയ്യോ, അച്ഛൻ എവിടേയ്ക്കാണ് ഇപ്പോറം പോ കുന്നത്?

പെരു—മകളേ, ഞാൻ ആ കാണുന്ന കപ്പലിൽ കയറി ഒരു ദീഘയാത്രയ്ക്കു പോകയാണ്, മടങ്ങിവരുന്ന കാര്യം വളരെ സം ശയമാണ്. മനുഷ്യൻ തനിയ്ക്കു ചെയ്യേണ്ടുന്ന പ്രവൃത്തി കഴി ഞ്ഞാൽപ്പിന്നെ ജീവിയ്ക്കരുത്. എൻെറ പ്രവൃത്തിയെല്ലാം കഴി ഞ്ഞു. അതുകൊണ്ടാണ് ഞാൻ പോകുന്നത്. നീ വ്യസനിയ്ക്കരു ത്. ഞാൻ മടങ്ങിവരുമെന്നു തന്നെ മനസ്സിലുറപ്പിച്ചാൽ മതി. ഞങ്ങളെ കണ്ട വിവരം ആരോടും പറയണ്ട.

അംബി—അയ്യോ, അച്ഛാ, എനിയ്ക്ക് ആരാണുള്ളത്.

ഇതു കേട്ടു പെരുമാറം വിക്കിരനെ വിളിച്ചു. "വിക്കിര, നീ എന്നോട് അംബികയെ വേണമെന്നു പറഞ്ഞിരുന്നെങ്കിൽ ഞാൻ സന്തോഷത്തോടേ തരുമായിരുന്നു. നീ പറയാഞ്ഞതു കൊണ്ടുമാത്രമാണ് ഞാൻ ഇതുവരെ അതിനെപ്പററി പറയാതി രുന്നത്."

വിക്കി—കഷ്ടം, ഇവിടുത്തെ മനസ്സും അംബികാദേവിയുടെ മനസ്സും ഇങ്ങിനെയാണെന്നു മുമ്പറിഞ്ഞിരുന്നുവെങ്കിൽ പല കുഴ പ്പങ്ങളും ഇല്ലാതാക്കാമായിരുന്നു. ദേവിയെ എനിയ്ക്കു തരുന്ന പക്ഷം ഞാനെടുത്ത പ്രവൃത്തിയ്ക്കെല്ലാം പ്രതിഫലമായി.

പെരുമാറം "വിക്കിരന്നു തരുവാൻ എൻെറ കയ്യിൽ ഇപ്പോറം ഒന്നുമില്ല. ഞാൻ രാജ്യം ഭാഗിച്ചതിലും വിക്കിരന്നു വിശേഷിച്ചൊന്നും വെച്ചിട്ടുമില്ല. എൻെറ കയ്യിലുള്ള പകുതി ധനം ഞാൻ അംബികയ്ക്കുവേണ്ടി കോട്ടയിൽ വെച്ചിട്ടുണ്ട്. ആ ധനവും എൻെറ മകളും വിക്കിരന്നുള്ളതാണ്." എന്നു പറഞ്ഞ് അംബികാദേവിയെ വിക്കിരൻെറ കൈവശം കൊടുത്തു. "നിങ്ങറം സുഖമായിരിയ്ക്കണം." അംബികാദേവി കരയുന്നതു കണ്ടിട്ട്, "എൻെറ മകറം യാതൊന്നുകൊണ്ടും കുണ്ഠിതപ്പെടരുത്. മാന വിക്രമരാജാവ് എൻെറ മകറംക്കു വേണ്ട സവ്വവും തരുവാൻ പ്രാപ്തിയുള്ള ആളാണ്. എൻെറ മകറംക്കു ചേന്ന യോഗ്യതയോ

ട്ടക്കൂടിത്തന്നെ അയാാം രക്ഷിച്ചുകൊള്ളും. അതിന്നുപകരിയ്ക്കത്തക്ക ഒരു സമ്മാനവും ഞാൻ കൊടുക്കുന്നുണ്ട്.'' എന്നു പറഞ്ഞു തൻെറ വാാം അരയിൽനിന്നെടുത്ത് ''വിക്കിരന്നു വേണ്ട രാജ്യങ്ങാം ഒത്തും കൊന്നും അടക്കിക്കൊള്ളുക'' എന്നു പറഞ്ഞു വിക്കിരൻെറ കയ്യിൽ കൊടുത്തു. ''ഈ വാാം വിക്കിരന്നു മേലാൽ വേണ്ടുന്ന എല്ലാ ശ്രേയസ്സുകളും തരും'' എന്നാശീർവ്വാദവും കൊടുത്തു പെരുമാാം തോണിയിൽക്കയറി.

ചെറോട്ടിയമ്മ ഈ സമയം മുഴുവനും കരഞ്ഞുംകൊണ്ട് ഒരു ഭാഗത്തു നില്ക്കുകയായിരുന്നു. പെരുമാളുടെ പിന്നാലെ പോകുവാൻ തുടങ്ങിയപ്പോാം അംബികാദേവി അടുത്തു ചെന്ന് ''അമ്മേ, ഞാൻ വല്ലതും അപ്രിയം ചെയ്തിട്ടുണ്ടെങ്കിൽ എനിയ്ക്കു മാപ്പു തന്ന് അനുഗ്രഹിയ്ക്കണേ'' എന്നു പറഞ്ഞു.

ചെറോട്ടിയമ്മ ''മകളേ!'' എന്നുമാത്രം പറഞ്ഞു പിന്നെ യാതൊന്നും പറയുവാൻ സാധിയ്ക്കാതെ കണ്ണുനീർ വാത്തുംകൊണ്ട് അംബികാദേവിയെ കെട്ടിപ്പിടിച്ചു കവിളുകളിലും മൂദ്ധാവിലും ചുംബിച്ചനുഗ്രഹിച്ചു പുഴയിൽ ഓളങ്ങാം തട്ടി ചാടിക്കൊണ്ടു നില്ക്കുന്ന തോണിയിൽ ചെന്നു കയറി.

തോണി കരയിൽനിന്നു വിട്ടു; നേരം നല്ലവണ്ണം വെളിച്ചമാകുന്നതിന്നു മുമ്പുതന്നെ കപ്പലിൻെറ അടുക്കലെത്തി. പെരുമാളും ചെറോട്ടിയമ്മയും കപ്പലിൽ കയറി. ഉടനെ കപ്പലിൻെറ പായകാം വിരിഞ്ഞുനിന്നു, നല്ലവണ്ണം കാററു പിടിച്ചു. വലിയ ഒരരയന്നത്തിൻെറ മാതിരി വെള്ളത്തിൽക്കൂടി പുറങ്കടലിലേയ്ക്കു നീങ്ങിത്തുടങ്ങി. വിക്കിരനും അംബികാദേവിയും, തങ്ങളെത്തന്നെ നോക്കിക്കൊണ്ടു നില്ക്കുന്ന പെരുമാളെയും ചെറോട്ടിയമ്മയേയും നോക്കിക്കൊണ്ടു നിന്നു. ക്രമേണ പെരുമാളെയും ചെറോട്ടിയമ്മയേയും കാണാതായി. ക്രമേണ കപ്പൽ പുറങ്കടലിലെത്തി ചെറുതായി ചെറുതായി തീരേ മറഞ്ഞു. പെട്ടെന്നു ബോധരഹിതയായിപ്പോയ അംബികാദേവിയെ വിക്കിരൻ താങ്ങിയെടുത്തു.

# ഇരുപത്തിമൂന്നാമദ്ധ്യായം

**പെ**രുമാളുടെ എഴുത്തുപ്രകാരം കേരളത്തിൽ തന്റെ കീഴിലായി രാജ്യം ഭരിക്കുന്ന രാജാക്കന്മാർ നാടുവാഴികൾ സാമന്തന്മാർ മേല്ക്കോയ്മകൾ കോയ്മകൾ അച്ചന്മാർ മുതലായവരും അവരുടെ പരിവാരങ്ങളും നിശ്ചിതദിവസത്തിന്റെ തലേ ദിവസം തന്നെ തിരുവഞ്ചിക്കുളത്ത് എത്തിച്ചേർന്നു. തിരുവഞ്ചിക്കുളം പട്ടണം ഒരു പ്രാവശ്യംകൂടി സുവർണ്ണവിഭൂഷിതമായിച്ചമഞ്ഞു. ഓണക്കാലമാകകൊണ്ടു ചിന്നിച്ചിന്നിപ്പെയ്യുന്ന മഴയുടെ കൂടെയുള്ള വെയിലുകൊണ്ടും, അവിടവിടെ വികസിച്ചുനില്ക്കുന്നതും മഴകൊണ്ടു നനഞ്ഞതുമായ നാനാവർണ്ണങ്ങളായ പുഷ്പങ്ങളുടെ സമൃദ്ധികൊണ്ടും, ഭൂമിദേവി അതുവരെ വല്ലാതെ കരഞ്ഞതിന്നു ശേഷം കണ്ണുനീർ മുഴുവൻ വററുന്നതിന്നു മുമ്പേ മന്ദഹസിക്കുയാണോ എന്നു തോന്നിച്ചു. ഗൃഹങ്ങളിൽ അതുവരെ ബാധിച്ചിരുന്ന കലി പോയി; ശ്രീദേവിതന്നെ വിളയാടിത്തുടങ്ങി. പാട്ടുകളുടെയും കളികളുടെയും, അതിന്നെല്ലാററിന്നും മീതെ കുട്ടികളുടെ സന്തോഷച്ചിരികളുടെയും ശബ്ദങ്ങൾ വഴിപോക്കരുടെ മനസ്സിൽക്കൂടി ആഹ്ലാദം ജനിപ്പിച്ചു. വളരെ രാജാക്കന്മാരുടെ ഒന്നിച്ചുള്ള വരവുകൊണ്ടു തിരുവഞ്ചിക്കുളത്ത് ഒരു മഹോത്സവം വന്നപോലെ എല്ലാവരും സന്തോഷിച്ചു.

പെരുമാൾ നാടു വിട്ടു പോയ വിവരം വളരെ ഗൂഢമായി വെച്ചതുകൊണ്ട് അവിടെ കൂടിയവരെല്ലാം അദ്ദേഹം തിരുനാവായനിന്നു സമയത്തിന്ന് എഴുന്നെള്ളുമെന്നു വിചാരിച്ചിരുന്നു. മുഹൂർത്തം അടുത്തിട്ടും പെരുമാൾ വരാഞ്ഞതുകൊണ്ട് അവിടെയുള്ളവർ അന്യോന്യം നോക്കി അതിനെപ്പററി സംസാരിച്ചുതുടങ്ങി. പെട്ടെന്നു പെരുമാളുടെ സിംഹാസനത്തിന്റെ അടുത്ത് ഈ കൂടിയവരുടെ മുമ്പിലായി ശങ്കരാചാര്യസ്വാമികൾ പ്രത്യക്ഷപ്പെട്ടു. ഉടനെ സദസ്യരെല്ലാം ഒന്നിച്ചെഴുന്നേററു സ്വാമിയെ തൊഴുതുനിന്നു. അദ്ദേഹം അവരോട് ഇരിക്കുവാൻ പറഞ്ഞിട്ടു പെരുമാൾ എഴുതിവെച്ച ഓലകൾ സഭയിൽ

വെച്ചു വായിച്ചു. അതിന്നുശേഷം അവരോട് ഇപ്രകാരം പറഞ്ഞു: "പെരുമാൾ ഒരു ദീർഘയാത്ര ചെയ്വാൻ നിശ്ച യിച്ച് ഇവിടം വിട്ടിരിയ്ക്കുന്നു. മടങ്ങിവരുന്നതുവരെ അദ്ദേഹം ഇവിടെത്തന്നെ ഉണ്ടെന്നു വിചാരിച്ചു കീഴ്ക്കടെത്തെ നടപടി കളനുസരിച്ചു നിങ്ങൾ രാജ്യസംരക്ഷണം ചെയ്തുപോരണമെ ന്നാണ് അദ്ദേഹത്തിൻെറ ആഗ്രഹം. അതുപ്രകാരം നിങ്ങൾ കാര്യങ്ങൾ നടത്തുമെന്നു ഞാനും വിശ്വസിയ്ക്കുന്നു. അത്രമാത്രമേ എനിയ്ക്കു പറവാനുള്ളു. ഇനി നിങ്ങളുടെ അഭിപ്രായം എന്താ ണെന്നുകൂടി എനിയ്ക്കറിയണമെന്നുണ്ട്."

"പെരുമാൾതിരുമനസ്സിലെ ആഗ്രഹംപോലെയും സ്വാമി കളുടെ ഇഷ്ടംപോലെയും ഞങ്ങൾ പ്രവൎത്തിച്ചുകൊള്ളാം എന്നു വാഗ്ദാനം ചെയ്യുന്നു. പെരുമാൾ തിരിച്ചുവരുമ്പോൾ തിരുമ നസ്സ് ഞങ്ങളുടെ കൈവശം ഏല്പിച്ച രാജ്യങ്ങൾ തിരുമനസ്സി ലേയ്ക്കുതന്നെ ഏല്പിച്ചുകൊടുത്തുകൊള്ളുകയും ചെയ്യാം." എന്നു പെരുമ്പടപ്പിലെ അരചൻ മറുപടി പറഞ്ഞതിനോട് എല്ലാ വരും യോജിച്ചു. അതിന്നുശേഷം സ്വാമികൾ അവരോടു യാത്ര പറഞ്ഞ് ആ സഭയിൽനിന്നു പോയി. സ്വാമികൾ പോയ പ്പോൾ സഭയും പിരിഞ്ഞു.

ശങ്കരാചാര്യസ്വാമികൾക്കു കേരളത്തിൽ ഇരിയ്ക്കണമെന്നു തീരേ മോഹമുണ്ടായിരുന്നില്ല. അദ്ദേഹം അവിടെ വന്നതുതന്നെ പെരുമാളുടെ എഴുത്തു കിട്ടിയതുകൊണ്ടുമാത്രമാണ്. തന്നെ ഭാര മേല്പിച്ച പ്രവൃത്തി കഴിഞ്ഞതിന്നുശേഷം ശൃംഗേരിയ്ക്കുതന്നെ മട ങ്ങിപ്പോകുവാനാണ് തീൎച്ചപ്പെടുത്തിയിരുന്നത്. അദ്ദേഹം പുറ ത്തുവന്നു കൊട്ടാരത്തിൽ ചെന്നപ്പോൾ അവിടെ വിക്കിരനും വീരമാൎത്താണ്ഡനുംകൂടി സംസാരിച്ചു നില്ക്കുന്നതു കണ്ടു. അവരെ കണ്ടപ്പോൾ സ്വാമികളുടെ മുഖം സന്തോഷംകൊണ്ടു വികസിച്ചു.

സ്വാമി—മററവർ രണ്ടുപേരും എവിടെ?

വിക്കി—അവർ അവരുടെ അമ്മാമന്മാരെ കാണ്മാൻ പോയിരിയ്ക്കയാണ്.

സ്വാമി—നിങ്ങളുടെ കൂട്ടത്തിൽ ഒരാൾ കുറഞ്ഞുപോയി. അല്ലേ. അതിനെപ്പററി വ്യസനിയ്ക്കരുത്. അവൻ മഹാഭാഗ്യ വാനാണ്. അവൻ കുറച്ചു മുമ്പേ പോയി സ്ഥലം പിടിച്ചു എന്നേ ഉള്ളു. ഞാൻ ഇന്നുതന്നെ ശൃംഗേരിയ്ക്കു പോയാലോ

എന്നാലോചിയ്ക്കയാണ്. അവിടെയുള്ള പ്രവൃത്തി കഴിഞ്ഞാൽ ഞാൻ നേരേ ഹരിദ്വാരത്തേയ്ക്കു പുറപ്പെടുകയാണ്.

വീരമാ—അയ്യോ, സ്വാമികഠം അംബികാദേവിയുടെ കല്യാണം കഴിയുന്നതിന്നുമുമ്പു പോയാൽ വിക്കിരന്നു വലിയ മനസ്താപമാവും.

സ്വാമി—എന്നോടു വിക്കിരൻ ആവശ്യപ്പെട്ടിട്ടില്ലല്ലോ.

വിക്കി—അടിയൻ ആവശ്യപ്പെടേണ്ടതില്ല. ഇവിടുന്ന് അതു കഴിപ്പിച്ചുതരും എന്നു വിശ്വസിച്ചിരിയ്ക്കയാണ്.

സ്വാമികഠം "വിക്കിരൻ വ്യസനിയ്ക്കേണ്ട. ഞാൻ കഴിഞ്ഞേ പോകയുള്ളു. ഞാൻ കല്യാണത്തിന്ന് അവിടെ എത്തിക്കൊള്ളാം" എന്നു പറഞ്ഞു തന്റെ വസതിയിലേയ്ക്കു പോയി.

അധികം താമസിയാതെ വളരെ ആഡംബരങ്ങളോടുകൂടി വിക്കിരൻ അംബികാദേവിയെ വിവാഹം ചെയ്തു. കല്യാണം കഴിഞ്ഞപ്പോഠം സ്വാമികഠം വധൂവരന്മാരെ അനുഗ്രഹിച്ച് അന്നു തന്നെ ശിഷ്യരോടൊപ്പം ശൃംഗേരിയ്ക്കു പോയി.

കല്യാണം കഴിഞ്ഞ് ഏകദേശം രണ്ടു മാസം വിക്കിരന്റെ സഖാക്കഠം അദ്ദേഹത്തിന്റെ കൂടെത്തന്നെ താമസിച്ചു. ഒടുക്കം അവരും പോകുവാൻ തീച്ചയാക്കി. വിട്ടുപിരിഞ്ഞു പോകുന്ന കാര്യം എല്ലാവക്കും വലിയ സങ്കടമായതുകൊണ്ട് അതിനെപ്പററി സംസാരിയ്ക്കുവാൻതന്നെ മടിച്ചിരുന്നു. ഒരു ദിവസം വീരമാത്താണ്ഡൻ "എന്നും നമുക്ക് ഇങ്ങിനെ ഒന്നിച്ചു താമസിയ്ക്കുവാൻ കഴിഞ്ഞെങ്കിൽ നന്നായിരുന്നു. പക്ഷെ അതു സാദ്ധ്യമല്ലാത്തതുകൊണ്ടു ഞങ്ങഠംക്കു പോകുവാൻ അനുവാദം തരണം" എന്നു പറഞ്ഞു, വിട വാങ്ങി എല്ലാവരും പോയി.

വിക്കിരൻ തനിച്ചായി. തന്റെ സ്നേഹിതന്മാരെല്ലാം പോയതുകൊണ്ടു തന്റെ ലോകമാകെ ഒഴിഞ്ഞുപോയതുപോലെ തോന്നി. ഹൃദയത്തിൽ വലിയൊരു മൌഢ്യം ബാധിച്ചു. കഴിഞ്ഞ കാര്യങ്ങളെല്ലാം ആലോചിച്ചുംകൊണ്ടു ജനലിൽക്കൂടി പുറത്തേയ്ക്കു നോക്കിക്കൊണ്ടിരുന്നു. അപ്പോഠം അംബികാദേവി മെല്ലെ അകത്തേയ്ക്കു പ്രവേശിച്ചു വിക്കിരന്റെ അടുത്തു ചെന്നി

രുന്നു. രണ്ടുപേരും അവിടെനിന്നെഴുന്നേററപ്പോൾ നേരം വള രെ ഇരുട്ടായിരുന്നു.

ഈ സമയത്തു വളരെ ദൂരേ വേറൊരു രാജ്യത്തു വൃദ്ധനായ ഒരാൾ കല്ലുകൊണ്ടു കെട്ടിയുണ്ടാക്കിയ ഒരിരിപ്പിടത്തിൽ കിഴക്കു ഭാഗത്തേയ്ക്കുതന്നെ നോക്കിക്കൊണ്ടിരിയ്ക്കയായിരുന്നു. മനസ്സിൽ എന്തോ ഗാഢമായി ആലോചിച്ചിരുന്നതുകൊണ്ട് അദ്ദേഹം ചുററുമുള്ളതൊന്നും കാണുന്നില്ല. അദ്ദേഹത്തിൻെറ ചുററും മരു ഭൂമിയിലേതുപോലുള്ള മണലാണ് പരന്നുകിടക്കുന്നത്. അവിട വിടെയായി ചില മുൾച്ചെടികളും കൂട്ടം കൂട്ടമായി വളർന്നുനില്ക്കുന്ന ഈത്തപ്പനകളുമുണ്ട്. അല്പം ദൂരേ മുൾച്ചെടികൾ തിന്നുംകൊണ്ടു നടക്കുന്ന മൃഗങ്ങൾ ഒട്ടകങ്ങളാണ്. വളരെ ദൂരേനിന്നു സമുദ്രം പോലെ പരന്നുകിടക്കുന്ന വെള്ളമണലിൽക്കൂടി അതിവേഗത്തിൽ ഓടിവരുന്നത് ഒരറബിക്കുതിരയാണ്. പക്ഷെ ഈ വൃദ്ധൻ അതൊന്നുമല്ല കാണുന്നത്. അദ്ദേഹത്തിൻെറ കണ്ണുകൾക്കു ഗോ ചരമായത്, ഒന്നിച്ചു വളർന്നുനില്ക്കുന്ന തെങ്ങിൻകൂട്ടങ്ങളും, പച്ച പ്പരവതാനി വിരിച്ചപോലുള്ള നെൽവയലുകളും, കുളങ്ങളും ചിറകളും, കായലുകളും, അവിടവിടെനിന്ന് അയവിറക്കുന്ന കന്നു കാലികളും, കച്ചകെട്ടി കളരിയ്ക്കു പുറപ്പെടുന്ന ഭടന്മാരും, ക്ഷേത്ര ത്തിലേയ്ക്കു തൊഴുവാൻ പോകുന്ന സ്ത്രീകളും കുട്ടികളും എന്നിവ യെല്ലാമാണ്. പുറമേ വേറൊന്നുകൂടി കാണുന്നുണ്ട്: വിക്കിര നും അംബികാദേവിയുംകൂടി ഒന്നിച്ചു സന്തോഷിച്ചിരിയ്ക്കുന്ന ഒരു ചിത്രം. വൃദ്ധൻെറ കണ്ണുകളിൽ വെള്ളം നിറഞ്ഞു. വലി യൊരു ദീർഘനിശ്വാസം വിട്ടു, "ചെറോട്ടി ഭാഗ്യവതിതന്നെ. ബുദ്ധിമുട്ടൊന്നും അനുഭവിയ്ക്കാതെ കപ്പൽ കയറിയ മൂന്നാം ദിവ സം അവൾ കാലഗതി പ്രാപിച്ചു. ഞാൻ ഇനിയും എത്ര ഇരി യ്ക്കേണ്ടിവരുമോ, എന്തോ!"

ഇരുട്ടായതും, തൻെറ മുമ്പിൽ വെള്ളിപ്പാത്രങ്ങളിൽ ഈത്ത പ്പഴങ്ങളും ഒട്ടകപ്പാലും മാംസഭക്ഷണങ്ങളും കൊണ്ടുവെച്ചതു മൊന്നും അദ്ദേഹം കണ്ടില്ല. കുറച്ചുകൂടി കഴിഞ്ഞപ്പോൾ മുഖം മാത്രം പുറത്തു കാണിച്ചു ദേഹവും തലയും എല്ലാം വസ്ത്രംകൊണ്ടു മൂടിക്കെട്ടിയ ഒരു സ്ത്രീ അദ്ദേഹത്തിൻെറ അടുക്കൽ വന്നു. "ഈ മരുഭൂമിയിലെ കാററ് ഇവിടെയ്ക്കു പററില്ല. നമുക്കു വേഗത്തിൽ ഉള്ളിലേയ്ക്കു പോകാം" എന്നു പറഞ്ഞു.

ഷേക്ക തന്റെ സ്വപ്നത്തിൽനിന്നുണൎന്നു. താൻ അതുവരെ നോക്കിക്കൊണ്ടു നിന്ന ചിത്രങ്ങൾ മറഞ്ഞു. പരന്നുകിടക്കുന്ന മണലും ഈത്തപ്പനകളും മററും അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ പതിഞ്ഞു.

"നിങ്ങൾ പറഞ്ഞതു ശരിയാണ്. നമുക്ക് ഉള്ളിലേക്കു പോകാം" എന്നു പറഞ്ഞു രണ്ടുപേരും പോയി.

★ ശുഭം. ★

SOUTHERN LANGUAGES BOOK TRUST
LIBRARY.
MADRAS.

SOUTHERN LANGUAGES BOOK TRUST
LIBRARY.
MADRAS.

1ക. 8ണ.

ദക്ഷിണഭാഷാഗ്രന്ഥമണ്ഡലത്തിന്റെ
ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്നതു്

# ചേരമാൻ പെരുമാൾ

ഒരു ചരിത്രനോവലിന്റെ
സംക്ഷേപപ്പതിപ്പു്

## കപ്പനകൃഷ്ണമേനോൻ

6570

മാതൃഭൂമി

Indic Digital Archive Foundation
gpura.org